0323M891:13
GO RAJANI UNNIKRISHNAN NAIR

032:3M891:13
GO

18 | D6.3
NSEN (C)
licum

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number 032:3M891:13 G0

Accession Number 67497

Available for loan from

This book should be returned on or before the date last marked below.

21 NOV 1943
15 SEP 1944
10 JUN 1945
17 APR 1949
20 JUN 1949
22 AUG 1949
NOV 1949
3 FEB 1950
9 APR 1951
17 APR 1951
3 JUL 1951
20 JUL 1951
27 OCT 1951
24 NOV 1951

5 SEP 1961
8 JUL 1967
2 APR 1979

O. 61

# രജനി

Rajani

(ബങ്കിമചന്ദ്ര ചാററർജ്ജിയുടെ

ബങ്കാളി നോവലിൻെറ പരിഭാഷ)

വി. ഉണ്ണികൃഷ്ണൻനായർ, ബി. ഏ.

V Unni Krishna Nair

...VERSITY ... 26 APR. 193...

NORMAN PRINTING BUREAU,
CALICUT.

വില അണ 12.

[പകർപ്പവകാശം ഗ്രന്ഥകർത്താവിന്ന്]

67497

032:3M891;13

Go

UNIVERSITY LIBRARY
26 APR. 1932
MADRAS

# പ്രസ്താവന.

ഭാരതഖണ്ഡത്തിലെ ആധുനികസാഹിത്യകാരന്മാരിൽ സർവ്വഥാ പ്രഥമസ്ഥാനം അർഹിക്കുന്ന ഒരു മഹാത്മാവാണു ദിവംഗതനായ ബംഗിമചന്ദ്ര ചട്ടോപാദ്ധ്യായൻ. ആ സാഹിതീവല്ലഭൻെറ സൽഗ്രന്ഥങ്ങൾ ഇന്നു ഇന്ത്യയിലെ സകലഭാഷകളിലേക്കും വിവർത്തിതങ്ങളായിട്ടുണ്ടെന്ന സംഗതിതന്നെ അദ്ദേഹത്തിൻെറ സാർവ്വത്രികമായ സമ്മാന്യതക്കുസാക്ഷ്യംവഹിക്കുന്നുണ്ടു. മലയാളത്തിലും ഇതിന്നുമുമ്പു ബങ്കിമചന്ദ്രൻെറ ചില ഗ്രന്ഥങ്ങളുടെ പരിഭാഷകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. മാനസികങ്ങളും നൈതികങ്ങളുമായ തത്വങ്ങളെ കഥാരൂപത്തിൽ ഗ്രഥനം ചെയ്തു ഒരേ സമയത്തുതന്നെ വിജ്ഞാനവും വിനോദവും പ്രദാനം ചെയ്യുന്ന ഈ "രജനി" കേരളീയക്ക് സവിശേഷം ആദരണീയമായിരിക്കുമെന്ന ആകാംക്ഷയോടുകൂടിയാണ് ഞാൻ ഇതിനെ തർജ്ജിമചെയ്വാൻ ഉദ്യമിച്ചിട്ടുള്ളതു. മൂലഗ്രന്ഥകാരൻെറ ആശയങ്ങളെ കോട്ടംകൂടാതെ വിവർത്തനംചെയ്യുന്ന കാര്യത്തിൽ ഞാൻ ആവുന്നത്ര മനസ്സിരുത്തീട്ടുണ്ടെന്നാണെൻെറ വിശ്വാസം. മലയാളികൾക്ക് ഇതിൽ അഭിരുചി ജനിക്കുമെങ്കിൽ എനിക്കു കൃതാർത്ഥതയായി.

ഈ പുസ്തകത്തിൻെറ സുരുചിരവും ഭ്രതതരവുമായ മുദ്രണത്തിൽ സവിശേഷംദത്താവധാനരായ 'നോൎമ്മൻ' മുദ്രണാലയ പ്രവൎത്തകന്മാരോടു എനിക്കുള്ള കൃതജ്ഞതയെ ഞാൻ ഇവിടെ സസന്തോഷം രേഖപ്പെടുത്തിക്കൊള്ളുന്നു.

കോഴിക്കോട്,
6—3—1930.

വി. ഉണ്ണികൃഷ്ണൻനായർ.

---

My thanks are also due to Babu Brajendu Sunder Banerji, the author's grandson, for the readiness with which he has permitted me to publish this translation.

V. U. K. N.

# വിജ്ഞാപനം.

'വംഗദർശന'ത്തിലാണ് 'രജനി' ഒന്നാമതായി പ്രകാശിതമായതു്. ഇതിൻെറ പുനർമ്മുദ്രണത്തിൽ ചെയ്തിട്ടുള്ള മാററങ്ങൾ ആലോചിച്ചാൽ ഇതൊരു നൂതനഗ്രന്ഥമാണെന്നു പറയേണ്ടിവരും. പ്രഥമഖണ്ഡം മാത്രമേ ആദ്യം എഴുതിയ നിലയിൽ നില്ക്കുന്നുള്ളു. ശേഷം ഭാഗങ്ങളിൽ ചിലതൊക്കെ വിട്ടുകളഞ്ഞിട്ടുണ്ടു; ചിലതു് സ്ഥലം മാററിച്ചേർത്തിട്ടുണ്ടു; പല ഭാഗവും മാററി എഴുതീട്ടുമുണ്ടു.

ലിററൺ പ്രഭുവിൻെറ "Last Days of Pompeii" എന്ന ഉൽകൃഷ്ടോപന്യാസത്തിൽ 'നിദിയ' എന്നു പേരായി അന്ധയായ ഒരു പൂക്കാരിയുണ്ടു; അവളെ സ്മരിച്ചുകൊണ്ടാണ് 'രജനി'യെ ഞാൻ ചിത്രീകരിച്ചിട്ടുള്ളതു. ഈ ഗ്രന്ഥം മുഖേന ഞാൻ പ്രതിപാദിക്കുവാനുദ്ദേശിക്കുന്ന മാനസികവും നൈതികവുമായ തത്വങ്ങളെ സവിശേഷമായ സ്പഷ്ടതയോടുകൂടി വിവരിക്കുവാൻ ഒരു അന്ധയുവതിയുടെ സാഹായ്യം ആവശ്യകമാണെന്നു തോന്നുകയാലാണ് ഇങ്ങിനെയൊരു ഭിത്തിമേൽ രജനിയുടെ ചരിത്രത്തെ ചിത്രണം ചെയ്യാൻ ഇടയായതു്.

ഉപാഖ്യാനത്തിൻെറ അംശവിശേഷങ്ങളെ നായികാ നായകന്മാരെക്കൊണ്ടു നേരിട്ടു പറയിച്ചു വ്യക്തമാക്കു

ന്ന രചനാപ്രണാളി സർവ്വസാധാരണമായി തീൎന്നിട്ടില്ലെങ്കിലും അതു കേവലം നൂതനമാണെന്നു പറയാവുന്നതല്ല. വിൽക്കി കോളിൻസിൻെറ 'Woman in White' എന്ന ഗ്രന്ഥത്തിൻെറ പ്രണയനത്തിലാണ് ഈ പ്രസ്ഥാനം പ്രഥമമായി വ്യവഹൃതമായിട്ടുള്ളത്. ഒരു വാക്യം ആരുടെ മുഖത്തുനിന്നു നിൎഗ്ഗമിക്കുന്നതായാൽ സമീചീനമായിത്തീരുമോ ആ ആളെക്കൊണ്ടുതന്നെ പറയിക്കുവാൻ സൌകൎയ്യപ്പെട്ടുമെന്നുള്ളതാണ്, ഈ പ്രസ്ഥാനത്തിൻെറ പ്രധാനഗുണം. ഈ ഉപന്യാസത്തിൽ അനൈസൎഗ്ഗികമായോ അപ്രാകൃതമായോ വല്ലതും കാണുന്നുണ്ടെങ്കിൽ അതിന്നുള്ള ഉത്തരവാദിത്വം എനിക്കില്ലെന്നു പറയുന്നതും ഈ പ്രസ്ഥാന വിശേഷത്തെ അവലംബിച്ചു തന്നെയാണ്.

ബങ്കിമചന്ദ്ര ചട്ടോപാദ്ധ്യായ.

# രജനി.

## പ്രഥമഖണ്ഡം.

## രജനിയുടെ കഥ.

### I.

നിങ്ങളുടെ സുഖദുഃഖങ്ങളെക്കൊണ്ടു എന്റെ സുഖദുഃഖങ്ങളെ കണക്കാക്കുവാൻ കഴിയുന്നതല്ല. നിങ്ങളുടെയും എന്റെയും പ്രകൃതിക്കു അത്ര വ്യത്യാസമുണ്ട്. എന്റെ സുഖത്തിൽ പങ്കുകൊള്ളുവാനാകട്ടെ, എന്റെ ദുഃഖം ഇന്നതാണെന്നു ധരിക്കുവാനാകട്ടെ നിങ്ങൾക്കു സാധിക്കുകയില്ല. ഏത്രയുംചെറിയ ഒരു മുല്ലപ്പൂവിന്റെ വാസന എന്നെ ആനന്ദിപ്പിക്കുവാൻ പൎയ്യാപ്തമാണ്; എന്നാൽ ഷോഡശകലാപൂൎണ്ണനായ ചന്ദ്രൻ, സഹസ്രനക്ഷത്ര മണ്ഡലമദ്ധ്യസ്ഥനായി ലോചനാഗ്രത്തിൽ പ്രകാശിച്ചാൽ കൂടി എനിക്കു യാതൊരു സുഖവും തോന്നാറില്ല എന്റെ ചരിത്രം കേൾക്കാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? ജനനം മുതല്ക്കേ എനിക്കു കണ്ണിന്നു കാഴ്ചയില്ലാ!

നിങ്ങൾക്കെങ്ങിനെയാണ് എന്റെ സ്ഥിതി മനസ്സിലാവുക? നിങ്ങളുടെ ജീവിതം ദൃഷ്ടിമയവും എന്റെ ജീവിതം അന്ധകാരമയവുമാണല്ലൊ; പക്ഷെ, ഭാഗ്യവശാൽ,

എനിക്കിതു അന്ധകാരമായിട്ടല്ല തോന്നുന്നതു. എന്റെ രുദ്ധനയനങ്ങളിലുള്ളതെന്തൊന്നോ, അതുതന്നെയാണെന്റെ വെളിച്ചം. നിങ്ങളുടെ വെളിച്ചം ഏതു തരത്തിലുള്ളതാണെന്നു എനിക്കറിഞ്ഞുകൂടാ.

ഇതു നിമിത്തം എനിക്കു സുഖമില്ലെന്നു വിചാരിക്കേണ്ട. സുഖദുഃഖങ്ങളെ സ്സംബന്ധിച്ചേടത്തോളം നിങ്ങളുടേയും എന്റേയും അവസ്ഥക്കു പറയത്തക്ക ഭേദമൊന്നും ഇല്ല. നിങ്ങഠം രൂപം കണ്ടു സന്തോഷിക്കുന്നു. ഞാൻ ശബ്ദം കേട്ടു സന്തോഷിക്കുന്നു: നോക്കൂ, ഈ ചെറിയ മല്ലികപ്പൂക്കളുടെ ഞെട്ടു എത്ര ലോലമാണ്; എന്റെ കയ്യിലുള്ള സൂചിയുടെ മുന അതിലും എത്ര ലോലമാണ്! എന്നിട്ടും ഈ സൂചിമുനകൊണ്ടു ഈ ചെറുപുഷ്പങ്ങഠം തുളച്ചു മാല കോക്കുവാൻ എനിക്കൊരു പ്രയാസവുമില്ല. കുട്ടിക്കാലം മുതല്ക്കേ മാല കോക്കലാണ് എനിക്കു പണി. ഞാൻ കോത്ത മാലകഠം അണിഞ്ഞിട്ടുള്ളവരാരുംതന്നെ, കണ്ണുപൊട്ടിയ ആളുടെ മാലയാണെന്നു ആവലാതി പറഞ്ഞതായി കേട്ടിട്ടില്ല.

മാലകെട്ടലാണെന്റെ തൊഴിൽ. ബാലിഗഞ്ചിന്നടുത്ത് അച്ഛന്നു ഒരു പൂന്തോട്ടമുണ്ടു. അതാണ് അദ്ദേഹത്തിന്റെ ഉപജീവനമാൎഗ്ഗം. ഫാൽഗ്ഗുനമാസാരംഭം മുതൽ പൂക്കഠം അവസാനിക്കുന്നതുവരെ, ദിനംപ്രതി അച്ഛൻ പൂക്കഠം അറുത്തുകൊണ്ടുവരിക പതിവാണ്. ഞാൻ മാലകോത്തുണ്ടാക്കിയാൽ അച്ഛൻ അതെല്ലാം എടുത്തുകൊണ്ടുപോയി മഹാനഗരത്തിലെ തെരുക്കളിൽ വി

ൽക്കും. അമ്മ വീട്ടുപണികൾ ചെയ്യും. ഒഴിവുള്ളപ്പോൾ അച്ഛനും അമ്മയും മാലകെട്ടാൻ എന്നെ സഹായിക്കുകയും ചെയ്യും.

പുഷ്പങ്ങളുടെ സ്പർശം എത്ര ആനന്ദകരമാണ്! അണിയുന്നതും അത്രതന്നെ ആനന്ദകരമായിരിക്കണം! അവയുടെ സൌരഭ്യം പരമാനന്ദകരംതന്നെ, നിശ്ചയം! പക്ഷേ, പൂമാലവിററു നാൾകഴിക്കുന്നകാര്യം ഒട്ടും എളുപ്പമല്ല. അന്നാവൃക്ഷത്തിൽ പൂക്കളില്ലാതിരുന്നതിനാൽ അച്ഛൻെറദരിദ്ര്യസ്ഥിതി ബഹുകഠിനമായിരുന്നു. മുജാപുരത്തിൽ ഓടിട്ട ഒരു ചെറിയവീട്ടിലാണു ഞങ്ങളുടെതാമസം. അതിൻെറ ഒരു മൂലയിൽ പൂക്കൾവിതറിയും, സ്തൂപാകൃതിയായി കൂട്ടിവെച്ചും മാലകൾ കോർത്തും ഞാൻ കാലം കഴിച്ചു. അച്ഛൻ പുറത്തേക്കുപോയാൽ ഞാൻ ഇങ്ങിനെപാടിത്തുടങ്ങും;—

"ജീവിതവിഭാതകാല മീവിധം വൃഥാവിൽ.
പൂവിടൻകാണും മുമ്പേ പോയിടുമോ തോഴി!"

ഹരി, ഹരി! ഇനിയും ഞാൻ പുരുഷനോ സ്ത്രീയോ എന്നു പറഞ്ഞില്ലല്ലോ. അഥവാ ഇതു പറഞ്ഞിട്ടും മനസ്സിലാവാത്തവരുണ്ടെങ്കിൽ അവരോടു പറയാതിരിക്കുന്നതാണ് നല്ലത്.

പുരുഷനായാലും ശരി, സ്ത്രീയായാലും ശരി, അന്ധജനങ്ങളുടെ വിവാഹം ഒട്ടും എളുപ്പമല്ല. കണ്ണുകാണാത്തവളാണെന്ന കാരണത്താൽ എന്നെ ആരും കല്യാണംകഴി

ച്ചിരുന്നില്ല. ഇതൊരു ദൗർഭാഗ്യമോ സൌഭാഗ്യമൊ എന്ന സംഗതി കണ്ണിൻെറ കാഴ്ച പോയ്പ്പോയിട്ടില്ലാത്തവരക്കേ അറിഞ്ഞുകൂടൂ. അപാംഗരംഗരംഗിണികളായ അനേകം യുവതികൾ, എൻെറ ചിരകൌമാര്യത്തെപ്പററികേട്ടപ്പോൾ "അയ്യൊ! ഞാനും കണ്ണുകാണാത്തവളായിരുന്നുവെങ്കിൽ----" എന്നുപറഞ്ഞിരുന്നുവത്രെ!

വിവാഹം കഴിയാത്തതുകൊണ്ടു എനിക്കു യാതൊരു സങ്കടവും തോന്നിയിരുന്നില്ല. സ്വയംവരിക്കാനുള്ള സ്വാതന്ത്ര്യം എനിക്കുണ്ടായിരുന്നു ഒരുദിവസം അച്ഛൻ കൽക്കത്തയെപ്പററി വർണ്ണിക്കുന്നതിന്നിടയിൽ 'മൊണ്യുമെൻററി'നെ (ശിലാപ്രതിമയെ) പ്പററി പ്രസ്താവിക്കുകയുണ്ടായി. അതിൻെറ ഉറപ്പും, ഔന്നത്യവും, കാററും മഴയും താങ്ങുവാനുള്ള ശക്തിയും, കഴുത്തിന്നു ചുററുമുള്ള തിളക്കവും മററും വർണ്ണിച്ചു കേട്ടപ്പോൾ അപ്രകാരം സർവോപരിയായിവിളങ്ങുന്ന മോണ്യുമെൻററിനെ ഞാൻ മനസാ ഭർത്താവായി വരിച്ചു. അതിലും മേലേയായി യാതൊന്നുമില്ലെന്നായിരുന്നു എൻെറ വിശ്വാസം. ഇങ്ങിനെ ഞാൻ മോണ്യുമെൻററിൻെറ മഹിഷിയായിത്തീൎന്നു.

ഇൗയൊരു വിവാഹം മാത്രമല്ല എനിക്കുണ്ടായിട്ടുള്ളൂ. മോണ്യമെൻററിനെ വിവാഹം കഴിച്ചകാലത്തു എനിക്കു പതിനഞ്ച് വയസ്സേ ആയിരുന്നുള്ളൂ. പതിനേഴാം വയസ്സിൽ (എനിക്കുപറയാൻ ലജ്ജയാവുന്നു) ആദ്യത്തെ ഭർത്താവിരിക്കെ, ഞാൻ രണ്ടാമത്തും വിവാഹംചെയ്തു. ഞങ്ങളുടെ വീട്ടിനടുത്തു കാളീചരണവസു എന്നൊരു കായസ്ഥ

ൻെറ ഗൃഹമുണ്ട. ചീനബജാരിൽ കുട്ടികളുടെ കളിസ്സാമാനം വില്ക്കുകയാണ് അദ്ദേഹത്തിൻെറ വ്യാപാരം. അവരും ഞങ്ങളും കായസ്ഥന്മാരാകകൊണ്ടു ഞങ്ങൾ തമ്മിൽ അടുത്ത പരിചയത്തിന്നിടയായി. കാളീചരണന്നു വാമാചരണനെന്നു പേരായി നാലുവയസ്സുള്ള ഒരു മകനുണ്ടായിരുന്നു. അവൻ എല്ലായ്പോഴും ഞങ്ങളുടെ വീട്ടിൽ വന്നുകൊണ്ടിരിക്കും. ഒരു ദിവസം വാദ്യഘോഷത്തോടുകൂടി ഒരു കല്യാണക്കാരുടെ സംഘം ഞങ്ങളുടെ വീട്ടിൻെറ മുമ്പിൽകൂടി കടന്നുപോകുന്നതു കണ്ടപ്പോൾ വാമാചരണൻ "അതെന്താ" എന്നു എന്നോടുചോദിച്ചു.

ഞാൻ. "അതോ? മണവാളൻ" എന്നു മറുപടി പറയേണ്ടതാമസം, വാമാചരണൻ "എനിക്കും മണവാളനാവണം" എന്നുപറഞ്ഞു നിലവിളിക്കാൻ തുടങ്ങി. എന്തു ചെയ്തിട്ടും കുട്ടിയുടെ കരച്ചൽ മാറാൻ ഭാവമില്ല. ഒടുവിൽ ഞാൻ "കരയേണ്ട, കേട്ടവോ, നീ എൻെറ മണവാളനാണ്" എന്നുപറഞ്ഞു കയ്യിൽ ഒരു വത്സൻ കൊടുത്തു. "നീ എൻെറ മണവാളനാവില്ലെ?" എന്നു ചോദിച്ചപ്പോൾ "ആവും" എന്നു മറുപടിപറയുകയും തൽക്ഷണം തന്നെ കരച്ചൽ നിൎത്തുകയും ചെയ്തു.

പലഹാരം തിന്നു കഴിഞ്ഞ ഉടനെ "മണവാളനെന്താ ചെയ്യുക" എന്നായി കുട്ടിയുടെ ചോദ്യം. വത്സൻ തിന്നുകയാണ്, മണവാളൻെറ ജോലി എന്നു മറുപടികിട്ടുമെന്നാശിച്ചിട്ടായിരിക്കണം അവൻ ഈ ചോദ്യം ചോദി

ച്ചത. അവൻെറ ഭാവം മനസ്സിലാക്കി ഞാൻ ഇങ്ങിനെ മറുപടി പറഞ്ഞു; "പൂക്കറം ശേഖരിച്ച തരികയാണ് മണവാളൻെറ പ്രവൎത്തി". ഭൎത്താവിൻെറ കൎത്തവ്യാക ൎത്തവ്യങ്ങറം ധരിച്ച രാമാചരണൻ പൂക്കളെല്ലാം വാരി എൻെറ അട്ക്കൽ കൊണ്ടവന്ന. അന്നമുതൽക്ക ഞാൻ അവനെ മണവാളൻ എന്നാണ വിളിച്ച പോന്നത. അവൻ എനിക്ക പൂക്കറംകൊണ്ട തരികയും പതിവായിത്തീൎന്ന.

ഇങ്ങിനെയാണെനിക്ക രണ്ട വിവാഹം ഉണ്ടായത്. ആ തരക്കാരിയായ എന്നെ പതിവ്രതയെന്ന പറയാൻ പാടുണ്ടോ എന്ന ഇക്കാലത്തുള്ള കുടിലബുദ്ധികറം സംശയിക്കമായിരിക്കാം.

## II.

പ്രമാണികളുടെ വീട്ടിൽ പൂ വില്ക്കാൻ ചെല്ലുന്നത ഒട്ടും എളുപ്പമുള്ള പണിയല്ല. രാജമന്ദിരത്തിൽ പുഷ്പവിക്രയത്തിന്ന ചെന്ന മാലിനി ശ്മശാനത്തിലേക്കാണ് അചിരേണ പോകേണ്ടിവന്നത്. പുഷ്പത്തിൻെറ മധുവെല്ലാം ആസ്വദിക്കാൻ വിദ്യാസുന്ദരൻ; തല്ലുകൊള്ളാൻ ഹീരാമാലിനിയും; കാരണം, അവറം വലിയേടത്തു പൂ വില്ക്കാൻ ചെന്നതുതന്നെ. സുന്ദരന്ന അതു രാമരാജ്യമായിരുന്നു; പക്ഷെ മാലിനിയുടെ ബാധ അതോടുകൂടി അവസാനിക്കുകയാണുണ്ടായത്.

അച്ഛൻ "പൂവ്വ്, പൂവ്വ്" എന്നു വിളിച്ചുപറഞ്ഞു കൊണ്ടു 'രസികസദന'ത്തിൽ പൂക്കൾ വില്ക്കും. അമ്മ ഏത്താൻ ചില അരസികസദനങ്ങളിലും. ആ കൂട്ടത്തിൽ പ്രധാനപ്പെട്ട ഒരു ഗൃഹമാണ് രാമസദയമിത്രൻേറത്. രാമസദയമിത്രൻെറ വീട്ടിൽ നാലരക്കുതിരകളും (പൌത്രന്മാൎക്കു ഒരുപോണിക്കുതിരയും, വണ്ടികൾക്കു രണ്ടുജോടി കുതിരകളും) ഒന്നര ഭാൎയ്യമാരുമാണുള്ളതു. ഒരു ഭാൎയ്യ നവീനയാണ്; മറേറ (അര) ഭാൎയ്യ വളരെക്കാലമായി രോഗംപിടിച്ചു ക്ഷീണിച്ച ഒരു പ്രാചീനയും. ഇവരുടെ പേരു ഭുവനേശ്വരിയെന്നായിരുന്നു.

തികഞ്ഞ ഭാൎയ്യയുടെ പേരു ലവംഗലത എന്നാണ്. ഇതു ആളുകൾ സാധാരണയായി വിളിക്കുന്ന പേരു മാത്രമാണ്. അവരുടെ അച്ഛനിട്ട പേരു 'ലളിതലവംഗലത' എന്നും രാമസദയബാബു ആദരവോടുകൂടി പറയാറുള്ളതു "ലളിതലവംഗലതാ പരിശീലന കോമള മലയ സമീരേ" എന്നുമാണ്. രാമസദയ ബാബുവിന്നു അറുപത്തിമൂന്നു വയസ്സായിരിക്കുന്നു. ലളിതലവംഗലതയ്ക്കു പത്തൊമ്പതും. രണ്ടാമതുവിവാഹം ചെയ്ത ഭാൎയ്യയായതു കൊണ്ടു ഭൎത്താവു അവരുടെ നേരെ കാണിച്ച ആദരവും ഗൌരവവും അന്യാദൃശമായിരുന്നു. അവർ രാമസദയൻെറ കണ്ണിലുണ്ണിയും, പെട്ടിയുടെ താക്കോലും, മെത്തയിലെവിരിപ്പും, വെററിലയിലെ ചുണ്ണാമ്പും, ഗ്ലാസ്സിലെ വെള്ളവും, പനിക്കു കഷായനാവും, തണുപ്പിന്നു പ്ലാനലും, എന്നു വേണ്ട ജീവിത സൎവ്വസ്വം തന്നെ ആയിരുന്നു എന്നു പറഞ്ഞാൽ മതിയല്ലോ.

കണ്ണില്ലാത്തവളാകകൊണ്ടു, എനിക്കു ലളിത ലവംഗലതയെ കാണാൻ സാധിച്ചിട്ടില്ല. എങ്കിലും അവർ രൂപവതിയാണെന്നു കേട്ടിട്ടുണ്ടു. രൂപസൌഭാഗ്യം എങ്ങിനെയെങ്കിലുമാവട്ടെ, ലവംഗ യഥാർത്ഥത്തിൽ ഗുണവതിയാണെന്നു സർവ്വസമ്മതമാണ്. ഗൃഹഭരണത്തിൽ നൈപുണ്യം, ദാനത്തിൽ മുക്തഹസ്തത, ഹൃദയത്തിൽ സരളത, ഈ ഗുണങ്ങളെല്ലാം അവൎക്കുണ്ടു. പക്ഷെ വാക്കു മാത്രം വിഷമയമാണ്. ലവംഗലതയുടെ സകല ഗുണങ്ങളിലും വെച്ചു ശ്രേഷ്ഠമായിട്ടുള്ളതു്, പ്രായംകൊണ്ടു പിതാമഹതുല്യനായ ഭൎത്താവിൽ അവൎക്കുണ്ടായിരുന്ന സ്നേഹമാണ്. യൌവനയുക്തയായ ഒരു ഭാൎയ്യ പൂൎണ്ണയൌവനനായ ഒരു ഭൎത്താവിനെക്കൂടി അത്രയധികം സ്നേഹിച്ചിരിക്കുമോ എന്നു പറയാൻ പ്രയാസമാണ്. അവർ അദ്ദേഹത്തെ ചിലപ്പോൾ ചെറുപ്പക്കാരുടെ വേഷം അണിയിക്കുന്നതുകണ്ടാൽ വളരെ കൌതുകംതോന്നും. നരച്ച തലമുടി ചായംതേച്ചു കറുപ്പിക്കും; വെറും മൽ മുണ്ടും മേൽമുണ്ടും ധരിച്ചു കണ്ടാൽ ആ വെള്ളവസ്ത്രം അഴിച്ചെടുത്തു തൽക്ഷണം വല്ലവിധവകൾക്കും സമ്മാനിക്കും. വൃദ്ധനായ രാമസദയനു അത്തർ കുപ്പിയുടെ പേരുകേട്ടാൽ പേടിയാണ്. എങ്കിലും അദ്ദേഹം ഉറങ്ങുന്ന തക്കം നോക്കി ലവംഗ അദ്ദേഹത്തെ സർവ്വാംഗവും അത്തർ പൂശിക്കും. കണ്ണടയുടെ ചില്ലുകൾ പൊട്ടിച്ചെറിഞ്ഞു അതിന്റെ സ്വൎണ്ണക്കൂട് പെൺമക്കളുടെ കല്യാണത്തിന്നു കാശില്ലാതെ കഷ്ടപ്പെടുന്ന വല്ലവൎക്കും സംഭാവനചെയ്യും. രാമസദയൻ ക്രുക്കം വ

ലിക്കുമ്പോഠം ലവംഗലത അടുക്കൽ ചെന്നു ഒച്ചപ്പെടുത്തി അദ്ദേഹത്തിന്നു നിദ്രാഭംഗം വരുത്തും.

ലവംഗലത ഞങ്ങളോടു പൂ വാങ്ങാറുണ്ടു. നാലണയുടെ പൂവിന്നു രണ്ടുറുപ്പിക വില തരാൻ അവക്കു യാതൊരു മടിയും ഇല്ല. അതിന്നു കാരണം എൻെറ അന്ധത തന്നെയായിരിക്കണം. മാല വാങ്ങുന്ന സമയത്തു "എനിക്കെന്തിനാണൊന്നിനും കൊള്ളാത്ത ഈ മാല?" എന്നും മററും പറഞ്ഞു ലഹള കൂട്ടുമെങ്കിലും വില തരാൻ കാലത്തു ഇരട്ടമുക്കാലിൻെറ കൂട്ടത്തിൽ ഉറുപ്പിക ഒളിപ്പിച്ചു വെച്ചു തരിക പതിവാണ്. മടക്കിക്കൊടുക്കാൻ ചെന്നാൽ "അതെൻെറ ഉറുപ്പികയല്ല" ന്നു പറയും. രണ്ടാമതും തക്കിക്കാൻ പോയെങ്കിൽ പിന്നെത്തെ ലഹളയൊന്നും പറയാനില്ല. അവരുടെ ഔദാര്യത്തെ ശ്ലാഘിച്ചുകൊണ്ടു വല്ലതും പറഞ്ഞാൽ അതുംഇഷ്ടമല്ല. വാസ്തവം പറകയാണെങ്കിൽ, രാമസദയബാബുവിൻെറ വീടുണ്ടായതുകൊണ്ടാണ് ഞങ്ങൾ നാഠം കഴിച്ചുപോന്നതു. എന്നാൽ, അമ്മ അതു വിചാരിച്ചു, ലവംഗയോടു ജാസ്തിയായി യാതൊന്നും വാങ്ങിയിരുന്നമില്ല. എങ്ങിനെയെങ്കിലും ദിവസവൃത്തി കഴിയേണമെന്നേ ആഗ്രഹമുണ്ടായിരുന്നുള്ളു. ലവംഗലത ഞങ്ങളുടെ വക്കൽനിന്നു കൊട്ടകൊട്ടയായി പൂ വാങ്ങി രാമസദയനെ അണിയിക്കുകയാണ് പതിവു. അണിയിച്ചു കഴിഞ്ഞാൽ അവർ "നോക്കു: ഇതാ കാമദേവൻ!" എന്നു പറയും. അതിന്നു രാമസദയൻെറ മറുപടി "നോക്കു: ഇതാ സാക്ഷാൽ അഞ്ജനാനന്ദനൻ" എന്നായിരിക്കും. കണ്ണാടിയിലെന്നപോലെ അവക്കിരുവക്കും അവരുടെ മ

നോഗതം അന്യോന്യം അറിയുവാൻ സാധിച്ചിരുന്നു; ഭ ർത്താവു പ്രാചീനനും ഭാൎയ്യ നവീനയും ആയിരുന്നിട്ടും ഇ ങ്ങിനെ സാധിച്ചതു അവരുടെ മനസ്സിൻെറ യോജിപ്പു കൊണ്ടാണെന്നു പറയേണ്ടതില്ലല്ലൊ.

രാമസദയൻ:-"ലളിത ലവംഗലതാപരിശീ-?"

ലവംഗലത:-"പിതാമഹമഹാശയൻെറ കല്പന കേ ൾക്കാൻ ഇതാ ദാസി തെയ്യാർ."

രാമസദയൻ:-"ഞാൻ മരിച്ചെങ്കിൽ?"

ലവംഗലത:-"ഞാൻ അങ്ങയുടെ വിഷയം (സമ്പ ത്ത്) ഭുജിക്കും.

തൻെറ പ്രിയതമ പുറത്തേക്ക് ഇങ്ങിനെ പറയുന്നു ണ്ടെങ്കിലും ആത്മഗതമായി "ഞാൻ വിഷം ഭുജിക്കും" എ ന്നാണു പറയുന്നതെന്നു രാമസദയന്നറിയാമായിരുന്നു.

വില തരുന്ന കാൎയ്യത്തിൽ ലവംഗലത ഇത്രയധികം ഔദാൎയ്യം കാണിച്ചിട്ടും അവരുടെ വീട്ടിൽ പൂ വിൽക്കാൻ പോകുന്നതു സങ്കടമായി തോന്നിയതെന്തുകൊണ്ടാണെന്നു പറയാം.

ഒരുദിവസം അമ്മക്കു പനിയായിരുന്നു. അച്ഛന്നു അ ന്തഃപുരത്തിൽ കടന്നു ചെല്ലാൻ പാടില്ലാത്തതുനിമിത്തം ലവംഗലതക്കുള്ള പൂവും കൊണ്ടു പോകാൻ ഞാനല്ലാതെ വേറെ ആരുമുണ്ടായിരുന്നില്ല. അതുകൊണ്ടു ഞാൻതന്നെ പോകേണ്ടിവന്നു. അന്ധയാണെങ്കിലും കൽക്കത്തയിലെ നിരത്തുകളെല്ലാം നഖദർപ്പണത്തിലെന്നപോലെ എനിക്കു പരിചിതങ്ങളായിരുന്നു. വണ്ടിയുടെയോ കുതിരയുടെയോ ഇടയിൽ ചെന്നു ചാടാതെ കയ്യിൽ ചൂരലുമായി സൎവ്വദി

ക്കിലേക്കും പോകാൻ എനിക്കു തീരെ പ്രയാസമുണ്ടായി രുന്നില്ല. ചിലപ്പോഴെല്ലാം പാദചാരികളുമായി വഴിയിൽ വെച്ചു ഇടയേണ്ടിവന്നിട്ടുണ്ടെങ്കിൽ അതിന്നു കാരണം ആ കൂട്ടരുടെ അനാസ്ഥ തന്നെയാണ്.

ഞാൻ പൂക്കളുംകൊണ്ടു ലവംഗയുടെ അടുക്കൽ ചെന്നു. എന്നെ കണ്ടഉടനെ "എന്താണെടീ കുരുടീ! വീ ണു ചാവാനാണോ പിന്നെയും നീ തന്നെ പൂവുംകൊണ്ടു വന്നതു?" എന്നായിരുന്നു അവരുടെ സ്വാഗതവാക്യം. കു രുടീ എന്ന സംബോധന എന്നെ സാമാന്യത്തിലധികം വേദനപ്പെടുത്തി. ധിക്കാരമായി ഞാൻ അതിന്നുത്തരം പ റയുകയും ചെയ്യുമായിരുന്നു. പക്ഷെ തത്സമയം അവിടെ ആരുടേയോ കാൽപെരുമാററം കേട്ടതിനാൽ ഞാൻ അ ടങ്ങി.

'ഇതാരാണു, എളയമ്മെ?,' എന്നു ആ വന്ന ആൾ ചോദിച്ചു.

എളയമ്മയൊ? - എന്നാൽ അദ്ദേഹം രാമസദയ ബാബുവിൻെറ പുത്രനായിരിക്കണം. ഏതു പുത്രൻ എന്നാ ണ് സംശയം. മൂത്തമകൻെറ ശബ്ദം ഞാൻ മുമ്പൊരിക്കൽ കേട്ടിട്ടുണ്ടു. അതിങ്ങിനെ അമൃതമയമായിരുന്നില്ല. ആ ശബ്ദം കർണ്ണരന്ധ്രങ്ങളിൽ പ്രവേശിച്ചു ആനന്ദ മർമ്മരം ഉ ളവാക്കിയിരുന്നില്ല. ഇദ്ദേഹം ഇളയമകനായിരിക്കണമെ ന്നു ഞാൻ തീർച്ചയാക്കി.

എളയമ്മ മൃദുസ്വരത്തിൽ പറഞ്ഞു. "ഈ കുരുടി ഇവിടുത്തെ പൂക്കാരിയാണ്."

"പൂക്കാരിയോ? ഞാൻ വിചാരിച്ചു ഒരു തറവാട്ടുകാരിയാണെന്നു്"

ലവംഗ:—"പൂക്കാരിക്കു തറവാട്ടുകാരിയാവാൻ പാടില്ലെന്നുണ്ടോ?"

ശചീന്ദ്രബാബു വല്ലാതെയായി. "പാടില്ലെന്നല്ല ഞാൻ പറഞ്ഞതു. നല്ല തറവാട്ടുകാരിയാണെന്നു തന്നെയാണ് കണ്ടപ്പോഠം എനിക്കു തോന്നിയതു. എങ്ങിനെയാണ് കണ്ണുപോയ്പ്പോയതു്?"

ലവംഗ. "ഇവഠം ജനനാൽ തന്നെ അന്ധയാണ്"

ശചീന്ദ്രൻ. നോക്കട്ടെ"

ശചീന്ദ്രബാബുവിന്നു തൻെറ പഠിപ്പിനെപ്പററി വലിയ അഭിമാനമാണ്. പണം സമ്പാദിക്കാനുള്ള ആഗ്രഹംകൊണ്ടല്ലെങ്കിലും മററു വിദ്യകളോടൊപ്പം അദ്ദേഹം വൈദ്യശാസ്ത്രവും മനസ്സിരുത്തി അഭ്യസിച്ചിട്ടുണ്ടായിരുന്നു. ദരിദ്രജനങ്ങളെ പ്രതിഫലം കൂടാതെ ചികിത്സിക്കാൻ വേണ്ടിയാണ് അദ്ദേഹം വൈദ്യശാസ്ത്രം പഠിച്ചതെന്നു ജനങ്ങഠം പറയാറുണ്ടു.

"നോക്കട്ടെ" എന്നു മിക്കവാറും ആത്മഗതമായിട്ടെന്നപോലെയും "വരൂ, ഒന്നു നേരെനില്കൂ" എന്നു എന്നോടായിട്ടും അദ്ദേഹം പറഞ്ഞു. ഞാൻ അദ്ദേഹത്തിൻെറ മുമ്പിൽ ചെന്നു നിന്നു.

ശചീന്ദ്രബാബു. "എൻെറ നേക്കു നോക്കൂ"

ഞാൻ എങ്ങിനെയാണ് നോക്കുക !

"എന്റെ നേരെ കണ്ണു തിരിക്കുക." എന്നദ്ദേഹം മാററിപ്പറഞ്ഞു.

ഞാൻ മുഖം കുറച്ചൊന്നു അദ്ദേഹം നിന്നിരുന്ന ഭാഗത്തേക്കു തിരിച്ചു. പക്ഷേ അതു് തന്റെ ഉദ്ദേശംപോലെ ആയില്ലെന്നുകണ്ടു ശചീന്ദ്രബാബു എന്റെ ചിബുകം പിടിച്ചുയൎത്തി അദ്ദേഹത്തിന്നഭിമുഖമായി നിൎത്തി.

ഹാ! എന്തൊരു സ്പൎശമായിരുന്നു അതു്! പുഷ്പമയം! ജാതി, മല്ലിക, ശേഫാലിക, പനിനീർ, ജമന്തി, ചമ്പകം, മുതലായ സകല കുസുമങ്ങളുടെയും സൌരഭ്യധോരണി ഞാൻ അപ്പോൾ അനുഭവിച്ചു. എന്റെ ശിരസ്സിലും, പാദത്തിലും പ്രാണനിലും, ഹൃദയമദ്ധ്യത്തിലും പരിസരങ്ങളിലും, എന്നുവേണ്ട സൎവ്വദിക്കിലും പുഷ്പരാശികൾ വികസിച്ചിരിക്കുന്നതായി എനിക്കുതോന്നി. ഹാ-ഏതു ബ്രഹ്മാവിന്റെ സൃഷ്ടിയായിരിക്കാം, ആ കുസുമമയമായ സ്പൎശം! അന്ധയുവതിയുടെ സുഖദുഃഖങ്ങൾ മനസ്സിലാക്കുവാൻ നിങ്ങൾക്കാൎക്കും സാധിക്കുകയില്ല. നവനീത കോമളവും, പുഷ്പഗന്ധമയവും, വീണാകപണിതസദൃശവുമായ ആ സ്പൎശം എങ്ങിനെ വൎണ്ണിക്കും? സ്പൎശത്തിന്നു വീണാകപണിതത്തോടു സാദൃശ്യം സംഭവിക്കുന്നതെങ്ങിനെയാണെന്നു കണ്ണിന്നു കാഴ്ചയുള്ള വൎക്കു മനസ്സിലാവുകയില്ല. എന്റെ സുഖദുഃഖങ്ങൾ എന്നിൽതന്നെ നിലനിന്നുകൊള്ളട്ടെ. ആ സ്പൎശം അനുഭവിച്ചപ്പോൾ വീണാകപണിതം പോലെ മധുരമായ സംഗീതരസം കണ്ണുകളെ കുളൎപ്പിച്ചിരുന്നു എന്നുപറഞ്ഞാൽ, വിലോലകടാക്ഷ കുശലിനികളായ നിങ്ങൾക്കാൎക്കും വിശ്വാസമാവുകയില്ലെന്നെനിക്കറിയാം.

ശചീന്ദ്രബാബു:–"ഈ അന്ധത ചികിത്സിച്ചു മാററാൻ പ്രയാസമാണ്."

എനിക്ക അതു കേട്ടപ്പോൾ യാതൊരിച്ഛാഭംഗവും ഉണ്ടായില്ല.

ലവംഗലത:–"അതിരിക്കട്ടെ; കുറച്ചുപണം ചിലവിടാമെന്നുവെച്ചാൽ ഇവളെ കല്യാണം കഴിക്കാൻ ആളുണ്ടാകുമോ?"

ശചീന്ദ്രബാബു:–"എന്ത്! ഈ സ്ത്രീയ്ക്കു ഇനിയും വിവാഹം കഴിഞ്ഞിട്ടില്ലെന്നോ?"

ലവംഗലത:-"ഇല്ല; പണം ചിലവാക്കിയാൽ കല്യാണം കഴിപ്പിക്കാൻ തരമാകുമോ?"

ശചീന്ദ്രബാബു:-"കല്യാണത്തിലേക്ക ചിലവിടാൻ എളയമ്മ ഒരുക്കമുണ്ടോ?"

ലവംഗലത:–(നീരസഭാവത്തിൽ) ഇങ്ങിനെയൊരു കുട്ടിയെ ഞാൻ കണ്ടിട്ടില്ലേ! എനിക്ക പണം സൂക്ഷിക്കാൻ സ്ഥലം മതിയാവാഞ്ഞിട്ടുള്ള കുഴക്കാണ്! കല്യാണം കഴിക്കാൻ ആളെ കിട്ടുമോ എന്നല്ലേ ഞാൻ ചോദിച്ചുള്ളു, അതു പറയു."

ശചീന്ദ്രബാബുവിന്നു എളയമ്മയുടെ സ്വഭാവം നല്ലവണ്ണം അറിയാം. "അങ്ങിനെയാകട്ടെ എളയമ്മേ! പണം ഒരുക്കിക്കൊള്ളു; ആളെ കണ്ടുപിടിക്കാം" എന്നു അദ്ദേഹം ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു.

ലളിതലവംഗലതയെ മനസ്സിനാൽ ശപിച്ചുകൊണ്ടു ഞാൻ അവിടെനിന്നു തിരിച്ചുപോന്നു. ഇതെല്ലാം ആലോചിച്ചിട്ടാണ് ഞാൻ ആദ്യംതന്നെ പറഞ്ഞത് വലി

യവരുടെവീട്ടിൽ പൂ വില്ക്കാൻ പോകുന്നതു വളരെ അപകടം പിടിച്ച തൊഴിലാണെന്ന്.

ബഹു മൂൎത്തിമയിയായ വസുന്ധരേ! ദേവി കാഴ്ചക്കെങ്ങിനെയിരിക്കും? അപരിമിതവും അചിന്തനീയവുമായ ശക്തിക്കിരിപ്പിടമായി, അനന്തവൈചിത്ര്യവിശിഷ്ടങ്ങളായ ജഡപദാൎത്ഥങ്ങളെ ഹൃദയത്തിൽ ധരിച്ചുകൊണ്ടിരിക്കുന്ന ഭവതിയുടെ സ്വരൂപം എങ്ങിനെയുള്ളതാണ് ജനങ്ങൾ സൌന്ദൎയ്യമെന്നു പറഞ്ഞുവരുന്ന ആ അവസ്ഥ എങ്ങിനെയുള്ളതാണ്? ഭവതിയുടെ ഹൃദയത്തിൽ നാനാപ്രകൃതിവിശിഷ്ടങ്ങളായ അനേകം ജന്തുഗണങ്ങൾ വിഹരിക്കുന്നുണ്ടല്ലൊ. അവയുടെ ആകൃതി എന്താണ്? അമ്മെ! നിന്തിരുവടിയുടെ ഹൃദയത്തിന്നു സാരഭൂതമായ പുരുഷജാതിയുടെ സ്വരൂപം ഏതുവിധത്തിലുള്ളതാണ്? ആ വൎഗ്ഗത്തിൽപെട്ട ഒരാളുടെ ആനന്ദകരമായ കരസ്പൎശമാണല്ലൊ ഞാൻ ഇപ്പോൾ അനുഭവിച്ചതു. അദ്ദേഹത്തിന്റെ ആകൃതി എത്രമാത്രം സുകുമാരമായിരിക്കണം! അതെനിക്കു കാണ്മാൻ യോഗമുണ്ടോ? ഒരു നോക്കു കാണ്മാൻ കഴിഞ്ഞെങ്കിൽ ഒരു മുഹൂൎത്തനേരമെങ്കിലും ആ സുഖമയമായ സ്പൎശത്തിന്റെ ദാതാവിനെ കാണ്മാൻ കഴിഞ്ഞെങ്കിൽ എനിക്കു അതെന്തൊരു മഹാഭാഗ്യമായിരിക്കും! അമ്മേ! ബാഹ്യമായ ദൃഷ്ടി നിമീലിതമായിത്തന്നെ ഇരിക്കുകയാണെങ്കിൽ ഇരുന്നുകൊള്ളട്ടെ. ഒരു പ്രാവശ്യമെങ്കിലും ആ കമനീയവിഗ്രഹത്തെ എന്റെ ഹൃദയാന്തരത്തിൽ കാണിച്ചുതരുവാൻ പൎയ്യാപ്തമായ ഒരു സൂക്ഷ്മചക്ഷുസ്സ് അന്തരംഗത്തിൽ സ്ഫുരിക്കുന്നതായാൽ ഈ സ്ത്രീജന്മം സാൎത്ഥകമാകുമാ

യിരുന്നു! സൎവ്വജീവജാലങ്ങൾക്കും കാഴ്ചയുണ്ടല്ലൊ! എനിക്കു മാത്രം കാഴ്ചയില്ലാതാവാനെന്താണ് കാരണം? ചെറുകിടങ്ങൾക്കുപോലും കാഴ്ചയുണ്ടു. എന്തു കുററം ചെയ്തിട്ടാണ് എനിക്കു കാഴ്ചയില്ലാതാക്കിയിരിക്കുന്നതു? കാണുക മാത്രമേ എനിക്കു വേണ്ടു, ആരേയും ദ്രോഹിക്കുകയോ, ബുദ്ധിമുട്ടിക്കുകയോ, നിന്ദിക്കുകയോ ചെയ്യേണമെന്നെനിക്കാഗ്രഹമില്ല. എന്നെന്നും അന്ധയായിരിക്കത്തക്കവണ്ണം ഞാനെന്തു കുററം ചെയ്തു?

ഇല്ലാ കാണുവാനുള്ള ഭാഗ്യം എനിക്കില്ല. ഹൃദയമദ്ധ്യത്തിൽ ശബ്ദം, സ്പൎശം, ഗന്ധം എന്നിവയല്ലാതെ മറെറാന്നിന്നും സ്ഥാനമില്ല.

ഒരുകാലത്തും എനിക്കു കാഴ്ചയുടെ സുഖം അനുഭവിക്കുവാൻ കഴിയുകയില്ലല്ലോ എന്നൊരു നിലവിളി നിരന്തരമായി എന്റെ ഹൃദയാന്തരത്തെ ഭേദിച്ചു മാറെറാലികൊണ്ടിരുന്നു. അന്ധയായ എന്റെ ദുഃഖം ആരും മനസ്സിലാക്കിയില്ല.

**III**

അന്നുതുടങ്ങി ഞാൻതന്നെ ദിവസേന രാമസദയമിത്രന്റെ വീട്ടിൽ പൂവുംകൊണ്ടു പോവുക പതിവായി. എന്തിനാണിങ്ങിനെ ചെയ്തതെന്നു എനിക്കു നിശ്ചയമില്ല. കണ്ണുകാണാത്ത ഞാൻ എന്തിനാണിത്രയെല്ലാം ബുദ്ധിമുട്ടിയതു? കണ്ണിന്നു കാഴ്ചയില്ലാത്തവൎക്കു സംസാരിക്കുന്ന ശബ്ദം കേൾക്കാമല്ലൊ എന്നു വിചാരിച്ചിട്ടാണെങ്കിൽ ശചീന്ദ്രബാബു എന്നോടു സംസാരിക്കുവാൻ തുനിയുമെന്നു

എങ്ങിനെ പ്രതീക്ഷിക്കും? വീട്ടിലെ പുറത്തളത്തിലായിരിക്കും അദ്ദേഹം പ്രായേണ പെരുമാറുന്നതു്. ഞാൻ ചെല്ലുന്നതു അന്തഃപുരത്തിലും. അദ്ദേഹത്തിന്നു ഭാൎയ്യയുണ്ടായിരുന്നെങ്കിൽ ഒരു സമയം അന്തഃപുരത്തിലേക്കു വരാനിടയുണ്ടെന്നു വിചാരിക്കാമായിരുന്നു. എന്നാൽ രെുകൊല്ലം മുമ്പേ ഭാൎയ്യ മരിച്ചുപോയിരിക്കുന്നു. പിന്നീടു വിവാഹം കഴിച്ചിട്ടും ഇല്ല. അതുകൊണ്ടു അങ്ങിനെയൊരാശക്കും അവകാശമില്ല. വല്ലസമയത്തും, എന്തെങ്കിലും ഒരാവിശ്യമുണ്ടെങ്കിൽ അദ്ദേഹം അമ്മയെ കാണാൻ കത്തു ചെല്ലുമായിരിക്കും അ സമയത്തുതന്നെ ഞാനും അവിടെ ചെന്നെത്തുമെന്നു വിചാരിക്കാൻ ന്യായമുണ്ടോ? അദ്ദേഹത്തിൻെറ ഒച്ച കേൾക്കാമെന്നുള്ള ഏകവിചാരത്താൽ ഞാൻ ദിവസേന അവിടെ പോയ്ക്കൊണ്ടിരുന്നുവെങ്കിലും ആ മോഹം സഫലമായതേ ഇല്ല. എന്നിട്ടും ഞാൻ എൻെറ ഗതാഗതങ്ങൾക്കു യാതൊരുമുടക്കവും വരുത്താതിരുന്നതു എന്തു്ദുരാശകൊണ്ടാണെന്നു എനിക്കു അറിഞ്ഞുകൂടാ. ഭഗ്നാശയായി മടങ്ങിപ്പോകുന്ന സമയത്തെല്ലാം "ഞാൻ എന്തിന്നാണിവിടെ വന്നതു? ഇനി വരികയില്ല" എന്നു പ്രതിജ്ഞ ചെയ്യാറുണ്ടായിരുന്നു. പക്ഷെ ആ പ്രതിജ്ഞയെ ഒരിക്കലും നിറവേററുവാൻ ശക്തയാവാതെ ഞാൻ പിന്നേയും പിന്നെയും പോയ്ക്കൊണ്ടിരുന്നു. ആരോ എൻെറ തലമുടി പിടിച്ചങ്ങോട്ടു വലിക്കുന്നുണ്ടെന്നു എനിക്കു തോന്നും. വീണ്ടും നിരാശയോടെ മടങ്ങിവരും; ഇനി പോവുകയില്ലെന്നു വീണ്ടും പ്രതിജ്ഞ ചെയ്യും; എ

നാൽ വീണ്ടും പോവുകയും ചെയ്യും. ഇങ്ങിനെ കാലം കഴിഞ്ഞു.

എൻെറ യാത്രയുടെ ഉദ്ദേശം എന്തായിരിക്കാം, എന്നു ഞാൻ ആലോചിച്ചുനോക്കി. പുരുഷന്മാരുടെ സൌന്ദൎയ്യംകൊണ്ടു മോഹിച്ച് സ്ത്രീകൾക്കു അവരിൽ അഭിനിവേശം ജനിക്കാറുണ്ടെന്നു പറഞ്ഞുകേട്ടിട്ടുണ്ടു. പക്ഷെ അന്ധയായ എനിക്കു ആരുടെയെങ്കിലും രൂപംകാണ്മാൻ കഴിയുമോ? പിന്നെ എന്തിനാണു ഞാൻ അങ്ങോട്ടു പോകുന്നതു്? സംസാരിക്കുന്നതു കേൾക്കാൻ മോഹിച്ചിട്ടോ? ഒരു പുരുഷൻെറ സംസാരംകേട്ടിട്ടു ഏതെങ്കിലും സ്ത്രീ ഭ്രമിച്ചു പോയതായി എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? എനിക്കു അങ്ങിനെയൊരു ഭ്രമം തോന്നീട്ടുണ്ടോ? അതു സംഭാവ്യമാണൊ? ആണെങ്കിൽ സംഗീതം കേൾക്കാൻവേണ്ടി സംഗീതക്കാരൻെറ വീട്ടിലേക്കു പോകാൻ തുനിയാത്തതെന്തുകൊണ്ടാണു? വീണ, തംബുരു മുതലായവയുടെ സ്വരത്തെക്കാളും മധുരമാണൊ ശചീന്ദ്രൻെറ ശബ്ദം? അതു വെറുതെ പറയുകയാണ്.

എന്നാൽ, പിന്നെ എന്താണെന്നെ അവിടേക്കാകൎഷിക്കുന്നതു്? ആ സ്പൎശമോ? രാവും പകലും ഞാൻ എടുത്തു പെരുമാറുന്ന കുസുമമഞ്ജരിയത്തിൻെറ സ്പൎശത്തെക്കാളും കോമളമാണോ ആ സ്പൎശം? ഒരിക്കലും അല്ല. എന്നാൽ പിന്നെ എന്തായിരിക്കാം എൻെറ പെരുമാററത്തിൻെറ രഹസ്യം? ഈ അന്ധയോടു ആ തത്വം ആരെങ്കിലും പറഞ്ഞുതരുമോ?

നിരീക്ഷണശക്തിയുള്ള നിങ്ങൾക്ക സൌന്ദൎയ്യത്തെ ദൎശിക്കുവാനും വിമൎശിക്കുവാനും സാധിക്കുമെങ്കിലും എന്റെ അനുഭവരഹസ്യം ഗ്രഹിക്കുവാൻ കഴിയുകയില്ല. രൂപസൌന്ദൎയ്യവും ശബ്ദമാധുൎയ്യവും ദ്രഷ്ടാവിന്റെയും ശ്രോതാവിന്റെയും മാനസികവികാരം മാത്രമാണ്. രൂപത്തിന്നു സ്വതേതന്നെ സൌന്ദൎയ്യമില്ല. സൌന്ദൎയ്യം ദ്രഷ്ടാവിന്റെ മനസ്സിനെ ആശ്രയിച്ചാണിരിക്കുന്നതു്; അല്ലെങ്കിൽ ഒരാൾ സകലൎക്കും ഒരേ വിധത്തിൽ സുന്ദരനായി തോന്നാതിരിക്കാൻ എന്താണ് കാരണം? ഒരാളിൽതന്നെ സകലരും ഒരുപോലേ ആസക്തരായിത്തീരാത്തതെന്തുകൊണ്ടാണ്? അതുപോലേതന്നെ ശബ്ദഭംഗിയും അവരവരുടെ മനസ്സിനെ ആശ്രയിച്ചിരിക്കുക. രൂപസൌന്ദൎയ്യം ദ്രഷ്ടാവിന്റെയും ശബ്ദമാധുൎയ്യം ശ്രോതാവിന്റെയും സ്പൎശമാൎദ്ദവം സ്പ്രഷ്ടാവിന്റെയും മനസ്സിന്നുള്ള സുഖസ്ഥിതികളാണ്. എനിക്കു സൌകൎയ്യസുഖം അനുഭവിക്കാനുള്ള മാൎഗ്ഗം അടഞ്ഞുകിടക്കുകയാണെങ്കിലും അതിനുപകരം ശബ്ദസ്പൎശഗന്ധസുഖങ്ങളെ മനോമദ്ധ്യത്തിൽ പരിപൂൎണ്ണതയോടെ അനുഭവിക്കാൻ പാടില്ലന്നില്ലല്ലൊ.

ശുഷ്കഭൂമിയിലെ വൃഷ്ടിപാതം അതിനെ നന്ദ്യോൽപാദിനിയാക്കിത്തീൎക്കുന്നില്ലേ? അഗ്നിയുടെ സംപൎക്കത്താൽ ശുഷ്കകാഷ്ഠം ജ്വലിക്കുന്നില്ലേ? ശൂന്യമായ രമണീഹൃദയത്തിൽ,രൂപംകൊണ്ടാകട്ടെ, ശബ്ദംകൊണ്ടാകട്ടെ, സ്പൎശംകൊണ്ടാകട്ടെ, സൽപുരുഷസമ്പൎക്കം സംഭവിക്കുന്ന സന്ദൎഭത്തിൽ പ്രേമം അങ്കുരിക്കുന്നതും ഒട്ടും അസംഭാവ്യമല്ല!

അന്ധകാരത്തിന്നാടയിലും പുഷ്പങ്ങൾ വികസിക്കാറുണ്ട്; മേഘച്ഛന്നമായ ആകാശത്തിലും ചന്ദ്രൻ വിഹരിക്കാറുണ്ട്; വിജനമായ വിപിനാന്തരത്തിലും കോകിലം കൂകാറുണ്ട്; മനുഷ്യൻ ഒരുകാലത്തുംകാണാത്ത സാഗരഗർഭത്തിൽപോലും രത്നങ്ങൾ പ്രകാശിക്കുന്നുണ്ട്; അതുപോലെതന്നെ അന്ധയുവതിയുടെ ഹൃദയത്തിലും പ്രേമത്തിന്റെ പ്രസ്ഫുരണം അസംഭാവ്യമല്ല. എന്റെ കണ്ണടച്ചിരിക്കുന്നു എന്നുവെച്ച് ഹൃദയം പ്രസ്ഫുടിതമാകാതിരുന്നുകൊള്ളണമെന്നില്ലല്ലൊ.

ഇല്ല, ശരിതന്നെ—പക്ഷെ അതു എന്നെ ദുഖിപ്പിക്കുവാൻ മാത്രമാണ്. മൂകന്റെ കവിത്വം അവനെ ദുഃഖിപ്പിക്കാൻ മാത്രമെ പര്യാപ്തമാവുകയുള്ളു. കാതു കേൾക്കാത്തവൻ സംഗീതപ്രിയനായിത്തീർന്നാൽ, തന്റെ പാട്ടു തനിക്കുതന്നെ കേൾക്കാൻ കഴിയാത്തതുകൊണ്ടു, അതും ഒരു നിത്യദുഃഖത്തിന്നുള്ള സംഗതിയല്ലെ? അതുപോലെ എന്റെ ഹൃദയത്തിലുള്ള പ്രണയസഞ്ചാരവും എന്നെ ദുഃഖിപ്പിക്കാൻ മാത്രമാണ്. എന്റെ സൌന്ദര്യംതന്നെ കണ്ടിട്ടില്ലാത്ത ഞാനാണൊ മററുള്ളവരുടെ സൌന്ദര്യംകാണാൻ കൊതിക്കുന്നതു? സൌന്ദര്യം! എനിക്കെന്തു സൌന്ദര്യമാണ്? ഈ ഭൂമണ്ഡലത്തിൽ രജനി എന്ന പേരായ ഒരു ക്ഷുദ്രബിന്ദു കാഴ്ചയിൽ എങ്ങിനെയുള്ളവളാണ്? എന്നെ ഒരിക്കൽ കണ്ടിട്ടുള്ളവരിൽ ആരും ഒന്നുംകൂടി തിരിഞ്ഞുനോക്കാൻ ഇച്ഛിക്കാറില്ല? ഞാനൊരുരൂപവതിയാണെന്നു തോന്നീട്ടുള്ള നീചാശയനോ ക്ഷുദ്രഹൃദയനോ

ആരും ലോകത്തിൽ ഇല്ലെന്നുവരുമോ? ഞാൻ ഒരന്ധയുവതിയാണ്. അന്ധയുവതിയ്ക്കു സൌന്ദൎയ്യം ഉള്ളതായി വല്ലവരും സമ്മതിക്കുമോ? എന്നാൽ ശില്പകലാവിദഗ്ദ്ധന്മാർ ദൃഷ്ടിശൂന്യങ്ങളായ ശിലാപ്രതിമകൾ നിൎമ്മിക്കുന്നതിൻെറ ഉദ്ദേശം എന്തായിരിക്കും? ഞാൻ ആ തരത്തിൽപെട്ട ഒരു പാഷാണി മാത്രമാണോ? അങ്ങിനെയാണെങ്കിൽ ബ്രഹ്മാവു പാഷാണമദ്ധ്യത്തിൽ സുഖദുഃഖസമാകുലവും പ്രണയലാലസാപരവശവുമായ ഒരു ഹൃദയത്തെ പ്രതിഷ്ഠിക്കേണ്ടിയിരുന്നില്ല. പാഷാണസാധാരണമായ ദുഃഖം മാത്രം അനുഭവിക്കണമെന്നും സുഖം അനുഭവിക്കരുതെന്നും വിധിച്ചതെന്തിനാണ്? ഈ താരതമ്യവിവേചനം ന്യായമാണോ? അളവററ ദുഷ്കൃതം ചെയ്യുവൎക്കും കണ്ണുണ്ട്; കണ്ണുകാണാതിരിക്കത്തക്കവണ്ണം, ജനനത്തിന്നു മുമ്പുതന്നെ എന്തൊരു ദുഷ്കൃതമാണ് ഞാൻ ചെയ്തിട്ടുള്ളതു്? ഈ സംസാരത്തിൽ വിധാതാവും ഇല്ല. വിധാനവും ഇല്ല. പാപപുണ്യങ്ങൾക്കു ന്യായാനുസൃതമായ നിഗ്രഹാനുഗ്രഹങ്ങളുമില്ല. എനിക്കിതു സഹിക്കാൻ വയ്യാ.

കുറെ സംവത്സരങ്ങളായി ഞാൻ ഈ ജീവിതം ഇങ്ങിനെ കഴിക്കുന്നു; ഇനിയും കുറെ സംവത്സരം കഴിക്കേണ്ടതായി വരാം. സംവത്സരങ്ങളിൽ അനവധി ദിവസങ്ങളും ദിവസങ്ങളിൽ അനേകം നാഴികകളും നാഴികകളിൽ അനേകം വിനാഴികകളുമുണ്ടല്ലൊ; അവയ്ക്കിടയിൽ ഒരു വിനാഴികനേരം, ഒരു ഞൊടിയിട മാത്രം, എൻെറ കണ്ണൊന്നു തുറക്കുകയില്ലേ? ഒരു നിമിഷത്തേക്കെങ്കിലും കണ്ണു തുറന്നു കാണാൻ കഴിഞ്ഞെങ്കിൽ, ഈ ശബ്ദസ്പൎശ

മയമായ സംസാരവും, ഞാനും ശചീന്ദ്രനും എങ്ങിനെയിരിക്കുന്നു എന്നറിയാമായിരുന്നു!

IV.

ദിവസേന ഞാൻ പൂ൨ംകൊണ്ടു രാമസദയ ബാബുവിൻെറ വീട്ടിലേക്കു പോയെങ്കിലും ശചീന്ദ്രൻെറ ശബ്ദശ്രവണത്തിന്നുള്ള അവസരം പ്രായേണ അസുലഭമായിരുന്നു. ഇടയ്ക്കു ഒന്നോ രണ്ടോ പ്രാവശ്യം അതിന്നു തരമായപ്പോഠം ഉണ്ടായ ആഹ്ലാദം പറഞ്ഞറിയിക്കാൻ പ്രയാസമാണ്. ൨ഷകാലത്തു ജലഭരത്താൽ സാന്ദ്രമായ മേഘപടലം ആ൨ന്ദാരവത്തോടുകൂടി വൃഷ്ടിയായി പരിണമിക്കുമ്പോഠം ഏതുപ്രകാരത്തിലുള്ള ആഹ്ലാദം അനുഭവിക്കുമോ, അതേവിധത്തിലുള്ള ആഹ്ലാദത്തെ സൂചിപ്പിക്കുന്ന ആനന്ദാരാവം പുറപ്പെട്ടുവിക്കുവാനായിരുന്നു ശചീന്ദ്രൻെറ ശബ്ദം കേട്ട അവസരങ്ങളിൽ എനിക്കാഗ്രഹം ജനിച്ചതു്. മനോഹരമായ ഒരു മാല കെട്ടി ശചീന്ദ്രബാബുവിന്നു സമ്മാനിക്കേണമെന്നു പലപ്പോഴും ഞാൻ വിചാരിച്ചിരുന്നുവെങ്കിലും അങ്ങിനെ ചെയ്യാൻ എനിക്കു സാധിച്ചതേയില്ല. എങ്ങിനെയാണു അദ്ദേഹത്തിന്നതു കൊടുക്കേണ്ടതെന്നുള്ള ലജ്ജയ്ക്കു പുറമെ, വേറൊരു വൈഷമ്യംകൂടി ഞാൻ അതിൽ കണ്ടു. മാല കൊടുത്താൽ അദ്ദേഹം അതിൻെറ വിലതരുന്നപക്ഷം എന്തുപറഞ്ഞിട്ടാണു ഞാൻ അതുസ്വീകരിക്കാതിരിക്കുക എന്നായിരുന്നു എൻെറ സംശയം. മനോവേദനയോടുകൂടി വീട്ടിൽ തിരിച്ചെത്തിക്കഴിഞ്ഞാൽ, പൂക്കഠംകൊണ്ടു ശചീന്ദ്രബാബുവിൻെറ ഒരു വിഗ്രഹം നി

മ്മിക്കം. എങ്ങിനെയുള്ള വിഗ്രഹമാണെന്നെനിക്ക നിശ്ചയമില്ല. അദ്ദേഹത്തേയോ ഞാനുണ്ടാക്കിയ വിഗ്രഹത്തെയോ കാണ്മാൻ എനിക്ക സാധിച്ചിരുന്നില്ല. എന്നാൽ എന്റെ ഈ ഗതാഗതങ്ങഠം ഞാൻ വിചാരിക്കാത്ത വിധത്തിലാണ് പരിണമിച്ചത്. ഞാൻ അതു തീരെ അറിഞ്ഞിരുന്നില്ല; യദൃച്ഛയാ അമ്മയും അച്ഛനും തമ്മിൽ സംസാരിക്കുന്നതു കേട്ടപ്പോഴാണ് ആദ്യമായി ആ സംഗതി എനിക്ക മനസ്സിലായത്. ഒരു ദിവസം സന്ധ്യക്കശേഷം മാലകെട്ടികൊണ്ടിരിക്കെ ഞാൻ ഉറങ്ങിപോയി. എന്തോ ഒരൊച്ചകേട്ട ഞെട്ടിയുണൎന്നപ്പോഠം അച്ഛനും അമ്മയും സംസാരിക്കുന്ന ശബ്ദം കേഠംക്കാറായി. വിളക്കകെട്ടിരിക്കുമെന്നും ഞാൻ ഉണൎന്നകഥ അവർ അറിഞ്ഞിരിക്കയില്ലെന്നും ഞാൻ ഊഹിച്ചു. ആകസ്മികമായി അവരുടെ സംഭാഷണത്തിന്നിടയിൽ എന്റെ പേരുച്ചരിക്കുന്നതു കേട്ടപ്പോഠം ഞാൻ നിശ്ശബ്ദമായി കിടന്നു. “എന്നിട്ടോ, അങ്ങിനെതന്നെ തീർച്ചപ്പെടുത്തിയോ?” എന്നു അമ്മ ചോദിക്കുന്നതു കേട്ടു.

അച്ഛൻ മറുപടി പറഞ്ഞു.—“തീർച്ചപ്പെടുത്തിയപോലെതന്നെ. അവരെപ്പോലെയുള്ള വലിയ ആളുകഠം പറഞ്ഞാൽ പിന്നെ അതിന്നൊരു മാററമുണ്ടോ? നമ്മുടെ കുട്ടി നിൎഭാഗ്യവശാൽ കണ്ണുകാണാത്തവളായി പോയി. ആ ഒരു ദോഷമുണ്ടായിരുന്നില്ലെങ്കിൽ അവളെ കിട്ടാൻ തപസ്സു ചെയ്യേണ്ടെ?”

അമ്മ:—“അവക്കിത്ര ഉത്സാഹം തോന്നാൻ എന്താണ് കാരണം?”

അച്ഛൻ:—"നിണക്കിതു മനസ്സിലാകാഞ്ഞിട്ടാണ്; അവർ നമ്മളെപ്പോലെ ദരിദ്രരല്ല, ഒന്നോ രണ്ടോ ആയിരം ഉറുപ്പിക അവൎക്കൊരു സാരമില്ല. രജനിയുടെ മുമ്പിൽവെച്ച്, രാമസദയബാബുവിൻെറ ഭാൎ‌യ്യ വിവാഹകാൎ‌യ്യത്തെപററി ഒന്നാമതായി പ്രസ്താവിച്ച ആ ദിവസംമുതല്ക്കു, രജനി ദിവസേന അവരുടെ അടുക്കൽപോയിവരിക പതിവായിരിക്കുന്നു. പണം ചിലവാക്കിയാൽ കണ്ണുകാണാത്ത പെണ്ണിൻെറ കല്യാണത്തിന്നു ആളെ കിട്ടുമോ എന്നു അവർ മകനോടു ചോദിച്ചതു കേട്ടപ്പോൾ, ആ സ്ത്രീ ദയാവതിയാണെന്നും തനിക്കുവേണ്ടി പണം ചിലവിടാൻ മടിയില്ലാത്തവരാണെന്നും കരുതി, രജനിയുടെ മനസ്സിൽ തീൎച്ചയായും ആശ കടന്നുകൂടിയിരിക്കണം. അന്നു തുടങ്ങി രജനി ദിവസേന അവിടെ പോവുക പതിവായിതീൎന്നു. അതു കണ്ടപ്പോൾ, വിവാഹവിഷയത്തിൽ അവൾക്കു വലിയ ആഗ്രഹമുണ്ടെന്നും, ഇത്രയധികം പ്രായം ചെന്നസ്ഥിതിക്കു അങ്ങിനെയൊരാഗ്രഹം ഉണ്ടാവുന്നതു അസാധാരണയല്ലെന്നും അവർ ധരിച്ചിരിക്കണം. ശചീന്ദ്രബാബു പണംകൊടുത്തു ഹരനാഥവസുവിൻെറ അനുവാദം സമ്പാദിച്ചിരിക്കുന്നു. ഗോപാലനും സമ്മതിച്ചിട്ടുണ്ട്."

ഹരനാഥവസു രാമസദയബാബുവിൻെറ കാൎ‌യ്യസ്ഥനും ഗോപാലൻ അയാളുടെ മകനുമാണ്. ഗോപാലൻെറ ചരിത്രം കുറച്ചൊക്കെ എനിക്കറിയാം. അയാൾക്കു വയ

സ്സു മുപ്പതായിക്കാണും. ഒരു വിവാഹം കഴിഞ്ഞിരിക്കുന്നു; പക്ഷേ അതിൽ സന്തതിയില്ല ഗൃഹഭരണത്തിൽ ആ സ്ത്രീ അതിസമത്ഥയാണ്. സന്തതിക്കുവേണ്ടി ഒരന്ധയുവതിയെ വേൾക്കുന്നതിൽ ആയാൾക്കു വിരോധമുണ്ടാകാൻ വഴിയില്ല. പോരെങ്കിൽ, ലവംഗ പണം കൊടുക്കാൻ തയ്യാറുമാണ്. പണത്തിന്നു കീഴടങ്ങാത്ത ജാതിനിബന്ധനകളുണ്ടോ? ജന്മാന്ധയായ പുത്രികളുടെ മോക്ഷപ്രാപ്തിക്കുള്ള മാർഗ്ഗമാണിതെന്ന വിശ്വാസത്താൽ അച്ഛനും അമ്മയും ആഹ്ലാദഭരിതരായി. എന്നാൽ ആകാശം അടന്നു തലയിൽ വീണപോലെയാണ് എനിക്കിപ്പോൾ തോന്നിയതു്.

.

മേലിൽ ലവംഗയുടെ വീട്ടിലേക്കു പോവുകയില്ലെന്നു അപ്പോൾതന്നെ ഞാൻ ശപഥം ചെയ്തു. അവരെ ഞാൻ മനസ്സുകൊണ്ടു നൂറുവട്ടം ശപിച്ചു. ലജ്ജനിമിത്തം, മരിച്ചുകളയാമെന്നുകൂടി എനിക്കുതോന്നി. കോപംനിമിത്തം ലവംഗലതയെ തല്ലിക്കൊല്ലുവാൻ മനസ്സുവന്നു. ദുഃഖംനിമിത്തം കരച്ചൽവന്നു. എന്നോടിങ്ങിനെ നിർമ്മയ്യാദം കാണിക്കത്തക്കവണ്ണം ഞാൻ ലവംഗലതയോടെന്തു പിഴച്ചു? അഥവാ, വലിയവർക്കു നിർമ്മയ്യാദം ചെയ്താലേ സുഖമുള്ളു എന്നുണ്ടെങ്കിൽ, ജന്മാന്ധയായ ഈ ദുഃഖിനിയെയല്ലാതെ മററാരെയും ആ നിർമ്മയ്യാദത്തിന്നു വിഷയമാക്കുവാൻ കണ്ടില്ലെന്നു വരുമോ? പോരാ, ഒരു ദിവസംകൂടി ഞാൻ ലവംഗയുടെ വീട്ടിലേക്കുപോയി ഈ ചെയ്തതിന്നു പ്രതികാരമായി അവരെ ശകാരിക്കും. പിന്നെ അങ്ങോട്ടു തിരിഞ്ഞു നോക്കുകയേ ചെയ്യില്ല. പൂവും കൊടുക്കില്ല. പ

ണവും വാങ്ങില്ല. അമ്മ അവക്ക് പൂവ് വിററു പണം വാങ്ങിയാൽ, ആ പണംകൊണ്ടുണ്ടാക്കിയ ഭക്ഷണം ഞാൻ കഴിക്കുകയില്ല. പട്ടിണി കിടന്നാലും ശരി-അതാണിതിനേക്കാൾ ഭേദം! നാട്ടിൽ വലിയവരാണെന്നുവെച്ചു പരദ്രോഹം ചെയ്യണമെന്നുണ്ടോ എന്നു ഞാൻ ലവംഗലതയോടു ചോദിക്കും; ഞാൻ കുരുടിതന്നെ, പക്ഷേ അതു വിചാരിച്ചു ദയ കാണിക്കുകയല്ലേ വേണ്ടതു്? ഈ ലോകത്തിൽ യാതൊരു സുഖവും അനുഭവിക്കാൻ യോഗമില്ലാത്ത ഇവളെ, ഒരു കുററവും കാണാതെ കഷ്ടപ്പെടുത്തിയതുകൊണ്ടു എന്തു സുഖമാണ്, കിട്ടാൻ പോകുന്നതു്? ഇങ്ങിനെയോരോന്നു ചോദിക്കണമെന്നു വിചാരിച്ചുകൊണ്ടിരിക്കും മദ്ധ്യേ കണ്ണിൽ വെള്ളം നിറഞ്ഞു. ലവംഗലതയോടു നേരിട്ടു സംസാരിക്കാനുള്ള അവസരം കിട്ടുമ്പോൾ ഈ കഥയെല്ലാം മറക്കുമെന്നൊരു ഭയവും അപ്പോൾ എനിക്കുണ്ടായി.

പതിവുപോലെ, പിറെറദിവസം, ഞാൻ രാമസദയബാബുവിൻെറ വീട്ടിലേക്കുപുറപ്പെട്ടു. പൂക്കൾ കൊണ്ടു പോവുകയില്ലെന്നു മനസ്സുകൊണ്ടുറച്ചിരുന്നുവെങ്കിലും വെറും കയ്യോടെ പോകുന്നതിൽ വല്ലാതെ ലജ്ജതോന്നുകയാൽ, യഥാപൂർവ്വം പൂക്കളും കൊണ്ടുതന്നെയാണു് പോയതു്. പക്ഷേ അമ്മ അറിയാതായിരുന്നു ഈ യാത്ര.

പൂക്കൾ കൊടുത്തു ശകാരം തുടങ്ങാമെന്ന ഉദ്ദേശത്തോടുകൂടി ഞാൻ ലവംഗയുടെ അടുക്കൽ ചെന്നിരുന്നു; എങ്ങിനെയാണു പ്രസംഗം ആരംഭിക്കേണ്ടതെന്നു എനി

ക്ക തോന്നിയില്ല. ഹരി ഹരി! ഞാൻ എന്താണ് ചെയ്യേണ്ടതു്? നാലുഭാഗത്തും തീ കത്തിജ്വലിക്കുമ്പോൾ ഏതു ഭാഗത്തുനിന്നാണ് അതിനെ കെടുക്കാൻ ശ്രമിക്കേണ്ടതെന്നറിയാതെ പരിഭ്രമിക്കുന്നവരുടെ നിലയാണ് എനിക്കപ്പോൾ ഉണ്ടായതു്. വായ തുറന്ന് ഒരക്ഷരം ഉച്ചരിക്കുവാൻ സാധിച്ചില്ലെന്നു മാത്രമല്ല, എനിക്കു കരച്ചലുംവന്നു.

ഭാഗ്യവശാൽ ലവംഗലതതന്നെ വിഷയം എടുത്തുവെച്ചു "കുട്ടിപ്പെണ്ണേ! നിണക്ക് കല്യാണം കഴിയാൻ പോകുന്നു. അല്ലേ?

എനിക്കു ദേഷ്യം സഹിച്ചില്ല. "ഒന്നും ഇല്ല" എന്നു ഞാൻ മറുവടി പറഞ്ഞു.

ലവംഗ:—"അതെന്താ? ശചീന്ദ്രബാബു വിവാഹത്തിനുള്ള ഏർപ്പാടെല്ലാം ചെയ്തിട്ടുണ്ടു."

എനിക്കു പിന്നെയും കോപം സഹിക്കാതായി. "ഞാൻ ഇവിടുത്തോടെന്തു പിഴച്ചു? എന്തിനാണിങ്ങിനെ ചെയ്യുന്നതു?"

ഇതു കേട്ടപ്പോൾ ലവംഗയ്ക്കു കോപംവന്നു. "പെണ്ണേ! നിണക്കു കല്യാണം കഴിക്കാൻ ഇഷ്ടമില്ല, അല്ലേ?"

"ഇല്ല" എന്നു ഞാൻ തലകുലുക്കി.

ലവംഗ:—(വീണ്ടും കോപത്തോടെ) "മഹാപാപി! എന്തുകൊണ്ടാണിഷ്ടമില്ലാത്തതു്?"

ഞാൻ:—"എൻെറ മനസ്സ്"

ഞാൻ ദുർന്നടപ്പുകാരിയായതുകൊണ്ടാണ് കല്യാണത്തിന്നു സമ്മതമില്ലാത്തതെന്നു ലവംഗ സംശയിച്ചിരി

ക്കാം. അവർ ഔദ്ധത്യത്തോടുകൂടി "കടന്നു പോ, കഴുവേറി, അല്ലെങ്കിൽ ചവിട്ടി പുറത്താക്കും" എന്നു പറഞ്ഞു.

ഞാൻ എഴുന്നേററു. ദൃഷ്ടിശ്ശൂന്യമായ രണ്ടുകണ്ണിൽനിന്നും അശ്രുജലം ഒഴുകി. ലവംഗ കാണരുതെന്നു കരുതി ഞാൻ മുഖംതിരിച്ച്, വീട്ടിലേക്കു മടങ്ങാൻ പുറപ്പെട്ടു. ഞാൻ പറയാനുദ്ദേശിച്ചിരുന്ന അധിക്ഷേപവാക്കുകളൊന്നും പറഞ്ഞില്ലല്ലൊ എന്ന കുണ്ഠിതത്തോടുകൂടി കോണിപ്പടിയുടെ അടുക്കൽ സംശയിച്ചുനില്ക്കുന്നതിനിടയിൽ അവിടെ ആരുടെയോ കാൽപ്പെരുമാററംകേട്ടു. അന്ധജനത്തിൻെറശ്രവണശക്തിക്കു അനൈസർഗ്ഗികമായ പ്രഖരതയുണ്ടായിരിക്കും. മുമ്പു ഒന്നുരണ്ടുകുറി ആ കാലൊച്ചകേട്ടിരുന്നതുകൊണ്ടു അതാരുടെ കാൽപ്പെരുമാററമാണെന്നെനിക്കു മനസ്സിലായി. ഞാൻ കോണിപ്പടിയിൽ ഇരുന്നു. ശചീന്ദ്രബാബു എൻെറ അടുക്കൽ വന്നു നില്ക്കുകയുംചെയ്തു. അദ്ദേഹം എൻെറ കണ്ണിൽ വെള്ളം നിറഞ്ഞതു കണ്ടിട്ടുണ്ടായിരിക്കണം.

"ആരാണിതു്-രജനിയോ?

ഞാൻ സകലതും മറന്നു. കോപവും, അപമാനവും, ദുഃഖവും, എന്നുവേണ്ട, സമസ്തവും വിസ്മൃതമായി: "ആരാണിതു-രജനിയൊ?" എന്ന ചോദ്യം കർണ്ണങ്ങളിൽ മുഴങ്ങിക്കൊണ്ടിരുന്നു. ഞാൻയാതൊന്നും മറുപടി പറഞ്ഞില്ല. ഇനിയും ഒന്നുരണ്ടു പ്രാവശ്യം ആ ചോദ്യം ആവർത്തിക്കട്ടെ, അതു കേട്ടു എൻെറ കർണ്ണങ്ങൾകുളിരട്ടെ എന്നു മന

സ്സിൽ കരുതി മൌനം അവലംബിച്ചു. ശചീന്ദ്രൻ ചോദിച്ചു. "രജനി, എന്തിനാണ് കരയുന്നത്?"

എൻെറ ഹൃദയാന്തരത്തിൽ പരമാനന്ദം വഴിഞ്ഞൊഴുകി; കണ്ണുനീർ പിന്നെയും പ്രവഹിക്കാൻ തുടങ്ങി. ഇനിയും ചോദിക്കട്ടെ എന്നു കരുതി ഞാൻ യാതൊന്നും പറഞ്ഞില്ല; "ഞാൻ എത്ര ഭാഗ്യവതിയാണ്! ഈശ്വരൻ എന്നെ കണ്ണു കാണാത്തവളല്ലേ ആക്കിയുള്ളു; കാതു കേൾക്കാത്തവളാക്കിയില്ലല്ലോ" എന്ന് മനസ്സിലോർത്തു.

"എന്തിനാണ് കരയുന്നതു്? ആരെങ്കിലും വല്ലതും പറഞ്ഞുവോ?" എന്നു അദ്ദേഹം പിന്നെയും ചോദിച്ചു.

അദ്ദേഹത്തോടു സംസാരിക്കാനുള്ള ഭാഗ്യം ഈ ജന്മത്തിൽ ഒരു പ്രാവശ്യമെങ്കിലും ഉണ്ടാവുന്നപക്ഷം ആ അവസരത്തെ പാഴാക്കിക്കളയുന്നതു ഒരിക്കലും ശരിയല്ലെന്നു വിചാരത്താൽ ഞാൻ ഉത്തരം പറഞ്ഞു. "എളയമ്മ എന്നെ ശകാരിച്ചു."

ശചീന്ദ്രബാബു മന്ദഹസിച്ചുകൊണ്ടിങ്ങിനെ പറഞ്ഞു: "എളയമ്മയുടെ വാക്കുകേട്ടിട്ടു പരിഭ്രമിക്കേണ്ട; വായകൊണ്ടങ്ങിനെയൊക്കെ പറയുമെന്നേ ഉള്ളു. മനസ്സിൽ യാതൊന്നും ഉണ്ടായിരിക്കില്ല. എൻെറകൂടെ വരു. എളയമ്മ നല്ല വാക്കു പറയുന്നതും ഇപ്പോൾതന്നെ കേൾക്കാം."

അദ്ദേഹത്തിൻെറ ഒരുമിച്ചു പോകുന്നതിനെന്താണ് വിരോധം? ഞാൻ എഴുന്നേററു, ശചീന്ദ്രബാബുവിൻെറ പിന്നാലെ പോയി. അദ്ദേഹം മുമ്പിലും ഞാൻ പിമ്പിലു

മായി കോണിപ്പടി കയറിത്തുടങ്ങി. അപ്പോൾ അദ്ദേഹം "കണ്ണുകാണാതെ എങ്ങിനെയാണ് കോണി കയറുന്നത്? ഞാൻ കൈ പിടിച്ചു കയററാം" എന്നു പറഞ്ഞു.

ശചീന്ദ്രൻ എൻെറ കൈ പിടിക്കുമെന്നോർത്തപ്പോൾ എൻെറ ഉള്ളിൽ ഒരു മിന്നൽ പാഞ്ഞു; ശരീരമാസകലം കോൾമയിർക്കൊണ്ടു. എൻെറ കൈ അദ്ദേഹം പിടിക്കുമെങ്കിൽ പിടിക്കട്ടെ! ലോകം അതുനിമിത്തം എന്നെ നിന്ദിക്കുകയാണെങ്കിൽ നിന്ദിക്കട്ടെ! എൻെറ സ്ത്രീജന്മം സാർത്ഥകമാവട്ടെ! എന്നു ഞാൻ ആത്മഗതമായി പറഞ്ഞു. അന്യസഹായം കൂടാതെ കല്കത്തയിലെ ഊടുവഴികളിൽ പോലും നടക്കാൻ പ്രയാസമില്ലാത്ത എനിക്കു ആ അവസരത്തിൽ ശചീന്ദ്രബാബുവോടു നിഷേധിച്ചു പറവാൻ മനസ്സുവന്നില്ല. ശചീന്ദ്രബാബു എന്താണ് പറയേണ്ടതു്? തക്കതായ വാക്കു കിട്ടുന്നില്ല—ശചീന്ദ്രബാബു എൻെറ കൈ പിടിച്ചു.

പ്രഭാതത്തിൽ പ്രഫുല്ലമായ പത്മം അതിൻെറ കോമളദളങ്ങളാൽ എൻെറ കൈത്തണ്ടയെ ബന്ധിച്ചു പോലെയോ—അഥവാ പനിനീർപൂമാലകൊണ്ടു എൻെറ പാണി പരിവേഷ്ടിതമായപോലെയോ ആണ് എനിക്കപ്പോൾ തോന്നിയതു്. മറെറാന്നും എനിക്കിപ്പോൾ ഓർമ്മയില്ല. എൻെറ ഇഷ്ടമുഴുവനും സഫലമായിത്തീർന്ന ആ സന്ദർഭത്തിൽ മരിച്ചാൽത്തന്നെ വിരോധമില്ലെന്നു തോന്നിയിരിക്കാം! തത്സമയം ജലരൂപമായിത്തീർന്നാൽ കൊള്ളാമെന്നാശിച്ചിരിക്കാം! ശചീന്ദ്രനും ഞാനും രണ്ടു

പുഷ്പങ്ങളായി ഏതെങ്കിലും വനവൃക്ഷത്തിൽ ഒരേ ഞെട്ടിൽ തൂങ്ങിനില്ക്കാനിടയായെങ്കിൽ എത്ര നന്നായിരുന്നു എന്നും ആ അവസരത്തിൽ ആശിച്ചിരിക്കാം! മററന്തൊക്കെയൊന്ന് മനസ്സിൽ തോന്നിയതെന്നു ഇപ്പോൾ ഓമ്മയില്ല. കോണിപ്പടി കയറി മുകളിൽ എത്തിയ ഉടനെ ശചീന്ദ്രബാബു എന്റെ കൈ വിട്ടു. തൽക്ഷണം ഞാനൊന്നു നെടുവീർപ്പിട്ടുപോയി. ഈ ഭൌതികസംസാരം വീണ്ടും എന്റെ മനസ്സിന്നു വിഷയീഭവിച്ചു. അതോടൊന്നിച്ചുതന്നെ ഇങ്ങിനെയൊരുവിചാരവും അങ്കുരിച്ചു:—“പ്രാണേശ്വര! എന്താണങ്ങു ചെയ്തതു്? ആലോചനയില്ലാതെ എന്താണു് പ്രവത്തിച്ചതു്? എന്റെ പാണിഗ്രഹണമോ ഇനി അങ്ങു എന്നെ സ്വീകരിച്ചാലും ശരി, ഇല്ലെങ്കിലും ശരി അങ്ങ്, എന്റെ ഭത്താവും ഞാൻ അങ്ങയുടെ പത്നിയും ആണ്. കണ്ണുകാണാത്ത ഈ പൂക്കാരിക്ക് ഇജ്ജന്മത്തിൽ വേറൊരാൾ ഭത്താവാവുകയില്ല.”

V

“അമ്മ എന്താണ് രജനിയോടു പറഞ്ഞതു്? അവൾ കരയുന്നല്ലോ” എന്നു ശചീന്ദ്രബാബു എളയമ്മയുടെ അടുക്കൽചെന്നു ചോദിച്ചു. ലവംഗലത എന്റെ കണ്ണിൽ വെള്ളം നിറഞ്ഞു കണ്ടപ്പോൾ കുണ്ഠിതപ്പെട്ടു നല്ല വാക്കു പറഞ്ഞു എന്നെ അടുക്കൽ പിടിച്ചിരുത്തി. തന്നേക്കാൾ പ്രായം ചെന്ന സപത്നീപുത്രനോടു സമസ്തവൃത്താന്തവും തുറന്നുപറയുവാൻ അവൾക്കു മടിയുണ്ടായിരുന്നു. ശചീന്ദ്രബാബു എളയമ്മയുടെ പ്രസന്നഭാവം കണ്ടു സന്തോ

ഷിച്ചു് സ്വന്തം മാതാവിൻെറ അടുക്കലേക്ക് എന്തോ ആ വശ്യാർത്ഥം പോയി. ഞാൻ വീട്ടിലേക്കും തിരിച്ചുപോന്നു.

ഇതിലിടയ്ക്കു് ഗോപാലവസുവിന്നു എന്നെ കല്യാണം കഴിച്ചു കൊടുക്കാനുള്ള ആലോചനകളെല്ലാം മുഴുത്തു ദിവസം നിശ്ചയിച്ചു. ഞാൻ മാലകോർക്കൽ നിൎത്തിവെച്ചു്. ഈ വിവാഹം എങ്ങിനെയാണ് മുടക്കേണ്ടതെന്നാലോചിച്ചുകൊണ്ടു രാവും പകലും കഴിച്ചുകൂട്ടി. വിവാഹത്തെസ്സംബന്ധിച്ചു അമ്മക്കു പരമാനന്ദം, അച്ഛന്നു വലിയ ഉത്സാഹം, ലവംഗലതയ്ക്കു കൊണ്ടുപിടിച്ച യത്നം ഇതിനെല്ലാം പുറമേ— അതാണ് വലിയസങ്കടമായിത്തീൎന്നതു് —ശചീന്ദ്രബാബുവാണ് ഘടകൻ! അന്ധയായ ഞാൻ മാത്രം വിചാരിച്ചാൽ ഇതു മുടക്കാൻ സാധിക്കുന്നതെങ്ങിനെ? യാതൊരുപായവും കാണാതെ ഞാൻ വലിയ കുഴക്കിലായി. വിവാഹപ്രതീക്ഷയുടെ ആനന്ദത്താൽ മതിമറന്നതുകൊണ്ടാണ് മാലകെട്ടൽ നിൎത്തിയതെന്നായിരുന്നു മാതാപിതാക്കന്മാരുടെ വിചാരം.

ഈശ്വരസഹായത്താൽ എനിക്കൊരു നിവൃത്തിമാൎഗ്ഗം കിട്ടി. ഗോപാലവസുവിന്നു മുമ്പുതന്നെ വിവാഹം കഴിഞ്ഞിരുന്നു എന്നു പറഞ്ഞിട്ടുണ്ടല്ലോ. അദ്ദേഹത്തിൻെറ ഭാൎയ്യയുടെ പേരു ചമ്പ, അച്ഛൻ വിളിച്ചിരുന്നതു "ചമ്പകലത' എന്നായിരുന്നു. ചമ്പയ്ക്കു മാത്രമേ തൻെറ ഭൎത്താവിൻെറ പുനൎവ്വിവാഹത്തിൽ വിരോധമുണ്ടായിരുന്നുള്ളു. നല്ല നെഞ്ഞുറപ്പുള്ളവളായിരുന്നതുകൊണ്ടു തൻെറ ഗൃഹത്തിൽ ഒരു സപത്നിയുടെ സാന്നിദ്ധ്യം കൂടാതിരിക്കാൻ വേണ്ടി എന്തുചെയ്യുവാനും അവരം സന്നദ്ധയായിരുന്നു.

ചമ്പയെക്കാൾ ഒന്നരവയസ്സ ഏളതായി അവൾക്ക ഹീരാലാൽ എന്നൊരനുജൻ ഉണ്ട. മൂക്കററം മദ്യപാനം ചെയ്യാറുള്ള ഒരു ധൂത്തനാണ് ഈ ഹീരാലാൽ. കഞ്ചാവുവലിയും ഉണ്ടെന്നാണ് കേൾവി. അയാളുടെ അച്ഛൻ അയാളെ എഴുതാനും വായിക്കാനും പഠിപ്പിച്ചിരുന്നില്ല. എങ്ങിനെയോ അക്ഷരജ്ഞാനം മാത്രം സമ്പാദിച്ചിരുന്ന ഹീരാലാലിന്നു രാമസദയബാബുവിൻെറ സഹായത്താൽ ഒരു ഗുമസ്തപ്പണി കിട്ടിയിരുന്നു. കള്ളുകുടിയുടെ മൂഷ്യകൊണ്ടു ആ ഉദ്യോഗം അയാൾ കളഞ്ഞു. അതിന്നുശേഷം, കച്ചവടംചെയ്തു ലാഭമുണ്ടാക്കാമെന്ന ഉദ്ദേശ്യത്തിന്മേൽ, ഹരനാഥവസു ഒരു കച്ചവടം തുടങ്ങി മകനെ ഏല്പിച്ചു. കച്ചവടത്തിൽ ലാഭം ഉണ്ടായില്ലെന്നു മാത്രമല്ല, നഷ്ടവും നേരിട്ടു, ഒടുവിൽ അതു പൊളിഞ്ഞുപോയി. പിന്നീട്, ഹീരാലാൽ ഒരു ഗ്രാമസ്കൂളിൽ പന്ത്രണ്ടുറുപ്പിക ശമ്പളത്തിന്മേൽ ഒരു മാസ്റ്ററായി. ആ ഗ്രാമത്തിൽ ചാരായക്കട ഇല്ലാത്തതുകൊണ്ടു അയാൾ അധികം താമസിയാതെ അവിടെനിന്നും ഓടിപ്പോയി. അതിൽ പിന്നെ ഹീരാലാൽ ഒരു വത്തമാനപത്രം തുടങ്ങി. കുറച്ചുകാലം അതിൽനിന്നു നല്ല ആദായമുണ്ടായിരുന്നു എങ്കിലും, അശ്ലീലതയുടെ ആധിക്യത്താൽ പൊല്ലീസ്സകാരുടെ ശ്രദ്ധ ആ പത്രത്തിൽ അചിരേണ പതിയുവാൻഇടവരികയും ഹീരാലാൽപത്രാധിപത്യംവിട്ടു ഭയപ്പെട്ടോടിപ്പൊവുകയുംചെയ്തു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഹീരാലാൽ വീണ്ടും പ്രത്യക്ഷപ്പെട്ടു; ശചീന്ദ്രബാബുവിൻെറഒരു സേവകനായിത്തീരാ

നുള്ള ശ്രമം തുടങ്ങി. പക്ഷേ ശചീന്ദ്രൻെറ അടുത്തെങ്ങും മത്സ്യത്തിൻെറ നാമംപോലും ഇല്ലെന്നു കണ്ടതോടുകൂടി അയാൾ അവിടെനിന്നും വഴുതിക്കളഞ്ഞു. വേറെ യാതൊരു നിവൃത്തിമാർഗ്ഗവും ഇല്ലെന്നായപ്പോൾ നാടകം എഴുതാൻ തീർച്ചയാക്കി. ഒരൊററ നാടകമെങ്കിലും ചിലവായില്ല? അച്ചടിക്കൂലി കൊടുക്കാഞ്ഞാൽ ആരും ചോദിക്കാനില്ലാത്തതുകൊണ്ടുമാത്രം അയാൾ അതിൽനിന്നു രക്ഷപ്പെട്ടു. ഇപ്പോൾ സംസാരസമുദ്രത്തിൽ ഇറങ്ങി തുഴയുവാനുള്ള ഭയംനിമിത്തം ഹീരലാൽ ചമ്പാജേഷ്ഠത്തിയുടെ പുടവത്തുമ്പും പിടിച്ചു ഒരുവിധത്തിൽ കാലം കഴിച്ചു പോരികയാണ്.

ഹീരാലാലിനെ ചമ്പ സ്വന്തകാര്യനിർവ്വഹണത്തിനായി നിയോജിക്കുവാൻ നിശ്ചയിച്ചു. ജ്യേഷ്ഠത്തിയുടെ അടുക്കൽനിന്നു സകലവൃത്താന്തങ്ങളും ഗ്രഹിച്ചശേഷം ഹിരലാൽ ചോദിച്ചു—"പണത്തിൻെറ കാര്യം തീർച്ചയാണോ? ആ കുരുടിപ്പെണ്ണിനെ കല്യാണം കഴിച്ചാൽ പണം തരുമെന്നു തീർച്ചതന്നെയൊ?"

ആ കാര്യത്തിൽ യാതൊരു സംശയവും വേണ്ടെന്നു ചമ്പ അനുജനെ ധരിപ്പിച്ചു. ഹീരാലാലിന്നു പണത്തിന്നു വളരെ തിടുക്കമുണ്ടായിരുന്നു. അയാൾ അപ്പോൾതന്നെ അച്ഛനെകാണാൻ വീട്ടിൽവന്നു. അച്ഛൻ വീട്ടിൽ ഉണ്ടായിരുന്നു. അടുത്ത മുറിയിൽനിന്നു ഒരപരിചിതൻെറ ഒച്ച കേട്ടപ്പോൾ ആരാണതെന്ന ജിജ്ഞാസയോടുകൂടി ഞാൻ ചെവിയോർത്തു. സ്വരംകൊണ്ടു ആളെമനസ്സിലായി.

ഹീരാലാലിന്റെ സ്വരം കക്കശവും അസുന്ദരവുമായിരുന്നു.

ഹീരാലാൽ:-"ഇപ്പോഠം നിലവിൽ ഒരു ഭാൎയ്യയുള്ള ആരംക്കെന്തിനാണ് മകളെ കൊടുക്കുന്നതു്?"

അച്ഛൻ:-(ദുഃഖിതഭാവത്തിൽ) "എന്തുചെയ്യാം! കൊടുക്കാഞ്ഞാൽ വിവാഹമേ ഇല്ലെന്നുവരും. ഇത്ര കാലമായിട്ടും ഒരു ഭൎത്താവിനെ കിട്ടിയില്ലല്ലൊ."

ഹീരലാൽ:-"എന്തു്! നിങ്ങളുടെ മകളെ വിവാഹം കഴിച്ചുകൊടുക്കാൻ ഇത്ര പ്രയാസമോ?"

അച്ഛൻ:-(ചിരിച്ചുകൊണ്ടു) "ഞാൻ സാധുവാണ്. പൂവിററിട്ടാണ് നാഠം കഴിക്കുന്നതു്. എന്റെ മകളെ ആരു വിവാഹം ചെയ്യാനാണ്? ജനനാൽതന്നെ അവഠം അന്ധയാണ്. പോരെങ്കിൽ ഇപ്പോഠം പ്രായവും അതിക്രമിച്ചു."

ഹീരാലാൽ: "വരനെ കിട്ടാഞ്ഞിട്ടു കുഴങ്ങേണ്ട; എന്നോടു പറഞ്ഞാൽ വിവാഹം ചെയ്വാൻ ഞാൻ ഒരുക്കമാണ്. ഇക്കാലത്തു് പ്രായംചെന്ന പെൺകുട്ടികളെ വിവാഹം ചെയ്യാനാണ് ജനങ്ങഠംക്കിഷ്ടം. ഞാൻ എഡിററരായിരുന്ന കാലത്തു്, പെൺകുട്ടികളെ പ്രായം ചെന്നിട്ടേ വിവാഹം ചെയ്യാവൂ എന്നു വാദിച്ചുകൊണ്ടു ചില "ആൎട്ടിക്കിംസ്" എഴുതിയിരുന്നു. ബാല്യവിവാഹമോ? ഛീ, ഛീ! പെൺകുട്ടികഠംക്കു വളൎച്ച പൂൎത്തിയായതിന്നു ശേഷമേ വിവാഹം പാടുള്ളു. കണ്ടോളു! ഈ കുട്ടിയെ ഞാൻതന്നെ വിവാഹം ചെയ്തു നമ്മുടെ നാട്ടു ന

ന്നായിവരാനുള്ള എക്സാമ്പർ സൊററ് ചെയ്തു തരാം."

അക്കാലത്തു ഹീരാലാലിൻെറ ചരിത്രം മുഴുവനും ഞങ്ങൾ ധരിച്ചിരുന്നില്ല. പിന്നീടാണ് അതെല്ലാം മനസ്സിലായതു്. അച്ഛനു വലിയ പരുങ്ങലായി. ഇത്ര വലിയ പണ്ഡിതനായ ഒരു ജാമാതാവിനെ കിട്ടിയിട്ടും .ഉപേക്ഷിക്കേണ്ടിവരുന്നല്ലോ എന്നു വിചാരിച്ചു അച്ഛനു ദുഃഖം തോന്നിയിരിക്കാം. ഒടുവിൽ അച്ഛൻ ഇങ്ങിനെ പറഞ്ഞു:--കാര്യം സകലതും തീർച്ചയാക്കിപ്പോയി. ഇനി പിൻവലിക്കാൻ തരമില്ല. വിശേഷിച്ചു്, ഈ വിവാഹം നടത്തുന്നതു് ശചീന്ദ്രബാബുവാണ്. അദ്ദേഹത്തിൻെറ ഇഷ്ടപ്രകാരമേ എല്ലാം പ്രവൎത്തിക്കാൻ പാടുള്ളു. അദ്ദേഹമാണ് ഗോപാലവസുവുമായി ഈ ·വിവാഹം നിശ്ചയിച്ചതു്."

ഹീരലാൽ:-"അവരുടെ ഉദ്ദേശം നിങ്ങളെന്തറിഞ്ഞു? വലിയ ആളുകളുടെ ചരിത്രത്തിൻെറ അവസാനം കണ്ടവരുണ്ടോ? അവരെ അധികം വിശ്വസിച്ചു പോകേണ്ട."

ഇത്രയും പറഞ്ഞു ഹീരാലാൽ പതുക്കെ പതുക്കെ അച്ഛൻെറ ചെവിയിൽ എന്തോ മന്ത്രിച്ചു. അതെനിക്കു കേൾക്കാൻ കഴിഞ്ഞില്ല. ഒടുവിൽ അച്ഛൻ ഇപ്രകാരം പറഞ്ഞതു് മാത്രം ഞാൻ കേട്ടു:-"അതെങ്ങിനെയാണ്? ഒരിക്കലും തരമില്ല-അവൾ കണ്ണുകാണാത്ത പെണ്ണല്ലേ?"

തൽക്കാലം ഭഗ്നമനോരഥനായിത്തീൎന്ന ഹീരാലാൽ ആ മുറിയിൽ അങ്ങുമിങ്ങും നോക്കി ഒടുവിൽ ഇങ്ങിനെ പറഞ്ഞു:—"നിങ്ങളുടെ വീട്ടിൽ മദ്യം ഇല്ലെന്നുതോന്നുന്നു."

അച്ഛൻ വിസ്മയത്തോടുകൂടി "മദ്യമോ? ഇവിടെ അതുകൊണ്ടെന്താണാവശ്യം?" എന്നു ചോദിച്ചു.

ഞങ്ങളുടെ വീട്ടിൽ മദ്യം ഇല്ലെന്നു തീർച്ചയായപ്പോൾ ഹീരാലാൽ വലിയ മഹ്വാദക്കാരന്റെ ഭാവത്തിൽ മറുപടി പറഞ്ഞു:—"അബദ്ധത്തിൽ ചാടാതിരിക്കാൻവേണ്ടി മുന്നറിവു തന്നു എന്നേയുള്ളു; പ്രമാണികളുമായി വേഴ്ചയുണ്ടാവാനാണല്ലൊ പോകുന്നത്. ആവക സാധനങ്ങളൊന്നും വീട്ടിനുള്ളിൽ പാടില്ല."

ഈ സംസാരം അച്ഛന്നു ഒട്ടും രസിച്ചില്ല. അദ്ദേഹം ഒന്നും മറുപടി പറഞ്ഞതുമില്ല. വിവാഹവിഷയത്തിലാകട്ടെ, മദ്യപാനവിഷയത്തിലാകട്ടെ, ദേശത്തിന്റെ ഉന്നതിക്കായി യാതൊരു 'എക്സ്സാമ്പിളും' 'സെററ്' ചെയ്യാൻതരപ്പെടാതെ ക്ഷുണ്ണമാനസനായി ഹീരാലാൽ യാത്ര പറഞ്ഞു.

## VI

വിവാഹദിവസം വളരെ അടുത്തു. ഇനി ഒരൊററ ദിവസത്തെ താമസമേയുള്ളു. യാതൊരുപായവും കാണാനില്ല, യാതൊരു നിഷ്കൃതിയും കാണാനില്ല. പൊങ്ങിവരുന്ന ജലപ്രവാഹം നാലുഭാഗത്തുനിന്നും ഗർജ്ജിച്ചുകൊണ്ടു അടുത്തെത്തിപ്പോയി. അതിൽ മുങ്ങിപ്പോകുമെന്നു നിശ്ചയമാണ്.

ഒടുവിൽ, ലജ്ജയെല്ലാം അകലെ കളഞ്ഞു്, ഞാൻ അമ്മയുടെ കാല്ക്കൽ ചെന്നു വീണു, ബദ്ധാഞ്ജലിയായി ഇങ്ങിനെ പ്രാൎത്ഥിച്ചു. "എന്നെ വിവാഹംചെയ്തു കൊടുക്കാതിരിക്കണേ! ഞാൻ കന്യകയായിത്തന്നെ ഇരുന്നുകൊള്ളാം."

അമ്മയ്ക്കു വലിയ ആശ്ചൎയ്യം തോന്നി "എന്താണിങ്ങിനെ പറയുന്നതു്" എന്നു ചോദിച്ചു. അതിന്നുത്തരം പറയുവാൻ ശക്തയാകാതെ, ഞാൻ തൊഴുകയ്യുമായി കരഞ്ഞുകൊണ്ടു നിന്നതേയുള്ളു. അമ്മയ്ക്കു ദേഷ്യം വന്നു എന്നെ കുറെ ശകാരിച്ചു. ഒടുവിൽ അച്ഛനോടു ചെന്നു പറഞ്ഞു. അച്ഛനും കുറെ ചീത്ത പറഞ്ഞു അടിക്കാൻ വന്നു. പിന്നീടൊന്നും എനിക്കു പറയുവാൻ സാധിച്ചില്ല.

യാതൊരുപായവും നിഷ്കൃതിയും ഇല്ലാത്ത എനിക്കു ഇനി മുങ്ങി മരിക്കുകയേ നിൎവ്വാഹമുള്ളു എന്ന ഘട്ടത്തിലായി.

അന്നു ഉച്ചതിരിഞ്ഞപ്പോൾ വീട്ടിൽ ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളു. അച്ഛൻ വിവാഹത്തിന്നു വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്യാനും അമ്മ ചില സാമഗ്രികൾ ശേഖരിപ്പാനും വേണ്ടി പുറത്തേക്കു പോയിരുന്നു വാമാചരണനും ഞാനും വാതിലടച്ചു അകത്തിരിക്കുകയായിരുന്നു. ആരോ ഒരാൾ വാതിൽ തുറന്നു അകത്തേക്കു കടന്നു വന്നു. കാൽപെരുമാററംകൊണ്ടു ആളെ മനസ്സിലാവായ്കയാൽ ഞാൻ ആരാണതു്?" എന്നു ചോദിച്ചു.

ഉത്തരം "നിൻെറ കാലൻ."

സംസാരം കോപത്തോടുകൂടിയായിരുന്നെങ്കിലും സ്വരം സ്ത്രീയുടേതാണെന്നു മനസ്സിലായപ്പോൾ എനിക്കു ഒട്ടും പേടി തോന്നിയില്ല. ഞാൻ പിരിച്ചുകൊണ്ടു ചോദിച്ചു:- "എനിക്കു ഒരു കാലനുണ്ടോ? ഉണ്ടെങ്കിൽ എവിടെയായിരുന്നു ഇത്രനാളും?"

സ്ത്രീയുടെ കോപം ശമിച്ചിരുന്നില്ല. "അതിപ്പോൾ അറിയാം. കല്യാണം കഴിക്കേണ്ടുന്ന ചരക്കുതന്നെ! മൂതേവി! അവലക്ഷണം!" ഇങ്ങിനെ ശകാരവർഷം തുടങ്ങി. ശകാരം ഒരുവിധം അവസാനിച്ച ശേഷം ആ മധുരഭാഷിണി പറഞ്ഞു "ഇതാ നോക്കു. കുരുടി നീ എന്റെ ഭർത്താവിനെ വിവാഹം കഴിക്കുന്നപക്ഷം, എന്റെ വീട്ടിൽ എന്നു കാലെടുത്തു വെക്കുമോ അന്നു ഞാൻ നിന്നെ വിഷം തന്നു കൊന്നുകളയും; സൂക്ഷിച്ചോ!

ഇതു കേട്ടപ്പോൾ ആ വന്ന സ്ത്രീ ചമ്പയാണെന്നു മനസ്സിലായി. ആദരവോടുകൂടി, ഞാൻ അവളെ ഇരിക്കാൻ ക്ഷണിച്ചു. "എനിക്ക് നിങ്ങളോടൊരു കാര്യം പറയാനുണ്ടു." എന്നു പറയുകയും ചെയ്തു. തന്റെ ശകാരവർഷത്തിന്നുത്തരമായി ആദരപൂർവ്വം ഞാൻ ഇങ്ങിനെ പറഞ്ഞതു കേട്ടപ്പോൾ ചമ്പയുടെ കോപാഗ്നി കുറച്ചൊന്നു തണുത്തു. ഞാൻ തുടർന്നു പറഞ്ഞു.--"ഈ വിവാഹത്തെക്കുറിച്ചു നിങ്ങൾക്കെത്ര വിരോധം തോന്നുന്നുണ്ടോ അത്രതന്നെ വിരോധം എനിക്കും ഉണ്ട്. ഈ വിവാഹം നടക്കാതിരിക്കുവാൻ എന്തുവേണമെങ്കിൽ ചെയ്യാൻ ഞാൻ തെയ്യാറാണ്. അതിന്നുള്ള ഉപായം വല്ലതും അറിയാമെങ്കിൽ പറഞ്ഞുതരിക."

ചമ്പയ്ക്കു് വലിയ ആശ്ചര്യമായി. "എന്നാൽ, ഈ അഭിപ്രായം അപ്പനമ്മമാരെ അറിയിക്കാത്തതെന്താണ്?" എന്നു ചോദിച്ചു.

ഞാൻ:--"ഞാൻ ആയിരംപ്രാവശ്യം പറഞ്ഞിട്ടും ഫലമുണ്ടായില്ല."

ചമ്പ:--എന്നാൽ യജമാനന്മാരുടെ വീട്ടിൽ ചെന്നു അവരുടെ കാലു പിടിക്കരുതേ?"

ഞാൻ:--"അതുകൊണ്ടും ഫലമുണ്ടായില്ല."

ചമ്പ:--"എന്നാൽ ഒരു കാര്യം ചെയ്യുമോ?"

ഞാൻ:--എന്താ ചെയ്യേണ്ടതു?"

ചമ്പ:--രണ്ടുദിവസം ഒളിച്ചിരിക്കുവാൻ കഴിയുമോ?"

ഞാൻ:--"എവിടെ ഒളിച്ചിരിക്കുക? എനിക്ക് വേറെ യാതൊരു സ്ഥലവും അറിഞ്ഞുകൂടാ"

ചമ്പ:--(ആലോചിച്ച്) "എന്റെ അപ്പന്റെ വീട്ടിൽ പോയി താമസിക്കുമോ?"

ധർമ്മസങ്കടത്തിൽ നിന്നു രക്ഷപ്പെടുവാൻ വേറെ യാതൊരുപായവും കാണായ്കയാൽ ഞാൻ ഇങ്ങിനെ മറുപടി പറഞ്ഞു:--"ഞാൻ കണ്ണുകാണാത്തവളാണ്; പുതിയ സ്ഥലത്തേക്കു വഴി കാണിച്ചു തരാൻ ആരെങ്കിലും ഉണ്ടോ? അവിടെ ചെന്നാൽതന്നെ, അവർ എനിക്കു അഭയം നൽകുമെന്നിങ്ങിനെ നിശ്ചയിക്കും?"

ദുഷ്കർമ്മത്തിന്റെ അവതാരമൂർത്തിയായി എന്നെ നരകഗർത്തത്തിൽ വീഴ്ത്തുവാൻ വന്നവളായിരുന്ന ആ ചമ്പ. അവളിപ്രകാരം പറഞ്ഞു: "അതിനെപ്പററി ചിന്തി

ക്കേണ്ടതില്ല. എല്ലാകാൎയ്യവും ഞാൻ ശരിപ്പെടുത്തിക്കൊള്ളാം. ഒരുമിച്ചു ഞാനോരാളെയും അയച്ചുതരാം. വേണ്ടതെല്ലാം അയാൾ ചെയ്തുകൊള്ളും. നിണക്കു പോകാൻ സമ്മതമാണൊ എന്നുമാത്രം പറഞ്ഞാൽ മതി"

മുങ്ങിച്ചാകാറായവന്നു സമീപവൎത്തിയായ മരക്കഷണം പോലെ ഈ പ്രവൃത്തി എന്റെ രക്ഷയ്ക്കുള്ള ഏകമാൎഗ്ഗമാണെന്നു വിശ്വസിച്ചു! ചമ്പയുടെ അഭിപ്രായം ഞാൻ സ്വീകരിച്ചു!

"ചമ്പ-വളരെ നന്നായി. എന്നാൽ ഇനി ഒരുങ്ങിക്കൊൾക. ഇന്നുരാത്രി എല്ലാവരും ഉറക്കമായാൽ ഞാൻ വതില്ക്കൽ വന്നുതട്ടും. അപ്പോൾ പുറത്തേക്കു പോന്നുകൊള്ളണം."

ഞാൻ അങ്ങിനെ സമ്മതിച്ചു.

രാത്രിയുടെ ദ്വിതീയയാമത്തിൽ, വാതിലിൽ ടക് ടക് എന്നു പതുക്കെ തട്ടുന്ന ശബ്ദംകേട്ടു. ഞാൻ ഉണൎന്നു കിടക്കുകയായിരുന്നു. രണ്ടാമതൊരു വസ്ത്രംമാത്രം എടുത്തുകൊണ്ടു, ഞാൻ വാതിൽ തുറന്നു പുറത്തേക്കുകടന്നപ്പോൾ ചമ്പ അവിടെ നിൽക്കുന്നുണ്ടെന്നുമനസ്സിലായി. ഞാൻ എന്തൊരു ദുഷ്കൎമ്മമാണ് ചെയ്യുന്നതെന്നു ഒരു പ്രാവിശ്യമെങ്കിലും ചിന്തിക്കുകയൊ മനസ്സിലാക്കുകയൊ ചെയ്യാതെ അവളുടെ കൂടെ നടന്നു. അച്ഛനേയും അമ്മയേയും വിട്ടു പോകുന്നതുകൊണ്ടു മനസ്സിൽ കുണ്ഠിതം ഉണ്ടായിരുന്നു എന്നു സമ്മതിക്കാം. പക്ഷേ, ഈ വേർവാടു കുറച്ചുദിവസ

ത്തേക്കു മാത്രമാണെന്നു എനിക്കു വിശ്വാസം തോന്നി. വിവാഹാലോചനകൾ ശമിച്ചാലുടനെ തിരിച്ചുവരാമല്ലോ എന്നായിരുന്നു എൻെറ ആശ.

ഞാൻ ചമ്പയുടെവീട്ടിൽ (അല്ല, എൻെറ ശത്രുഗൃഹത്തിൽ എന്നാണോ പറയേണ്ടതു?) എത്തിയഉടനെ ചമ്പ എന്നെ ഒരാളുടെ ഒരുമിച്ചു യാത്രയാക്കി. തൻെറ ഭർത്താവു അറിഞ്ഞുപോയെങ്കിലോ എന്ന ഭയത്താലായിരുന്നു എന്നെ ഇത്രബദ്ധപ്പെട്ടയച്ചതു്. എൻെറ ഉണ്ണയ്ക്കു നിശ്ചയിച്ച ആ മനുഷ്യൻെറക്കൂടെ പോകുന്ന കാര്യം എനിക്കു ഒട്ടും ഇഷ്ടമായിരുന്നില്ല. എങ്കിലും ചമ്പയുടെ ബദ്ധപ്പാടുകണ്ടപ്പോൾ എൻെറ വിരോധമെല്ലാം എവിടയോ ചെന്നസ്തമിച്ചു. ആ മനുഷ്യൻ ആരായിരുന്നു എന്നറിയാമോ? ഹീരാലാൽ.

ഹീരാലാലിൻെറ ദുർവൃത്തികളെക്കുറിച്ചു് എനിക്കു ആ കാലത്തു യാതൊരറിവും ഉണ്ടായിരുന്നില്ല. അതുകൊണ്ടല്ല എനിക്കു വിരോധം തോന്നിയതു. അയാൾ ഒരു ചെറുപ്പക്കാരൻ, ഞാൻ ഒരു ചെറുപ്പക്കാരി. ആയാളുടെ കൂടെ ഒററയ്ക്കു പോകുന്നതെങ്ങിനെയാണെന്നായിരുന്നു എൻെറ സങ്കോചം. എങ്കിലും ആ സമയത്തു് എൻെറ ഇഷ്ടംനോക്കാൻ ആരുണ്ടു്? കണ്ണുകാണാത്തവൾ; പരിചയമില്ലാത്തവഴി; രാത്രിസമയത്തെ യാത്ര; പകൽസമയത്താണെങ്കിൽ ശബ്ദഘടികതങ്ങളായ ചിഹ്നങ്ങളെക്കൊണ്ടു വഴി തിരിച്ചറിയാമായിരുന്നു; രാത്രിയാകയാൽ അതൊന്നും കേൾപ്പാൻ തരമായിരുന്നില്ല. അതുനിമിത്തം

വീട്ടിലേക്കതിരിച്ചുപോകാനും തുണിയില്ലാതെ സാധിക്കയില്ലെന്നുവന്നു അഥവാ വീട്ടിലേക്കു മടങ്ങിപ്പോയാൽ, അവിടെ നാശംപിടിച്ച വിവാഹവും! മറെറാരു ഗതിയും ഇല്ലാഞ്ഞതിനാൽ ഹീരാലാലിൻെറ കൂടെപോവാൻതന്നെ തീൎച്ചയാക്കി. തൽസമയം വേറൊരു വിചാരം എന്നെ ധൈൎയ്യപ്പെടുത്തി. അന്ധജനത്തിന്നു മററാരും സഹായമില്ലെങ്കിൽ കൂടി, അവരെ തുണയ്ക്കുവാൻ ഈശ്വരനുണ്ട്: അവിടുന്ന് ലവംഗലതയെപ്പോലെ, ഒരിക്കലും ദുഃഖിതരെ വീണ്ടും ദുഃഖിപ്പിക്കുകയില്ല. അവിടുന്ന് ദയാപരനും സൎവ്വശക്തനുമാണ്; തീൎച്ചയായും, ദയകാണിച്ച എന്നെ രക്ഷിക്കാതിരിക്കയില്ല. അനന്യശരണയായ എനിക്കല്ലെങ്കിൽ മററാൎക്കാണ് അവിടുത്തെ ആ ദയക്കുമ്മ അൎഹത?

നിയതിയുടെ നിയമം വിചിത്രവും മനുഷ്യബുദ്ധിക്കു അതീതവുമാണെന്ന തത്വം ഞാൻ അപ്പോഴം അറിഞ്ഞിരുന്നില്ല. നാം ദയയെന്നു പറയുന്നതു യാതൊന്നോ അതു ഈശ്വരൻെറ അനന്തജ്ഞാനത്തിൻെറ അളവിൽ ദയയല്ലെന്നും നാം ദുഃഖമെന്നു കരുതിപ്പോരുന്നതു ഈശ്വരൻെറ അനന്തജ്ഞാനത്തിൻെറ അളവിൽ ദുഃഖമല്ലെന്നും ഞാൻ ഓൎത്തില്ല. അന്തരഹിതമായ ഈ സംസാരചക്രം ദയാദാക്ഷിണ്യശൂന്യമാണ്. ഈ ചക്രം നിയമിതമായ പന്ഥാവിലൂടെ, അനതിക്രുണ്ണരേഖമായി, നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്നു. അന്ധനോ, പംഗുവോ, ആൎത്തനോ ആരായാലും അതിൻെറ ദാരുണമായ ഗതിവേഗത്തിൽ പെട്ടാൽ നരുങ്ങിപ്പോവുകയേ നിൎവ്വാഹമുള്ളു. ഞാൻ അന്ധ

യും നിസ്സഹായയുമാണെന്നു വെച്ചു് അനന്തമായ സംസാരചക്രം എനിക്കു വഴിമാറിത്തരുമെന്നു വിചാരിക്കാമോ?

ഹീരാലാലിൻെറ കൂടെ രാജപാതയിലെത്തി, ആയാളുടെ പദശബ്ദത്തെ പിന്തുടൎന്നുകൊണ്ടു ഞാൻ നടന്നു. എവിടെനിന്നോ ഒരു ഘടികാരത്തിൽ ഒരു മണി അടിക്കുന്നശബ്ദം കേട്ടു. വഴിയിലെങ്ങും ഒരു ജീവിയില്ല. ഇടയ്ക്കു ഒന്നുരണ്ടു വണ്ടികളുടെ ശബ്ദമല്ലാതെ മററു യാത്രാരൊച്ചയും കേൾക്കാനില്ല—ഇല്ലെന്നു പറഞ്ഞുകൂടാ, സുരാപാനംചെയ്തു മതിമറന്ന തേവടിശ്ശികളുടെ താളം പിഴച്ച ഗീതശകലങ്ങളും ഇടയ്ക്കു കേൾക്കാനുണ്ടു്.

പെട്ടെന്നു ഹീരാലാലിനോടു എനിക്കിങ്ങിനെ ചോദിക്കാൻ തോന്നി: "ഹീരാലാൽബാബു! അങ്ങേക്കു നല്ല ദേഹബലമുണ്ടോ?"

ഹീരാലാൽ എൻെറ ചോദ്യം കേട്ടു വിസ്മയിച്ചുപോയി:— "എന്തിനാണ് ചോദിക്കുന്നതു്?"

ഞാൻ—"അറിയാൻവേണ്ടി മാത്രം."

ഹീരാലാൽ—"വലിയ മോശമില്ല"

ഞാൻ.—എന്തു വടിയാണ കയ്യിൽ പിടിച്ചിരിക്കുന്നതു്?"

ഹീരാ—"പനക്കൊമ്പു്"

ഞാൻ—അതുപൊട്ടിക്കാൻ സാധിക്കുമോ?

ഹീരാ—"ആരെക്കൊണ്ടും സാധിക്കയില്ല."

ഞാൻ—"എൻെറ കയ്യിൽ തരൂ—നോക്കട്ടെ."

ഹീരാലാൽ വടി എന്റെ കയ്യിൽ തന്നു. ഞാൻ അതുപൊട്ടിച്ചു രണ്ടു കഷ്ണമാക്കിയതുകണ്ടപ്പോൾ ഹീരാലാൽ അത്ഭുതപ്പെട്ടുപോയി. ഒരു പകുതി ആയാളുടെ പക്കൽ കൊടുത്തു. മററെ പകുതി എന്റെ കയ്യിലും പിടിച്ചു. വടി പൊട്ടിച്ചു കളഞ്ഞതു ഹീരാലാലിന്നു ഒട്ടും രസിച്ചില്ലെന്നു മനസ്സിലാക്കി ഞാൻ ഇങ്ങിനെ പറഞ്ഞു:--"എനിക്കിപ്പോൾ കുറെ സമാധാനമായി; ദേഷ്യപ്പെടേണ്ട. എന്റെ ബലം നിങ്ങൾക്കു മനസ്സിലായില്ലെ? പോരെങ്കിൽ എന്റെ കയ്യിൽ ഈ വടിക്കഷണവും ഉണ്ടു. എന്നെ ഉപദ്രവിക്കണമെന്നുദ്ദേശമുണ്ടെങ്കിൽ കൂടി അതിന്നൊരുമ്പെടാതിരിക്കുന്നതാണ് നല്ലതെന്നു മനസ്സിലാക്കിക്കൊള്ളു."

ഹീരാലാൽ ഒരക്ഷരം ശബ്ദിച്ചില്ല.

## VII.

ജഗന്നാഥഘട്ടത്തിൽ എത്തിയ ഉടനെ ഹീരാലാൽ ഒരു തോണി ഏർപ്പാടുചെയ്തു. രാത്രിയിൽ തെക്കൻകാററ് അനുകൂലമായതുകൊണ്ടു തോണിയാത്രയ്ക്കു അപ്പോഴാണ് സൌകര്യം. തന്റെ പിതൃഗൃഹം ഹുഗ്ലിയിലാണെന്നു പറഞ്ഞു ഹീരാലാൽ എന്നെ തോണിയിൽ കയററിയിരുത്തി.

യാത്രയാരംഭിച്ചു കുറച്ചു കഴിഞ്ഞപ്പോൾ ഹീരാലാൽ പറഞ്ഞു:-"ഗോപാലനോടുള്ള വിവാഹം മുടങ്ങിയല്ലൊ, ഇനി എന്നെ ഭർത്താവായി സ്വീകരിക്കാൻ പാടില്ലേ?

ഞാൻ:-"ഒരിക്കലും ഇല്ല."

ഹീരാലാൽ വാദിക്കാനാരംഭിച്ചു അയാളെപ്പോലെ സ്പൃഹണീയനായ ഒരു വരനും എന്നെപ്പോലെ അനാ

ശാസ്യയായ ഒരു വധുവും ഭൂലോകത്തിൽ എത്രയോ ദുർല്ല ഭമാണെന്നും മററും സ്ഥാപിക്കുവാൻ ആയാൾ വളരെ പ്ര യത്നിച്ചു. രണ്ടു സംഗതിയും ഞാൻ സമ്മതിച്ചുവെങ്കിലും, "നിങ്ങളെ ഞാൻ ഒരിക്കലും വിവാഹം ചെയ്യുകയില്ല." എന്നു ഖണ്ഡിച്ചുപറയാൻ തീരെ മടിച്ചില്ല.

ഹീരാലാലിന്നു വല്ലാതെ കോപംവന്നു. "കുരുടിയെ വിവാഹംചെയ്യാൻ ആക്കാണിത്ര കമ്പം?" എന്നു മാത്രം മറുപടി പറഞ്ഞു ആയാൾ മൌനം കൈക്കൊണ്ടു. ഇങ്ങി നെ രണ്ടുപേരും യാതൊന്നും സംസാരിക്കാതെ കുറെനേ രം കഴിഞ്ഞു.

ക്രമേണ, രാത്രി അവസാനിക്കാറായി. "തോണിനി ൎത്തുക" എന്നു ഹീരാലാൽ ആവശ്യപ്പെട്ടപ്രകാരം തോണി ക്കാർ അനുഷ്ഠിച്ചു. തോണി കരയ്ക്കണയുന്ന ശബ്ദം എ ൻെറ കണ്ണങ്ങളിൽ പതിച്ചു. "ഇനി ഇറങ്ങാം, കരയ്ക്കെ ത്തി" എന്നു പറഞ്ഞുകൊണ്ടു ഹീരാലാൽ എന്നെ കൈ പിടിച്ചിറക്കി. ഞാൻ കരയ്ക്കിറങ്ങി നില്ക്കുകയും ചെയ്തു.

എന്നെ കരയ്ക്കിറക്കിയ ഉടനെ ഹീരാലാൽ വീണ്ടും തോണിയിൽ കയറി എന്നു ശബ്ദംകൊണ്ടെനിക്കു മന സ്സിലായി. "തോണി തിരിക്കുക; തോണിതിരിക്കുക" എ ന്നു അയാാം തോണിക്കാരോടു പറയുന്നതു കേട്ടപ്പോൾ ഞാൻ തെല്ലൊന്നന്ധാളിച്ചു. "ഇതെന്തു കഥ? എന്നെ ഇവിടെ ഇറക്കി 'തോണിതിരിക്കാൻ പറയുന്നതിൻെറ അൎത്ഥമെന്താണ്?" എന്നു ഞാൻ ചോദിച്ചതിന്നു "നീയാ യി; നിൻെറ പാടായി" എന്നായിരുന്നു ഹീരാലാലിൻെറ

മറുപടി. അതേ സമയംതന്നെ തോണി തുഴയുന്ന ശബ്ദം കേട്ടുതുടങ്ങി. "അയ്യോ! നിങ്ങളുടെ കാല് പിടിക്കാം; ഞാൻ കണ്ണുകാണാത്തവളാണേ! എന്നെ തനിയെ വിട്ടു പോകാനാണ് ഭാവമെങ്കിൽ, വല്ലവരുടെയും വീട്ടിന്നു സമീപത്താക്കി പോയ്ക്കൊള്ളൂ. ഞാൻ പണ്ടും പിമ്പും ഈ സ്ഥലത്തു വന്നിട്ടില്ല. അങ്ങട്ടുമിങ്ങട്ടും തിരിയാൻ കൂടി എനിക്കു വഴി അറിഞ്ഞുകൂടാ" എന്നു ഞാൻ കാതരസ്വരത്തിൽ നിലവിളിച്ചു.

ഹീരാലാൽ:—"എന്നെ കല്യാണം കഴിക്കാൻ സമ്മതമുണ്ടോ?"

എനിക്കു കരച്ചൽ വന്നു. ക്ഷണനേരം കരയുകയും ചെയ്തു. അനന്തരം കുപിതയായി ഹീരാലാലിനോടിങ്ങിനെ പറഞ്ഞു:—"കടന്നു പൊയ്ക്കൊൾക; തന്റെ സഹായം എനിക്കും വേണ്ടാ; നേരം പുലന്നാൽ തന്നെക്കാൾ എത്രയോ അധികം അനുകമ്പയുള്ള ആളുകൾ ഈ വഴിക്കു വരാതിരിക്കയില്ല. കണ്ണുകാണാത്ത ഇവളോടു അവർ ദയ കാണിക്കാതിരിക്കയുമില്ല."

ഹീരാലാൽ—"ആരെങ്കിലും കണ്ടാലല്ലേ? ഇതൊരു ദ്വീപാണ്, നാലുഭാഗത്തും വെള്ളം! നീ എന്നെ കല്യാണം കഴിക്കുമോ ഇല്ലയോ?"

ഹീരാലാലിന്റെ തോണി ഇതിനിടയ്ക്കു കുറച്ചുകലേ എത്തിക്കഴിഞ്ഞിരുന്നു. ശ്രവണശക്തിയാണ് എനിക്കു ജീവിതാലംബനമായിരുന്നതു്. കണ്ണിന്റെ കൃത്യം നിറവേററിയിരുന്നതു് എന്റെ ശ്രവണേന്ദ്രിയമാണ്. ആരെ

ങ്കിലും സംസാരിക്കുന്നതുകേട്ടാൽ, അതെത്ര ദൂരത്തുനിന്നാണെന്നും, ഏതുഭാഗത്തുനിന്നാണെന്നും നിശ്ചയിക്കാൻ എനിക്കു സാധിച്ചിരുന്നു: ഹീരാലാൽ സംസാരിക്കുന്നതു ഏതു ദിക്കിൽനിന്നാണെന്നും എത്ര അകാലത്തുനിന്നാണെന്നും മനസ്സുകൊണ്ടു നിർണ്ണയിച്ചു, തോണി പിടിച്ചുനിൎത്താമെന്ന മോഹത്തോടുകൂടി ഞാൻ ആ ഭാഗത്തേക്കു നടന്നു. കഴുത്തോളം വെള്ളത്തിലാഴംവരെ നടന്നുവെങ്കിലും തോണി പിടികിട്ടിയില്ല. തോണി അതിലും ആഴമുള്ള ദിക്കിലെത്തിക്കഴിഞ്ഞിരുന്നു; ഇനിയും അതിനെ പിന്തുടൎന്നാൽ മുങ്ങി മരിക്കുകയേ ഗതിയുള്ളു എന്നെനിക്കു തോന്നി.

വടി അപ്പോഴും എൻെറ കയ്യിൽ ഉണ്ടായിരുന്നു. ഒരിക്കൽകൂടി ചെവിയോൎത്തു. ഹീരാലാൽ എത്ര ദൂരത്താണെന്നും ഏതുഭാഗത്താണെന്നും മനസ്സിലാക്കിയശേഷം, അരയ്ക്കു വെള്ളമുള്ള ദിക്കിലേക്കു പിന്മാറി ശബ്ദത്തെ ലക്ഷ്യംവെച്ചു്, ഞാൻ ആ വടി ഓങ്ങി എറിഞ്ഞു.

ചീൽകാരം പുറപ്പെടുവിച്ചുംകൊണ്ടു ഹീരാലാൽ തോണിപ്പലകമേൽ പടിഞ്ഞുവീണു. കൊല്ലുന്നയ്യോ—കൊല്ലുന്നു" എന്നു നിലവിളിച്ചുകൊണ്ടു തോണിക്കാർ പൂൎവ്വാധികം വേഗത്തിൽ തോണിതുഴഞ്ഞു. വാസ്തവത്തിൻ ആ മഹാപാപി മരിച്ചിരുന്നില്ല. അയാളുടെ മധുരസ്വരം ഉത്തരക്ഷണത്തിൽതന്നെ എനിക്കു കേൾക്കാൻ സാധിച്ചു. തോണി മറയ്ക്കു യാത്രതുടരുന്നതിന്നിടയ്ക്ക്, അത്യന്തം അസഭ്യവും അശ്രാവ്യവുമായ ഭാഷയിൽ, ലോകപാവ

നിയായ ഭാഗീരഥീദേവിയെക്കൂടി കല്മഷിതയാക്കിക്കൊണ്ടു ഹീരാലാൽ എന്നെ ഉറക്കെ ശകാരിക്കുന്നതും രണ്ടാമതും ഒരു വൃത്താന്തപത്രം തുടങ്ങി എന്നെക്കുറിച്ചു "ആർട്ടിക്കിൾസ്" (ലേഖനങ്ങൾ) എഴുതുമെന്നു ഭീഷണിപ്പെടുത്തുന്നതും എനിക്കു സ്പഷ്ടമായി കേൾക്കാമായിരുന്നു.

## VIII

ജനഃഹീനമായ ആ രാത്രിനേരത്ത്, അന്ധയുവതിയായ ഞാൻ ഏകാകിനിയായി ഗംഗയുടെ കല്ലോലമാലകളുടെ കളകള ശബ്ദം കേട്ടുകൊണ്ടു ആ ദ്വീപിൽ ·സ്ഥിതി ചെയ്തു.

കഷ്ടമേ കഷ്ടം; മനുഷ്യജീവിതം എത്ര നിസ്സാരമാണ്! മനുഷ്യൻ എന്തിനു ജനിക്കുന്നു? എന്തിനു ജീവിക്കുന്നു? എന്തിനുമരിക്കുന്നു? ദുഃഖമയമായ ഈ ജീവിതം കൊണ്ടെന്തു ഫലമാണെന്നു എത്രതന്നെ ആലോചിച്ചുനോക്കിയിട്ടും ഒരു തുമ്പും കിട്ടുന്നില്ല. സകലവും നിയമാധീനമാണെന്നു ശചീന്ദ്രബാബു ഒരിക്കൽ അദ്ദേഹത്തിന്റെ അമ്മയോടു പറയുന്നതു കേട്ടിരുന്നു. മനുഷ്യന്റെ ഈ ജീവിതം കേവലം ആ പറഞ്ഞ നിയമത്തിന്റെ ഫലമാണെന്നു വരുമോ? പുഷ്പം വികസിക്കുന്നതും, മേഘം വർഷിക്കുന്നതും, ചന്ദ്രൻ പ്രകാശിക്കുന്നതും, നീർപ്പോളകൾ പൊന്തിവന്നു മിന്നിത്തെളിഞ്ഞു ചിന്നിച്ചിതറുന്നതും, പൊടികിളരുന്നതും, ഇലകൾ കൊഴിയുന്നതും ഏതൊരു നിയമത്തിനാധീനമായിട്ടാണോ, ആ നിയമത്തെ അനുസരിച്ചു

തന്നെയാണോ സുഖദുഃഖമയമായ ഈ മനുഷ്യജീവിതം ആബദ്ധവും സമ്പൂർണ്ണവും വിലീനവുമായിരിക്കുന്നതു? യാതൊരു നിയമത്തിന്നു കീഴടങ്ങി ഈ നദീ ഗർഭത്തിൽ സ്ഥിതിചെയ്യുന്ന കുംഭീരപ്രമാണി ഇരതെണ്ടി സഞ്ചരിക്കുകയും, ക്ഷുദ്രകീടങ്ങൾ മററു കീടങ്ങളെ തേടി നടക്കുകയും ചെയ്യുന്നുവോ, അതേ നിയമത്തിന്നധീനയായിട്ടാണോ ഞാൻ ശചീന്ദ്രന്നുവേണ്ടി പ്രാണത്യാഗം ചെയ്യാൻ സന്നദ്ധയായി ഇവിടെ നില്ക്കുന്നതു്? ഹാ! കൊള്ളരുതാത്ത പ്രാണത്യാഗം! കൊള്ളരുതാത്ത പ്രണയം! കൊള്ളരുതാത്ത മനുഷ്യജീവിതം! ഈ ഗംഗാജലത്തിൽ ഇപ്പോൾതന്നെ ഇതെല്ലാം വലിച്ചെറിഞ്ഞുകളഞ്ഞാൽ എന്താണൊരു ദോഷം?

ജീവിതം നിസ്സാരമാണെന്നു പറയുന്നതു് സുഖം ഇല്ലായ്കകൊണ്ടല്ല. മുരുക്കുമരത്തിൽ മുരിക്കിൻപൂവല്ലേ ഉണ്ടാവുകയുള്ളൂ! അതുനിമിത്തം മുരിക്കു നിസ്സാരമാണെന്നു പറയുന്നതു ശരിയായിരിക്കയില്ലല്ലോ. ദുഃഖമയമായ ജീവിതത്തിൽ ദുഃഖമുണ്ടെന്നുവെച്ചിട്ടുമല്ല അതു നിസ്സാരമാണെന്നു പറയുന്നതു്. എന്നാൽ, ദുഃഖത്തിൻെറ പരിണാമം ദുഃഖം മാത്രമാണെന്നും അതിൽപരമായി യാതൊന്നുമില്ലെന്നും കാണുന്നതുകൊണ്ടാണ് ജീവിതം നിസ്സാരമാണെന്നു പറഞ്ഞതു്. എൻെറ മനോദുഃഖം ഞാൻതന്നെ അനുഭവിച്ചു തീരേണ്ടതാണ്. അതു മററാരും അറിയുകയില്ല; ആൎക്കും മനസ്സിലാവുകയുമില്ല. ദുഃഖം പ്രകാശിപ്പിക്കുവാൻ പൎയ്യാപ്തമായ ഒരു ഭാഷയില്ലാത്തതുകൊണ്ടു എനിക്കതിനെപ്പററി പ്രസ്താവിക്കുവാൻ സാധിക്കാറില്ല. കേൾക്കാനാളില്ലാത്തതുകൊണ്ടു ആരെയും കേൾപ്പിക്കാ

നം സാധിക്കാറില്ല. ബോധിക്കത്തക്ക സഹൃദയത്വമുള്ള വരില്ലാത്തതുകൊണ്ടു മററുള്ളവരെ ധരിപ്പിക്കാനും സാധിക്കാറില്ല. ഒരു മുരിക്കിൽനിന്നു അനവധി മുരിക്കുമരങ്ങളുണ്ടായേക്കാം. എങ്കിലും ഒരാളുടെ ദുഃഖത്തിൽനിന്നു മററനേകം ജനങ്ങൾക്കു ദുഃഖം ഉണ്ടാവുകയില്ല. അന്യരുടെ അന്തഃകരണമദ്ധ്യത്തിൽ പ്രവേശിക്കാൻ ത്രാണിയുള്ളവർ ഈ ലോകത്തിൽ എത്രയോ ചുരുക്കമാണ്. അന്ധയായ ഈ പൂക്കാരിയുടെ ദുഃഖം മനസ്സിലാക്കീട്ടുള്ളവർ ലോകത്തിൽ എത്രതന്നെ ഉണ്ടാവാം? ഓരോ പ്രസംഗവും, ഓരോ ശബ്ദവും, ഓരോ അക്ഷരവും കേൾക്കുമ്പോൾ ഈ ക്ഷുദ്രഹൃദയത്തിൽ ഉദിച്ചുയരുന്ന സുഖദുഃഖതരംഗങ്ങളെ കണ്ടറിയുവാൻ കഴിവുള്ളവർ ലോകത്തിൽ ആരെങ്കിലും ഉണ്ടോ? സുഖദുഃഖങ്ങൾ എന്നാണോ പറഞ്ഞതു? അതേ എനിക്കു സുഖവും തോന്നാറുണ്ട്. ചൈത്രമാസത്തിൽ കുസുമമഞ്ജരികളോടൊരുമിച്ചു മധുകരങ്ങൾ എൻെറ ഗൃഹമദ്ധ്യത്തിൽ പ്രവേശിക്കുമ്പോൾ അവയുടെ മധുരത്ധങ്കാരം എൻെറ അന്തരംഗത്തിൽ അങ്കുരിപ്പിക്കാറുള്ള ആനന്ദം ആരെങ്കിലും അറിയുമോ? സംഗീതക്കാരിയുടെ മാളികയിൽനിന്നു സന്ധ്യാസമയങ്ങളിൽ, മന്ദമാരുതൻ ആനയിക്കുന്ന മധുരസ്വരങ്ങൾ കർണ്ണരന്ധ്രങ്ങളിൽ പതിയുമ്പോൾ ഞാൻ അനുഭവിക്കാറുള്ള സുഖം ആക്കെങ്കിലും നിശ്ചയമുണ്ടോ? വാമാചരണനോടു സംസാരിക്കുന്നതിനിടയിൽ, അവൻ വെള്ളം എന്നതിനെ 'ഞ്ഞം' എന്നും, 'രജനി' എന്നതിനെ ജ്ഞഞ്ജി എന്നും ഉച്ചരിക്കുന്ന അവസരങ്ങളിൽ എൻെറ ഹൃദയത്തിൽ തള്ളിക്കയറാറുള്ള ആ

ന്തരസം ആരെങ്കിലും ധരിച്ചിട്ടുണ്ടോ? അങ്ങിനെതന്നെ, എൻെറ മനോവേദനയെപ്പററിയും ആക്കെങ്കിലും അറിയാമോ? അന്ധയുടെ സൌന്ദര്യോന്മാദം ആരറിയുന്നു? കാണാൻ സാധിക്കാത്തതുകൊണ്ടുള്ള സങ്കടത്തിൻെറ തീവ്രത അറിയുവാൻ കഴിവുള്ളവരുണ്ടോ? അഥവാ ഉണ്ടെങ്കിൽതന്നെ, എനിക്കു ഒരിക്കലും പ്രകാശിപ്പിക്കുവാൻ സാധിച്ചിട്ടില്ലാത്ത ആ ദുഃഖം മററുള്ളവർ എങ്ങിനെ മനസ്സിലാക്കും? -ഭാഷാരൂപേണ പ്രകാശിപ്പിക്കുവാൻ ശക്യമല്ലാത്ത ദുഃഖം അന്യക്കറിയുവാൻ സാധിക്കുകയില്ലല്ലൊ. വലിയ ദുഃഖത്തെ ചെറിയ ഭാഷയിൽ ഒതുക്കി പ്രകാശിപ്പിക്കുന്നതു ഒട്ടും സുകരമല്ല. എൻെറ ദുഃഖം ഹൃദയത്തെ ധ്വംസനംചെയ്യുന്നതായാൽക്കൂടി, അതിനെ വേണ്ടപോലെ പറഞ്ഞറിയിക്കുവാനോ സ്വയമേവ വിഭാവനംചെയ്യാനോ എന്നാൽ സാദ്ധ്യമല്ല.

അത്രമാത്രം വിശദീകരണശക്തി മനുഷ്യഭാഷക്കോ, ചിന്താശക്തി മനുഷ്യബുദ്ധിക്കോ ഇല്ല. ദുഃഖം അനുഭവിക്കാം, പക്ഷെ ദുഃഖം അറിഞ്ഞു പ്രകാശിപ്പിക്കാനാണ് പ്രയാസം. എന്തു ദുഃഖമാണ് എന്നെ വ്യാകുലപ്പെടുത്തുന്നതെന്നു എനിക്കറിഞ്ഞുകൂടാ; പക്ഷേ ഹൃദയം തകൎന്നുപോകുന്നതായി അനുഭവപ്പെടുന്നുതാനും. ദേഹം ശോഷിക്കുകയും ബലം ക്ഷയിക്കുകയും ചെയ്യുന്നതായി കാണുന്നുണ്ടെങ്കിലും ശരീരത്തെ ബാധിച്ചരോഗം ഇന്നതാണെന്നു മനസ്സിലാവുന്നില്ല. അന്തരംഗം വിദീൎണ്ണമായി തോന്നിയേക്കാം! പ്രാണനെ പുറത്തെടുത്ത് വല്ല ശൂന്യമാൎഗ്ഗത്തിലേക്കു വലിച്ചെറിഞ്ഞുകളഞ്ഞാൽ കൊള്ളാമെന്നു മോഹം

ജനിച്ചേക്കാം; എങ്കിലും അതിന്നെല്ലാം കാരണഭൂതമായ ആ ദുഃഖം എന്താണെന്നു മാത്രം മനസ്സിലാവുന്നില്ല. അവരവക്കുതന്നെ അറിയാൻ കഴിയാത്തതാണൊ മററുള്ളവർ അറിയാൻ പോകുന്നതു? ഈ ദുഃഖം സാമാന്യദുഃഖമല്ല. ജീവിതം നിസ്സാരമാണെന്നു ശപഥം ചെയ്യാൻ ഞാൻ തയ്യാറാണ്.

ഇങ്ങിനെ ദുഃഖമയമായ ജീവിതത്തെ രക്ഷിക്കാൻവേണ്ടി ഇത്രയൊക്കെ ബുദ്ധിമുട്ടുന്നതെന്തിനാണ? ഇതിനെ എന്തുകൊണ്ടു ഉപേക്ഷിച്ചുകൂടാ? കളനാദിനിയായ ഗംഗയുടെ തരംഗമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന എനിക്കു ഒന്നു രണ്ടടി മുമ്പോട്ടുവെച്ചാൽ എളുപ്പത്തിൽ മരിക്കാം. എന്തുകൊണ്ടു മരിച്ചുകൂടാ? ഈ ജീവസന്ധാരണം കൊണ്ടെന്തു ഗുണമാണുണ്ടാകാൻ പോകുന്നതു? മരിച്ചുകളയാം!

ഞാൻ എന്തിനായിട്ടാണ് ജനിച്ചതു? എന്തിനാണു അന്ധയായതു? ജനിച്ച സ്ഥിതിയ്ക്കു ശചീന്ദ്രന്നു അനുരൂപയായി ജനിക്കാമായിരുന്നില്ലേ? ശചീന്ദ്രന്നു അനുരൂപയല്ലെങ്കിൽ അദ്ദേഹത്തിൽ അനുരക്തയായിത്തീന്നതെന്തിനാണ്? അനുരക്തയാണെങ്കിൽ അദ്ദേഹത്തിൻെറ സാമീപ്യം അനുഭവിക്കാൻ കഴിയാതെപോയതെന്തുകൊണ്ടാണ്? ശചീന്ദ്രനെച്ചൊല്ലി സ്വഗൃഹം വിട്ടു ചാടിപ്പോന്നതെന്തിനാണ്? നിസ്സഹായയും ദൃഷ്ടിശൂന്യയുമായ ഞാൻ ഗംഗയിലെ ദ്വീപിൽ കിടന്നു മരിക്കാൻവേണ്ടി ചാടിപ്പുറപ്പെട്ടതെന്തിനാണ്? ബാണത്തിൻെറ മുമ്പിൽ പുൽക്കൊടിപോലെ, സംസാരസ്രോതസ്സിൽ വഴിയറിയാ

തെ ഒഴുകിപ്പോകാൻ ഞാൻ എന്തിനന്തുനിഞ്ഞു? അനേകം ദുഃഖിതരുള്ള ഈ സംസാരത്തിൽ എല്ലാവരേക്കാളും അധികം ദുഃഖം എനിക്കു നേരിടുവാൻ കാരണമെന്താണ്? ഇതെല്ലാം ആരുടെ കളിയാണ്? ഈശ്വരൻെറയോ? ജീവികൾ ഇങ്ങിനെ കഷ്ടപ്പെടുന്നതു കാണാൻ ഈശ്വരനിത്ര സുഖമോ? കഷ്ടപ്പെടുത്താൻവേണ്ടി മാത്രം ജീവജാലങ്ങളെ സൃഷ്ടിക്കുന്നതുകൊണ്ടെന്താണൊരുസുഖം? മൂർത്തീകരിച്ച നിർദ്ദയത്വം ഈശ്വരനാണെന്നു ആരാണു പറയുക? നിഷ്ഠൂരതയെ പൂജിച്ചിട്ടെന്തു കാര്യം? മനുഷ്യരുടെ ഈ ഭയങ്കരദുഃഖം ഒരിക്കലും ഈശ്വരകൃതമായിരിക്കയില്ല. അങ്ങിനെ ആണെന്നു വന്നാൽ ഈശ്വരൻ രാക്ഷസനെക്കാൾ ആയിരം പ്രാവശ്യം നികൃഷ്ടനായിരിക്കണം. എന്നാൽ ഇതെൻെറ കർമ്മഫലമാണെന്നു വരുമോ? എന്തു പാപം ചെയ്തിട്ടാണ് ഞാൻ ജന്മാന്ധയായിത്തീർന്നതു?

മരിക്കാനുദ്ദേശിച്ചു ഞാൻ ഒന്നുരണ്ടടി മുമ്പോട്ടുവെച്ചുവെങ്കിലും ഗംഗാതരംഗങ്ങളുടെ മർമ്മരം എൻെറ കർണ്ണങ്ങളിൽ പതിച്ചപ്പോൾ മരണത്തിലുണ്ടായിരുന്ന അഭിലാഷം നാമാവശേഷമായി. മധുരസ്വരങ്ങളുടെ ശ്രവണം എനിക്കത്രമാത്രം പ്രിയതരമാണു! അല്ലാ– മരിക്കുകയാണ് നല്ലതു എന്നു വിചാരിച്ചു പിന്നെയും ഞാൻ മുമ്പോട്ടു നടന്നു. ചിബുകം മുങ്ങി! അധരംമുങ്ങി! കുറച്ചുകൂടി മുമ്പോട്ടുചെന്നു– മൂക്കു മുങ്ങി! കണ്ണു മുങ്ങി! ഞാൻ ആസകലം വെള്ളത്തിലാണ്ടു.

ആസകലം വെള്ളത്തിലാണ്ടു, ശരിതന്നെ, പക്ഷേ മരിച്ചില്ല. യന്ത്രണാമയമായ ഈ ജീവചരിത്രത്തിൻെറ അവശേഷം പറഞ്ഞു തീൎക്കുവാൻ എനിക്കു വയ്യ. മററാരെങ്കിലും ആ കൃത്യം നിൎവ്വഹിച്ചുകൊള്ളട്ടെ.

പ്രഭാതമാരുതനാൽ താഡിതമായ ഗംഗാപ്രവാഹമദ്ധ്യത്തിൽ നിമഗ്നയായി ഞാൻ ഒഴുകിയൊഴുകിപ്പോയി ക്രമേണ ശ്വാസംമുട്ടി നിശ്ചേഷ്ടയും നഷ്ടചേതനയുമായിത്തീൎന്നു.

# ദ്വി തീ യ ഖ ണ്ഡ ം .

## അമരനാഥന്റെ കഥ.

I.

അസാരമായ എന്റെ ജീവിതത്തിന്റെ ഈ ക്ഷുദ്ര ചരിത്രം ലേഖനം ചെയ്യുന്നതിൽ എനിക്കു സവിശേഷമായ ഒരുദ്ദേശമുണ്ട്. സംസാരസാഗരത്തിലെ ഏതൊരു പാറമേൽ ചെന്നടിച്ചിട്ടാണ് എന്റെ ജീവിതതരി ഭഗ്നമായതെന്നു ഞാൻ ഈ വിശ്വചിത്രത്തിൽ അങ്കിതമാക്കിവെക്കട്ടെ. അതുകണ്ടു നവീനനാവികന്മാർ സൂക്ഷിച്ചുകൊള്ളുമെന്നാണെന്റെ വിശ്വാസം.

എന്റെ വസതി അഥവാ പിതൃഗൃഹം-ശാന്തിപുരത്തിലാണ്. ഇപ്പോൾ എനിക്കു സ്ഥിരമായൊരു വാസസ്ഥലം ഇല്ല. ജനനം സൽകായസ്ഥകുടുംബത്തിലാണെങ്കിലും എന്റെ പിതൃകുലത്തിന്നു ഗുരുതരമായ ഒരു കളങ്കം നേരിട്ടിരുന്നു. എന്റെ എളയച്ഛന്റെ ഭാൎയ്യ വീടുവിട്ടു ചാടിപ്പോയതാണ് ഈ കളങ്കത്തിന്നു കാരണം. ഉപജീവനത്തിന്നു മറേറതെങ്കിലും മാൎഗ്ഗം അന്വേഷിക്കാതെതന്നെ സുഖമായി കാലക്ഷേപം ചെയ്യത്തക്ക ഭൂസ്വത്ത് അച്ഛന്നുണ്ടായിരുന്നു. ധനികന്മാരുടെ കൂട്ടത്തിലാണ് അച്ഛനെ നാട്ടുകാർ ഗണിച്ചിരുന്നത്. എന്റെ വിദ്യാഭ്യാസത്തിന്നു വേണ്ടി അദ്ദേഹം ധാരാളം ധനവ്യയം ചെയ്തിരുന്നു. പ

ക്ഷേ ആ കഥ അവിടെ ഇരിക്കട്ടെ. സർപ്പത്തിൻെറ ശിരസ്സിലുള്ള രത്നം പോലെയാണ് എനിക്കുണ്ടായിരുന്ന വിദ്യ.

എനിക്കു വിവാഹയോഗ്യമായ പ്രായമായപ്പോൾ പലരും പല വിവാഹാലോചനകളും കൊണ്ടുവരികയുണ്ടായെങ്കിലും അതൊന്നും അച്ഛന്നു സമ്മതമായില്ല. കന്യക പരമസുന്ദരിയായിരിക്കേണം, കന്യകയുടെ പിതാവു പരമധനികനായിരിക്കണം, കന്യകയ്ക്കു കുലീനതയുടെ സകല സാമഗ്രികളും തികഞ്ഞിരിക്കണം, എന്നൊക്കെയായിരുന്നു അച്ഛൻെറ അഭിപ്രായം. പക്ഷേ ഈ നിബന്ധനകളെല്ലാം അനുസരിക്കുന്ന യാതൊരു വിവാഹപ്രസ്താവവും ഉപസ്ഥിതമായിരുന്നില്ല. ഞങ്ങളുടെ കുടുംബത്തിന്നു നേരിട്ട കളങ്കത്തെപ്പററി കേട്ടിരുന്ന പ്രമാണികളാരും കന്യാദാനേച്ഛുക്കളായിത്തീരാത്തതിൽ അത്ഭുതപ്പെടുവാനില്ലല്ലൊ. ഇങ്ങിനെ ആലോചനകൾ ഓരോന്നു നടന്നുകൊണ്ടിരിക്കുന്നതിന്നിടയിൽ അച്ഛൻ പരലോകം പ്രാപിച്ചു.

അച്ഛൻെറ സ്വർഗ്ഗാരോഹണത്തിന്നുശേഷം എൻെറ ഒരെളയമ്മ (അച്ഛൻെറ പെങ്ങൾ) ഒരു വിവാഹാലോചനയുംകൊണ്ടു വന്നു. ഗംഗാനദിയുടെ മറുകരയിൽ കാളികാപുരം എന്നൊരു ഗ്രാമമുണ്ട്. ഈ ചരിത്രത്തിൽതന്നെ ഭവാനീനഗരം എന്ന വേറൊരു ഗ്രാമത്തിൻെറ പേരു വഴിയെ പ്രസ്താവിക്കുന്നതായിരിക്കും. ആ ഭവാനീനഗരവും ഈ കാളികാപുരവും അടുത്തടുത്താണ്. കാളികാപുരത്തി

ലായിരുന്നു എളയമ്മയുടെ ഭർത്തൃഗൃഹം. ആ ഗ്രാമത്തിലെ ഒരു മാന്യകുടുംബത്തിലുള്ള ലവംഗ എന്നൊരു കന്യകയുമായി എന്റെ വിവാഹം എളയമ്മ നിശ്ചയിച്ചു.

ഈ ആലോചനക്കു മുമ്പുതന്നെ ഞാൻ ലവംഗയെ പലപ്പോഴും എളയമ്മയുടെ വീട്ടിലും അവളുടെ പിതൃഗൃഹത്തിലും കണ്ടു പരിചയിച്ചിരുന്നു. ചിലപ്പോഴെല്ലാം ഞാൻ ലവംഗയ്ക്കു ബാലപാഠങ്ങൾ പറഞ്ഞുകൊടുക്കുകപതിവായിരുന്നു. പക്ഷേ വിവാഹാലോചന തുടങ്ങിയതിൽ പിന്നെ അവൾ എന്റെ അടുക്കൽ വരാതെയായി. അതേസമയത്തു്, എനിക്കു അവളെ കാണാനുള്ള ആഗ്രഹത്തിന്നു ശക്തി കൂടുകയും ചെയ്തു. അക്കാലത്തുതന്നെ ലവംഗയ്ക്കു വിവാഹോചിതമായ വയസ്സു അതിക്രമിച്ചിരുന്നു. ലവംഗകലിക വികസിച്ചുതുടങ്ങി. അവളുടെ കടാക്ഷങ്ങളിൽ ഒരുവക ചഞ്ചലതയും ഭീരുതയും കണ്ടുതുടങ്ങി. മുമ്പുണ്ടായിരുന്ന ഉച്ചഹാസം മാറി അതിന്റെ സ്ഥാനത്തു മൃദുളവും വ്രീളായുക്തവുമായ മന്ദഹാസം കാണാറായി. ദ്രുതഗതി മാറി മന്ഥരഗമനമായിത്തീൎന്നു. ഇങ്ങിനെയൊരു സൌന്ദൎയ്യം കിട്ടുവാനുള്ള യോഗം മറെറാരു യുവതിയ്ക്കും ഉണ്ടായിട്ടില്ലെന്നും - ഇതു കേവലം അന്യാദൃശമാണെന്നും ഞാൻ മനസ്സിൽ കരുതി. വാസ്തവത്തിൽ, അതീതശൈശവവും, എന്നാൽ അപ്രാപ്തയൌവനവുമായ ഘട്ടത്തിലുള്ള സൌന്ദൎയ്യം അത്യന്തം മനോഹരമാണ്. 'കൊഞ്ചിക്കൊണ്ടമൃതസമമസ്പഷ്ടമൊഴികൾ, ഉരയ്ക്കുന്ന ശിശുവിന്റെ സൌന്ദൎയ്യത്തിന്നു മാത്രമേ ഇതുപോലെ ചേതസ്സുമാ

കഷ്ടകത്വം കാണുകയുള്ളൂ. പൂൎണ്ണയൌവനത്തിലെ സൌന്ദൎയ്യത്തിന്നു ആ മനോഹാരിത കാണുകയില്ല. വസ്ത്രഭൂഷണങ്ങളുടെ മോടിയും, കടാക്ഷവീക്ഷണങ്ങളുടെ പകിട്ടും, തലകെട്ടിന്റെ ഭംഗിയും, കരവല്ലികളുടെ കമ്രതയും, ഗളനാളത്തിന്റെ കോമളതയും, സംഭാഷണത്തിന്റെ സരസതയും മററുംകൊണ്ടു, യൌവനയുക്തകളുടെ സൌന്ദൎയ്യപ്രകടനത്തിന്നു ഒരുതരം അഭിനയച്ഛായയുണ്ടെന്നു തോന്നിപ്പോകും. അത്തരം സൌന്ദൎയ്യത്തെ നാം നിരീക്ഷിക്കുന്നതു ഏറെക്കുറെ വികൃതമായ ഒരു ദൃഷ്ടികൊണ്ടാണ്. യാതൊരു സൌന്ദൎയ്യത്തിന്റെ ഉപഭോഗത്തിൽ ഇന്ദ്രിയസുഖംസംബന്ധിയായ മനോഭാവത്തിന്റെ സ്പർശംപോലും ഇല്ലാതിരിക്കുന്നുവോ, ആ സൌന്ദൎയ്യം മാത്രമാണ് യഥാൎത്ഥമായ സൌന്ദൎയ്യം.

ഇതിന്നിടയിൽ ഞങ്ങളുടെ കുലകളങ്കത്തിന്റെ വൎത്തമാനം കന്യകയുടെ രക്ഷിതാവു അറിവാനിടയായി. വിവാഹാലോചനയെല്ലാം തകരാറായി. എന്റെ ഹൃദയവിഹഗം ലവംഗലതയിൽ വിഹരിച്ചുകൊണ്ടിരിക്കും മദ്ധ്യേ ഭവാനീനഗരത്തിൽ നിന്നു രാമസദയമിത്രനെന്നൊരാറു വന്നു ആ ലതയെ തട്ടിക്കൊണ്ടു പോയ്ക്കളഞ്ഞു. രാമസദയൻ അവളുടെ ഭൎത്താവായി. ലവംഗയെ കിട്ടാത്ത നിരാശതയാൽ ഞാൻ ക്ഷുണ്ണമാനസനായിത്തീരുകയും ചെയ്തു.

ഇതിന്നുശേഷം കുറെ കൊല്ലം കഴിഞ്ഞപ്പോൾ ഒരു സംഭവമുണ്ടായതു വൎണ്ണിക്കാൻ എന്നെക്കൊണ്ടാവില്ല. പി

ന്നീടൊരവസരത്തിൽ വിവരിക്കുമോ ഇല്ലയോ എന്നു തീർച്ചപറയാനും വയ്യ. അന്നുമുതൽ ഞാൻ സ്വഗൃഹം വിട്ടു നാനാദേശങ്ങളിൽ സഞ്ചരിക്കുകയാണ്. ഒരിടത്തും ഉറച്ചിരിക്കുവാൻ എനിക്കു സാധിക്കുന്നില്ല.

ഉറച്ചിരിക്കാൻ സാധിക്കുന്നില്ലെങ്കിലും, വേണമെങ്കിൽ അങ്ങിനെ ഉറച്ചിരിക്കാനും കുലീനബ്രാഹ്മണന്മാൎക്കുള്ളതിലും അധികം ഭാൎയ്യമാരെ സ്വീകരിക്കാനും എനിക്കു കഴിയായ്കയില്ല. ദൈവാനുഗ്രഹത്താൽ, യാതൊന്നിന്റെയും അഭാവം എനിക്കില്ല. ഐശ്വൎയ്യം, സൌഭാഗ്യം, വിദ്യ, ആരോഗ്യം ഇതെല്ലാം എനിക്കുണ്ടു. ഭാഗ്യദോഷത്താൽ–അഥവാ താൽകാലികമായ ഒരു ദുർബുദ്ധിദോഷത്താൽ സകലതും വലിച്ചെറിഞ്ഞു–സുഖമയമായ ഗൃഹവും, ഉദ്യാനതുല്യവും പുഷ്പമയവുമായ സംസാരവും സന്ത്യജിച്ചു, പവനതാഡിതമായ പതംഗമെന്നപോലെ ദേശംതോറും പൎയ്യടനംചെയ്വാൻ എനിക്കാഗ്രഹം ജനിച്ചു. വേണമെങ്കിൽ എനിക്കു എന്റെ ജന്മഭൂമിയെ ത്യജിക്കാതെതന്നെ, രമ്യഹൎമ്മ്യത്തെ രമ്യതരമായി അലംകരിച്ചു വിനോദപവനനിൽ, ആനന്ദപതാക പറപ്പിച്ചു, ഹാസബാണത്താൽ ദുഃഖരാക്ഷസനെ നിഗ്രഹിക്കാമായിരുന്നു. പക്ഷേ, അന്നങ്ങിനെ ചെയ്വാൻ മനസ്സുവന്നില്ല. അതു വി[illegible]ിത്തമായിപ്പോയെന്നു ചിലപ്പോൾ തോന്നാറുണ്ട്. സുഖദുഃഖങ്ങളുടെ വിധാനം പരഹസ്തത്തിലാണെങ്കിലും മനസ്സു എനിക്കധീനം തന്നെയാണ്. 'തോണി മറിഞ്ഞുപോയെന്നു കരുതി ഞാൻ വെള്ളത്തിൽ മുങ്ങിച്ചാകണമെന്നില്ലല്ലോ. കര

യ്യുണയുവാൻ എനിക്കു സാധിച്ചുവെന്നുവരാം. പിന്നെ ദുഃഖമെന്നുവെച്ചാൽ എന്താണ്? അതു മനസ്സിൻെറ ഒരു അവസ്ഥാഭേദവും എനിക്കധീനമായിട്ടുള്ളതുമല്ലേ? സുഖദുഖങ്ങൾ പരാധീനങ്ങളാണെങ്കിലും ഞാൻ എൻെറ അധീനതയിൽ തന്നെയല്ലേ? അന്യന്മാർ കേവലം ബാഹ്യജഗത്തിൻെറ കത്താക്കളാണ്. അന്തർജ്ജഗത്തിൻെറ ഏകകത്തൃത്വം എന്നിൽതന്നെയാണ് സ്ഥിതിചെയ്യുന്നതു്. എൻെറ സാമ്രാജ്യത്തെ സ്വായത്തമാക്കി സുഖിക്കാനുള്ള അധികാരവും എനിക്കുതന്നെയാണല്ലോ. ജഡജഗത്തുമാത്രമാണ് ജഗത്തെന്നും അന്തർജ്ജഗത്തു് ജഗത്തല്ലെന്നും പറയുന്നതിൽ എന്താണത്ഥം? എല്ലാവക്കും അവരവരുടെ മനസ്സുകൊണ്ടു തൃപ്തിപ്പെട്ടുകൂടെ? നിങ്ങളുടെ ബാഹ്യജഗത്തിൽ എന്തെല്ലാം സാമഗ്രികളുണ്ടോ അതെല്ലാം എൻെറ അന്തർജഗത്തിലുമുണ്ടു. എന്നാൽ എൻെറ അന്തരത്തിലുള്ളതെല്ലാം നിങ്ങളുടെ ബാഹ്യജഗത്തിൽ കാണിച്ചുതരാൻ സാധിക്കുമോ? ഈ മണ്ണിൽ വികസിക്കുന്ന പുഷ്പവും, ഈ ആകാശത്തിൽ വീശുന്ന മാരുതനും, ഈ ഗഗനത്തിൽ ഉദിക്കുന്ന ചന്ദ്രനും ഈ അന്ധകാരത്തിൽ നിലകൊള്ളുന്ന സമുദ്രവും ഇതേപ്രകാരത്തിൽ നിങ്ങളുടെ ബാഹ്യജഗത്തിൽ എവിടെയെങ്കിലും കാണുമോ?

പിന്നെ എന്തിനാണ്, ആ നിശീഥകാലത്തിൽ സുഷുപ്തയായ സുന്ദരിയുടെ സൌന്ദര്യപ്രഭ—വേണ്ട, പോകട്ടെ! ഒരു ദിവസം നിശീഥസമയത്തു്, സീമാരഹിതമായ ഈ ഭൂമി എൻെറ ദൃഷ്ടിയിൽ, പൊടുന്നനവേ, ശുഷ്കബദ

രിപോലെ അതിക്ഷുദ്രമായിത്തീൻ, ഒളിച്ചിരിക്കുവാൻ സ്ഥലം കിട്ടാതെ ഞാൻ നാട്ടുതോറും ചുററിത്തിരിയുക യായി.

II

കാലത്തിൻെറ ശീതളപ്രലേപത്താൽ എൻെറ ഹൃദയക്ഷതത്തിന്നു ക്രമേണ ശമനമുണ്ടായി.

കാശിയിൽ ഗോവിന്ദകാന്തദത്തൻ എന്നൊരു മാന്യനുമായി പരിചയപ്പെടുവാൻ എനിക്കിടയായി. അദ്ദേഹം ഒരു സൽസ്വഭാവിയും വയോധികനുമായിരുന്നു. കാശിയിൽ പാർപ്പുറപ്പിച്ചിട്ടു കാലം കുറെയായി.

ഒരു ദിവസം അദ്ദേഹവുമായി സംസാരിച്ചുകൊണ്ടിരിക്കും മദ്ധ്യേ പ്രസംഗവശാൽ പോലീസുകാരുടെ അക്രമപ്രവൃത്തികൾ പ്രസ്താവത്തിൽ വന്നു പലരും പല കഥകളും പറഞ്ഞു. അവയിൽ ഒന്നുരണ്ടെണ്ണം വാസ്തവവും ചിലതു് വക്താവിൻെറ കപോലകല്പിതവുമായിരുന്നു. ആ ക്കൂട്ടത്തിൽ ഗോവിന്ദകാന്തബാബുവും ഒരു കഥ പറകയുണ്ടായി! അതിൻെറ സാരം ഇങ്ങിനെയായിരുന്നു.

"ഞങ്ങളുടെ ഗ്രാമത്തിൽ ഹരേകൃഷ്ണദാസ് എന്നൊരു ദരിദ്രകായസ്ഥനുണ്ടായിരുന്നു. ആയാൾക്കു സന്തതിയായി ഒരൊററ പുത്രി മാത്രമേ ഉണ്ടായിരുന്നുള്ളു. ഭാൎയ്യ മുമ്പുതന്നെ മരിച്ചുപോയതുകൊണ്ടും ആയാൾ സദാ രോഗിയായിരുന്നതുകൊണ്ടും മകളെ നോക്കി വളൎത്തേണ്ടുന്ന ഭാരം തൻെറ സ്യാലീപതിയെ (ഭാൎയ്യയുടെ സഹോദരിയുടെ ഭ

ത്താവിനെ) ഏല്പിച്ചു. മകൾക്ക് ഏതാൻ ചില സ്വർണ്ണാഭരണങ്ങളുണ്ടായിരുന്നതു് സ്വാലീഹതിയെ ഏല്പിക്കാൻ അയാൾക്കു മനസ്സുവന്നില്ല. ഒടുവിൽ, ആയാൾ ആസന്നമരണനായി കിടക്കുമ്പോൾ എനിക്ക് ആളയച്ചു ആഭരണങ്ങളെല്ലാം എന്റെ പക്കൽ ഏല്പിച്ചു ഇങ്ങിനെ പറഞ്ഞു: 'എന്റെ മകൾക്കു പ്രായപൂർത്തിവന്നാൽ ഈ ആഭരണങ്ങൾ അവൾക്കു കൊടുക്കണം; ഇപ്പോൾ കൊടുത്താൽ രാജചന്ദ്രൻ ഇതൊക്കെ സ്വന്തമാക്കിക്കളയും'. ഞാൻ അങ്ങിനെതന്നെ ചെയ്യാമെന്നു സമ്മതിച്ചു. ഹരേകൃഷ്ണൻ മരിച്ച ഉടനെ പോലീസുമേലുദ്യോഗസ്ഥനും അകമ്പടികളും നന്ദിഭൃംഗിപ്രഭൃതികളോടൊന്നിച്ചു ദേവദേവനായ മഹാദേവനെന്നപോലെ, അയാളുടെ വീട്ടിലെത്തി. മരിച്ച ആൾക്കു പിന്തുടൎച്ചാവകാശികളാരുമില്ലെന്നു പറഞ്ഞു ആ ഉദ്യോഗസ്ഥൻ ഹരേകൃഷ്ണന്റെ പെട്ടികളും പാത്രങ്ങളും എന്നുവേണ്ട അവിടെ കണ്ടതൊക്കെയും പിടിച്ചടക്കി. ഹരേകൃഷ്ണനു അവകാശികളുണ്ടെന്നും ആയാളുടെ മകൻ കല്ക്കത്തയിൽ പാൎക്കുന്നുണ്ടെന്നും ചിലർ പറഞ്ഞുവെങ്കിലും പോലീസ്സുമേലധികാരി അതൊന്നും ചെവി കൊടുത്തില്ല. "അവകാശികളുണ്ടെങ്കിൽ അവർ ഹജൂരിൽ ഹാജരാവട്ടെ" എന്നായിരുന്നു ആ മഹാശയന്റെ കല്പന. എന്റെ ചില വിരോധികൾ ഈ തക്കം നോക്കി, മരിച്ച ആളുടെ സ്വർണ്ണാഭരണങ്ങൾ എന്റെ കൈവശമാണുള്ളതെന്നു പോലീസ്സുകാരെ അറിയിച്ചു; അധികാരസ്ഥന്റെ ഉത്തരവുപ്രകാരം ഞാൻ ആ മഹാശയന്റെ മുമ്പി

ൽ ബദ്ധാഞ്ജലിയായി ഹാജരായി. എനിക്ക നല്ലപോലെ ശകാരവഷം കിട്ടി. കള്ളപ്പുള്ളിയാക്കി എന്റെ മേൽ കുററംചുമത്തിയേക്കുമെന്ന എനിക്കു ഭയമായി. എന്തിന പറയുന്നു. അവർ എന്നെ ഇടിക്കാനും തള്ളാനുമുള്ള ഭാവമാണെന്നു കണ്ടപ്പോൾ ഞാൻ ആഭരണങ്ങളെല്ലാം പോലീസുദ്യോഗസ്ഥന്റെ മുമ്പിൽ, അമ്പതുറുപ്പിക സംഭാവനയോടുകൂടി സമപ്പിച്ചു. ആ മഹാനുഭാവൻ ആഭരണങ്ങൾ തന്റെ മകളുടെ ഉപയോഗാത്ഥം സ്വഗൃഹത്തിലേക്കയച്ചുകൊടുത്തുവെന്നു പറയേണ്ടുന്ന ആവശ്യമില്ലല്ലൊ. ഹരേകൃഷ്ണദാസിന്നു അവകാശികളാരുമില്ലെന്നും ആയാളുടെ ആകപ്പാടെയുള്ള മുതൽ ഒരു ജലപാത്രവും ഒരു കമ്പിളിയും മാത്രമായിരുന്നു എന്നും ആ ഉദ്യോഗസ്ഥൻ മേലധികാരത്തിലേക്കു റിപ്പോട്ടയക്കുകയും ചെയ്തു.

ഹരേകൃഷ്ണദാസിനെപ്പററി ഞാൻ മുമ്പുതന്നെ കേട്ടറിയും. അതുകൊണ്ടാണു് ഞാൻ ഗോവിന്ദബാബുവോടു "ഈ ഹരേകൃഷ്ണദാസിന്റെ ഒരു സഹോദരനല്ലേ മനോഹരദാസ്?" എന്നു ചോദിച്ചതു.

ഗോവിന്ദബാബു:—"അതേ, അതെങ്ങിനെ അറിഞ്ഞു?"

ചോദിച്ചതിനുത്തരം പറയാതെ ഞാൻ "ഹരേകൃഷ്ണന്റെ സ്യാലീപതിയുടെ പേരെന്താണു്?" എന്നു ചോദിച്ചു.

ഗോവിന്ദബാബു:—രാജചന്ദ്രദാസ്"

ഞാൻ:—"ആയാളുടെ താമസമെവിടെയാണു്?"

ഗോവിന്ദബാബു:-"കല്ക്കത്തയിൽ; പക്ഷേ ഏതു ഭാഗത്താണെന്നോൎമ്മയില്ല."

ഞാൻ:-"ആ മകളുടെ പേരറിയുമോ?"

ഗോവിന്ദബാബു:-"രജനി"

കുറച്ചു ദിവസത്തിനുള്ളിൽ ഞാൻ കാശിയിൽനിന്നു പുറപ്പെട്ടു.

III

ഞാൻ എന്തൊന്നിനെ അന്വേഷിച്ചാണു് ഇങ്ങിനെ ദേശസഞ്ചാരം ചെയ്യുന്നതു് എന്നു എനിക്കുതന്നെ അറിഞ്ഞുകൂടാ. എന്റെ ഹൃദയം ദുഃഖമയവും ഈ സംസാരം അന്ധകാരമയവുമായിട്ടാണിരിക്കുന്നതു. ഇന്നുതന്നെ മരിച്ചാലും തരക്കേടില്ലെന്നുകൂടി ചിലപ്പോൾ തോന്നാറുണ്ടു്. പക്ഷേ, ദുഃഖത്തെ നിവാരണംചെയ്വാൻ സാധിക്കുകയില്ലെങ്കിൽ പുരുഷത്വംകൊണ്ടെന്താണൊരു പ്രയോജനം? ചികിത്സക്കുമുമ്പായി അതിന്റെ പ്രകൃതം നിൎണ്ണയിക്കേണ്ടതാവശ്യമാണല്ലൊ. അതുപോലെ ദുഃഖനിവാരണത്തിന്നൊരുമ്പെടുന്നതിന്നുമുമ്പു ആ ദുഃഖമിന്നതാണെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ദുഃഖം എന്നു പറയുന്നതെന്താണു്? അഭാവംതന്നെ. സകല ദുഃഖവും അഭാവമാണു്. സ്വാസ്ഥ്യത്തിന്റെ അഭാവമാണു് രോഗം; അതുകൊണ്ടു രോഗം ദുഃഖമായിത്തീരുന്നു. എല്ലാ അഭാവവും ദുഃഖമല്ലതാനും. രോഗത്തിന്റെ അഭാവം ദുഃഖമല്ലല്ലോ. അതുകൊണ്ടു അഭാവവിശേഷം മാത്രമാണു് ദുഃഖമെന്നു സാധിക്കുന്നു.

എന്തിൻെറ അഭാവമാണ് എന്നെ പീഡിപ്പിക്കുന്ന ത്? എനിക്കെന്തൊണാവശ്യം? മനുഷ്യക്കെന്തൊണാവശ്യം? ധനമൊ? അതെനിക്കു വേണ്ടേടത്തോളമുണ്ടു.

യശസ്സോ? യശസ്സില്ലാത്തവരാരും ലോകത്തിലില്ല. ഒന്നാംതരം കള്ളനും യശസ്സുണ്ടു്. ഒരു കശാപ്പുകാരനും കൂടി യശസ്സുണ്ടെന്നാണെൻെറ വിശ്വാസം. മാംസത്തെ സംബന്ധിച്ചേടത്തോളം ആരേയും വഞ്ചിക്കാതിരിക്കുകയും ആട്ടുമാംസമാണെന്നു പറഞ്ഞു നായയുടെ മാംസം ആൎക്കും കൊടുക്കാതിരിക്കുകയും ചെയ്യുന്ന കശാപ്പുകാരൻ ആ വിഷയത്തിൽ യശസ്വിയാണ. യശസ്സു സാൎവ്വത്രികമായ സ്വത്താണ്. പക്ഷെ ആൎക്കും സംപൂൎണ്ണമായ യശസ്സുണ്ടാകയില്ല. ബേക്കൺ കൈക്കൂലിക്കാരനാണെന്ന അപവാദത്തിന്നു പാത്രീഭവിച്ചു; സോക്രറ്റീസ്സ് അപകീൎത്തിനിമിത്തം വധശിക്ഷാൎഹനായിത്തീൎന്നു. യുധിഷ്ഠിരൻ ദ്രോണവധത്തിൽ അനൃതവാദിയായി; അൎജ്ജുനന്നു ബഭ്രുവാഹനനിൽ നിന്നു പരാഭവം ഏല്ക്കേണ്ടി വന്നു. ഷേയിക്സ്പിയർ ഒരു വിദൂഷകനാണെന്നാണ് വോൾട്ടേർ അഭിപ്രായപ്പെട്ടിരുന്നതു; അതുകൊണ്ടു യശസ്സിനെ കാംക്ഷിക്കുന്നില്ല.

യശസ്സ് സാധാരണ ജനങ്ങളുടെ മുഖത്തുനിന്നു നിൎമ്മിക്കുന്ന സാധനമാണ്. സാധാരണ ജനങ്ങൾ പാമരന്മാരും സ്ഥൂലബുദ്ധികളുമായതുകൊണ്ടു അവൎക്കു യാതൊരു വിഷയത്തിൻെറയും ഗുണദോഷ നിരൂപണത്തിന്നു ത്രാണിയില്ല. പാമരന്മാരും സ്ഥൂലബുദ്ധികളുമായവരുടെ അഭിപ്രായത്തിൽ യശസ്വിയായതുകൊണ്ടു എനിക്കെന്തു സു

ഖമാണുണ്ടാവാൻ പോകുന്നതു്? എനിക്കു ആ യശസ്സു വേണ്ട.

മാനമോ? ലോകത്തിൽ എന്തെല്ലാം തരക്കാരുണ്ടു? അവരുടെ ബഹുമാനംകൊണ്ടു ഞാൻ സന്തുഷ്ടനാകുമോ? ഗണനീയന്മാരായി രണ്ടോ നാലോ ആളുകളുണ്ട്. അവരുടെ ഇടയിൽ എനിക്കു മാന്യതയും ഉണ്ട്. മററുള്ളവരുടെ ഇടയിൽ സിദ്ധിക്കുന്ന മാനം കേവലം അപമാനമാണ്. രാജസദസ്സുകളിൽ നിന്നു സിദ്ധിക്കുന്ന മാന്യതദാസത്വത്തിന്റെ പ്രാധാന്യത്തെ പ്രഖ്യാപനം ചെയ്യുന്ന ചിഹ്നമാണെന്റെ അഭിപ്രായം എനിക്കിതാവശ്യമില്ല. എന്നിൽനിന്നുതന്നെ സിദ്ധമാകുന്ന മാനമാണെനിക്കാവശ്യം.

സൌന്ദൎയ്യമോ? അതെത്രവേണം? കുറച്ചുണ്ടായാൽ മതി; ആളുകൾ കണ്ടാൽ കാക്കിച്ചു തുപ്പരുതു! എന്നെ കണ്ടിട്ടാരും ഇതുവരെ അങ്ങിനെ ചെയ്യുകയുണ്ടായിട്ടില്ല. ഇപ്പോൾ ഉള്ള സൌന്ദൎയ്യം കൊണ്ടു ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം.

ആരോഗ്യമോ? എനിക്കിപ്പോഴും ആരോഗ്യത്തിന്നൊരു കുറവുമില്ല.

ബലമോ? അതുകൊണ്ടെന്തു പ്രയോജനം? പ്രഹരിക്കാൻ മോഹമുള്ളവൎക്കു ബലം ആവശ്യമാണ്. എനിക്കു പ്രഹരിക്കാനാഗ്രഹമില്ല.

ബുദ്ധിയോ? ബുദ്ധിയില്ലെന്നു ഈ ലോകത്തിൽ ആരും തന്നെത്താൻ സമ്മതിക്കാറില്ല. ഞാനും അങ്ങിനെ സ

മ്മതിക്കാൻ ഭാവമില്ല. അവനവൻ അതി ബുദ്ധിമാനാണെന്നാണ് സർവ്വരുടേയും വിശ്വാസം. എനിക്കും ആ വിശ്വാസമുണ്ടു.

വിദ്യയോ? ഇതിന്റെ അഭാവം ഞാൻ സമ്മതിക്കാം; പക്ഷെ വിദ്യയുടെ അഭാവംനിമിത്തം ആരും അസുഖപ്പെടാറില്ല. ഞാനും അതിന്നൊരുക്കമില്ല.

ധർമ്മമോ? ധർമ്മത്തിന്റെ അഭാവം പരലോകത്തിൽ ദുഃഖകാരണമാണെന്നു ജനങ്ങൾ പറയാറുണ്ടു. ഈ ലോകത്തിൽ അതു ദുഃഖകാരണമല്ലത്രെ. അതിന്റെ അഭാവം തന്നെയാണ്, ദുഃഖം എന്നു ലോകചരിത്രത്തിൽ നാം കാണുന്നുണ്ടു. എന്റെ അഭിപ്രായത്തിൽ അതു മിഥ്യാവാദമാണു; എങ്കിലും എനിക്കു ധർമ്മാഭിരുചി ജനിക്കുന്നില്ല, അതല്ല എന്റെ ദുഃഖകാരണം.

പ്രണയമോ? സ്നേഹമോ? പ്രേമമോ? ഇവയുടെ അഭാവം തന്നെയാണു സുഖമെന്നു എനിക്കറിയാം. പ്രേമം ദുഃഖമാണെന്നതിന്നുദാഹരണം.—ലവംഗലത.

എന്നാൽപിന്നെ എന്താണെന്റെ ദുഃഖകാരണം? എന്തിന്റെ അഭാവമാണെന്നെ പീഡിപ്പിക്കുന്നതു? എന്തൊന്നു കിട്ടിയാലാണു എന്റെ ദുഃഖത്തിന്നു നിവാരണം വരിക? എന്റെ കാമ്യവസ്തു ഏതാണ്?

മനസ്സിലായി! കാമ്യവസ്തുവിന്റെ അഭാവം തന്നെയാണെന്റെ ദുഃഖകാരണം. സർവ്വവും നിസ്സാരമാണ്. എന്റെ ദുഃഖം മാത്രമാണ് സാരമായിട്ടുള്ളതു.

IV.

ഇത്രയെല്ലാം ചുഴിഞ്ഞുനോക്കിയിട്ടും കാമ്യമായിയാതൊന്നും കിട്ടിയില്ലെന്നോ? അസംഖ്യരത്നരാജിമയമായ ഈ അനന്തബ്രഹ്മമണ്ഡലത്തിൽ പ്രാൎത്ഥനീയമായിയാതൊന്നും കണ്ടില്ലെന്നോ? പരമാണുപ്രമാണമായ ചെറുകീടങ്ങൾകൂടി അനന്തകൌശലസ്ഥാനവും അനന്തജ്ഞാനഭണ്ഡാരവുമായി പരിലസിക്കുന്ന ഈ ലോകത്തിൽ—പെരുവഴിയിൽ കിടക്കുന്ന മണൽത്തരിയെപ്പോലും അനന്തരത്നപ്രഭവനായ നഗാധിരാജന്റെ ഭഗ്നാംശമായി പരിഗണിക്കാവുന്ന ഈ ഭുവനമണ്ഡലത്തിൽ, കാമ്യമായി യാതൊരു വസ്തുവും ഞാൻ കാണാത്തതു എന്തൊരാശ്ചൎയ്യമാണു! ഞാൻ എത്രനിസ്സാരൻ! ടിൻറാൽ, ഹക്സ്ലി, ഡാൎവിൻ മുതലായ പണ്ഡിതശിരോമണികൾ ആയുഷ്കാലം മുഴുവനും മിനക്കെട്ടിരുന്നിട്ടും, ഒരു ചെറിയ നീഹാരബിന്ദുവിലും ഒരു മണൽത്തരിയിലും ഒരു ചെറുപുഷ്പത്തിലും അന്തൎഭവിച്ചിരിക്കുന്ന തത്വം കണ്ടുപിടിക്കുവാൻ ശക്തരായിട്ടില്ലത്രെ. എന്നിട്ടും എനിക്കു കാമിക്കത്തക്കതായി യതൊരു വസ്തുവും ഇല്ലെന്നുവരണമെങ്കിൽ അത്ര അസാധാരണനായ ഞാനാരായിരിക്കും?

ഈ ലോകത്തിൽ എത്രകോടി ജനങ്ങളുണ്ടെന്നു എണ്ണിത്തീൎച്ചപ്പെടുത്തുവാൻ ആൎക്കും സാധിച്ചിട്ടില്ല. അനേകകോടി ജനങ്ങളുണ്ടെന്നു തീൎച്ചയാണു്. അവരിൽ ഓരോ ആൾക്കും അസംഖ്യം ഗുണങ്ങളുണ്ടു. എല്ലാവരും ഭക്തി, പ്രീതി, ദയാ, ധൎമ്മാദികളുടെ ഇരിപ്പിടമാണ്. സ

ർവ്വരും പൂജ്യരും, അനുസരണീയരുമാണ്. എന്നിട്ടും എനിക്കു കാമ്യനായി യാതൊരാളും ഇല്ലെന്നോ? ഞാനാരാണ്?

എനിക്കു അഭിലഷണീയമായിട്ടൊരു സാധനമുണ്ടായിരുന്നു— ഇപ്പോഴും ഉണ്ടു. പക്ഷേ അതു സാധിക്കാത്ത മോഹമാണ്. സാധിക്കാത്തതാണെന്നു കണ്ടു് ഞാനതിനെ വളരെ മുമ്പുതന്നെ ഹൃദയത്തിൽനിന്നു ഉന്മൂലനം ചെയ്തിരിക്കുന്നു. അതുവീണ്ടും ഉജ്ജീവിപ്പിക്കുവാനെനിക്കാഗ്രഹമില്ല. അതല്ലാതെ ലോകത്തിൽ വാഞ്ഛനീയമായി മറെറാന്നുമില്ലേ?

വളരെ സംവത്സരമായി ഞാൻ എന്നോടുതന്നെ ഈ ചോദ്യം ചോദിച്ചു തുടങ്ങീട്ടു. ഇനിയും അതിന്നുത്തരം കിട്ടീട്ടില്ല. ചില ബന്ധുക്കളോടു ചോദിച്ചപ്പോഠം അവരുടെ മറുപടി ഇപ്രകാരമായിരുന്നു. "നിങ്ങഠംക്കു സ്വന്തകാര്യമൊന്നുമില്ലെങ്കിൽ പരകാര്യം നിറവേററിക്കൊടുക്കുക; ജനങ്ങഠംക്കു കഴിയുന്ന ഉപകാരം ചെയ്യുക."

ഇതെല്ലാം വെറും പഴങ്കഥയാണ്. എങ്ങിനെ ലോകോപകാരം ചെയ്യണമെന്നാണ് പറയുന്നതു? രാമൻെറ ചെറിയ അനുജന്നു പനിക്കുന്നു; നാഡി പിടിച്ചുനോക്കി കൊയനാവു കൊടുക്കുക. ഭ്രാന്തൻ രഘുവിന്നു പുതപ്പൊന്നുമില്ല, അവനൊരു കമ്പിളി വാങ്ങികൊടുക്കുക. ശസ്ത്രയുടെ അമ്മ വിധവയാണ്; അവഠംക്കു ചിലവിന്നു വല്ലതും സഹായിക്കുക—ക്ഷൌരക്കാരൻ സുന്ദരൻെറ മകൻ സ്കൂളിൽ പോകാറില്ല; അവൻെറ ഫീസ്സവകയ്ക്കു വല്ലതും കൊടുക്കുക—ഇതൊക്കെയാണോ പരോപകാരം?

ഇതു പരോപകാരമാണെന്നുതന്നെ വെയ്ക്കുക! എന്നാൽ ഇതൊക്കെ എത്ര കാലത്തേക്കുണ്ട്? ഇതിന്നു എത്ര സമയംതന്നെ വേണം? എത്രതന്നെ പ്രയത്നം വേണം? മാനസികശക്തിയെ ഇതു എത്രത്തോളം ഉത്തേജിപ്പിക്കും? എനിക്കു സാദ്ധ്യമായതെല്ലാം ഞാൻ ചെയ്യുന്നുണ്ടെന്നല്ല പറയുന്നതു്. പക്ഷേ, എത്രതന്നെ പ്രവർത്തിച്ചാലും എനിക്കുള്ള അഭാവം നിവർത്തിക്കുവാൻ സാധിക്കുമെന്നെനിക്കു തോന്നുന്നില്ല. എനിക്കു യോജിക്കുന്ന പ്രവൃത്തി-എന്റെ മനസ്സിനെ പൂർണ്ണമായി വ്യാപരിപ്പിക്കുന്ന പ്രവൃത്തി കണ്ടു കിട്ടാനാണു എന്റെ ശ്രമം.

ലോകോപകാരത്തിന്റെ വേറൊരു സമ്പ്രദായം ഇപ്പോൾ നടപ്പിൽ വന്നിട്ടുണ്ട്. ചുരുക്കത്തിൽ അതിന്നു 'പ്രസംഗ'മെന്നോ 'ലേഖനമെന്നോ' പേര പറയാം. ലൈബ്രറി, ക്ലബ്ബ്, എസോസിയേഷൻ, സഭ സമാജം, പ്രസംഗം റെസല്യൂഷൺ, ആവേദനം, നിവേദനം, സമവേദനം- ഇതൊന്നും എനിക്കിഷ്ടമില്ല- ഒരിക്കൽ എന്റെ ഒരു സ്നേഹിതൻ ഒരു മഹാസഭയിൽവെച്ചു ഇത്തരത്തിൽ ഉൾപ്പെട്ടതാവുന്ന ഒരാവേദനം വായിക്കുന്നതു കേൾക്കുകയുണ്ടായി. "എന്താ വായിക്കുന്നതു്" എന്നു ചോദിച്ചപ്പോൾ "ഒന്നുമില്ല; കുരുടൻ ഫക്കീർ ഭിക്ഷ ചോദിക്കുകയാണ്" എന്നായിരുന്നു ആയാളുടെ മറുപടി. അതെ ഇതെല്ലാം കുരുടൻ ഫക്കീറിന്റെ ഭിക്ഷചോദിക്കലായിട്ടാണെനിക്കു തോന്നുന്നതു്.

ഈ രോഗത്തിന്നുതന്നെ ഇനി വേറൊരു പ്രകാരഭേദമുണ്ടു്. വിധവകളെ വിവാഹംചെയ്യുക, കുലീനബ്രാഹ്മണ

രുടെ ബഹുഭാൎയ്യാത്വം നിറുത്തുക, ബാല്യവിവാഹം നിരോധിക്കുക, ജാതിവ്യത്യാസം കളയുക, തൊഴുത്തിൽ അടച്ചു പൂട്ടിയ കന്നുകാലികളെപ്പോലെ ബന്ധനസ്ഥകളായ സ്ത്രീകളെ കെട്ടഴിച്ചുവിടുക എന്നൊക്കെയാണ് ജനങ്ങളുടെ മുറവിളി. എനിക്കു സ്വന്തം കന്നുകാലികളില്ല; മററുള്ളവരുടെ തൊഴുത്തുകളെസ്സംബന്ധിച്ചു എനിക്കൊട്ടു കാൎയ്യവുമില്ല. ജാതി വലിച്ചെറിയുന്നതും എനിക്കിഷ്ടമില്ല. എനിക്ക് അതിനുതക്കവണ്ണമുള്ള പഠിപ്പില്ല. എൻെറ മിററമടിക്കുന്നവൻെറ ഒരുമിച്ചിരുന്നുണ്ണാനോ, അവൻെറ മകളെ കല്യാണം കഴിക്കാനോ ഞാനാഗ്രഹിക്കുന്നില്ല. ഒരു പണ്ഡിതശിരോമണിയുടെ മുഖത്തുനിന്നാണെങ്കിൽ നിൎല്ലജ്ജഭാവത്തിൽ കേട്ടു സഹിക്കാൻ എനിക്കു മടിതോന്നാത്ത അധിക്ഷേപം എൻെറ കൂലിക്കാരിൽനിന്നു സ്വീകരിക്കുവാൻ ഞാനൊരുക്കമല്ല. എൻെറ ജാതി എനിക്കുവേണം. വിധവകൾ വിവാഹം ചെയ്യുകയാണെങ്കിൽ ചെയ്തുകൊള്ളട്ടെ; ചെറുപ്പക്കാൎക്ക് ബ്രഹ്മചൎയ്യമനുഷ്ഠിക്കാനാണിഷ്ടമെങ്കിൽ അങ്ങിനെയാവട്ടെ; കുലീനബ്രാഹ്മണൻ ഏകപത്നിയുടെ ഉപദ്രവംകൊണ്ടു തൃപ്തിപ്പെടുകയാണെങ്കിൽ തൃപ്തിപ്പെടട്ടെ; എനിക്കു യാതൊരു വിരോധവുമില്ല. പക്ഷേ ഞാൻ അവരെ അനുകൂലിച്ചതുകൊണ്ടു എന്തു ഗുണമാണുണ്ടാവാൻ പോകുന്നതെന്നു എത്രതന്നെ ആലോചിച്ചിട്ടും വ്യക്തമാകുന്നില്ല!

ആകപ്പാടെ നോക്കിയാൽ, ഈ വംഗസമാജത്തിൽ എന്നെക്കൊണ്ടു യാതൊരു കൎത്തവ്യവുമില്ല. എനിക്കിവി

ടെ സ്ഥാനമില്ല. ഇവിടെയെന്നല്ല, എവിടെയുമില്ല. ഞാൻ ഞാൻതന്നെ—അത്രമാത്രം അതിൽ ഒട്ടും അധികമില്ല. അതാണെൻെറ ദുഃഖം, മറെറാന്നുമല്ല. ലവംഗലതയുടെ ഹസ്താക്ഷരം സ്മൃതിപഥത്തിൽനിന്നു മറഞ്ഞുതുടങ്ങി.

V

കാശിയിൽ, ഗോവിന്ദദത്തൻെറ അടുക്കൽനിന്നു രജനിയുടെ പേരു കേട്ട സന്ദർഭത്തിൽ ഇങ്ങിനെയായിരുന്നു, എൻെറ മനസ്ഥിതി. ഈശ്വരൻ ഗുരുതരമായ ഒരു കാര്യം എന്നെ ഭരമേല്പിച്ചിരിക്കയാണെന്നു എനിക്കപ്പോൾ തോന്നി. ഈ ലോകത്തിൽ എനിക്കൊരു പ്രവൃത്തി കണ്ടുകിട്ടി. അതു രജനിക്കു യഥാൎത്ഥത്തിൽ ഉപകാരമായിവന്നേക്കാം. മറെറാരു ജോലിയും ഇല്ലാത്തസ്ഥിതിക്ക് ഇതെന്തുകൊണ്ടു ചെയ്യാൻ പാടില്ല? ഇതെനിക്കു യോജിച്ച പ്രവൃത്തിയോ?"

ഈ ഘട്ടത്തിൽ, ശചീന്ദ്രൻെറ വംശാവലി ഏതാണ്ടൊന്നു മനസ്സിലാവുന്നതു നന്നായിരിക്കും. ശചീന്ദ്രനാഥൻെറ പിതാവിൻെറ പേരു രാമസദയമിത്രനെന്നും പിതാമഹൻെറ പേരു വാഞ്ഛാരാമമിത്രനെന്നും, പ്രപിതാമഹൻെറ പേരു കേവലരാമമിത്രനെന്നുമാണ്. അവരുടെ പൂൎവ്വം കല്ക്കത്തയിലായിരുന്നില്ല. ശചീന്ദ്രൻെറ അച്ഛനാണ് ആദ്യംതന്നെ കല്ക്കത്തക്കു വന്നു അവിടെ പാർപ്പാക്കിയതു്. അവരുടെ പൂൎവ്വന്മാരുടെ വാസം ഭവാനീനഗരഗ്രാമത്തിലായിരുന്നു. ശചീന്ദ്രൻെറ പ്രപിതാമഹ

ൻ പരമദരിദ്രനായിരുന്നു. പിതാമഹനാണ് സ്വപ്രയത്നം കൊണ്ടു അവക്കു വേണ്ടത്ര ഭൂസ്വത്തുക്കൾ സമ്പാദിച്ചതു്.

വാഞ്ഛാരാമന്നു മനോഹരദാസ്സെന്നു പേരായിട്ടൊരു പരമസ്നേഹിതനുണ്ടായിരുന്നു. വാസ്തവത്തിൽ മനോഹരദാസിൻെറസാഹായ്യംകൊണ്ടാണ് വാഞ്ഛാരാമൻ അത്രയധികം സമ്പത്തിന്നധിപതിയായിതീൎന്നതു്. വാഞ്ഛാരാമൻെറ കായ്യമെന്നു വെച്ചാൽ മനോഹരദാസിന്നു ജീവനായിരുന്നു; സ്വന്താവശ്യത്തിലേക്കു വല്ലതും സമ്പാദിക്കേണമെന്ന മോഹം ആ മനുഷ്യനുണ്ടായിരുന്നതെ ഇല്ല. വാഞ്ഛാരാമൻ അങ്ങോട്ടും ആയാളെ സഹോദരനിവിശേഷം സ്നേഹിച്ചിരുന്നു. വയസ്സുമൂപ്പു വാഞ്ഛാരാമനായിരുന്നതിനാൽ മനോഹരദാസ് അദ്ദേഹത്തെ ജ്യേഷ്ഠനെപ്പോലെയാണ് കരുതിപ്പോന്നതു്. വാഞ്ഛാരാമനും മകൻ രാമസദയനും തമ്മിൽ വലിയ സ്നേഹമൊന്നും ഉണ്ടായിരുന്നില്ല! ഇതിന്നു രണ്ടുകൂട്ടക്കാരും ഏറക്കുറെ ഉത്തരവാദികളായിരുന്നു എന്നാണ് തോന്നുന്നതു്.

ഒരിക്കൽ രാമസദയനും മനോഹരദാസനും തമ്മിൽ കലശലായ ഒരിടച്ചലുണ്ടായി. രാമസദയൻ തന്നെ സഹനാതീതമായ വിധത്തിൽ അവമാനിച്ചുകളഞ്ഞു എന്നു മനോഹരദാസ് വാഞ്ഛാരാമനെ അറിയിച്ചു്, അദ്ദേഹത്തിൻെറ കായ്യാന്വേഷണമെല്ലാം മതിയാക്കി കുടുംബസഹിതം ഭവാനീനഗരത്തിൽ നിന്നു പോയ്ക്കളഞ്ഞു. വാഞ്ഛാരാമൻെറ വിനയപൂൎവ്വമായ അനുനയമൊന്നും

മനോഹരദാസ് ചെവികൊണ്ടില്ല. പിന്നെ വിടേക്കാണ് പോയ്ക്കളഞ്ഞതെന്ന് ആരും അറിഞ്ഞതുമില്ല.

വാഞ്ഛാരാമന്നു രാമസദയനോട്ടുണ്ടായിരുന്നതിലും അധികം സ്നേഹം മനോഹരദാസിനോട്ടുണ്ടായിരുന്നു. എന്നുതന്നെയല്ല ഈ സംഭവത്തിന്നുശേഷം രാമസദയന്റെ പേരിൽ വാഞ്ഛാരാമന്നുണ്ടായ ക്രോധം അപരിമിതമായിത്തീൎന്നു. അദ്ദേഹം മകനെ അതികഠിനമായി ശകാരിച്ചു. മകൻ അതൊന്നും മിണ്ടാതെ കേട്ടു സഹിക്കുകയല്ല ചെയ്തതു്.

പിതാവും പുത്രനും തമ്മിലുണ്ടായ വിവാദത്തിന്റെ ഫലം ഗ്രാമത്തിൽനിന്നു പുത്രന്റെ ബഹിഷ്കരണമായിരുന്നു. മേലിൽ പിതൃഭവനത്തിൽ തിരിഞ്ഞുനോക്കുകയില്ലെന്നു പുത്രനും ശപഥം ചെയ്തു. കോപാകുലനായ വാഞ്ഛാരാമൻ രാമസദയന്നു ഒരു പ്രകാരത്തിലും തന്റെ സ്വത്തിന്നവകാശം ലഭിക്കാത്തവിധത്തിൽ ഒരു മരണപത്രം എഴുതിവെച്ചു. വാഞ്ഛാരാമന്റെ മരണത്തിന്നുശേഷം മനോഹരദാസും മനോഹരദാസിന്റെ അഭാവത്തിൽ ആയാളുടെ അനന്തരാവകാശികളും സ്വത്തിന്നധികാരികളായിരിക്കുമെന്നും അവരുടെയും അഭാവത്തിൽ രാമസദയന്റെ പുത്രപൗത്രാദികൾ യഥാക്രമം ആ സ്വത്തനുഭവിക്കാമെന്നും രാമസദയന്നു ഒരു കാലത്തും അവകാശമുണ്ടായിരിക്കയില്ലെന്നുമായിരുന്നു മരണപത്രത്തിന്റെ ആന്തരം.

രാമസദയൻ സ്വഗൃഹം ത്യജിച്ചു, പ്രഥമപത്നിയോടൊരുമിച്ചു കല്ക്കത്തെക്കു പോയി. ഈ സ്ത്രീക്കു പിതൃദത്തമായി കുറച്ചു സ്വത്തുണ്ടായിരുന്നതിനെ ആധാരമാക്കിയും, ദയാശീലനായ ഒരു കച്ചവടക്കാരൻ സാഹ്യിൻെറ ആനുകൂല്യത്താലും ആയാൾ ഒരു കച്ചവടം തുടങ്ങി; ശ്രീഭഗവതി ആയാളെ കടാക്ഷിച്ചു, കുടുംബം ഭരിച്ചു സുഖമായി കാലക്ഷേപം ചെയ്യാനുള്ള സൌകര്യം ആയാൾക്കു സിദ്ധിച്ചു.

രാമസദയൻ കഷ്ടപ്പെടേണ്ടിവന്നിരുന്നെങ്കിൽ വാഞ്ഛാരാമൻെറ മനസ്സു ഒരു സമയം മകൻെറ പേരിൽആർദ്രമായിത്തീരുമായിരുന്നു. അച്ഛൻെറ ഹൃദയത്തിൽ വല്ല സ്നേഹശകലവും ശേഷിച്ചിരുന്നു എങ്കിൽ അതെല്ലാം പുത്രൻെറ സമ്പന്നസ്ഥിതിയെക്കുറിച്ചു കേട്ടതോടുകൂടി നാമാവശേഷമായി. പിതാവു മടക്കിവിളിച്ചാൽ അല്ലാതെ തിരിച്ചുപോവുകയില്ലെന്നു തീർച്ചപ്പെടുത്തിയിരുന്ന അഭിമാനിയായ പുത്രൻ, അച്ഛൻെറ യോഗക്ഷേമത്തെക്കുറിച്ചു യാതൊരന്വേഷണവും ചെയ്തില്ല. ഈ ഉദാസീനതയെ ഭക്തിശൂന്യതയും അനാദരവുമായി വ്യാഖ്യാനിച്ച്, വാഞ്ഛാരാമൻ രാമസദയനെ മടക്കിവിളിക്കാൻ തുനിഞ്ഞതുമില്ല.

ഇങ്ങിനെ രണ്ടുകൂട്ടരും രാഗദ്വേഷത്തിന്നു വശംവദരായിത്തന്നെ കാലംകഴിച്ചു. മണപത്രം മാററി എഴുതുവാൻ ഇടവന്നതുമില്ല. അങ്ങിനെയിരിക്കുമ്പോൾ, വാ

ഞ്ചാരാമൻ പൊട്ടന്നനവെ പരലോകം പ്രാപിക്കുകയും ചെയ്തു.

രാമസദയൻ ശോകാകുലനായി; പിതാവു മരിക്കുന്നതിന്നു മുമ്പായി അദ്ദേഹത്തെ ചെന്നു കണ്ടു തൻെറ കത്തവ്യം അനുഷ്ഠിച്ചില്ലല്ലൊ എന്ന ദുഃഖത്താൽ വളരെ ദിവസം അയാൾ കരഞ്ഞുകൊണ്ടിരുന്നു. പിന്നീടു ഭവാനീനഗരത്തിലേക്കു പോകാൻ മനസ്സു വരായ്കയാൽ കല്ക്കത്തയിൽവെച്ചുതന്നെ പിതൃകമ്മങ്ങൾ നിവ്വഹിച്ചു. അച്ഛൻെറ ഗൃഹം അപ്പോഴേക്കു മനോഹരദാസിൻെറ സ്വത്തായിത്തീൎന്നു സ്ഥിതിക്കു അങ്ങോട്ടു പോകാത്തതു നന്നായെന്നു തന്നെയാണല്ലൊ പറയേണ്ടതു്.

മനോഹരദാസിൻെറ വൎത്തമാനമാണെങ്കിൽ യാതൊന്നും ഇല്ല. വാഞ്ഛാരാമൻ മരിക്കുന്നതിന്നു മുമ്പുതന്നെ മനോഹരദാസിനെ കണ്ടു പിടിക്കുവാൻ പല പരിശ്രമങ്ങളും ചെയ്തിരുന്നു എന്നും അതൊന്നും ഫലിക്കായ്കയാൽ അദ്ദേഹം മരണപത്രത്തിൽ ഒരു ക്രോഡപത്രം എഴുതിച്ചേൎത്തിരുന്നു എന്നും, അതുമുഖേന കല്ക്കത്താവാസിയും സ്വബന്ധുക്കളിൽ ഒരാളുമായ വിഷ്ണുരാമസക്കാരിനെ മരണപത്രത്തിൻെറ നിവ്വാഹകനായി (എക്സിക്യൂട്ടർ) നിയമിച്ചിരിക്കുന്നു എന്നും പിന്നീടറിയുവാനിടയായി. മനോഹരദാസിനെ കണ്ടുപിടിക്കുവാൻ വിഷ്ണുരാമസക്കാർ കഴിയുന്നത്ര പരിശ്രമിക്കേണ്ടതാണെന്നും അയാളെ കണ്ടുകിട്ടുകയില്ലെന്നു തീൎച്ചപ്പെട്ടാൻ മാത്രം സ്വത്തുക്കൾ മരണപത്ര

067497
MUL



ത്തിൽ നിർദ്ദേശിച്ചിട്ടുള്ള അനന്തരാവകാശികളെ ഏല്പി ക്കേണ്ടതാണെന്നും അതിൽ എഴുതിച്ചേർത്തിരുന്നു.

അത്യന്തം വിചക്ഷണനും നിരപേക്ഷനും കർമ്മഠനു മായിരുന്ന വിഷ്ണുരാമബാബു, വാഞ്ഛരാമന്റെ മരണ ത്തിന്നു ശേഷം മനോഹരദാസിനെപ്പററി അന്വേഷണങ്ങ ൾ നടത്തുകയും, വാഞ്ഛരാമൻ അനവധി ധനവ്യയവും പ്രയത്നവും ചെയ്തിട്ടുകൂടി ലഭിച്ചിരുന്നില്ലാത്ത ചില ഗൂഢ സംഗതികൾ കണ്ടുപിടിക്കുകയും ചെയ്തു. മനോഹരൻ ഭ വാനീനഗരം വിട്ട ഉടനെ കുറച്ചു കാലം കുഡുംബസമേതം ഢാക്കാ നഗരത്തിൽ ചെന്നു പാർത്തുവെന്നും അവിടെ ജീവികാനിർവ്വഹണത്തിന്നു നേരിട്ട കഷ്ടതനിമിത്തം തോ ണിവഴിയായി കല്ക്കത്തക്കു പോകാൻ പുറപ്പെട്ടുവെന്നും, മാർഗ്ഗമദ്ധ്യത്തിൽ കാററും കോളുംകൊണ്ടു തോണിമറി ഞ്ഞു സപരിവാരം വെള്ളത്തിൽ മുങ്ങിമരിച്ചുവെന്നും വി ഷ്ണുരാമൻ അന്വേഷണത്താൽ അറിഞ്ഞു. ആയാളുടെ അ വകാശികളായി ആരെങ്കിലും ഉണ്ടോ എന്നുള്ള വിവരം കിട്ടിയില്ല.

ഈ സംഗതികളെല്ലാം പ്രമാണസഹിതം സംഗ്രഹി ച്ചു വിഷ്ണുരാമബാബു രാമസദയന്നു കാണിച്ചു കൊടുത്തു. വാഞ്ഛരാമന്റെ ഭൂസ്വത്തിന്നു ഇനിയത്തെ അവകാശി കൾ ശചീന്ദ്രനും അയാളുടെ സഹോദരന്നുമാണെന്നു തീരു മാനിച്ചു വിഷ്ണുരാമബാബു അതെല്ലാം അവരുടെ കയ്യിൽ സമർപ്പിച്ചു.

രജനി എന്ന പെൺകുട്ടി ഇപ്പോൾ ജീവിച്ചിരിക്കു ന്നുണ്ടെങ്കിൽ, രാമസദയമിത്രൻ അനുഭവിക്കുന്ന സ്വത്തു

ക്കറം സവ്വവും ആര ജനിയുടേതാണ്. ആ പെൺകിടാവ് ഇപ്പോറം ദാരുണമായ ദാരിദ്ര്യത്താൽ കുഴങ്ങുകയായിരിക്കാം. എനിക്കിപ്പോറം വേറെ ജോലിയൊന്നുമില്ലാത്ത സ്ഥിതിക്ക അവളെ കണ്ടുപിടിക്കാൻ സാധിക്കുമോ എന്ന പരീക്ഷിച്ചുനോക്കട്ടെ.

## VI

ബങ്കാളിലേക്ക വന്നതിന്നുശേഷം, ഗ്രാമീണനായ ഒരു ചാർച്ചക്കാരൻെറ ക്ഷണനപ്രകാരം ഞാൻ ആയാളുടെ വീട്ടിൽ താമസിക്കുകയുണ്ടായി. ഒരുദിവസം പ്രഭാതത്തിൽ എഴുന്നേററു ഗ്രാമപയ്യടനം ചെയ്യാൻ എനിക്കൊരുത്സാഹം തോന്നി. ഒരുവശത്ത് നിഭൃതവും കോകിലകാകളീകളരവത്താൽ ചേതോഹരവുമായ വനം; നാലുഭാഗത്തും ശ്യാമപല്ലവദളങ്ങളോടുകൂടി നിബിഡമായി വളൎന്ന വൃക്ഷരാജികറം; ചില ദിക്കിൽ കോമളകലികകറം; വേറൊരുദിക്കിൽ പ്രഫുല്ലകുസുമങ്ങറം; ഒരിടത്തു അപക്വഫലങ്ങറം; മറെറാരിടത്തു തുടുത്ത പഴങ്ങറം; ഇങ്ങിനെ ചേതോഹാരിയായ ആ വനമദ്ധ്യത്തിൽ നിന്നു ഒരാൎത്തനാദം കേറക്കാറായപ്പോറം എനിക്കാശ്ചയ്യം തോന്നി, ഉള്ളിലേക്ക കടന്ന ഉടനെ വികടാകൃതിയായ ഒരു പുരുഷൻ ഒരു യുവതിയെ ബലാല്ക്കാരമായി ആക്രമിക്കുന്നതു കാണാറായി.

അവനൊരു തറവാടിത്തമില്ലാത്ത പാഷണ്ഡനാണെന്നു ദർശനമാത്രത്തിൽ എനിക്ക മനസ്സിലായി. കാഴ്ചക്ക ബലവാനെപ്പോലെ തോന്നി. അരയിൽ ഒരു കത്തി തിരുകീട്ടുണ്ടായിരുന്നു.

ഞാൻ പതുക്കെ പതുക്കെ അവൻെറ പിൻഭാഗത്തു ചെന്ന്, അരയിൽ തിരുകിയിരുന്ന കത്തി വലിച്ചെടുത്തു ദൂരത്തെറിഞ്ഞു. തൽക്ഷണം ആ ദുഷ്ടൻ യുവതിയെ വിട്ട എൻെറ നേരെ തിരിഞ്ഞു, എന്നെ ശകാരവഷത്തിൽ കുളിപ്പിച്ചു. അവൻെറ നോട്ടം കണ്ടപ്പോൾ എനിക്കും ശങ്കയായി.

ആ ഘട്ടത്തിൽ കാലവിളംബം അനാശാസ്യമെന്ന തോന്നുകയാൽ ഞാൻ വേഗത്തിൽ ചെന്ന അവൻെറ കഴുത്തിൽ കൈവെച്ചു. അവൻ ഒരൊററ തട്ടിന, എൻെറ കൈ തെറിപ്പിച്ചു, എന്നെ പിടികൂടി. ഞാൻ അവനെയും പിടിച്ചു. അവന എന്നെക്കാൾ ബലമുണ്ടായിരുന്നുവെങ്കിലും എനിക്ക അശേഷം ഭയമൊ ചഞ്ചലതയൊ തോന്നിയില്ല.

ഈ തക്കംനോക്കി ഞാൻ യുവതിയോട്ട "ഓടിക്കൊൾക. ഇവനെ ഞാൻ വേണ്ടപോലെ നോക്കിക്കൊള്ളാം" എന്നു പറഞ്ഞു.

"എവിടെക്കാണ് ഓടുക? എനിക്ക വഴി യറിഞ്ഞുകൂട" എന്നായിരുന്നു ആ യുവതിയുടെ മറുവടി.

അന്ധയൊ? ഈ വൃത്താന്തം എനിക്ക പൂർവ്വാധികമായ ഒരു ചൈതന്യം നൽകി. രജനി എന്നു പേരായ ഒര ന്ധകന്യകയെ കണ്ടുകിട്ടാനായിരുന്നു എൻെറ പരിശ്രമം.

ആ അക്രമിക്ക എന്നെ പ്രഹരിക്കുവാൻ സാധിച്ചില്ലെങ്കിലും അവൻ എന്നെ ശക്തിയോടുകൂടി പിടിച്ചു വലിച്ചുകൊണ്ടുപോകുന്നുണ്ടായിരുന്നു. അവൻെറ

കത്തി വലിച്ചെറിഞ്ഞ സ്ഥലംവരെ എന്നെ വലിച്ചുകൊണ്ടു പോകാനാണ് അവന്റെ ശ്രമമെന്നു എനിക്കു മനസ്സിലായി. ഉടനെ തന്നെ അവന്റെ പിടുത്തം വിടുത്തി ഞാൻ ഓടിച്ചെന്നു കത്തി കൈയ്യിലാക്കി. ആ ദുഷ്ടൻഅപ്പോഴേക്കു ഒരു മരക്കൊമ്പു പൊട്ടിച്ചു, അതു ചുഴററിക്കൊണ്ടു എന്റെ കയ്യിന്മേൽ ഒരടി അടിച്ചു. കത്തി കയ്യിൽനിന്നു താഴത്തുവീണു. അവൻ അതെടുത്തു എന്നെ മൂന്നു നാലിടത്തുകുത്തി മുറിയേല്പിച്ചശേഷം ഓടിപ്പോയ്ക്കളഞ്ഞു.

എനിക്കു കലശലായ വേദനയുണ്ടായി. വളരെ ബുദ്ധിമുട്ടിയാണ് ഞാൻ എന്റെ ബന്ധുവിന്റെ വീട്ടിലേക്കു തിരിച്ചുപോകാൻ തുടങ്ങിയതു്. ആ അന്ധയുവതിയും എന്റെ പാദശബ്ദത്തെ അനുഗമിച്ചു എന്റെ ഒരുമിച്ചു വന്നു. കുറച്ചുദൂരം നടന്നപ്പോഴേക്കു എന്റെ കാൽ മുന്നോട്ടു നീങ്ങാതായി. ആ വഴിക്കു പോകുന്ന ഏതൊ ഒരാളുടെ സഹായത്താൽ ഞാൻ ഒരു വിധത്തിൽ ബന്ധുഗൃഹത്തിൽ എത്തിച്ചേന്നു.

അവിടെ ഞാൻ കുറച്ചുകാലം ശയ്യയെ അവലംബിക്കേണ്ടിവന്നു. ആശ്രയാന്തരത്തിന്റെ അഭാവത്താലും എന്റെ സ്ഥിതിയെന്താണെന്നു തീർച്ചപ്പെടാതെ അവിടെനിന്നുപോയ്ക്കളയുന്നതു ഭംഗിയല്ലെന്ന വിചാരത്താലും ആ അന്ധയുവതിയും അവിടെത്തന്നെ താമസിച്ചു.

വളരെദിവസം ബുദ്ധിമുട്ടിയശേഷം എനിക്കു വീണ്ടും ആരോഗ്യലാഭമുണ്ടായി.

ആ പെൺകിടാവ് അന്ധയാണെന്നു കണ്ടെത്തു മുതല്ക്കേ എനിക്കു സംശയം ജനിച്ചിരുന്നു. അവളെ ഒന്നാമതായി എന്റെ രോഗശയ്യയ്ക്കരികെ കണ്ട ദിവസംതന്നെ ഞാൻ അവളോടു "എന്താണ് പേര്" എന്നു ചോദിച്ചു.

"രജനി."

ഞാൻ ഒന്നു ഞെട്ടി. "രാമചന്ദ്രപ്രദാസിന്റെ മകളോ ?"

രജനിക്കും വിസ്മയം തോന്നി. "അങ്ങേയ്ക്കു അച്ഛനെ പരിചയമുണ്ടോ?" എന്നു അവൾ ചോദിച്ചതിന്നു ഞാൻ സ്പഷ്ടമായി യാതൊരു മറുപടിയും പറഞ്ഞില്ല

എനിക്കു നല്ല സുഖമായ ശേഷം ഞാൻ രജനിയെയും കൂട്ടി കല്ക്കത്തയ്ക്കു പുറപ്പെട്ടു.

## VII

കല്ക്കത്തയ്ക്കു പോകുമ്പോൾ രജനിയ്ക്കു സംകോചം തോന്നാതിരിക്കാൻവേണ്ടി ഞാൻ അവളുടെ സഹായത്തിന്നു എന്റെ ബന്ധുവിന്റെ ഗൃഹത്തിൽനിന്നു ഒരു വൃദ്ധപരിചാരികയെ കൂട്ടിയിരുന്നു. "രജനിയുടെ വീടു കല്ക്കത്തയിലാണെന്നല്ലേ പറഞ്ഞത്? ഇവിടെ എങ്ങിനെ വന്നു?" എന്നു പോകുംവഴിക്കു ഞാൻ രജനിയോടു ചോദിച്ചു.

രജനി—"ഉണ്ടായ സംഗതി മുഴുവനും ഞാൻ പറയണോ?"

ഞാൻ. "ഇഷ്ടമില്ലെങ്കിൽ പറയണമെന്നില്ല."

വാസ്തവത്തിൽ, ആ അന്ധയുവതിയുടെ ബുദ്ധിഗുണവും, വിവേചനശീലവും, സരളതയും എന്നെ സവിശേഷം സന്തോഷിപ്പിച്ചിരുന്നു. അവൾക്കു യാതൊരു പ്രകാരത്തിലും ക്ലേശത്തിന്നിടവരുത്തരുതെന്നു എനിക്കാഗ്രഹമുണ്ടായിരുന്നു. രജനി ഇപ്രകാരം മറുപടിപറഞ്ഞു:–"അങ്ങയുടെ അനുമതിയോടുകൂടി ചില സംഗതികൾ ഞാൻ രഹസ്യമായി വെച്ചുകൊള്ളട്ടെ. ഗോപാലവസു എന്നൊരാൾ ഞങ്ങളുടെ വീട്ടിന്നടുത്തു താമസമുണ്ട്. ആയാളുടെ ഭാൎയ്യയായ ചമ്പ എന്ന സ്ത്രീയുമായി സംഗതിവശാൽ എനിക്കു പരിചയത്തിന്നിടയായി. അവളുടെ അച്ഛന്റെ വീടു ഹുഗ്ലിയിലാണ്. 'എന്റെ അച്ഛന്റെ വീട്ടിലേക്കു പോകാൻ വിരോധമുണ്ടോ?' എന്നൊരുദിവസം അവൾ എന്നോടു ചോദിച്ചു. അങ്ങിനെയാവാമെന്നു ഞാനും സമ്മതിച്ചു. ഒരുദിവസം അവൾ എന്നെ ഗോപാലവസുവിന്റെ വീട്ടിലേക്കു കൂട്ടിക്കൊണ്ടു പോയി. അവിടെ നിന്നു അവളുടെ അച്ഛന്റെ വീട്ടിലേക്കു പോകുമ്പോൾ അവൾ എന്റെ കൂടെ വന്നില്ല. അനുജൻ ഹീരാലാലിനെ എനിക്കു തുണയായിട്ടയച്ചു. ഹീരാലാൽ ഒരു തോണി ഏൎപ്പാടുചെയ്തു ഞങ്ങൾ രണ്ടുപേരും ഹുഗ്ലിക്കു യാത്രയായി."

രജനി ഹീരാലാലിനെ സംബന്ധിച്ചു ചില സംഗതികൾ ഗോപനം ചെയ്യുന്നുണ്ടെന്നെനിക്കു മനസ്സിലായി.

"രജനി ആയാളുടെ ഒരുമിച്ചു പോയെയൊ?" എന്നു ഞാൻ ചോദിച്ചു.

രജനി—"പോകാൻ എനിക്കിഷ്ടമുണ്ടായിരുന്നില്ല; എന്തുകൊണ്ടാണ് പോകേണ്ടിവന്നതെന്നു എന്നോടു ചോദിക്കരുതേ! വഴിക്കുവെച്ചു ഹീരാലാൽ എന്നോടു നിർമ്മര്യാദയായി പെരുമാറാൻ ഭാവിച്ചു. ഞാൻ വഴിപ്പെട്ടുകയില്ലെന്നു കണ്ടപ്പോൾ ആയാൾ എന്നെ ഗംഗാനദിയിൽ ഏതോ ഒരു തുരുത്തിൽ ഇറക്കി തോണിയിൽ കയറി പോയ്ക്കളഞ്ഞു."

രജനി ഇത്രയും പറഞ്ഞു മൌനം അവലംബിച്ചു. ഞാൻ ഹീരാലാലിനെ കപടവേഷധാരിയായ ഒരു രാക്ഷസനായി സങ്കല്പിച്ചു. അവന്റെ രൂപം മനസ്സുകൊണ്ടു ധ്യാനിച്ചുനോക്കി. കുറച്ചു കഴിഞ്ഞപ്പോൾ രജനി അവളുടെ കഥ തുടൎന്നു.

"ആയാൾ പോയപ്പോൾ ഞാൻ മുങ്ങി മരിച്ചുകളയാനുറച്ചു് വെള്ളത്തിലേക്കിറങ്ങി."

ഞാൻ;—"അതെന്തിനു്? ഹീരാലാലിനോടു അത്രയധികം അനുരാഗമുണ്ടായിരുന്നുവോ?

രജനി:—നെററി ചുളിച്ചു. "എള്ളിൻ മണിയോളംകൂടി ഇല്ല. അത്രയധികം വിരക്തി എനിക്ക് ഈ ലോകത്തിൽ മററാരോടുമില്ല."

ഞാൻ:—"എന്നാൽ പിന്നെ എന്തിനാണ് മുങ്ങിച്ചാവാൻ പോയതു്?"

രജനി:—"എന്റെ മനസ്സിനെ പീഡിപ്പിച്ചിരുന്ന ദുഃഖം അങ്ങയോടെങ്ങിനെ പറയേണ്ടു?"

ഞാൻ:--"വേണ്ടാ, അതിന്നുശേഷം എന്തുണ്ടായി?"

രജനി;--"ഞാൻ ഗംഗാപ്രവാഹത്തിൽ ഒഴകിപ്പോയ്ക്കൊണ്ടിരുന്നു. ആ വഴിക്കു പോയിരുന്ന ഒരു തോണിയിലെ ആളുകൾ എന്നെ കണ്ടു, തോണിയിലേക്കു പിടിച്ചു കയററി. അങ്ങു എന്നെ കണ്ടില്ലേ, ആ സ്ഥലത്തെത്തിയപ്പോൾ തോണിയിൽ ഉണ്ടായിരുന്നവരിൽ ഒരാൾ ഇറങ്ങി. ഇറങ്ങുന്ന അവസരത്തിൽ, ആ മനുഷ്യൻ എന്നോടു എവിടെയാണിറങ്ങേണ്ടതെന്നുചോദിച്ചു. എവിടെ ഇറക്കിയാലും ഇറങ്ങിക്കൊള്ളാമെന്നു ഞാൻ മറുപടിപറഞ്ഞപ്പോൾ എന്റെ വീടെവിടെയാണെന്നുചോദിച്ചു. കല്ക്കത്തയിലാണെന്നു ഞാൻ മറുപടി പറഞ്ഞു. അപ്പോൾ ആയാൾ ഞാൻ നാളെ കല്ക്കത്തക്കു പോകും. ഇന്നു എന്റെ കൂടെ താമസിച്ചാൽ നാളെ കല്ക്കത്തയിൽ കൊണ്ടുപോയി വിടാം" എന്നു പറഞ്ഞു. ഞാൻ ഇതുകേട്ടു സന്തോഷിച്ചു ആയാളുടെ ഒരുമിച്ചിറങ്ങി. അതിന്നുശേഷം നടന്ന സംഭവം അങ്ങു കണ്ടതാണല്ലൊ."

ഞാൻ;—"അവന്റെ കയ്യിൽനിന്നാണോ ഞാൻ രജനിയെ മോചിപ്പിച്ചതു്?"

രജനി; –"അതെ."

ഞാൻ കല്ക്കത്തയിൽ എത്തി രജനി പറഞ്ഞുതന്ന സ്ഥലത്തു ചെന്നന്വേഷിച്ചു. രാജചന്ദ്രദാസിന്റെ വീടു കണ്ടുപിടിച്ചു. രജനിയോടുകൂടി ഞാൻ അവിടെ ചെന്നു ചേൎന്നപ്പോൾ രാജചന്ദ്രൻ പ്രകാശിപ്പിച്ച ആനന്ദത്തിന്ന

ളവില്ല. അയാളുടെ ഭാര്യ വളരെ നേരം കരഞ്ഞു. രജനിയുടെ വൃത്താന്തം പറഞ്ഞുകേൾപ്പിച്ചപ്പോൾ അവർ എന്നോട്ട സവിശേഷമായ കൃതജ്ഞത പ്രദർശിപ്പിച്ചു.

ഒടുവിൽ ഞാൻ രാമചന്ദ്രനെ പ്രത്യേകമായി വിളിച്ച ഇങ്ങിനെ ചോദിച്ചു:--"നിങ്ങളുടെ മകൾ വീടുവിട്ട പോകാൻ കാരണമെന്താണെന്നറിയുമോ?"

രാമചന്ദ്രൻ:--"അറിഞ്ഞുകൂട. ഞാൻ കഴിയുംപോലെ ആലോചിച്ചുനോക്കി. എന്നിട്ടും ഒരു തുമ്പുകിട്ടിയില്ല."

ഞാൻ:--"രജനി വെള്ളത്തിൽ മുങ്ങിച്ചാവാൻ ഒരുമ്പെട്ടതു എന്തു ദുഃഖംകൊണ്ടാണെന്നറിയുമോ?"

രാജചന്ദ്രന്നാശ്ചര്യം തോന്നി. "രജനിക്കു അങ്ങിനെ തോന്നത്തക്കവണ്ണം യാതൊരു ദുഃഖവും ഞാൻ കാണുന്നില്ല. അവൾക്കു കണ്ണുകാണാത്തതു ഒരു ദുഃഖംതന്നെയാണ്. പക്ഷെ അതുനിമിത്തം ഇത്ര കാലത്തിന്നു ശേഷം അവൾ മുങ്ങിച്ചാകേണ്ടുന്ന ആവശ്യമില്ല. പിന്നെ ഒരു സംഗതി അവൾ പ്രായംചെന്ന പെൺകിടാവാണ്, ഇനിയും കല്യാണം കഴിഞ്ഞിട്ടില്ല, എന്നാണ്. പക്ഷെ അതുകൊണ്ടു ദുഃഖമുണ്ടെന്നു തോന്നുന്നില്ല. പോരെങ്കിൽ അവൾക്കൊരു വിവാഹം നിശ്ചയിക്കുകയും ചെയ്തിരുന്നു. വിവാഹത്തിന്നു തലേദിവസം രാത്രിയാണു അവൾ വീടുവിട്ടു പോയ്ക്കളഞ്ഞതു്."

ഇതൊരു പുതിയ വൃത്താന്തമായിരുന്നു. "അവൾ വീടുവിട്ടു പോയ്ക്കളയുകയാണൊ ചെയ്തതു?" എന്നു ഞാൻ ചോദിച്ചു.

രാജ--"അതെ"

ഞാൻ--"നിങ്ങളോടാരോടും പറയാതെയോ?"

രാജ--"ആരോടും പറയാതെ"

ഞാൻ--"ആൎക്ക വിവാഹം ചെയ്തു കൊടുക്കാനായിരുന്നു നിശ്ചയിച്ചതു്?"

രാജ--"ഗോപാലവസുവിന്നു"

ഞാൻ--"ഏതു ഗോപാലവസു? ചമ്പയുടെ ഭൎത്താവോ?"

രാജ--"അതെ. അങ്ങേക്ക് എല്ലാം വിവരവും അറിയാമല്ലൊ."

എനിക്കൊരു വെളിച്ചം കിട്ടി. ചമ്പ സാപത്ന്യദുഃഖം ഭയന്നു രജനിയെ വഞ്ചനംചെയ്തു, അന്യജന്റെ കൂടെ ഹുഗ്ലിക്കയച്ചതായിരിക്കണം, എന്നും അവളുടെ ആവശ്യപ്രകാരമായിരിക്കാം ഹീരാലാൽ രജനിക്കു ജീവനാശം വരുത്താൻ ഉദ്യമിച്ചതെന്നും എനിക്കപ്പോൾ തോന്നി. എങ്കിലും ആ ഊഹം ഞാൻ രാജചന്ദ്രനെ അറിയിച്ചില്ല.

ഞാൻ-"അതെ; എനിക്ക് അതെല്ലാം അറിയാം. വേറെ ചിലതുകൂടി എനിക്കറിയാവുന്നതു് ഞാൻ പറയാം. നിങ്ങൾ യാതൊന്നും ഒളിച്ചുവെയ്ക്കരുതു്."

രാജ-"ഇല്ല. അങ്ങയുടെ ആജ്ഞപോലെ."

ഞാൻ-"രജനി നിങ്ങളുടെ മകളല്ല; അതെയോ?"

രാജചന്ദ്രൻ ആശ്ചൎയ്യപ്പെട്ടു. "എന്റെ മകളല്ലെങ്കിൽ പിന്നെ ആരുടെ മകളാണു്?"

ഞാൻ-"ഹരേകൃഷ്ണദാസിന്റെ"

രാജചന്ദ്രൻ അല്പനേരത്തേക്കു യാതൊന്നും പറഞ്ഞില്ല. ഒടുവിൽ ഇങ്ങിനെ പറഞ്ഞു. "അങ്ങ് ആരാണെന്നെനിക്കറിഞ്ഞുകൂടാ. എങ്കിലും ഞാൻ കാലുപിടിച്ചപേക്ഷിക്കാം; ഈ സംഗതി രജനിയോടു പറയരുതേ."

ഞാൻ--"ഇപ്പോൾ ഏതായാലും പറയുകയില്ല, പക്ഷേ ഒരുകാലത്തു പറയേണ്ടതായിവരും. ഞാൻ ചോദിക്കുന്നതിന്നു സത്യമായി സമാധാനം പറയണം. ഹരേകൃഷ്ണൻ മരിക്കുമ്പോൾ രജനിയ്ക്കു ചില ആഭരണങ്ങളുണ്ടായിരുന്നില്ലേ?

രാജചന്ദ്രന്നു ഭയമായി. "ആഭരണങ്ങളെപ്പററി എനിക്ക് യാതൊന്നും അറിഞ്ഞുകൂട. എനിക്ക് അതൊന്നും കിട്ടീട്ടുമില്ല."

ഞാൻ--"ഹരേകൃഷ്ണൻെറ മരണത്തിന്നുശേഷം അയാളുടെ സ്വത്തിനെപ്പററി അന്വേഷിക്കാൻ നിങ്ങൾ ആ ദിക്കിൽ ചെന്നിരുന്നില്ലേ?"

രാജ–"ചെന്നിരുന്നു; ഹരേകൃഷ്ണദാസിന്നുണ്ടായിരുന്നതെല്ലാം പൊല്ലീസ്സുകാർ പിടിച്ചടക്കിയതായി കേട്ടു."

ഞാൻ–"എന്നിട്ടു നിങ്ങളെന്തുചെയ്തു?"

രാജ–"ഞാൻ എന്തുചെയ്യാനാണ്? എനിക്കു പോലിസ്സുകാരെ ബഹുഭയമാണ്. മുമ്പൊരിക്കൽ രജനിയുടെ വള കളവുപോയ സംഗതിക്കു അവരെന്നെ വല്ലാതെ ബുദ്ധിമുട്ടിച്ചിരുന്നു. അതുകൊണ്ടു പൊല്ലീസ്സുകാരുടെ പേരു കേട്ട ക്ഷണത്തിൽ ഞാൻ മിണ്ടാതെ മടങ്ങിപ്പോന്നു."

ഞാൻ-"രജനിയുടെ വള എങ്ങിനെയാണ് കളവുപോയതു്?"

രാജ-"രജനിയുടെ അന്നപ്രാശനസമയത്ത് വള കാണാതെപോയി. പിന്നീട്ട കള്ളനെ പിടി കിട്ടി. വദ്ധമാനത്തിലായിരുന്ന അവൻെറ വിചാരണ. തെളിവു കൊടുക്കാൻ വേണ്ടി ഈ കല്ക്കത്തയിൽനിന്ന വദ്ധമാനത്തിലേക്ക പോയപ്പോഠം ഞാൻ പെട്ട പാട്ട കുറച്ചൊന്നമല്ല.

എ,നിക്ക വഴി നല്ലവണ്ണം തെളിഞ്ഞു.

# തൃതീയഖണ്ഡം.

## ശചീന്ദ്രന്റെകഥ.

I

രജനിയുടെ ജീവിതചരിത്രത്തിൽ ഈ ഭാഗം എഴുതാനുള്ളഭാരം എനിക്കാണെന്നുപറയുന്നു; ആവട്ടെ, എഴുതാം.

ഞാൻ രജിനിയുടെ വിവാഹത്തിന്നു വേണ്ടുന്ന സകലഒരുക്കങ്ങളും ചെയ്തിരുന്നു. അങ്ങിനെയിരിക്കുമ്പോൾ, വിവാഹദിവസം രാവിലെ രജനി ഓടിപ്പോയ്ക്കളഞ്ഞു എന്നും എവിടെയും കണ്ടുകിട്ടിയില്ലെന്നും പറയുന്നതു കേട്ടു. അവളെ ഞാനും അന്വേഷിച്ചു; പക്ഷേ ഫലമുണ്ടായില്ല. അവൾ ദുസ്വഭാവിയാണെന്നായിരുന്നു ചിലരുടെ പക്ഷം; എനിക്കതു വിശ്വാസമായില്ല. ഞാൻ അവളെ പല പ്രാവശ്യവും കണ്ടിട്ടുണ്ട്; അവൾ ഒരിക്കലും ദുസ്വഭാവയായിരിപ്പാൻ തരമില്ലെന്നു ഞാൻ ശപഥം ചെയ്യാനൊരുക്കമാണ്. ഒരു സംഗതി, പക്ഷെ, സംഭാവ്യമാണ്. കൗമാരാവസ്ഥയിൽ തന്നെ അവൾ വല്ല യുവാവിലും അനുരക്തയായിത്തീരുകയാൽ, അന്യനുമായുള്ള വിവാഹം ഭയന്നു ഗൃഹത്യാഗം ചെയ്തതാണെന്നു ഊഹിക്കാം. പക്ഷെ ഇതിലും വൈഷമ്യമുണ്ട്. ഒന്നാമതു്, അന്ധയായ അവൾ .സാഹസപ്പെട്ടു സ്വഗൃഹം ·വിട്ടുകളയുന്നതെങ്ങിനെയാണ്? രണ്ടാമതു്, അന്ധയായ സ്ഥിതിക്കു ഒരുവനിൽ പ്രണയാസ

ക്തയായിത്തീരുന്നതും അസാദ്ധ്യമാണ്. എന്റെ അഭിപ്രായം കേൾക്കുമ്പോൾ ചിലൎക്ക പരിഹാസം തോന്നുമായിരിക്കാം. അതുകൊണ്ടെനിക്കു വിരോധമില്ല. എന്നെപ്പോലെയുള്ള വിഡ്ഢികൾ വേറെയും അനേകം പേരുണ്ടു. രണ്ടുമൂന്നു പുസ്തകങ്ങൾ വായിക്കുമ്പോഴേക്കും, ലോകത്തിലെ ചേതനാചേതനങ്ങളുടെ ഗ്ര ഢാൽഗ്രഢതരങ്ങളായ തത്വങ്ങളെല്ലാം നഖദൎപ്പണപ്രായമായെന്നു നമ്മൾ നടിക്കുന്നു! നമ്മുടെ ബുദ്ധിക്കു ഗ്രഹിക്കുവാൻ സാധിക്കാത്തതിലൊന്നിലും നമുക്കു വിശ്വാസം തോന്നുന്നില്ല. നമ്മുടെ ക്ഷുദ്രവിചാരശക്തികൊണ്ടു ആ ബൃഹത്തത്വത്തെവിമൎശിക്കുവാൻ സാധിക്കാത്തതിനാൽ നാം ഈശ്വരൻനില്ലെന്നുകൂടി വാദിക്കുന്നു. അന്ധജനത്തിന്നു സൌന്ദൎയ്യബോധത്തെ കുറിച്ചുള്ള അഭിലാഷം നമുക്കെങ്ങിനെ മനസ്സിലാവും?

രജനിയെ കാണാതായ രാത്രിമുതൽക്കു ഹീരാലാലിനെയും കാണാനില്ലെന്നു അന്വേഷണത്തിനിടയിൽ ഞാൻ അറിഞ്ഞു. ഹീരാലാലിന്റെ കൂടെ ചാടിപ്പോകാനാണ് രജനി സ്വഗൃഹം ത്യജിച്ചതെന്നു നാട്ടുകാർ പറഞ്ഞു പരത്തി. ഹീരാലാൽ രജനിയെ വ്യാമോഹിപ്പിച്ചതായിരിക്കാമെന്നും, ഗത്യന്തരമില്ലായ്കയാൽ, ഞാനുംതീരുമാനിച്ചു. കണ്ണുകാണാത്തവളാണെങ്കിലും രജനി പരമസുന്ദരിയാണ്; അവളുടെ സൌന്ദൎയ്യത്താൽ മുഗ്ദ്ധരാവാത്തവർ ഇല്ലെന്നു തന്നെപറയാം. ഹീരാലാൽ അങ്ങിനെ മുഗ്ദ്ധനായി അവളെ വഞ്ചിച്ചുതട്ടിക്കൊണ്ടു പോയതായിരിക്കണം. അന്ധയെ വഞ്ചിക്കാൻ വല്ല പ്രയാസവുമുണ്ടോ?

കുറെ ദിവസം കഴിഞ്ഞപ്പോൾ ഞാൻ ഹീരാലാലി നെ കണ്ടു. "രജനിയെപ്പററി വല്ലതും അറിയുമോ?" എന്നു ചോദിച്ചതിന്നു "ഇല്ല" എന്നു മാത്രമായിരുന്നു അയാളുടെ മറുവടി.

എന്തുചെയ്യും. കോടതിയിൽ ആക്ഷേപഹരജി കൊടുക്കത്തക്ക നിലയിലായിരുന്നില്ല ആ സംഭവം. ജ്യേഷ്ഠനോടു ചോദിച്ചപ്പോൾ "ആ റാസ്കലിനെ നല്ല കണക്കിൽ പ്രഹരിച്ചുവിടുക" എന്നാണു പറഞ്ഞതു്. പ്രഹരിച്ചതുകൊണ്ടെന്താണ് ഫലം? രജനിയെപ്പററി വല്ല വിവരവും അറിയിച്ചുതരുന്നവക്ക് തക്കതായ ഇനാം കൊടുക്കാവുന്നതാണെന്നു വൃത്താന്തപത്രങ്ങളിൽ വിജ്ഞാപനം ചെയ്തുനോക്കി. അതുകൊണ്ടും ഫലമുണ്ടായില്ല.

II

രജനി ജന്മാന്ധയാണെങ്കിലും, അവളുടെ കണ്ണുകണ്ടാൽ അന്ധയാണെന്നു തോന്നുകയില്ല. കാഴ്ചക്ക്, കണ്ണിന്നു യാതൊരു ദോഷവും ഇല്ല. ആയതവും, സുനീലവും ഭ്രമരകൃഷ്ണതാരാവിശിഷ്ടവുമായിരുന്ന ആ നയനയുഗളം അതിസുന്ദരമായിരുന്നു. പക്ഷേ നിർഭാഗ്യവശാൽ അതു കടാക്ഷരഹിതമായിപ്പോയി, ചാക്ഷുഷമായ സ്നായുവിൻെറ നിശ്ചേഷ്ടതനിമിത്തം, 'റെട്ടിന' (നേത്രാന്തരപടലം)യിൽ സ്ഥിതിചെയ്യുന്ന പ്രതിബിംബം മസ്തിഷ്കത്തിൽപതിയുന്നില്ല. രജനി ഒരു സവ്വാംഗസുന്ദരിയാണു്. ഉദ്ഭേദപ്രമുഖവും നിതാന്തനവീനവുമായ കദളീപത്രംപോലെ ഗൌരമായ വണ്ണം;വഷാജലപൂണ്ണമായതരംഗിണിപോലെസമ്പൂണ്ണതയെ പ്രാപിച്ചിട്ടുള്ള ആകൃതി; ഗാംഭീയ്യദ്യോതകമായമുഖകാന്തി;

അംഗഭംഗിയുടെ സാകല്യത്താൽ മൃദുവും, സ്ഥിരവും, അന്ധത നിമിത്തം സർവ്വദാ സങ്കോചജ്ഞാപകവുമായ ഗതി; ദുഃഖ സങ്കലിതമായ മന്ദഹാസം—ഇങ്ങിനെ അവൾ സർവ്വാംഗ സുന്ദരിയായിരുന്നു. നിസർഗ്ഗസുന്ദരമായ ശരീരത്തിൽ കടാക്ഷരഹിതമായ ആ ദൃഷ്ടി കണ്ടാൽ വിദഗ്ദ്ധനായ ഏതൊ ശില്പിപ്രവരൻെറ നിർമ്മാണചാതുരിയെ പ്രഖ്യാപനം ചെയ്യുന്ന ശിലാമയമായ ഒരു സ്ത്രീപ്രതിമയാണ് രജനിയെന്നു ആരും ശങ്കിച്ചുപോകും.

രജനിയുടെ ആ സൌന്ദര്യം അനന്ദനീയമാണെങ്കിലും ഉന്മാദകരമല്ലെന്നു ഞാൻ അവളെ ഒന്നാമതായി കണ്ടപ്പോൾതന്നെ തീർച്ചപ്പെടുത്തിയിരുന്നു. അവൾ രൂപവതിയാണ്, സംശയമില്ല; പക്ഷെ അവളുടെ രൂപസൌഷ്ഠവും ആരെയും ഉന്മത്തചിത്തനാക്കുവാൻ പര്യാപ്തമായിരുന്നില്ല. ആ വ്യാമോഹകത്വം അവളുടെ കണ്ണുകൾക്കില്ലായിരുന്നു. അവളുടെ സൌകുമാര്യത്തെ ആരും പ്രശംസിക്കാതിരിക്കയില്ലെന്നു മാത്രമല്ല, ആ രൂപം ഒരിക്കൽ കണ്ടാൽ അതു എളുപ്പത്തിൽ മനോദർപ്പണത്തിൽ നിന്നു മാഞ്ഞുപോവുകയുമില്ല. സ്ഥിരവും ഗംഭിരവുമായ അതിൻെറ കാന്തിക്കു അത്ഭുതകരമായ ഒരാകർഷണശക്തിയുണ്ടു. പക്ഷേ ആ ആകർഷണത്തിന്നു ഇന്ദ്രിയങ്ങളുമായി യാതൊരു സംബന്ധവുമില്ല. രജനിയുടെ രൂപസൌഭാഗ്യത്തെസ്സംബന്ധിച്ചിടത്തോളം പഞ്ചബാണന്നു യാതൊരു പ്രസക്തിയുമില്ലെന്നു പറയാം—അഥവാ, യാതൊരു പ്രസക്തിയുമില്ലേ?

അതെങ്ങിനെയെങ്കിലും ആവട്ടെ. രജനിയുടെ ഗതി യെന്താണെന്നു ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്. അവ ളൊരു താണകുലത്തിൽ പിറന്ന പെൺകിടാവാണെങ്കിലും അവളെക്കണ്ടാൽ നികൃഷ്ടപ്രകൃതിയുള്ളവളാണെന്നു തോ ന്നിയിരുന്നില്ല. നികൃഷ്ടകുലത്തിലുള്ള വല്ലവരുമല്ലാതെ ഉ ൽകൃഷ്ടകുടുംബത്തിൽ പിറന്നവരാരും അവളെ വിവാഹം ചെയ്യുമെന്നാശിച്ചുകൂട. എന്നാൽ ഇത്ര കാലമായിട്ടും നി കൃഷ്ടകുലത്തിൽപെട്ട യാതൊരാളും അവളെ വിവാഹം ചെയ്വാൻ മുതിർന്നില്ലല്ലൊ! ദരിദ്രൻ വിവാഹം ചെയ്യുന്നതു ഗൃഹകർമ്മങ്ങൾ നിവർത്തിക്കേണ്ടുന്ന ആവശ്യത്തിലേക്കാണ്. അന്ധതനിമിത്തം ഗൃഹകൃത്യങ്ങളിൽ യാതൊരു സാഹായ്യ വും ചെയ്വാൻ ശക്തിയില്ലാത്ത ഭാര്യയെ ഏതു ദരിദ്രനാ ണു അംഗീകരിക്കുക? എന്നാൽ ദരിദ്രരല്ലാത്തവരാരെങ്കി ലും ദാരിദ്ര്യപീഡിതയായ ഈ കായസ്ഥകന്യകയെ വി വാഹം ചെയ്യുന്ന കാര്യ്യവും അസംഭാവ്യമാണ്. അഥവാ വല്ലവരും അവളെ വിവാഹം ചെയ്താൽതന്നെ, അങ്ങി നെയുള്ള ഒരു ഭർത്താവിൻെറ സഹവാസംകൊണ്ടു അവൾ ക്കു ദുഃഖമല്ലാതെ സുഖം അശേഷം ഉണ്ടാകുമെന്നു സംശയിക്കുകയേ വേണ്ട. ദുശ്ച്ഛേദ്യകണ്ടകാകുലമായ കാ നനമദ്ധ്യത്തിൽ യത്നപാലനീയമായ ഉദ്യാനകുസുമത്തി ൻെറ ജനനംപോലെയാണ് പുഷ്പവിക്രേതാവിൻെറ ഗൃ ഹത്തിൽ ഈ രജനിയുടെ ജനനം സംഭവിച്ചിരിക്കുന്നതു്. കണ്ടകാവൃതമായിത്തന്നെ ഇവളുടെ ജന്മം ഒടുക്കേണ്ടിവരു മെന്നു തീർച്ചയാണ്. എന്നാൽ പിന്നെ എന്തിനാണ് ഇ

വളെ ഗോപാലനു വിവാഹം ചെയ്തുകൊട്ടപ്പാൻ ഞാൻ പണിപ്പെട്ടതെന്തു എന്നോടാരെങ്കിലും ചോദിക്കുന്ന പക്ഷം എന്താണ് സമാധാനം പറയേണ്ടതെന്നു എനിക്കറിഞ്ഞുകൂട. ഇളയമ്മയുടെ കുസൃതിയും പ്രേരണയും കൊണ്ടാണ് ഞാൻ ആ കാൎയ്യത്തിൽ ഇറങ്ങിപ്പുറപ്പെട്ടത്, എന്നുമാത്രം പറയാം. അവനവനു വിവാഹം ചെയ്യാൻ കാരണവശാൽ, സാധിക്കാത്ത ഒരു കന്യകയെ മററാക്കെങ്കിലും വിവാഹം ചെയ്തുകൊട്ടപ്പാൻ ഒരാഗ്രഹം തോന്നുന്നതു അസാധാരണമല്ല, എന്നും ഒരു സമാധാനമുണ്ടു.

"എന്താ, നിങ്ങൾക്കുതന്നെ രജനിയെ കല്യാണം കഴിച്ചാൽ കൊള്ളാമെന്നാഗ്രഹമുണ്ടോ?" എന്നായിരിക്കാം ഇതു കേൾക്കുമ്പോൾ മധുരമന്ദസ്മിതശാലിനികളായ പല സുന്ദരികളും എന്നോടു ചോദിക്കുന്നതു്. വാസ്തവത്തിൽ എനിക്കങ്ങിനെയൊരാഗ്രഹമുണ്ടായിരുന്നില്ല. രജനിക്കു സൌന്ദൎയ്യമുണ്ടെങ്കിലും അവൾ അന്ധയാണ്; ഒരു പുഷ്പവിക്രേതാവിൻെറ മകളാണ്; പോരെങ്കിൽ അശിക്ഷിതയുമാണ്. രജനിയെ വിവാഹംചെയ്ക എന്നതു എന്നെസ്സംബന്ധിച്ചേടത്തോളം അസാദ്ധ്യമാണ്; അതിന്നെനിക്കാഗ്രഹവുമില്ല. വിവാഹവിഷയത്തിൽ എനിക്കു സ്വതേ വൈമനസ്യമുണ്ടായിട്ടല്ല; പക്ഷേ മനസ്സിനൊത്ത ഒരു കന്യകയെ കണ്ടുകിട്ടിക്കഴിഞ്ഞില്ലെന്നെയുള്ളു. ഞാൻ വിവാഹംചെയ്യുന്ന കന്യക രജനിയെപ്പോലെ സുന്ദരിയായാൽ മാത്രം പോരാ; വിദ്യുൽകടാക്ഷവൎഷിണികൂടി ആയിരിക്കണം. വംശമഹാത്മ്യംകൊണ്ടു അവൾ ഷാ ആല

മിൻെറയോ മൽഹാർറാവു ഹോംക്കാറിൻെറയോ പൗത്രിയോട്ട കിടപിടിക്കുന്നവളായിരിക്കണം; വിദ്യയിൽ, ലീലാവതിയോ ശാപഭ്രഷ്ടയായ സരസ്വതിയൊ ആയിരിക്കണം; പതിഭക്തിയിൽ സാവിത്രിയും, ചാരിത്രത്തിൽ മഹാലക്ഷ്മിയും, സൗഭാഗ്യത്തിൽ ദ്രൗപതിയും, ആസക്തിയിൽ സത്യഭാമയും ആയിരിക്കണം; സൎവ്വോപരിയായി, ഗൃഹഭരണത്തിൽ അതിനിപുണയുമായിരിക്കണം. ഞാൻ താമ്പൂലചൎവ്വണംചെയ്യുമ്പോൾ അവൾ എനിക്കു ലവംഗം പൊട്ടിച്ചുതരണം; ഹുക്ക വലിക്കാൻ ഭാവിക്കുമ്പോൾ അതിൽ പുകയില ഉണ്ടോ ഇല്ലയോ എന്നു പരിശോധിക്കണം; ഭക്ഷണസമയത്ത് മത്സ്യത്തിൻെറ മുള്ളുകളഞ്ഞു തരണം; സ്നാനാനന്തരം ഞാൻ ശരീരം തോൎത്തിയോ ഇല്ലയോ എന്നു അന്വേഷിക്കണം; ചായ കുടിക്കാറായാൽ ഞാൻ ഓൎക്കാതെ മഷിക്കുപ്പിയിൽ സ്പൂൺ ഇടാതിരിക്കാനും, എഴുതുന്ന സമയത്തു ചായക്കോപ്പയിൽ തൂലിക മുക്കാതിരിക്കാനും അവൾ മനസ്സിരുത്തണം. ഞാൻ തുപ്പൽകോളാമ്പിയിൽ പണം നിക്ഷേപിക്കുകയും പെട്ടിയിൽ തുപ്പുകയും ചെയ്യാതിരിക്കത്തക്കവണ്ണം അവൾ ജാഗരൂകയായിരിക്കണം; സ്നേഹിതന്നു എഴുത്തെഴുതിക്കഴിഞ്ഞാൽ, അബദ്ധത്തിൽ, പുറത്തു എൻെറ മേൽവിലാസംതന്നെ എഴുതിപ്പോയിട്ടുണ്ടോ എന്നു പരിശോധിക്കേണ്ട ഭാരം അവൾക്കാണ്; മുക്കാൽ പൈസ്സയ്ക്കുപകരം ഉറുപ്പിക കൊടുത്തുപോയോ എന്നന്വേഷിക്കേണ്ടതും അവളാണ്. ഷാപ്പിലേക്ക സാമാനംവാങ്ങാൻ ചീട്ടയക്കുമ്പോൾ നോട്ടിൻെറപു

റത്താണൊ എഴുതിപ്പോയതെന്നു അവൾ നോക്കിക്കൊള്ളണം. മരുന്നാണെന്നു വിചാരിച്ചു പുഷ്പതൈലം എടുത്തു കുടിക്കാൻ ഭാവിക്കുകയൊ, പണിക്കാരത്തിയെ വിളിക്കുന്നതിന്നുപകരം ബങ്ക്ളാവിലെ മദാമ്മയെ വിളിക്കുകയൊ, ചെയ്യാതിരിക്കത്തക്കവണ്ണം സകല കാൎയ്യത്തിലും മനസ്സിരുത്തിക്കൊള്ളണം. ഈ ഗുണങ്ങളെല്ലാം തികഞ്ഞ ഒരു കന്യകയെ കിട്ടിയാൽ ഞാൻ നിശ്ചയമായും അവളെ വിവാഹം ചെയ്തുകൊള്ളാം. ഇതു വായിച്ചുരസിക്കുന്ന സുന്ദരികളിൽ ആരെങ്കിലും വിവാഹം കഴിയാത്തവരുണ്ടെങ്കിൽ, മേല്പറഞ്ഞ സകലഗുണങ്ങളും തികഞ്ഞിട്ടുള്ള പക്ഷം എന്നെ അറിയിക്കുക; ഞാൻ പുരോഹിതനെ ആളയച്ചു വരുത്താം.

## III.

ഒടുവിൽ, രജനി മടങ്ങിവന്ന വൎത്തമാനം രാജചന്ദ്രദാസ് പറഞ്ഞറിഞ്ഞു. പക്ഷെ ഈ വിഷയത്തെ കുറിച്ചു രാജചന്ദ്രദാസിൻെറ പെരുമാററങ്ങളിൽ ഒരു പന്തിയല്ലായ്മയുണ്ടായിരുന്നു. രജിനിയെ എവിടുന്ന്, എങ്ങിനെ കണ്ടുകിട്ടിയെന്നു ആയാൾ പറഞ്ഞതെയില്ല. ഞാൻ വളരെ പ്രാവശ്യം ചോദിച്ചിട്ടും ആയാൾ ഉള്ളുകള്ളി മുഴവനും പുറത്തുവിട്ടില്ല. അവൾ വീടു വിട്ടു പോയ്ക്കളയുവാൻ കാരണമെന്തായിരുന്നു എന്നചോദ്യത്തിന്നും മറുപടിയില്ല. ആയാളുടെ ഭാൎയ്യയുടെ പെരുമാററവും അതേപ്രകാരമായിരുന്നു. സൂചിയുടെ മുനപോലെ ആളുകളുടെ മനസ്സിന്നുള്ളിൽ തുളച്ചുകയറാൻ സാമൎത്ഥ്യമുള്ള എളയമ്മക്കുകൂടി, ആ സ്ത്രീയുടെ അടുക്കൽനിന്നു യാതൊരു വൎത്തമാനവും കി

ട്ടിയില്ല. രജനിയാണെങ്കിൽ ഞങ്ങളുടെ വീട്ടിൽ വരാതെയായി. വരാതിരിക്കാൻ എന്താണു കാരണമെന്നു മനസ്സിലായതുമില്ല! ക്രമേണ, രാജചന്ദ്രനും അയാളുടെ ഭാൎയ്യയും ഞങ്ങളുടെ വീട്ടിലേക്കുള്ള വരവു നിൎത്തി. അതുകൊണ്ടു, അല്പം ദുഃഖിതയായ എളയമ്മ അവരെപ്പററി അന്വേഷിക്കാൻ ആളെ അയച്ചു. ആ കൂട്ടർ സകുടുംബം വീടുവിട്ടു എവിടേക്കൊ പോയ്ക്കളഞ്ഞു എന്നും എവിടെയാണെന്നു നിശ്ചയമില്ലെന്നും ആൾ മടങ്ങിവന്നു പറഞ്ഞു.

ഒരു മാസത്തിന്നു ശേഷം, അപരിചിതനായ ഒരു മാന്യൻ എന്നെ കാണാൻ വന്നു. അദ്ദേഹം തന്നെത്താൻ പരിചയപ്പെടുത്തിക്കൊണ്ടിങ്ങിനെ പറഞ്ഞു:--ഞാൻ കല്ക്കത്തക്കാരനല്ല. അമരനാഥഘോഷ് എന്നാണെൻെറ പേർ. ശാന്തിപുരത്തിലാണെൻെറ വാസം."

ഞങ്ങൾ സംസാരിക്കാൻ തുടങ്ങി. എന്തുദ്ദേശത്തിന്മേലാണു വന്നതെന്നു പെട്ടെന്നദ്ദേഹത്തോടു ചോദിക്കാൻ ഞാൻ മടിച്ചു. അദ്ദേഹവും അതു പറഞ്ഞില്ല. സാമുദായികവും രാജ്യതന്ത്രസംബന്ധിയുമായ ഓരോ വിഷയങ്ങളെ കുറിച്ചു ഞങ്ങൾ പലതും സംസാരിച്ചു. സംഭാഷണത്തിൽ അദ്ദേഹം അതിസമൎത്ഥനാണെന്നെനിക്കു മനസ്സിലായി. സുമാൎജ്ജിതമായ ബുദ്ധിയും സംപൂൎണ്ണമായ ശിക്ഷയും ബഹുദൂരഗാമിനിയായ ചിന്തയും ഉള്ള ഒരാളായിരുന്നു അമരനാഥൻ. സംഭാഷണമദ്ധ്യത്തിൽ അദ്ദേഹം എൻെറ മേശപ്പുറത്തുണ്ടായിരുന്ന "ഷേയിക്സ്പിയർ ഗ്യാലറി" എന്ന പുസ്തകമെടുത്തു ഏടുകൾ മറിച്ചുതുടങ്ങി. ആ

തക്കം നോക്കി ഞാൻ അമരനാഥനെ ആപാദചൂഡം ഒന്നു വിമർശിച്ചു. കണ്ടാൽ ഒരുവിധം സുമുഖൻ; ഗൌരവർണ്ണം; കുറച്ചു ഹ്രസ്വമായ ആകാരം; നന്നെതടിച്ചതും നന്നെ മെലിഞ്ഞതുമല്ലാത്ത ദേഹം, വലിയ കണ്ണു, ചീകിമിനുക്കിയ ചുരുണ്ട തലമുടി; വേഷഭൂഷകളുടെ പരിപാടിയിൽ ആഡംബരമൊന്നും ഇല്ലെങ്കിലും പരിഷ്കൃതരീതിയിലുള്ള ഉടുപ്പാണ് ധരിച്ചിരുന്നതു്. സംസാരിക്കുന്ന സമ്പ്രദായം അതി മനോഹരവും സ്വരം അതിമധുരവുമാണ്. ആകപ്പാടെ ആളൊരു ചതുരനാണെന്നു ഞാൻ തീച്ച്യാക്കി.

പുസ്തകത്തിലെ ഏടവാടുകളെല്ലാം മറിച്ചുനോക്കി കഴിഞ്ഞശേഷം, അമരനാഥൻ തൻെറ വരവിൻെറ ഉദ്ദേശത്തെപ്പററി യാതൊന്നും പറയാതെ, പുസ്തകത്തിൽ കണ്ട ചിത്രങ്ങളെക്കുറിച്ചു ഗുണദോഷനിരൂപണം ചെയ്വാനാരംഭിച്ചു. വാക്കുകൊണ്ടും കർമ്മംകൊണ്ടു ചിത്രിതമായിട്ടുള്ളതിനെ ചിത്രഫലകത്തിന്മേൽ ചിത്രീകരിക്കുവാൻ ഒരുമ്പെടുന്നതു ധിക്കാരമാണെന്നും അങ്ങിനെയുള്ള ചിത്രം ഒരിക്കലും സമ്പൂണ്ണമാവുകയില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ പുസ്തകത്തിലെചിത്രമൊന്നും അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ സമ്പൂണ്ണമായിട്ടില്ല. ഡെസ്‌ഡിമോണയുടെ ചിത്രം നോക്കി ഇങ്ങിനെ പറഞ്ഞു:—“ഈ ചിത്രത്തിൽധൈയ്യം, മാധുയ്യം, വിനയംഎന്നീ ഗുണങ്ങളെല്ലാം കാണുന്നുണ്ട്; എങ്കിലും ധൈയ്യത്തോടൊരുമിച്ചുള്ള ആ സാഹസം എവിടെപ്പോയി? വിനയത്തോടൊന്നിച്ചു ആ

സതീത്വത്തിന്റെ അഹംകാരമെവിടെ?" ജൂലിയററി ന്റെ ചിത്രം നോക്കിപ്പറഞ്ഞു:—"ഇതൊരു നവയൌവന യുവതിയുടെ സ്വരൂപംതന്നെ; പക്ഷേ, ഇതിൽ ജൂലിയ ററിന്റെ നവയൌവനത്തിനുണ്ടായിരുന്ന അദമനീയമായ ചാഞ്ചല്യം കാണ്മാനില്ല."

അമരനാഥൻ ഈ രീതിയിൽ സംസാരിച്ചുകൊണ്ടേ ഇരുന്നു. ഷേക്സ്പീയരുടെ നായികമാരെ വിട്ടു ശകുന്തള, സീത, കാദംബരി, വാസവദത്ത, രുഗ്മണി, സത്യഭാമ മു തലായവരുടെ കഥയെടുത്തു. അമരനാഥൻ അവരിൽ ഓ രോരുത്തരുടേയും ചാരിത്രത്തെ വിശകലനം ചെയ്തുപരാമ ർശിച്ചു. പ്രാചീനസാഹിത്യത്തിൽനിന്നു പ്രാചീനചരിത്ര ത്തിലേക്കു കടന്നു. ആ പ്രസംഗത്തിൽ, ടാസിററസ്സ്, പ്ളൂട്ടാക്ക്, ഥൂകീഡീഡിസ്സ്, പ്രഭൃതികളുടെ അപൂൎവ്വസിദ്ധാ ന്തങ്ങളെപ്പററി പ്രസ്താവിക്കാനിടയായി. പ്രാചീനചരി ത്രകാരന്മാരുടെ മതത്തെ അവലംബിച്ചു, അമരനാഥൻ കോംതേയുടെ ത്രൈകാലികോന്നതിയെ സംബന്ധിച്ചുള്ള മതത്തെ സമർത്ഥിച്ചു. കോംതേയിൽനിന്നു മിൽ, ഹ ക്സ്ലി എന്നിവരുടെ ചരിത്രത്തിലേക്കു കടന്നു. ഹക്സ്ലി യെ വിട്ടു ഡാർവിനേയും ഡാർവിനെവിട്ടു ഷോപെൻഹേ റിനേയും വിമർശനം ചെയ്തു. ഇങ്ങിനെ അപൂൎവ്വമായ പാ ണ്ഡിത്യപ്രവാഹത്തെ അമരനാഥൻ എന്റെ കർണ്ണര ന്ധ്രങ്ങളിൽ പ്രവേശിപ്പിച്ചപ്പോഠം ഞാൻ മുഗ്ദ്ധനായി ത്തീൎന്നു; വന്നകാൎയ്യം എന്താണെന്നു ചോദിക്കാൻ മറന്നു.

വൈകുന്നേരമാകാറായെന്നു കണ്ടപ്പോൾ അമരനാഥൻ സംസാരം ചുരുക്കി ഇങ്ങിനെ പറഞ്ഞു--"അങ്ങയെ ഞാൻ ഇനിയും ദ്രോഹിക്കണമെന്നു വിചാരിക്കുന്നില്ല. ഞാൻ വന്ന കാര്യം പറഞ്ഞില്ലല്ലൊ. ഈ വീട്ടിൽ പുഷ്പം വിററുവന്നിരുന്ന രാമചന്ദ്രദാസിന്നു ഒരു മകളുണ്ടോ?"

ഞാൻ;--"ഉണ്ടെന്നു തോന്നുന്നു."

അമരനാഥൻ:--(ഒരു ചെറു പുഞ്ചിരിയോടുകൂടി "തോന്നുകയല്ല, ഉണ്ട്. ഞാൻ അവളെ വിവാഹം ചെയ്യാൻ തീർച്ചയാക്കി"

എനിക്കൊരക്ഷരം പറയാൻ ശക്തിയുണ്ടായില്ല. അമരനാഥൻ തുടൎന്നുപറഞ്ഞു--"ഞാൻ ഈ കാര്യം രാജചന്ദ്രനോടു പറയാൻവേണ്ടി അവിടെ പോയിരുന്നു; പറയുകയും ചെയ്തു. ഇനി അങ്ങയോടും മററും ഒരു സംഗതി പറയാനുണ്ട്. അതു അങ്ങയുടെ അച്ഛനോടു പറയുന്നതാണ് അധികം ഉചിതമായിരിക്കുക; എന്തുകൊണ്ടെന്നാൽ അദ്ദേഹമാണല്ലൊ ഗൃഹനായകൻ. പക്ഷെ ഞാൻ പറയാൻ പോകുന്നതു് അങ്ങേക്കും മററും രസിക്കാത്ത ഒരു വൎത്തമാനമാണ്. അങ്ങേക്കു മററുള്ളവരെക്കാൾ സ്ഥിരതയും ധൎമ്മജ്ഞതയും ഉള്ളതുകൊണ്ടാണ് അങ്ങയോടുതന്നെ പറഞ്ഞേക്കാമെന്നുറച്ചതു്"

ഞാൻ:--"എന്താണ് സംഗതി?"

അമര:--"രജനിക്കു ചില സ്വത്തുക്കളുണ്ടു"

ഞാൻ:--"അതെങ്ങിനെ? അവരം രാജചന്ദ്രന്റെ മകളാണല്ലൊ"

അമര:--"രാജചന്ദ്രന്റെ വളൎത്തുപുത്രി"

ഞാൻ:--"എന്നാൽ പിന്നെ അവരം ആരുടെ മകളാണ്? സ്വത്തെങ്ങിനെ കിട്ടി? ഈ വൎത്തമാനമൊന്നും ഞങ്ങരം ഇതുവരെ അറിയാത്തതെന്തുകൊണ്ടാണ്?

അമര:--"അങ്ങു അനുഭവിച്ചുവരുന്ന ഈ സ്വത്തുക്കളെല്ലാം രജനിയ്ക്കു ചേൎന്നതാണ്. രജനി മനോഹരദാസിന്റെ ജ്യേഷ്ഠന്റെ മകളാണ്."

ആദ്യം ഞാനൊന്നു നട്ടങ്ങിപ്പോയി. അനന്തരം, ആയാളൊരു വഞ്ചകനാണെന്നു ഞാൻ തീൎച്ചപ്പെടുത്തി, ഉറക്കെ ചിരിച്ചുകൊണ്ടു ഇങ്ങിനെ പറഞ്ഞു "അങ്ങേക്കു വേറെ ജോലിയൊന്നും ഇല്ലെന്നാണ് തോന്നുന്നതു്. എനിക്കു പല പ്രവൃത്തികളും ഉണ്ടു്. അങ്ങയോടു രഹസ്യസല്ലാപം ചെയ്തിരിക്കാൻ എനിക്കു സമയമില്ല. അങ്ങയുടെ പാട്ടിൽ പോവുകയാണ് ഭേദം"

"എന്നാൽ ഇനിയെല്ലാം വക്കീൽമുഖേന അറിയാം" എന്നു പറഞ്ഞുകൊണ്ടു അമരനാഥൻ യാത്രയായി.

## IV

ഈ ഘട്ടത്തിൽ, മനോഹരദാസിന്റെ അടുത്ത അനന്തരാവകാശിയെ കണ്ടുകിട്ടീട്ടുണ്ടെന്നും സ്വത്തുക്കളെല്ലാം വിട്ടുകൊടുക്കേണ്ടതായ്വരുമെന്നും വിഷ്ണുരാമബാബു ഞങ്ങളെ അറിയിച്ചു. അമരനാഥൻ, അപ്പോരം, വഞ്ചകനല്ലെന്നുവരുമോ എന്നായി എന്റെ സംശയം.

ആരാണ് ആ അവകാശിയെന്ന് വിഷ്ണുരാമബാബു ആദ്യം അറിയിച്ചിരുന്നില്ല. പക്ഷെ അമരനാഥൻ പറഞ്ഞതോൎത്തപ്പോരം അവകാശി രജനിയായിരിക്കേണമെന്നു ഞാൻ ഊഹിച്ചു. അവകാശിയാണെന്നു പറയുന്ന ആരം ശരിയായിട്ടുള്ള അവകാശിയാണൊ അല്ലയൊ എന്നു തീൎച്ചപ്പെടുത്തുവാൻവേണ്ടി ഞാൻ വിഷ്ണുരാമബാബുവിൻെറ അടുക്കൽ ചെന്നു. മനോഹരദാസ് സകുടുംബം വെള്ളത്തിൽ മുങ്ങി മരിച്ചു എന്നല്ലേ പറഞ്ഞിരുന്നതു്? അതിന്നു തെളിവും ഉണ്ടായിരുന്നു. ഇപ്പോരം, പിന്നെ, എവിടുന്നാണൊരവകാശി പുറപ്പെട്ടതു്?" എന്നു ഞാൻ ചോദിച്ചു.

വിഷ്ണുരാമബാബു—"അയാരംക്കു് ഹരേകൃഷ്ണദാസ് എന്നൊരു ജ്യേഷ്ഠനുണ്ടായിരുന്നു എന്നറിയാമോ?"

ഞാൻ "അറിയാം. അദ്ദേഹവും മരിച്ചുവല്ലൊ!"

വിഷ്ണു "ഉവ്വ്. പക്ഷെ മനോഹരൻ മരിച്ചതിൽപിന്നെയാണ് ഹരേകൃഷ്ണൻ മരിച്ചതു്. അതുകൊണ്ടു് മനോഹരൻെറ സ്വത്തിന്നവകാശിയായ നിലയിലാണ് അയാരം മരിച്ചതു്."

ഞാൻ—"ആട്ടേ; പക്ഷേ ഹരേകൃഷ്ണൻെറ ശേഷക്കാരാരും ജീവിച്ചിരിക്കുന്നില്ലല്ലൊ."

വിഷ്ണു—"അങ്ങിനെ വിശ്വസിച്ചിട്ടാണ് നിങ്ങരംക്കു സ്വത്തുക്കളെല്ലാം ഏല്പിച്ചുതന്നതു്. പക്ഷേ ആയാളുടെ ഒരു മകളുണ്ടെന്നു ഇപ്പോരം അറിയാറായി."

ഞാൻ-"എന്നാൽ ഇതുവരെ ആ മകളുടെ പ്രസ്താവം ഇല്ലാതിരിക്കാനെന്താണ് കാരണം?"

വിഷ്ണു-"ഹരേകൃഷ്ണൻെറ ഭാൎയ്യ അയാളെക്കാൾ മുമ്പേ മരിച്ചുപോയി. ഭാൎയ്യയുടെ മരണത്തിന്നശേഷം ശിശുവായ മകളെ നോക്കി രക്ഷിക്കാൻ സാധിക്കാത്തതുകൊണ്ടു മകളെ അയാളുടെ സ്യാലിയുടെ വക്കൻ ഏല്പിച്ചു. ആ സ്യാലി ഈ കുട്ടിയെ സ്വന്തം മകളെപ്പോലെ വളത്തിപ്പോന്നു. അങ്ങിനെ മററുള്ളവരെയും ധരിപ്പിച്ചു. ഹരേകൃഷ്ണൻ മരിച്ചശേഷം, അയാൾക്ക് അവകാശികളില്ലെന്നു പറഞ്ഞു, അയാളുടെ സ്വത്തെല്ലാം അധികാരസ്ഥന്മാർ പിടിച്ചടക്കിയെന്നു കേട്ടപ്പോൾ ഹരേകൃഷ്ണന്നു അവകാശികളാരുമില്ലെന്നു ഞാനുംവിശ്വസിച്ചു. പക്ഷെ ഇയ്യിടെ ഹരേകൃഷ്ണൻെറ ഒരു അയൽവക്കക്കാരൻ എൻെറ അടുക്കൽവന്നു അയാളുടെ മകളുടെ വൎത്തമാനമൊക്കെ പറയുകയുണ്ടായി. അതിന്നുശേഷം എൻെറ അന്വേഷണത്തിലും അവൾ ഹരേകൃഷ്ണദാസിൻെറ മകളാണെന്നു തീർച്ചപ്പെട്ടു."

ഞാൻ "ഏതെങ്കിലും ഒരു പെൺകിടാവിനെ പിടിച്ചുകൊണ്ടുവന്ന്, അവൾ ഹരേകൃഷ്ണദാസിൻെറ മകളാണെന്നു പറയാൻ മടിക്കാത്ത ധൂൎത്തന്മാരുണ്ടായിരിക്കും. ഈ കന്യക, യഥാൎത്ഥത്തിൽ ഹരേകൃഷ്ണദാസിൻെറ മകളാണെന്നു തെളിയിക്കാൻ വല്ല ലക്ഷ്യവും ഉണ്ടോ?"

വിഷ്ണുരാമബാബു-"ഉണ്ട്" എന്നു പറഞ്ഞു ഒരു കടലാ

സ്സെൻെറ കയ്യിൽ തന്നു. "ഈ കാൎയ്യത്തിൽ ഞാൻ സംഗ്രഹിച്ചിട്ടുള്ള തെളിവുകളെല്ലാം ഇതിൽ കാണാം."

ഞാൻ അതു വായിച്ചു നോക്കി. ഹരേകൃഷ്ണദാസിൻെറ സ്വാലീഭൎത്താവാണു് രാജചന്ദ്രദാസെന്നും ഹരേകൃഷ്ണൻെറ മകളുടെ പേരു രജനിയെന്നാണെന്നും അതിൽനിന്നു മനസ്സിലായി.

തെളിവുകളെല്ലാം ഭയങ്കരമായിരുന്നു. അന്ധയായ രജനിയുടെ ധനമെടുത്തു കൈകാൎയ്യം ചെയ്തു ഇത്രനാളും പ്രമാണികളെന്നു നടിച്ചിരുന്ന ഞങ്ങൾ അവളെ ദരിദ്രയാണെന്നു കരുതി നിന്ദിക്കുകയാണല്ലൊ ചെയ്തതു്!

ഒരു വായ്മൊഴിയുടെ പകൎപ്പു് എൻെറ കയ്യിൽതന്നു്, വിഷ്ണുരാമബാബു "ഇതാരുടെ വായ്മൊഴിയാണെന്നു നോക്കു" എന്നു പറഞ്ഞു.

വായിച്ചു നോക്കിയപ്പോൾ, അതു ഹരേകൃഷ്ണബാബു ഒരു വള കളവുപോയ സംഗതിയിൽ മജിസ്ട്രേട്ടിൻെറ മുമ്പാകെ കൊടുത്തു കയ്യീത്താണെന്നു മനസ്സിലായി. അതിൽ കയ്യീത്തു കൊടുത്ത ആളുടെ അച്ഛൻെറ പേരും വാസസ്ഥലവും എഴുതീട്ടുണ്ടായിരുന്നു. ആ ഊരും പേരും മനോഹരദാസൻെറ അച്ഛൻെറ ഊരും പേരും തമ്മിൽ യാതൊരു വ്യത്യാസവുമുണ്ടായിരുന്നില്ല. "ഈ കയ്യീത്തുകൊടുത്ത ആൾ മനോഹരദാസിൻെറ സഹോദരനാണെന്നിപ്പോൾ അങ്ങേക്കു ബോദ്ധ്യമായില്ലേ?"

ഞാൻ—"ഉവ്വു്"

വിഷ്ണു—"ഇനിയും സംശയമുണ്ടെങ്കിൽ, കുറച്ചുങ്ങോട്ടു വായിച്ചു നോക്കു."

അതിൽ ഇപ്രകാരം എഴുതിയിരുന്നു. "എനിക്കു ആറുമാസം പ്രായംചെന്ന ഒരു മകളുണ്ട്. ഒരാഴ്ചമുമ്പു അവളുടെ അന്നപ്രാശനം കഴിഞ്ഞു. അന്നപ്രാശനം നടന്ന ദിവസം വൈകുന്നേരമാണു അവളുടെ വള കാണാതെ പോയതു്."

വിഷ്ണുരാമൻ തടഞ്ഞുപറഞ്ഞു:—"എന്നാണു ഈ വായ്മൊഴി കൊടുത്തതെന്നു നോക്കൂ."

ഞാൻ തീയ്യതി നോക്കി; പത്തൊമ്പതു കൊല്ലം മുമ്പാണെന്നു കണ്ടു.

വിഷ്ണു—"ഈ കന്യകയ്ക്കു ഇപ്പോൾ എത്ര വയസ്സായിരിക്കും ?"

ഞാൻ--"പത്തൊമ്പതു വയസ്സും ഏതാൻ മാസവും--ഏകദേശം ഇരുപതു തന്നെ."

വിഷ്ണു--"രജനിക്കിപ്പോൾ എത്ര വയസ്സായിരിക്കുമെന്നാണൂഹം ?"

ഞാൻ-"ഏകദേശം ഇരുപതു്."

വിഷ്ണു--"ഇനിയും അങ്ങോട്ടു വായിച്ചു നോക്കൂ. ഹരേകൃഷ്ണൻ മകളുടെ പേരെന്താണെന്നു പറഞ്ഞിട്ടുണ്ടു്."

ഞാൻ വായന തുടന്നു. ഒരു ദിക്കിൽ പുനഃ പ്രാപ്തമായ വളയെപ്പററി ഹരേകൃഷ്ണൻ ഇങ്ങിനെ പറഞ്ഞിരുന്നു. "ഈ വള എൻെറ മകൾ രജനിയുടേതുതന്നെയാണ്."

ഇനി സംശയത്തിന്നു അവകാശമേ ഇല്ല. എങ്കിലും ഞാൻ വായന തുടന്നു. പ്രതിയുടെ വക്കീൽ ഹരേകൃഷ്ണ

നോട്ട "നിങ്ങളൊരു ദരിദ്രനാണല്ലോ. മകൾക്ക പൊൻ വള തീർപ്പിക്കുവാൻ എങ്ങിനെ പണമുണ്ടായി?" എന്ന ചോദിച്ചതിന്ന ഹരേകൃഷ്ണൻെറ മറുപടി ഇപ്രകാരമായിരു ന്നു.—"ഞാൻ സാധുവാണ്. പക്ഷെ എൻെറ അനുജൻ മ നോഹരദാസ് പത്തു കാശു സമ്പാദിച്ചിട്ടുണ്ട്. അവനാ ണ് എൻെറ മകൾക്ക പൊന്നിൻെറ വള സമ്മാനി ച്ചതു."

ഈ ഹരേകൃഷ്ണദാസ് തന്നെയാണ് നമ്മുടെ മനോഹ രദാസിൻെറ ജ്യേഷ്ഠനെന്നതിനെപ്പററിയും ഇനി സംശയി ക്കാനില്ല.

വക്കീലിൻെറ ചോദ്യങ്ങൾ പിന്നെയും തുടൎന്നു.

ചോദ്യം—"ഇതല്ലാതെ, നിങ്ങളുടെ അനുജൻ നിങ്ങളുടെ കുടുംബത്തിൽ മററുവല്ലവൎക്കും എന്തെങ്കിലും ആഭരണ ങ്ങൾ തരികയുണ്ടായിട്ടുണ്ടോ?"

ഉത്തരം-"ഇല്ല."

ചോദ്യം—"വീട്ടുചിലവിലേക്കു വല്ലതും തരാറുണ്ടോ?"

ഉത്തരം—"ഇല്ല."

ചോദ്യം—"എന്നാൽപിന്നെ മകളുടെ അന്നപ്രാശനത്തി ന്നു ഒരു പൊൻവള സമ്മാനിക്കാനെന്തെങ്കിലും കാര ണമുണ്ടോ?"

ഉത്തരം—"എൻെറ ഈ മകൾ ജന്മാന്ധയാണ്. അതുനി മിത്തം എൻെറ ഭാൎയ്യ എല്ലായ്പ്പോഴും കരഞ്ഞുകൊണ്ടി രിക്കുന്നതു കണ്ടപ്പോൾ അനുജന്നും അവൻെറ ഭാൎയ്യക്കും ദയതോന്നി ഞങ്ങളുടെ ദുഃഖം കുറച്ചെങ്കിലും ശമിപ്പി

ക്കാൻ കഴിഞ്ഞെങ്കിലായല്ലൊ എന്നു കരുതി അന്നപ്രാശനത്തിൻെറ സമയത്തു മകൾക്കു ഈ ആഭരണം സമ്മാനിച്ചതാണ്."

ജന്മാന്ധയോ? ആ രജനി ആരാണെന്ന കാൎയ്യത്തിൽ ഇനിയെന്താണ് സംശയിക്കാനുള്ളത്?

ഞാൻ വായന നിൎത്തി, കയ്ചീത്തു താഴത്തുവെച്ചു "എനിക്കിനി യാതൊരു സംശയവും ഇല്ലാ" എന്നു പറഞ്ഞു.

വിഷ്ണുരാമബാബു—"ഇത്ര സ്വല്പമായ തെളിവുകൊണ്ടു അങ്ങു തൃപ്തിപ്പെടേണമെന്നില്ല. ഇതാ വേറൊരു കയ്ചീത്തിൻെറ ൨ കർപ്പുകൂടി."

ആ രണ്ടാമത്തെ കയ്ചീത്തും മേല്പറഞ്ഞ വള കളവുപോയ സന്ദൎഭത്തിൽ എടുത്തിട്ടുള്ളതായിരുന്നു അതു രാജചന്ദ്രദാസിൻെറ വായ്മൊഴിയായിരുന്നു. ഹരേകൃഷ്ണൻെറ ഏക ബന്ധുവിൻെറ നിലയിൽ അന്നപ്രാശനത്തിന്നു അയാളെ ക്ഷണിച്ചിരുന്നു. താൻ ഹരേകൃഷ്ണൻെറ ന്ന്യാലീഭത്താവാണെന്നും വളയുടെ വാസ്തവം ഇന്നിന്നവിധമാണെന്നും ആയാൾ മൊഴികൊടുത്തു.

വിഷ്ണുരാമബാബു—"ഈ രാജചന്ദ്രദാസിനെപ്പററി സംശയമുണ്ടെങ്കിൽ ആയാളെ വരുത്തി ചോദിക്കാം."

ഞാൻ—"ആവശ്യമില്ല."

വിഷ്ണുരാമൻ വേറെയും ചില രേഖകൾ എന്നെ കാണിക്കുകയുണ്ടായി. അവയുടെ വൃത്താന്തം മുഴുവനും വിവരിക്കാൻ തുടങ്ങിയാൽ അതൊരു ഗ്രന്ഥമായിത്തീരുമെന്നു

കരുതി ഞാൻ അതിന്നു തുനിയുന്നില്ല. ഈ രജനി ഹരേ കൃഷ്ണദാസിന്റെ കന്യകയാണെന്നു എനിക്കു പൂർണ്ണമായി ബോദ്ധ്യപ്പെട്ടുവെന്നു പറഞ്ഞാൽ മതിയല്ലൊ. വൃദ്ധരായ മാതാപിതാക്കളേയും കൂട്ടി ദിവസവൃത്തിക്കുള്ള മാൎഗ്ഗം അന്വേഷിച്ചു നടക്കേണ്ടിവരുമെന്നു അപ്പോഴാണു ഞാൻ ഓൎത്തതു്.

വിഷ്ണുരാമനോടു ഞാനിങ്ങിനേ പറഞ്ഞു. "കോടതിയിൽ കയറി വാദിച്ചതുകൊണ്ടു കാൎയ്യമൊന്നും ഇല്ല. സ്വത്തു് രജനീദാസിയുടേതാണു്, അവളുടെ സ്വത്തു അവൾക്കുകൊടുക്കേണ്ടതാണെന്നതിന്നു സംശയമില്ല. എന്നാൽ ഇക്കാൎയ്യത്തിൽ ജ്യേഷ്ഠൻ എന്നോടു തുല്യാവകാശിയാകകൊണ്ടു അവരോടു ചോദിക്കാനുള്ള താമസം മാത്രമെ ഇനിവേണ്ടു."

കോടതിയിൽപോയി വായ്മൊഴികളുടെ അസ്സൽ ഞാൻ ഇതിന്നിടയ്ക്കു നോക്കിവന്നു. അന്നു പഴയ റിക്കാൎഡുകളൊന്നും നശിപ്പിക്കാറുണ്ടായിരുന്നില്ല. പകൎപ്പിൽ യാതൊരു കൃത്രിമതയും ഇല്ലെന്നു അസ്സൽ കണ്ടപ്പോൾ തീൎച്ചയായി.

സ്വത്തുക്കളെല്ലാം രജനിക്കു വിട്ടുകൊടുത്തു.

V.

സ്വത്തുക്കൾ രജനിക്കു വിട്ടുകൊടുത്തുവെങ്കിലും അവയെ ആരും ഏറെറടുത്തിരുന്നില്ല.

ഒരു ദിവസം രാജചന്ദ്രദാസ് എന്നെ കാണാൻ വന്നു. സിംലയിൽ ഒരു വീടു വാങ്ങി അവിടെ രജനിയൊ

ടൊന്നിച്ചു താമസിക്കയാണെന്നു ആയാൾ പറഞ്ഞു. "എവിടുന്നാണ് പണം കിട്ടിയതു?" എന്നു ഞാൻ ചോദിച്ചതിന്നു "തൽക്കാലം അമരനാഥബാബു കടമായി തന്നിരിക്കുകയാണ്. വഴിയെ സ്വത്തിൽനിന്നു വീണ്ടെടുത്തുകൊള്ളാമെന്നാണു പറഞ്ഞതു" എന്നായിരുന്നു രാജചന്ദ്രൻെറ മറുപടി.

ഞാൻ: "എന്നാൽ എന്തിനാണ് സ്വത്തുക്കൾ ഏറെറടുക്കാൻ ഇനിയും താമസിക്കുന്നതു?"

രാജചന്ദ്രൻ:–"അതെല്ലാം അമരനാഥ ബാബുവിനെ അറിഞ്ഞുകൂട്ടു; എനിക്കൊന്നും നിശ്ചയമില്ല"

ഞാൻ:–"അമരനാഥ ബാബു രജനിയെ വിവാഹം ചെയ്യുമോ?"

രാജ:–"ഇല്ല"

ഞാൻ:–"അതിരിക്കട്ടെ; എന്താണിത്രനാളും രാജചന്ദ്രനെ കാണുകയേ ചെയ്യാഞ്ഞതു്?"

രാജ–"ഒന്നുമില്ല; ഒരു വല്ലായ്മ തോന്നിയതുകൊണ്ടു മാത്രം"

ഞാൻ–"കട്ടിട്ടും കവൎന്നിട്ടും ഇല്ലല്ലൊ. പിന്നെ എന്തിനാണ് വല്ലായ്മ?"

രാജ–"എന്തിനാണ് കക്കുകയും കവരുകയും ചെയ്യുന്നതു്? ഈ കാൎയ്യത്തിൽ ചില പിടിയും വലിയും ഉണ്ടാകാനിടയുള്ളതുകൊണ്ടു തൽക്കാലം കുറച്ചു ഒതുങ്ങി പാൎക്കുന്നതാണ് നല്ലതെന്നു അമരനാഥബാബു അഭിപ്രായപ്പെട്ടു. മനുഷ്യൎക്കു ഒരു നാണക്കേടു തോന്നുന്നതു് സാധാരണയാണല്ലൊ."

ഞാൻ:--"എന്നുവെച്ചാൽ, വല്ലതും കിട്ടിയാൽ കൊള്ളാമെന്ന പിന്നീട്ട ഞങ്ങറം പറഞ്ഞേക്കുമെന്നു ഭയപ്പെട്ടു, അല്ലേ? അമരനാഥബാബു ബഹുസമൎത്ഥനാണ്. അതിരിക്കട്ടെ; ഇപ്പോറം ഇങ്ങോട്ടുവരാൻ പ്രത്യേകിച്ചു വല്ല കാരണവും ഉണ്ടോ?

രാജ:--"അങ്ങയുടെ അച്ഛൻ പറഞ്ഞയച്ചിട്ടു വന്നതാണ്"

ഞാൻ:--"അച്ഛനോ? അച്ഛനു നിങ്ങളെ കണ്ടുകിട്ടിയതെങ്ങിനെ?"

രാജ "വളരെ അന്വേഷിച്ചിട്ടാണ്"

ഞാൻ;--"എന്തിനാണിത്രയധികം അന്വേഷിച്ചു ബുദ്ധിമുട്ടിയതു്? നിങ്ങളുടെ സ്വത്തു വീണ്ടും ഇങ്ങോട്ടുതന്നെ കിട്ടിയാൽ കൊള്ളാമെന്നാവശ്യപ്പെടാനല്ലല്ലൊ"

രാജ: —"ഹെയ്, അങ്ങിനെ പറയരുതു്! വേറൊരു സംഗതി പറയാനാണ് അദ്ദേഹം എന്നെ അന്വേഷിച്ചതു്. രജനിയ്ക്കു ഇപ്പോറം കുറച്ചൊരു മുതൽ കിട്ടീട്ടുണ്ടെന്നു കേട്ടതിന്നുശേഷം അവളുടെ വിവാഹത്തെപ്പററി പലേ ആലോചനകളും വന്നു തുടങ്ങീട്ടുണ്ടു. ആ കാൎയ്യത്തെക്കുറിച്ചു ചോദിക്കാനാണ് ഞാനിപ്പോറം അങ്ങയുടെ അടുക്കൽ വന്നിരിക്കുന്നതു്"

ഞാൻ--"അമരനാഥബാബു രജനിയെ വിവാഹം ചെയ്യാൻ ആലോചനയുണ്ടെന്നു കേട്ടിരുന്നല്ലൊ. അദ്ദേഹം ഇത്രയധികം ബുദ്ധിമുട്ടി രജനിയുടെ സ്വത്തു വീണ്ടെടു

ത്ത സ്ഥിതിയ്ക്കു് അദ്ദേഹത്തെ തള്ളിക്കളയുന്നതു ഭംഗിയായിരിക്കുമോ?"

രാജ "അദ്ദേഹത്തെക്കാളും നല്ലതായിട്ടൊരുവനെ കിട്ടുമെങ്കിൽ?"

ഞാൻ "അമരനാഥനെക്കാറം യോഗ്യനായിട്ടൊരു വരനെ കിട്ടുമെന്നോ?"

രാജ—"അങ്ങയെപ്പോലെ ഒരു വരനാണെങ്കിൽ പററുകയില്ലേ?"

ഞാൻ—(ആശ്ചര്യത്തോടെ) "എന്നെപ്പോലെയാണെങ്കിൽ അമരനാഥനേക്കാറം യോഗ്യനായിരിക്കുന്ന കാൎയ്യം സംശയമാണ്. എന്തിനാണിത്രയൊക്കെ വളയ്ക്കുന്നതു്? രജനിയെ എന്നെക്കൊണ്ടു വിവാഹം ചെയ്യിക്കാമെന്നുദ്ദേശിച്ചിട്ടാണോ ഈ വരവു്?"

രാമചന്ദ്രന്നു കുറച്ചൊരു കുണ്ഠിതമുണ്ടായി. "അതെ, അങ്ങിനെതന്നെയാണ്. ഇതാലോചിക്കാനാണ് അച്ഛൻ എന്നെ ആളയച്ചു വരുത്തിയതു്."

ഇതു കേട്ടപ്പോറം, ഞാൻ ആകാശത്തിൽനിന്നു താഴെ വീണപോലെയായി. ദാരിദ്ര്യരാക്ഷസന്റെ അഭിമുഖദർശനത്താൽ ഭീതനായിത്തീരുകയാൽ അച്ഛൻ ഇങ്ങിനെയൊരു മാൎഗ്ഗം തേടിപ്പിടിച്ചതാണെന്നു എനിക്കു മനസ്സിലായി. രജനിയെ ഞാൻ വിവാഹം ചെയ്യുന്നപക്ഷം കുടുംബസ്വത്തുകുടുംബത്തിൽതന്നെ നിലനില്ക്കുമല്ലൊ. എന്നെ അന്ധയായ ആ പുഷ്പക്കച്ചവടക്കാരിക്കുവിററാൽ, വിക്രയമൂല്യമായി, പോയ്പോയ സമ്പത്തു തിരിയെ കിട്ടുമെന്നാ

യിരുന്നു അച്ഛന്റെ അന്തർഗതം. എന്റെ പ്രകൃതമാസകലം എരിപൊരിക്കൊണ്ടു.

"നിങ്ങൾ ഇപ്പോൾ പോയ്ക്കൊൾവിൻ; ഞാൻ അച്ഛനോടു ഇക്കാര്യത്തെപ്പററി സംസാരിച്ചുകൊള്ളാം" എന്നു പറഞ്ഞു. ഞാൻ രാജചന്ദ്രനെ യാത്രയാക്കി. എന്റെ ഭാവം കണ്ടറിഞ്ഞ രാജചന്ദ്രൻ പോകുംവഴിക്കു അച്ഛനെ കണ്ടു. എന്തോ പറയുകയുണ്ടായി. എന്താണ് പറഞ്ഞതെന്നു എനിക്കു നിശ്ചയമില്ല. അദ്ദേയാൾ പോയഉടനെ അച്ഛൻ എന്നെ വിളിച്ചു.

ഞാൻ രജനിയെ വിവാഹം ചെയ്യാതെ നിവൃത്തിയില്ലെന്നും അല്ലാത്തപക്ഷം സകുടുംബം പട്ടിണികിടന്നു മരിക്കുകയേ ഉള്ളു എന്നും അച്ഛൻ എന്നെ പലേപ്രകാരത്തിലും ധരിപ്പിക്കുവാൻ ശ്രമിച്ചു. അച്ഛന്റെ ദുഃഖവും കാതരതയും കണ്ടു എനിക്കു ദുഃഖമല്ല, കോപമാണുണ്ടായതു്. ഞാൻ കോപിച്ചു അവിടെനിന്നു പോയ്ക്കളഞ്ഞു.

അച്ഛന്റെ അടുക്കൽനിന്നു പോയിട്ടു പിന്നെ ചെന്നുപെട്ടതു അമ്മയുടെ മുമ്പിലാണ്. അച്ഛനോടു കോപിച്ചുവെങ്കിലും അമ്മയുടെ അശ്രുധാര കണ്ടപ്പോൾ കോപിക്കാൻ തോന്നിയില്ല. അവിടെയും നില്ക്കാൻ എനിക്കു ക്ഷമയുണ്ടായില്ല. രജനിയോടു തോന്നിയ ദയനിമിത്തം അവളെ ഗോപാലന്നു വിവാഹം ചെയ്തുകൊടുപ്പാൻ ഉദ്യമിച്ച ഞാൻ, അവളുടെ പണം മോഹിച്ചു നാപയമേ അവളെ വിവാഹം ചെയ്യുക എന്ന കാര്യം നടക്കാത്തതാണെന്നു ഞാൻ ഒരിക്കൽക്കൂടി മനസ്സിൽ പ്രതിജ്ഞ ചെയ്തു.

തത്സമയം എളയമ്മയുടെ സഹായം സമ്പാദിക്കുന്നതാണ് ഉത്തമമാൎഗ്ഗമെന്നെനിക്കു തോന്നി. എളയമ്മയ്ക്കു മാത്രമേ ഞങ്ങളുടെ വീട്ടിൽ ബുദ്ധിയും വകതിരിവുമുള്ളു. എളയമ്മയുടെ അടുക്കൽചെന്നു ഞാനിങ്ങിനെ ആവലാതി പറഞ്ഞു.—"എളയമ്മേ! എന്നെകൊണ്ടു രജിനിയെ വിവാഹം ചെയ്യിപ്പിക്കത്തക്കവണ്ണം ഞാനെന്തു കുററമാണ് ചെയ്തിരിക്കുന്നതു?

എളയമ്മ യാതൊന്നും മറുപടി പറഞ്ഞില്ല.

ഞാൻ—"എളയമ്മക്കും ഈ ആലോചനയിൽ ഒരു പങ്കുണ്ടു: അല്ലേ?"

എളയമ്മ:—"മകനേ! രജനി സൽകായസ്ഥകുലത്തിൽ പിറന്നവളല്ലേ?"

ഞാൻ:—"ആണെങ്കിലെന്താ?"

എളയമ്മ:—"നല്ല സ്വഭാവവുമാണ്, എനിക്കറിയാം"

ഞാൻ—"അതും സമ്മതിച്ചു"

എളയമ്മ—"പരമസുന്ദരിയാണ്"

ഞാൻ:—അതേ; പത്മാക്ഷിയും"

എളയമ്മ:—"മകനേ! പത്മാക്ഷിമാരിൽ അത്രയധികം ഭ്രമം തോന്നുന്നുണ്ടെങ്കിൽ വേറൊരു വിവാഹംക്രുടി കഴിക്കുവാൻ ഒരു പ്രയാസവുമില്ലല്ലോ."

ഞാൻ;— "ഇതെന്തസംബന്ധമാണമ്മേ! രജനിയുടെ പണത്തിന്നുവേണ്ടി അവളെ വിവാഹം കഴിക്കുക; അതു കയ്ക്കലായാൽ അവളെ തള്ളിക്കളഞ്ഞു വേറൊരു സ്ത്രീയെ വിവാഹം കഴിക്കുക; എന്തൊരു മൎയ്യാദ!

എളയമ്മ—"തള്ളിക്കളെയേണ്ടുന്ന ആവശ്യമുണ്ടോ? ശചീന്ദ്രന്റെ വലിയ അമ്മയെ ആരെങ്കിലും തള്ളിക്കളെഞ്ഞുവോ?"

ഈ ചോദ്യത്തിന്നു എളയമ്മയോടുത്തരം പറയാൻ ഞാൻ ആളായില്ല. അവർ അച്ഛന്റെ ദ്വിതീയപത്നിയായിരിക്കുന്ന സ്ഥിതിയ്ക്കു് ബഹുഭാര്യാത്വത്തിന്റെ ദോഷങ്ങളെപ്പററി അവരോടു തക്കിക്കുന്നതു ഭംഗിയല്ലെന്നെനിക്കു തോന്നി. അതുകൊണ്ടു ഞാൻ സംക്ഷിപ്തമായിങ്ങിനെ മറുപടി പറഞ്ഞു.—"ഞാൻ ഈ വിവാഹം ചെയ്യുകയേഇല്ല. എളയമ്മ എന്നെ ഈ സങ്കടത്തിൽനിന്നു രക്ഷിക്കണം. എളയമ്മയ്ക്കതു സാധിക്കും."

എളയമ്മ—"ഇതെനിക്കറിയായ്കയല്ല. പക്ഷെ വിവാഹം ചെയ്യാതിരുന്നാൽ നമ്മളൊക്കെ പട്ടിണികിടന്നു മരിക്കേണ്ടിവരുമല്ലൊ. ഞാൻ എന്തുസങ്കടവും സഹിക്കാം. എന്നാൽ നിങ്ങളൊക്കെ പട്ടിണികിടക്കുന്നതു കാണാൻ വയ്യേ വയ്യാ, നീ ദീൎഘായുസ്സായിരിക്കണം. ഇക്കാൎയ്യത്തിൽ വിരോധം പറയരുതു്"

ഞാൻ—"പണമാണോ എല്ലാററിലും വലുതു്?"

എളയമ്മ—"എനിക്കും നിണക്കും അതു വലുതല്ല; പക്ഷേ നിന്റെയും എന്റെയും സൎവ്വസ്വമായിട്ടുള്ളവരില്ലേ, അവൎക്കതു വലുതുതന്നെയാണ്—ഒന്നു നോക്കുമ്പോൾ, നമുക്കും അതു വലുതാണെന്നു വേണം പറയുവാൻ. നിണക്കുവേണ്ടി പ്രാണനെ ബലികഴിക്കാൻകൂടി ഞങ്ങൾ മൂന്നുപേർ ഒരുക്കമാണ്. ഞങ്ങൾക്കുവേണ്ടി ഒരന്ധകന്യകയെ വിവാഹംചെയ്യാൻ സമ്മതിച്ചുകൂടേ?"

വാദത്തിൽ ഞാൻ എളയമ്മയോടു തോററു. തോൽമ പററിയാൽ ദ്വേഷ്യം വരാൻ എളുപ്പമാണല്ലോ. എനിക്കു ദ്വേഷ്യംവർദ്ധിച്ചു. പണത്തിൻവേണ്ടി രജനിയെ വിവാഹം ചെയ്യുന്നതു വലിയ അന്യായമാണെന്നു ഞാൻ തീർച്ചപ്പെടുത്തി. "എന്തുപറഞ്ഞാലും .ശരി, ഞാൻ ഈ വിവാഹം ചെയ്യുകയേ ഇല്ല" എന്നു ഞാൻ അഹംഭാവത്തോടുകൂടി പറഞ്ഞു.

എളയമ്മയ്ക്കും ഇതുകേട്ടപ്പോൾ വാശിമുഴുത്തു. "നീ എന്തുപറഞ്ഞാലും ശരി, ഞാൻ കായസ്ഥനു പിറന്നവളാണെങ്കിൽ ഈ വിവാഹം നടത്തിട്ടൊരു കാര്യം എന്നു ഗർവ്വത്തോടുകൂടി പറഞ്ഞു.

"എന്നാൽ എളയമ്മ വേറെ ആക്കെങ്കിലും പിറന്നവളായിരിക്കാം. എന്നെക്കൊണ്ടു ഈ വിവാഹം ചെയ്യിക്കാൻ ഒരിക്കലും എളയമ്മക്കു സാധിക്കുകയില്ല" എന്നു ഞാൻ ചിരിച്ചുകൊണ്ടുത്തരം പറഞ്ഞു.

എളയമ്മ—"അല്ല, കുട്ടി! ഞാൻ കായസ്ഥനു പിറന്നവൾ തന്നെയാണെന്നു കാണിച്ചുതരാം."

എളയമ്മയുടെ മനസ്സു മഹാ കഠിനമാണ്. ഞാൻ അങ്ങോട്ടു സമ്മാനിച്ച ശകാരം നല്ലവാക്കിൽ പൊതിഞ്ഞു ഇങ്ങോട്ടുതന്നെ തരികയാണ് അവർ ചെയ്തതു്

## IV

ഞങ്ങളുടെ വീട്ടിൽ ഇടയ്ക്കെല്ലാം ഒരു സന്ന്യാസി വന്നു താമസിക്കാറുണ്ടായിരുന്നു. ചിലർ സന്ന്യാസി എന്നുപ

റയും, ബ്രഹ്മചാരിയെന്നു മററു ചിലർ; വേറെ ചിലർ വെറും പരിവ്രാജകനാണെന്നു അഭിപ്രായപ്പെട്ടും; അവധൂതനാണെന്നു കരുതിയിരുന്നവരും ഇല്ലെന്നില്ല. മഞ്ഞനിറത്തിലുള്ള ഉടുപ്പു; കണ്ഠത്തിൽ രുദ്രാക്ഷമാല; ശിരസ്സിൽ ജടിലമല്ലാത്ത രൂക്ഷകേശം; നെററിയിൽ ചെറിയൊരു രക്തചന്ദനക്കുറി; ഭസ്മലേപനത്താൽ ധൂസരമല്ലാത്ത ദേഹം. ഇങ്ങിനെ ആ മനുഷ്യൻ സന്യാസിവർഗ്ഗത്തിലൊരു പ്രമാണിയായിരുന്നു. ചന്ദനംകൊണ്ടുണ്ടാക്കിയ യോഗദണ്ഡം, ആനക്കൊമ്പുകൊണ്ടുണ്ടാക്കിയ ഭിക്ഷാപാത്രവുമായി അദ്ദേഹം വരുന്നതുകണ്ടാൽ അതാ സന്യാസിമഹാശയൻ വരുന്നു എന്നു കുട്ടികൾ നിലവിളിച്ചു തുടങ്ങും. ഞാനും അദ്ദേഹത്തെ ഇങ്ങിനെ വിളിച്ചുകളയാം.

അച്ഛന്നു് എവിടുന്നാണ് അദ്ദേഹത്തെ കിട്ടിയതെന്നു എനിക്കറിഞ്ഞുകൂടാ. സന്യാസി പലേ ഔഷധങ്ങളുടേയും ജ്ഞാനമുള്ള ആളാണെന്നും താന്ത്രികയജ്ഞങ്ങളിൽ വിചക്ഷണനാണെന്നും വിശ്വസിച്ചിട്ടായിരിക്കണം അച്ഛന്നു ഇത്ര ഭക്തി തോന്നിയതു്. എളയമ്മയുടെ വന്ധ്യതയും അതിന്നു പക്ഷേ ഉത്തരവാദിയായിരിക്കാം.

അച്ഛൻെറ അനുകൂല്യം നിമിത്തമാണ് സന്യാസിക്കു മാളികയിൽ ഒരു സങ്കേതം കിട്ടാനിടയായതു്. എനിക്കതു് തീരെ രസിച്ചിരുന്നില്ല. ഒരു ദിവസം സന്ധ്യക്ക് സന്യാസി സൂര്യന്നഭിമുഖമായിരുന്നു്, സാരംഗരാഗത്തിൽ ആര്യാവൃത്തത്തിലുള്ള ഒരു സ്തോത്രം ചൊല്ലുന്നതു കേട്ടു. എനിക്ക് ആകപ്പാടെ രസക്കേടു സഹിക്കാൻ കഴിയാതായി.

അദ്ദേഹത്തെ അൎദ്ധചന്ദ്രഗ്രാഹം ചെയ്തു പുറത്തുതള്ളാനു ദ്ദേശിച്ചുകൊണ്ടു ഞാൻ അടുത്തുചെന്നു.

"സന്യാസിമഹാശയരേ! എന്തസംബന്ധമാണിവിടെ ഇരുന്നു പുലമ്പുന്നതു?" എന്നു ചോദിച്ചു.

സന്യാസി ഹിന്തുസ്ഥാനിക്കാരനായിരുന്നു. എങ്കിലും ഞങ്ങളോടു സംസാരിക്കുമ്പോൾ ഉപയോഗിച്ചിരുന്നതു മുക്കാലേ അരക്കാലും തനിസംസ്കൃതവും ബാക്കിഭാഗം ഹിന്ദിയും ബങ്കാളിയും കൂടിക്കലൎന്ന ഒരു ഭാഷയും ആയിരുന്നു. ഞാൻ ബങ്കാളിയിലേ അങ്ങോട്ടു സംസാരിക്കാറുള്ളു.

സന്യാസി–"എന്താണെന്നു മനസ്സിലായില്ലേ?"

ഞാൻ–"വേദമന്ത്രമാണോ?"

സന്യാസി--"ആയിരിക്കാം."

ഞാൻ--"അതു ചൊല്ലീട്ടെന്താണൊരു കാൎയ്യം?"

സന്യാസി--"ഒന്നും ഇല്ല"

ഉത്തരംകൊണ്ടു ജയിച്ചതു സന്യാസിതന്നെ. ഞാനങ്ങിനെയല്ല വിചാരിച്ചിരുന്നത്.

ഞാൻ--"എന്നാൽ എന്തിനാണ് ചൊല്ലുന്നതു്?"

സന്യാസി–"കേൾക്കാൻ സുഖമില്ലേ?"

ഞാൻ--"കേൾക്കാൻ സുഖമില്ലായ്കയില്ല, പോരെങ്കിൽ അങ്ങയുടെ സ്വരം വളരെ കോമളവുമാണല്ലോ. പക്ഷേ യാതൊരുകാൎയ്യവുമില്ലെങ്കിൽ ചൊല്ലീട്ടെന്തു പ്രയോജനമാണെന്നറിഞ്ഞാൽ കൊള്ളാം."

സന്യാസി--"ഇതുകൊണ്ടാൎക്കും അനിഷ്ടം നേരിടുന്നില്ലെങ്കിൽ പാടുന്നതുകൊണ്ടെന്താണൊരു ദോഷം.

ഞാൻ അദ്ദേഹത്തെ കളിയാക്കേണമെന്നുദ്ദേശിച്ചാണ് പുറപ്പെട്ടതു. പക്ഷേ എന്നെ തോല്പിക്കാനാണ് അദ്ദേഹത്തിൻെറ പുറപ്പാടു. അങ്ങിനെ വഴിപ്പെട്ടുകൂടെന്നു മനസ്സിലുറച്ച് ഞാൻ ഇപ്രകാരം മറുപടി പറഞ്ഞു. "ദോഷമൊന്നും ഇല്ല; എങ്കിലും നിഷ്പ്രയോജനമായി ആരെങ്കിലും വല്ലതും ചെയ്യാറുണ്ടോ? വേദഗാനം നിഷ്ഫലമാണെങ്കിൽ അതു വേണ്ടെന്നുവെക്കുകയല്ലെ ഭേദം?"

സന്ന്യാസി–"അങ്ങ പാണ്ഡിത്യമുള്ള ആളല്ലേ? വൃക്ഷത്തിന്മേലിരുന്നു കോകിലം പാടുന്നതെന്തിനായിട്ടാണ്?"

ഞാൻ കുഴിക്കലായി. ഇതിന്നു രണ്ടുപ്രകാരത്തിൽ സമാധാനം പറയാം. പാടുന്നതുകൊണ്ടു കോകിലത്തിന്നു സന്തോഷം തോന്നുന്നുണ്ടു. എന്നാണൊരു സമാധാനം; പിടപക്ഷിയെ മോഹിപ്പിക്കാനാണെന്നു മററൊരു സമാധാനം. എന്താണിവിടെ പ്രയോഗിക്കേണ്ടതു? ആദ്യത്തേതു ഒന്നാമതായി പറയാമെന്നു തീർച്ചയാക്കി. "പാടുന്നതുകൊണ്ടു കോകിലത്തിന്നു സന്തോഷമുണ്ടു" എന്നു പറഞ്ഞു.

സന്ന്യാസി–പാടുന്നതുകൊണ്ടു എനിക്കും സുഖമുണ്ടു"

ഞാൻ–"എന്നാൽ പ്രേമഗാനങ്ങൾ ഉണ്ടായിരിക്കെ വേദഗാനം ചൊല്ലുന്നതിനെന്തിനാണ്.

സന്ന്യാസി.––"ഏതാണധികം സുഖം? സാമാന്യഗണികാഗണത്തിൻെറ ദുർവൃത്തിയെ കുറിച്ചുള്ള ഗാനങ്ങളോ, ദേവതാഗണത്തിൻെറ അസീമമഹിമാഗാനങ്ങളോ അധികം സുഖകരമായിരിക്കുക?"

ചിരിച്ചുകൊണ്ടു ഞാൻ രണ്ടാമത്തെ സമാധാനത്തിലേക്കു കടന്നു. "കോകിലം പാടുന്നതു അതിൻെറ പിടപ്പക്ഷിയെ മോഹിപ്പിക്കുവാൻ വേണ്ടിയാണ്; മോഹനാൎത്ഥമായ ശാരീരികസ്ഫൂൎത്തിയാണ്, ജീവികളെ ആനന്ദിപ്പിക്കുന്നതു്. ആ ശാരീരികസ്ഫൂൎത്തിയിൽ അന്തൎഭവിച്ചതാണ്, കണ്ഠസ്വരത്തിൻെറ സ്ഫൂൎത്തിയും. ആരേ മോഹിപ്പിക്കാനാണ്, അങ്ങിയുടെ ഉദ്യമം."

സന്ന്യാസി:--(ചിരിച്ചുകൊണ്ടു) "എൻെറ മനസ്സിനെ. മനസ്സു ആത്മാവിൻെറ ആനുരാഗിയും ഹിതകാരിയും ആയിതീരത്തക്കവണ്ണം അതിനെ വശീകരിക്കാൻവേണ്ടിയാണ് ഞാൻ പാട്ടുപാടുന്നതു."

ഞാൻ:--"അങ്ങു ദാൎശികനാണ്; അതുകൊണ്ടു മനസ്സിനേയും ആത്മാവിനേയും തിരിച്ചറിയുവാൻ സാധിക്കുമായിരിക്കാം. പക്ഷേ മനസ്സും ആത്മാവും പൃഥക്പദാൎത്ഥങ്ങളാണെന്നു ധരിക്കുവാൻ എനിക്കു സാധിക്കുന്നില്ല. മനസ്സിനെ അറിയുന്നതു അതിൻെറ ക്രിയകൾകൊണ്ടാണ്. ഇച്ഛ, പ്രവൃത്തി, സുഖം, ദുഃഖം ഇതെല്ലാം എൻെറ മനസ്സിലാണ്. മനസ്സിൽനിന്നു അതിരിക്തമായ ഒരാത്മാവിനെ എങ്ങിനെയാണ് ധരിക്കേണ്ടതു്? യാതൊന്നിൻെറ ക്രിയ കാണ്മാൻ സാധിക്കുമോ, അതിനെ വിശ്വസിക്കാം; യാതൊന്നിൻെറ ചിഹ്നം കാണ്മാൻ സാധിക്കുന്നില്ലയോ, അതിനെ വിശ്വസിക്കുന്നതെങ്ങിനെ?"

സന്ന്യാസി;--"എന്നാൽ മനസ്സും ശരീരവും ഒന്നാണെന്നു എന്തുകൊണ്ടു പറയുന്നില്ല? ശരീരവും മനസ്സുംതമ്മിൽ

ഭേദമുണ്ടെന്നു എന്തിനു വിചാരിക്കുന്നു? ഏതു പ്രവൃത്തിയും ശരീരത്തിൻെറ ക്രിയയാണ്; മനസ്സിൻെറ ക്രിയയാണെന്നു എന്തിനു പറയുന്നു?"

ഞാൻ–"ചിന്ത, ആഗ്രഹം, ഇതൊക്കെ മനസ്സിൻെറ ക്രിയയല്ലേ?"

സന്ന്യാസി–"ശരീരത്തിൻെറ ക്രിയയല്ലെന്നു എങ്ങിനെ അറിഞ്ഞു?"

ഞാൻ–"അതും സത്യമാണ്; മനസ്സുതന്നെ കേവലം ശ*രീരത്തിൻെറ ക്രിയയാണ്."

സന്ന്യാസി–"വളരെ നന്നായി; ഇങ്ങിനെ വാദിക്കാൻ തുടങ്ങിയാൽ, ശരീരം പഞ്ചഭൂതങ്ങളുടെ ക്രിയയാണെന്നു സമ്മതിക്കേണ്ടിവരും. (ഓഹോ! നിങ്ങളാൽ ചിലക്ക് പഞ്ചഭൂതങ്ങളിൽ വിശ്വാസമില്ല. നിങ്ങൾ ബഹുഭൂതവാദികളാണ്. അതിരിക്കട്ടെ.) പൃഥിവ്യാദികളായ ഭൂതഗണങ്ങളാണ് ശരീരമായിത്തീൎന്നു സകല കൎമ്മങ്ങളും ചെയ്യുന്നതെന്നു പറയുന്നതിലും ന്യായം കാണും. എൻെറ മുമ്പിലിരുന്നു സംസാരിക്കുന്നതു ശചീന്ദ്രനല്ലെന്നും, സംസാരിക്കുന്നതായി സങ്കല്പിക്കുന്നതു പൃഥിവ്യാദികളുടെ ശബ്ദം മാത്രമാണെന്നും പറയുന്നതായാൽ അതുംസമ്മതിക്കേണ്ടിവരും. മനസ്സെന്നും ശരീരമെന്നും ഉള്ള കല്പനകൾക്ക് പ്രയോജനമില്ലെന്നും സിദ്ധിക്കും. പൃഥിവ്യാദികളിൽനിന്നു വിഭിന്നമായി ശചീന്ദ്രനാഥനു അസ്തിത്വം ഇല്ലെന്നും വന്നുകൂടും.

---

* Function of the brain.

ഇങ്ങിനെ പരാജിതനായിത്തീൎന്ന ഞാൻ സന്യാസിയെ ഭക്തിപുരസ്സരം പ്രണാമംചെയ്തു അവിടെനിന്ന പോയ്ക്കളഞ്ഞു. അന്നുമുതൽ എനിക്ക സന്യാസിയുടെ പേരിൽ ഒരു സംപ്രീതി ജനിച്ചു. എല്ലായ്പോഴും അദ്ദേഹത്തിൻെറ അടുക്കൽ ചെന്നിരിക്കുകയും ശാസ്ത്രീയവിഷയങ്ങളെപ്പററി സംസാരിക്കുകയും ചെയ്യുക പതിവായി. സന്യാസി വലിയ സൂത്രക്കാരനാണെന്ന് ഈ സഹവാസംകൊണ്ടെനിക്ക മനസ്സിലായി. ദീനക്കാൎക്ക് മരുന്ന കൊടുക്കുക, കൈനോക്കി ലക്ഷണം പറയുക, ഇടയ്ക്കിടെ യാഗഹോമാദികൎമ്മങ്ങൾ നടത്തുക, ചില നാളപരീക്ഷകളാൽ കള്ളന്മാരെ കണ്ടുപിടിക്കുക ഇങ്ങിനെ പല പ്രയോഗങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു ദിവസം എനിക്ക ഇതെല്ലാം കണ്ടു സഹിക്കാൻ കഴിയാതായപ്പോൾ ഞാൻ ഇങ്ങിനെ ചോദിച്ചു:—"അങ്ങു മഹാമഹോപാദ്ധ്യായനായ പണ്ഡിതൻതന്നെ; പക്ഷേ ഈ സൂത്രപ്പണികളെന്തിനാണ്?

സന്യാസി—"എന്തു സൂത്രപ്പണി?"

ഞാൻ—"ഈ നാളപരീക്ഷയും കൈനോക്കലും മററും."

സന്യാസി—"ചില പ്രയോഗങ്ങളുടെ ഫലം അനിശ്ചിതമായിരിക്കാം; എങ്കിലും പരീക്ഷിച്ചുനോക്കേണ്ടതാവശ്യമല്ലേ?

ഞാൻ—"ഫലം അനിശ്ചിതമാണെന്നറിഞ്ഞുകൊണ്ടു ജനങ്ങളെ വഞ്ചിക്കുന്നതെന്തിനാണ്?"

സന്യാസി—"നിങ്ങൾ മൃതശരീരത്തെ കീറിനോക്കുന്നതെന്തിനാണ്?"

ഞാൻ–"പഠിക്കാൻവേണ്ടി"

സന്ന്യാസി–"പഠിച്ചവർ കീറിനോക്കുന്നതോ?"

ഞാൻ–"തത്വാന്വേഷണാൎത്ഥം."

സന്ന്യാസി–"ഞങ്ങളും തത്വാന്വേഷണാൎത്ഥമാണ് ഇങ്ങിനെയൊക്കെ ചെയ്യുന്നതു്. ആളുകളുടെ തലയോട്ടിന്റെ സമ്പ്രദായത്തിൽനിന്നു അവരുടെ സ്വഭാവസ്ഥിതി പറയാൻ സാധിക്കുമെന്നു പാശ്ചാത്യപണ്ഡിതന്മാരിൽ പലൎക്കും അഭിപ്രായമുണ്ടത്രെ. തലയോട്ടിന്റെ സമ്പ്രദായം നോക്കി അതേപ്രകാരം ഗണിക്കാൻ സാധിച്ചുകൂടെ? കയ്യിലെ രേഖകൾ നോക്കി ഗണിക്കാൻ ആൎക്കും ഇതേവരെ സാധിച്ചിട്ടില്ലെങ്കിൽ അതിന്നു കാരണം രേഖകളുടെ പ്രകൃത സങ്കേതം ഇനിയും കിട്ടിക്കഴിയായ്കതന്നെയാണ്. ക്രമേണ അതു കിട്ടുമെന്നുതന്നെ വിശ്വസിക്കാം. അതുകൊണ്ടാണ് തരം കിട്ടുമ്പോഴെല്ലാം ഞാൻ കൈ നോക്കുന്നതു്."

ഞാൻ–"നാളപരീക്ഷയുടെ ഉദ്ദേശമോ?"

സന്ന്യാസി–"ഇരുമ്പുകമ്പികളിലൂടെ ലോകത്തിലെങ്ങും ലിപികളെ പ്രചരിപ്പിക്കുവാൻ നിങ്ങൾക്കു കഴിയുമെങ്കിൽ, ഞങ്ങൾക്കു ഒരു നാളത്തെ പലിപ്പിക്കാൻ സാധിച്ചുകൂടേ? ആംഗ്ലേയൎക്ക് അറിവുള്ള സംഗതികൾ മാത്രമേ സത്യമാവു എന്നും, അവൎക്കറിഞ്ഞുകൂടാത്തതെല്ലാം അസത്യവും, മനുഷ്യജ്ഞാനത്തിന്നു അതീതവും അസാദ്ധ്യവും ആണെന്നും നിങ്ങൾക്കൊക്കെ ഒരു ധാരണയുണ്ട്. വാസ്തവത്തിൽ അങ്ങിനെയല്ല. ജ്ഞാനം അ

നന്തമാണ്. നിങ്ങൾക്കു കുറച്ചറിയാം; എനിക്ക് കുറച്ചറിയാം; മററുള്ളവക്കു കുറച്ചറിയാം; എന്നല്ലാതെ "എനിക്ക് സകലതും അറിയാം, എനിക്കറിയാത്തതൊന്നും മററാക്കും അറിഞ്ഞുകൂടാ" എന്നു പറയാൻ ആക്കും അർഹതയില്ല. ചിലതെല്ലാം ഇംഗ്ലീഷുകാക്കറിയാം; ചിലതെല്ലാം നമ്മുടെ പൂർവ്വീകന്മാക്കറിയാമായിരുന്നു; ഇംഗ്ലീഷുകാക്കറിയുന്നതു ഋഷികൾക്ക് നിശ്ചയമുണ്ടായിരുന്നില്ലെന്നു വരാം; ഋഷികൾക്കറിവുണ്ടായിരുന്നതു ഇംഗ്ലീഷുകാക്കും ഇതേവരെ അറിയാൻ കഴിഞ്ഞിട്ടില്ലെന്നുവരാം. ആ പ്രാചീനാര്യന്മാരുടെ വിജ്ഞാനം പ്രായേണ ലുപ്തമായിത്തീന്നിരിക്കുന്നു. ഏതാൻ ചില അംശങ്ങൾ ഞങ്ങൾ ആക്കും വിട്ടുകൊടുക്കാതെ ഗോപ്യമായി പരിപാലിച്ചു പോരുന്നുണ്ട്."

ഞാൻ ഒന്നു ചിരിച്ചു. അപ്പോൾ സന്ന്യാസി "വിശ്വാസം തോന്നുന്നില്ല അല്ലെ? പ്രത്യക്ഷത്തിൽ കാണിച്ചുതന്നാൽ വിശ്വസിക്കുമൊ?" എന്നു ചോദിച്ചു.

ഞാൻ—"കാണിച്ചുതന്നാൽ വിശ്വസിക്കാം."

സന്ന്യാസി—"പിന്നെ ഒരിക്കൽ കാണിച്ചുതരാം. തൽക്കാലം വിശേഷവിധിയായി ഒരു കാര്യം പറയാനുണ്ട്; നമ്മൾ തമ്മിലുള്ള അടുപ്പം കണ്ടിട്ട് നിങ്ങളുടെ അച്ഛൻ എന്നെ ഒരു കാര്യം ഏല്പിച്ചിരിക്കുന്നു. നിങ്ങളെ വിവാഹം കഴിപ്പിപ്പാൻ ഞാൻ ഒന്നു പ്രേരിപ്പിക്കേണമെന്നാണച്ഛൻെറ അഭിപ്രായം.

ഞാൻ—"പ്രേരണയൊന്നും വേണമെന്നില്ല, ഞാൻ വിവാഹം ചെയ്യാൻ ഒരുക്കമാണ്. പക്ഷെ"-

സന്ന്യാസി "പക്ഷെ, എന്താണ്?"

ഞാൻ - "കന്യക വിടെ? കണ്ണുകാണാത്ത ഒരു കന്യകയുണ്ട്. അതിനെ ഞാൻ കല്യാണം കഴിക്കയില്ല."

സന്ന്യാസി—"ഈ ബങ്കാളരാജ്യത്തിൽ നിങ്ങൾക്കു ചേന്ന ഒരു കന്യകയില്ലെന്നൊ?"

ഞാൻ--"ആയിരക്കണക്കിനുണ്ട്, പക്ഷെ ഒന്നിനെ തിരഞ്ഞെടുക്കാനാണ് ഞെരുക്കം. ഏതു കന്യകക്കാണ് എന്നോട്ട സ്നേഹമെന്നെങ്ങിനെയാണറിയുക?"

സന്ന്യാസി--"എനിക്കൊരു വിദ്യയുണ്ട്. ഈ ലോകത്തിൽ നിങ്ങളെ ഉള്ളോട്ടക്രുടി സ്നേഹിക്കുന്ന വല്ല കന്യകയും ഉണ്ടെങ്കിൽ അവളെ സ്വപ്നത്തിൽ കാണിച്ചുതരാൻ എനിക്കു സാധിക്കും. എന്നാൽ ഇപ്പോൾ സ്നേഹമില്ലാതെ മേലാൽ സ്നേഹിക്കാവുന്നനിലയിൽ ആരെങ്കിലും ഉണ്ടെങ്കിൽ ക്രുടി അതു എൻെറ വിദ്യക്കു അതീതമാണ്.

ഞാൻ-"ഈ വിദ്യകൊണ്ടു വലിയ ആവശ്യമൊന്നും ഉണ്ടെന്നു തോന്നുന്നില്ല. ആരെക്കുറിച്ചെങ്കിലും സ്നേഹമുണ്ടെങ്കിൽ അതു അവരവക്കു സ്വയമേവ അനുഭവഗോചരമായിരിക്കുമല്ലോ."

സന്ന്യാസി--"അങ്ങിനെ വിചാരിക്കണ്ട; അജ്ഞാതപ്രണയമാണ് ലോകത്തിൽ അധികം. നിങ്ങളോട്ട ആക്കെങ്കിലും സ്നേഹമുള്ളതായി നിങ്ങൾക്കറിവുണ്ടോ?"

ഞാൻ– "സ്വന്തം ബന്ധുക്കളൊഴികെ എന്നെ സവിശേഷം ആരും സ്നേഹിക്കുന്നതായെനിക്കറിവില്ല."

സന്ന്യാസി–"എൻെറ വിദ്യ കുറച്ചൊന്നു ദൃഷ്ടാന്തപ്പെടുത്തികണ്ടാൽ കൊള്ളാമെന്നുണ്ടെങ്കിൽ, ഇന്നുതന്നെകാണിച്ചുതരാം."

ഞാൻ–"യാതൊരു വിരോധവുമില്ല."

സന്ന്യാസി–"എന്നാൽ ഉറങ്ങാൻ പോകുമ്പോൾ എന്നെ വിളിക്കുക."

എൻെറ ശയനമുറി വീട്ടിൻെറ ബഹിർഭാഗത്താണ്. കിടക്കാറായപ്പോൾ ഞാൻ സന്ന്യാസിയെ വിളിച്ചു. അദ്ദേഹം വന്നു എന്നോടു കിടക്കാൻ പറഞ്ഞു. ഞാൻ കിടന്നശേഷം അദ്ദേഹം "ഞാൻ ഇവിടെനിന്നു പോകുന്നതുവരെ കണ്ണു തുറക്കരുത്; പോയ്ക്കഴിഞ്ഞാൽ, ഉറങ്ങീട്ടില്ലെങ്കിൽ, തുറക്കാം" എന്നു പറഞ്ഞു. ഞാൻ കണ്ണടച്ചു. കിടന്നു. സന്ന്യാസി എന്തു കൗശലമാണ് പ്രയോഗിച്ചതെന്ന് എനിക്കറിഞ്ഞുകൂടാ; അദ്ദേഹം പോകുന്നതിന്നു മുമ്പുതന്നെ ഞാൻ ഉറങ്ങിപ്പോയി.

ഭൂമിയിൽ എന്നെ ഹൃദയപൂർവ്വം വല്ല സ്ത്രീയും സ്നേഹിക്കുന്നുണ്ടെങ്കിൽ അവളെ സ്വപ്നത്തിൽ കാണുമെന്നായിരുന്നു സന്ന്യാസി പറഞ്ഞിരുന്നത്. ഞാനൊരു സ്വപ്നം കാണുകയും ചെയ്തു. ഗംഗാപ്രവാഹമദ്ധ്യത്തിലെ സൈകതഭൂമി–അതിൻെറ പ്രാന്തഭാഗത്തു് അർദ്ധമഗ്നയായി–ആരായിരുന്നു?

"രജനി"

പിറെറദിവസം രാവിലെ സന്ന്യാസി "ആരെയാണ് സ്വപ്നത്തിൽ കണ്ടതു" എന്നു ചോദിച്ചു.

ഞാൻ--"കണ്ണുകാണാത്ത പൂക്കാരിയെ."

സന്ന്യാസി--"കണ്ണുകാണാത്തതോ"

ഞാൻ- അതെ.--ജന്മാന്ധ."

സന്ന്യാസി- "ആശ്ചര്യം! അവളെക്കാളധികമായി നിങ്ങളോടു ലോകത്തിൽ മററാക്കും സ്നേഹമില്ലെന്നു തീർച്ചയാണ്"

ഞാൻ നിശ്ശബ്ദഭാവത്തിൽ അവിടെ നിലകൊണ്ടു.

# ചതുൎത്ഥഖണ്ഡം.

## പലരുടേയും കഥ.

### I

### ലവംഗലതയുടെ കഥ.

കാൎയ്യം വലിയ വൈഷമ്യത്തിലായി. സന്ന്യാസിമഹാശയൻെറ സാഹായ്യത്താൽ, ശചീന്ദ്രനെ രജനിയിൽ അനുരക്തനാക്കിത്തീക്കാൻ ഞാൻ വളരെ പാടുപെട്ടു. മന്ത്രസിദ്ധിയുള്ള സന്ന്യാസിക്കു ജഗദംബയുടെ കാരുണ്യത്താൽ മനസ്സിൽ വിചാരിച്ചതു സാധിപ്പിക്കുവാൻ കഴിയും. ഷഷ്ടിപൂൎത്തി കഴിഞ്ഞ മിത്രമഹാശയൻ ഈ പാവപ്പെട്ടവളുടെ പാട്ടിൽ പെട്ടതു ഇവളുടെ ഗുണം കണ്ടിട്ടോ, സന്ന്യാസിമഹാശയൻെറ മന്ത്രബലംകൊണ്ടോ എന്നു നിൎണ്ണയിക്കാൻ കുറെ പ്രയാസമാണ്. കായമനോവാക്യങ്ങളെക്കൊണ്ടു പതിശുശ്രൂഷ ചെയ്യുന്ന കാൎയ്യത്തിൽ ഞാൻ അശേഷം ഉദാസീനത കാണിക്കാറില്ലെന്നു തീൎത്തുപറയാം; സന്ന്യാസിയും എനിക്കുവേണ്ടി, ജപഹോമങ്ങളും, തന്ത്രമന്ത്രങ്ങളും പ്രയോഗിക്കുന്നതിൽ ഉപേക്ഷ വരുത്തിയിരുന്നില്ല. അദ്ദേഹം ആൎക്കുവേണ്ടി എന്തുചെയ്താലും അതു ഫലിക്കാതിരിക്കാറില്ല. കൊല്ലൻെറ കെട്ടിയവൾ കൊണ്ടുക്കൊട്ടുത്ത

പിച്ചളപാത്രം പൊന്നാക്കിക്കൊടുത്തു! അദ്ദേഹത്തിന്നു സാധിക്കാത്തതെന്തെങ്കിലും ഉണ്ടോ? അദ്ദേഹത്തിന്റെ മരുന്നിന്റേയും മന്ത്രത്തിന്റേയും ശക്തികൊണ്ടു ശചീന്ദ്രൻ രജനിയിൽ അനുരക്തനാകാതിരിക്കില്ലെന്നും രജനിയെ വിവാഹംചെയ്യാതിരിക്കയില്ലെന്നും എനിക്കു നല്ല ഉറപ്പുണ്ടായിരുന്നു. അങ്ങിനെയിരിക്കുമ്പോഴാണ് അവിചാരിതമായി വേറൊരു വൈഷമ്യം നേരിട്ടത്. അമരനാഥൻ രജനിയെ വിവാഹംചെയ്യാൻതീർച്ചപ്പെടുത്തിയിരിക്കുന്നു എന്നൊരു പ്രസ്താവം പെട്ടെന്നു പ്രബലമായിത്തീൎന്നു.

രജനിയുടെ ചെറിയമ്മയും അവളുടെ ഭർത്താവും (രാജചന്ദ്രനും അയാളുടെ ഭാൎയ്യയും) ഞങ്ങൾക്കനുകൂലമാണ്. അതിന്നു പ്രത്യേകം കാരണവും ഉണ്ട്. ഈ വിവാഹം നടക്കുന്നപക്ഷം അവൎക്കെന്തെങ്കിലും പ്രതിഫലം കൊടുക്കാമെന്നു എന്റെ ഭർത്താവു പറഞ്ഞിരുന്നു. പേരിന്നുമാത്രമൊരു പ്രതിഫലമല്ല; അഞ്ചോ പത്തോ ആയിരംതന്നെ കൊടുക്കാമെന്നായിരുന്നു വിചാരിച്ചിരുന്നത്. പക്ഷേ അവരിരുവരുടേയും ആനുകൂല്യംകൊണ്ടു മാത്രം കാൎയ്യം നടക്കുകയില്ല. അമരനാഥന്റെ മൎക്കടമുഷ്ടിയാണ് വലുതായ പ്രതിബന്ധം. അയാൾ രജനിയെ വിവാഹംചെയ്തേ ഇരിക്കൂ എന്നു തീർച്ചപ്പെടുത്തിയിരിക്കയാണ്.

എന്നാൽ, ഈ വിഷയത്തിൽ അമരനാഥനെന്താണധികാരം? മകളുടെ വിവാഹം നിശ്ചയിക്കേണ്ടതു് അവളുടെ എളയമ്മയും എളയച്ഛനും അമ്മയും അച്ഛനും എന്നുതന്നെ പറയാം—അല്ലേ? അവർ രണ്ടുപേരും ഞങ്ങ

ളുടെ ഭാഗത്തായിരിക്കെ അമരനാഥൻ പിടുത്തം പിടിച്ചിട്ടെന്തു കാൎയ്യം? അയാൾ ഇക്കൂട്ടൎക്ക അവരുടെ സ്വത്തു വീണ്ടെടുത്തു കൊടുത്തു; ശരിതന്നെ; അതിന്നു പ്രതിഫലമായി രണ്ടോ നാലോ ആയിരം അയാൾക്കു കൊടുത്താൽ തീൎന്നില്ലേ? ഞാൻ എന്റെ മകനെക്കൊണ്ടു വിവാഹം ചെയ്യിക്കാൻ നിശ്ചയിച്ച കന്യകയെ അമരനാഥന്നു വിവാഹം ചെയ്യണമത്രേ! എന്തു ധിക്കാരം! മുമ്പൊരിക്കൽ ഞാൻ അമരനാഥന്നു നല്ല കണക്കിൽ ഒരു പാഠം പഠിപ്പിച്ചുകൊടുത്തിട്ടുണ്ടു്. വേണ്ടിവന്നാൽ ഇനിയൊരിക്കൽ കൂടി അങ്ങിനെയൊരു പാഠം പഠിപ്പിക്കുകയും ചെയ്യും. ഞാൻ കായസ്ഥപിതാവിന്നു പിറന്ന പെണ്ണാണെങ്കിൽ, അമരനാഥന്റെ അധീനതയിൽ നിന്നു രജനിയെ വിടുത്തി എന്റെ മകനെക്കൊണ്ടു അവളെ കല്യാണം കഴിപ്പിക്കും.

അമരനാഥന്റെ സ്വഭാവം എനിക്കു നല്ലപോലെ അറിയാം. ആൾ പരമധൂൎത്തനാണ്. ആയാളോടു എതിൎക്കുവാൻ പോകുന്നതു വളരെ സൂക്ഷിച്ചിട്ടുവേണം. അതുകൊണ്ടു ഞാൻ നല്ലവണ്ണം കരുതീട്ടേ ഇക്കാൎയ്യത്തിൽ പ്രവൎത്തിച്ചുള്ളു.

രാജചന്ദ്രദാസന്റെ ഭാൎയ്യയെ ആളയച്ചു വരുത്തുകയാണു് ഞാൻ ഒന്നാമതായി ചെയ്തതു്.

ആ സ്ത്രീ വന്ന ഉടനെ "എന്താ മാലക്കാരി, എന്തു മാതിരിയാണിതു്?" എന്നു ചോദിച്ചു.

രാജചന്ദ്രൻെറ ഭാൎയ്യയെ ഞാൻ അപ്പോഴും മാലക്കാരി എന്നു വിളിച്ചതു് തത്സമയത്തുണ്ടായ കോപംകൊണ്ടാണ്. മററൊരു സന്ദൎഭത്തിലാണെങ്കിൽ അങ്ങിനെ സംബോധനംചെയ്വാൻ ഞാൻ തുനിയുകയില്ലായിരുന്നു.

മാലക്കാരി:—"എന്താണമ്മേ, ഞാൻ ചെയ്തതു്?"

ഞാൻ:—"മകളെ അമരനാഥബാബുവിന്നുതന്നെ കൊടുക്കാൻ തീൎച്ചയാക്കി ഇല്ലേ?"

മാലക്കാരി "അങ്ങിനെ തീൎച്ചയാക്കിയപോലെ തന്നെയാണ് തോന്നുന്നതു്"

ഞാൻ—"എന്താ അങ്ങിനെ തോന്നാൻ? ഞങ്ങളോടെന്തായിരുന്നു പറഞ്ഞിരുന്നതു്?"

മാലക്കാരി—"എന്താണമ്മേ! ചെയ്യുക? ഞാനൊരു പെണ്ണല്ലേ? എനിക്കെന്തറിയാം?"

ആ സ്ത്രീയുടെ മണ്ടത്തരം കണ്ടപ്പോൾ എനിക്കു വല്ലാത്ത "ദേഷ്യം"വന്നു. എന്തസംബന്ധമാണ് പുലമ്പുന്നതു്? ഇതൊന്നും പെണ്ണുങ്ങൾക്കറിഞ്ഞുകൂടെങ്കിൽ ആണുങ്ങൾക്കാണോ അറിയുക? പിന്നെ പുരുഷന്മാരല്ലേ കുടുംബഭരണത്തിൻെറ സകല കൎമ്മങ്ങളും അറിയുന്നവർ. പുരുഷന്മാർ, പ്രയത്നിച്ചു് പണം സമ്പാദിച്ചു കൊണ്ടുതന്നു കൊള്ളണം. അത്രമാത്രമേ അവൎക്കധികാരമുള്ളു. അതിന്നപ്പുറത്തു കടക്കാൻ അവൎക്കൎഹതയില്ല."

മന്ദബുദ്ധിയായ ആ സ്ത്രീയ്ക്കു് എൻെറ ഈ പ്രസംഗം അസംഗതമായിതോന്നിയിരിക്കണം. അവളൊരു പച്ചച്ചിരി ചിരിച്ചതല്ലാതെ യാതൊന്നും പറഞ്ഞില്ല.

ഞാൻ തുടൻ്ുപറഞ്ഞു--"ഭത്താവിൻെറ അഭിപ്രായമെന്താ? അമരനാഥന്റെ മകളെ കൊടുക്കണമെന്നു തന്നെയാണോ?

മാലക്കാരി:--"അവക്കിഷ്ടമല്ല. പക്ഷേ അമരനാഥബാബുവിൻെറ സഹായം കൊണ്ടാണല്ലൊ രജനിക്ക് ഈ മുതലെല്ലാം കിട്ടിയത്; പിന്നെ അദ്ദേഹത്തിന്നെതിരായി നില്ക്കുന്നതെങ്ങിനെയാണ്?"

ഞാൻ:--"എന്നാൽ അമരനാഥബാബുവോടു ചെന്നു പറക, മുതലൊന്നും ഇനിയും രജനിക്ക് കിട്ടിക്കഴിഞ്ഞിട്ടില്ല എന്നു; സ്വത്തു് ഞങ്ങളുടേതാണ്; വിട്ടുതരാൻ മനസ്സില്ല. സാധിക്കുമെങ്കിൽ കോടതിയിൽ വ്യവഹരിച്ചു കൈവശപ്പെടുത്തിക്കൊൾക."

മാലക്കാരി:--"ഇതു മുമ്പുതന്നെ പറഞ്ഞിരുന്നെങ്കിൽ വ്യവഹാരം ഇപ്പോൾ കൊടുത്തുകഴിഞ്ഞിരിക്കുമല്ലൊ.

ഞാൻ--"വ്യവഹാരം കൊടുക്കുമെന്നു വായകൊണ്ടു പറഞ്ഞാൻ പോര. ചിലവിടാൻ പണം കനക്കെ വേണം. രാജചന്ദ്രദാസ് പൂവിററിട്ട് എന്തു സമ്പാദിച്ചിട്ടുണ്ട്?"

മാലക്കാരിക്ക് ഇതു കേട്ടപ്പോൾ കോപം വന്നു ഓരോന്നു പിറുപിറുക്കാൻ തുടങ്ങി. വാസ്തവത്തിൽ എനിക്കു തീരെ കോപമുണ്ടായിരുന്നില്ല. കോപം കുറച്ചൊന്നടക്കിക്കൊണ്ടു ആ സ്ത്രീ പറഞ്ഞു. "അമരബാബു മകളുടെ ഭത്താവായിക്കഴിഞ്ഞാൽ, സ്വത്തുക്കളെല്ലാം അയാളുടെ അധീനതയിലാവും. അദ്ദേഹം പണം ചിലവിട്ടു വ്യവ

ഹാരം നടത്തിക്കൊള്ളും; അതിന്നുള്ള ശക്തി അദ്ദേഹത്തിന്നുണ്ട്."

ഇതു പറഞ്ഞു മാലക്കാരി എഴുനീററുപോകാൻ ഭാവിച്ചു. ഞാൻ അവളുടെ പുടത്തുമ്പു പിടിച്ചു നിൎത്തിയപ്പോൾ അവൾ ചിരിച്ചുകൊണ്ടു എൻെറ അടുക്കൽ വന്നിരുന്നു.

"അമരബാബു വ്യവഹാരം കൊടുത്തു മുതലെല്ലാം കയ്യിലാക്കിയതുകൊണ്ടു നിങ്ങൾക്കെന്താണൊരു ലാഭം?"

മാലക്കാരി--"എൻെറ മകൾ സുഖമായിരിക്കും"

ഞാൻ--"എൻെറ മകൻ കല്യാണം കഴിച്ചാൽ വലിയ ദുഃഖം അനുഭവിക്കേണ്ടിവരും, അല്ലേ?"

മാലക്കാരി--"അതല്ല ഞാൻ പറഞ്ഞതിൻെറ അൎത്ഥം. എവിടെയായാലും എൻെറ മകൾ സുഖമായിരിക്കണം, എന്നേ എനിക്കാഗ്രഹമുള്ളൂ."

ഞാൻ--"മകൾ സുഖമായിരുന്നാൽ മതിയോ? നിങ്ങൾക്കു സുഖമായിരിക്കണമെന്നില്ലേ"

മാലക്കാരി--"ഞങ്ങൾക്ക് വേറിട്ടെന്താണൊരുസുഖം? മകൾക്കു സുഖമായാൽ ഞങ്ങൾക്കും സുഖംതന്നെ"

ഞാൻ--"അന്നുപറഞ്ഞ പ്രതിഫലം വേണ്ടായിരിക്കാം?"

മാലക്കാരിയുടെ മുഖത്തൊരു മന്ദഹാസം സ്ഫുരിച്ചു. "അമ്മേ! ഞാൻ കാൎയ്യത്തിൻെറ പരമാൎത്ഥം പറയട്ടേ? രജനിക്കു ഈ വിവാഹം സമ്മതമല്ല?

ഞാൻ--"അങ്ങിനെയാണോ? എന്താണിവൾ പറയുന്നത്?

മാലക്കാരി--"വിവാഹാലോചനയെപ്പററി വല്ലതും പ്ര സ്താവിച്ചാൽ, കണ്ണുകാണാത്ത പെണ്ണിന്നു എന്തിനാ ണൊരു വിവാഹമെന്നാണവൾ ചോദിക്കുന്നതു?"

ഞാൻ--"അമരനാഥന്റെ വിവാഹത്തെപ്പററി പറ ഞ്ഞാൽ?"

മാലക്കാരി--"നമുക്കുള്ളതു സകലവും അദ്ദേഹം നിമിത്തം സിദ്ധിച്ചതാണല്ലോ. അദ്ദേഹത്തിന്റെ ഇഷ്ടംപോലെ ചെയ്യാം എന്നു പറയും"

ഞാൻ--"വിവാഹത്തിന്റെ കാൎയ്യത്തിൽ കന്യകയുടെ മ താമതങ്ങൾ ആരെങ്കിലും ഗണ്യമാക്കാറുണ്ടോ? അച്ഛ നമ്മമാരുടെ അഭിപ്രായമാണു കാൎയ്യമായിട്ടുള്ളതു."

മാലക്കാരി--പക്ഷേ, രജനി ഒരു കൊച്ചുകുട്ടിയല്ലല്ലോ. ഞങ്ങൾക്കു പിറന്ന മകളുമല്ല. സ്വത്തുക്കളൊണെങ്കിൽ അവളുടേതാണ്. ഞങ്ങളുടേതല്ല. അവൾ ഞങ്ങളോടു പോകാൻ പറഞ്ഞാൽ പോവുകയേ ഗതിയുള്ളു. അ തിലും ഭേദം അവളുടെ ഇഷ്ടത്തിന്നനുസരിച്ചു നില്ക്കുന്ന തല്ലേ?"

ഞാൻ--(ആലോചിച്ചിട്ടു) രജനിയും അമരനാഥനും ത മ്മിൽ കാണാറും സംസാരിക്കാറും ഉണ്ടോ?"

മാലക്കാരി--"ഇല്ല. അമരനാഥൻ അവളെ കാണാറില്ല"

ഞാൻ--"എനിക്കൊന്നു രജനിയെ കണ്ടാൽകൊള്ളാം. വിരോധമുണ്ടോ"

മാലക്കാരി--"എനിക്കും അതാണാഗ്രഹം. അമ്മ അവ ളുടെ മനസ്സു മാററിത്തന്നാൽ വളരെ ഉപകാരമായി.

അമ്മയോട്ട് അവൾക്ക് വലിയ ഭക്തിയും ബഹുമാനവും ആണ്."

ഞാൻ–"ഞാനൊന്നു ശ്രമിച്ചുനോക്കട്ടെ പക്ഷെ എങ്ങിനെയാണ് അവളെ കാണാൻ തരപ്പെടുക? നാളെ അവളെ ഒന്ന് ഇവിടേക്കു അയക്കാൻ സാധിക്കുമോ?"

മാലക്കാരി–"അതിനെന്താണമ്മെ! വിരോധം? ഈ വീട്ടിലെ ചോറു തിന്നു വളൎന്നവളല്ലെ അവൾ? പക്ഷെ ആദ്യംതന്നെ ഭൎത്താവിന്റെ വീട്ടിലേക്കു വരുന്നത് നല്ലദിവസവം മുഹൂൎത്തവും നോക്കീട്ടു വേണ്ടെ?

അൎത്ഥമില്ലാത്ത ഈ വാക്കു കേട്ടപ്പോൾ അന്തസ്സാരമില്ലാത്തവളെ! എന്നു ഞാൻ ആത്മഗതമായി, അവളെ സംബോധനം ചെയ്തുപോയി. വേറെ യാതൊരുപായവും കാണായ്കയാൽ ഇങ്ങിനെ പറഞ്ഞു:–"ആട്ടെ. രജനിക്കു വരാൻ തരമില്ലെങ്കിൽ ഞാൻ നിങ്ങളുടെ വീട്ടിലേക്കുവരാം."

മാലക്കാരി–"എന്തുകഥയാണ്! ഇവിടുത്തെ കാലിന്റെ പൊടി ഞങ്ങളുടെ വീട്ടിൽ ഏല്ക്കത്തക്ക ഭാഗ്യം ഞങ്ങൾക്കുണ്ടൊ?"

ഞാൻ–"സംബന്ധക്കാരായാൽ എന്റെത്തു മാത്രമൊ പലരുടെയും ഏല്പാനുള്ള അവസരം ഉണ്ടാവില്ലെ? എന്നാ ക്ഷണിച്ചിട്ടു വേണം പോകാൻ."

മാലക്കാരി–"അമ്മ ഞങ്ങളുടെ വീട്ടിലേക്കു വരുന്നതു യജമാനന്നു ഇഷ്ടമായിരിക്കുമൊ?"

ഞാൻ–"പുരുഷന്മാൎക്കു സ്വന്തമായി ഇഷ്ടാനിഷ്ടങ്ങളുണ്ടൊ? സ്ത്രീകളുടെ ഇഷ്ടമെന്തൊ അതുതന്നെ പുരുഷന്മാരുടെയും ഇഷ്ടം."

മാലക്കാരി ബദ്ധാഞ്ജലിയായി എന്നെ വീട്ടിലേക്കു ക്ഷണിച്ചശേഷം മന്ദഹസിച്ചുകൊണ്ടു യാത്രയായി.

II

## അമരനാഥൻെറ കഥ.

രജനിയുടെ സ്വത്തുക്കൾ വീണ്ടെടുക്കുവാൻ ഞാൻ ചെയ്ത യത്നമെല്ലാം സഫലമായി; മിത്രകുടുംബം യാതൊരു വിവാദവും പുറപ്പെടുവിക്കാതെ അവ വിട്ടു തരികയും ചെയ്തു. എന്നിട്ടും സ്വത്തു കൈവശപ്പെടുത്തിയില്ലെന്നു കേൾക്കുമ്പോൾ പലക്കും അത്ഭുതം തോന്നും. എനിക്കും അതിൽ അത്ഭുതം തോന്നി. സ്വത്തു എൻെറതല്ലാത്ത സ്ഥിതിക്കു അതു കൈവശപ്പെടുത്താൻ എനിക്കധികാരമില്ല. രജനിയാണ് കൈവശപ്പെടുത്താൻ ഏർപ്പാടുചെയ്യേണ്ടവൾ. പക്ഷേ അവൾക്കതു തീരേ സമ്മതമല്ല. ചോദിച്ചാൽ, "ആട്ടേ, ഇന്നുവേണ്ടാ, രണ്ടുദിവസം കഴിയട്ടെ-എന്നിട്ടു കൈവശപ്പെടുത്താം" എന്നിങ്ങിനെ പറഞ്ഞു കഴിക്കും. അതുകൊണ്ടു തരക്കേടൊന്നും ഉണ്ടായിട്ടില്ല. പക്ഷേ, ഒരു ദരിദ്രകന്യകയ്ക്കു, ഐശ്വൎയ്യപ്രാപ്തിയിൽ ഇങ്ങിനെ അനാസ്ഥ ജനിക്കാനെന്താണ് കാരണം എന്നു എത്രതന്നെ ആലോചിച്ചിട്ടും എനിക്കു മനസ്സിലായില്ല. രാജചന്ദ്രനും ആയാളുടെ ഭാൎയ്യയും ഇതിനെപ്പററി രജനിയെ നിർബ്ബന്ധിക്കാറുണ്ടായിരുന്നു. എന്നിട്ടും രജനി അതിന്നു വഴിപ്പെട്ടില്ല. എന്താണിതിൻെറ മൎമ്മം? ആൎക്കുവേണ്ടിയാണ് ഞാൻ ഇത്രയൊക്കെ പരിശ്രമംചെയ്തതു്?"

ഇതിന്റെ ആകപ്പാടെയുള്ള ആന്തരം അറിയാൻ വേണ്ടി ഞാൻ ഒരു ദിവസം രജനിയെ കാണാനുദ്ദേശിച്ചു അവളുടെ വീട്ടിലേക്കപോയി. രജനിയെ ഞാൻ വിവാഹം ചെയ്യേണമെന്നാലോചിച്ച കാലം മുതല്ക്കു ഞാൻ അവളെ കാണാൻ പോകുന്നതു വളരെ ചുരുക്കമായിരുന്നു. ഞാൻ അടുത്തുചെല്ലുമ്പോൾ രജനിക്ക തെല്ലൊരു സംകോചം തോന്നിയിരുന്നതിനാലാണ് എന്റെ യാത്രകൾ നിറുത്തികളഞ്ഞത്. പക്ഷെ, ഈ ഘട്ടത്തിൽ രജനിയെ കണ്ടു കാൎയ്യം ധരിപ്പിക്കേണ്ടതാണെന്നു എനിക്കു തോന്നി. ആ വീട്ടിൽ എവിടെ കയറിച്ചെല്ലാനും എനിക്ക സ്വാതന്ത്ര്യമുണ്ട്. രജനിയെ അവളുടെ മുറിയിൽ അന്വേഷിച്ചു കാണാതെ തിരിച്ചുവരുംവഴിക്ക, അവൾ വേറൊരു സ്ത്രീയോടൊരുമിച്ചു മുകളിലേക്ക വരുന്നതുകണ്ടു. ദൃഷ്ടിമാത്രത്തിൽ ആ മറേറസ്ത്രീ ആരാണെന്നു എനിക്ക മനസ്സിലായി. വളരെകാലം മുമ്പു കണ്ടു പിരിഞ്ഞതാണെങ്കിലും പ്രഥമദൃഷ്ടത്തിൽതന്നെ, ആ ഗജേന്ദ്രഗാമിനി ലളിതലവംഗലതയാണെന്നു മനസ്സിലാക്കുവാൻ യാതൊരു പ്രയാസവും ഉണ്ടായില്ല.

രജനി, മനഃപൂൎവ്വമായി മുഷിഞ്ഞ ഉടുപ്പായിരുന്നു ധരിച്ചിരുന്നത്. ലജ്ജനിമിത്തം അവൾ ലവംഗലതയോടു നേരാംവണ്ണം സംസാരിച്ചിരുന്നില്ല. ലവംഗലതയാവട്ടെ, ചിരിച്ചും കളിച്ചുംകൊണ്ടാണ് പെരുമാറിയത്. രാഗദ്വേഷത്തിന്റെ ലാഞ്ചനപോലും അവളുടെ പെരുമാററങ്ങളിൽ ഉണ്ടായിരുന്നില്ല.

ആ മന്ദഹാസം ഞാൻ കണ്ടിട്ടു വളരെനാളായി. അതിന്നു അന്നും ഇന്നും ഒരു ഭേദഗതിയും ഇല്ല. പൌർണ്ണമീരാത്രിയിൽ സമുദ്രത്തിൽ തുളുമ്പുന്ന ചെറുതരംഗങ്ങൾ പോലെയും, പുഷ്പിതയായ വസന്തലതയുടെ ആന്ദോളനം പോലെയും പരിലസിച്ച ആ മുഗ്ദ്ധാന്ദസ്മിതത്തിൽനിന്നു സന്തോഷപ്രവാഹം പൊട്ടിപ്പുറപ്പെട്ടുകൊണ്ടിരുന്നു.

മൌനബദ്ധനായും നിഷ്പന്ദശരീരനായും സശങ്കചിത്തനായും ഞാൻ വിചിത്രചരിത്രയായ ആ രമണിയുടെ മാനസിക ശക്തിയെപ്പററി ആലോചിച്ചു നിന്നുപോയി. ലളിതലവംഗലതയ്ക്കു യാതൊരു ചാഞ്ചല്യവും ഉണ്ടായില്ല. വിപുലമായ ഐശ്വര്യത്തിൽനിന്നു ദാരിദ്ര്യത്തിലേക്കു പതിച്ചിരിക്കുന്ന ആ സമയത്തുപോലും ലവംഗലതയുടെ ആനന്ദമയമായ ആ മന്ദഹാസത്തിന്നു യാതൊരു വാട്ടവും തട്ടിയിരുന്നില്ല. ഈ ഘോരവിപത്തിന്നു ഹേതുഭൂതയായ രജനിയുടെ ഗൃഹത്തിൽവന്നു അവളോടു സല്ലപിച്ചിരിക്കുന്ന ആ അവസരത്തിലും അവളുടെ മന്ദഹാസത്തിന്നൊരു മങ്ങലില്ല. ഞാൻ മുൻവശത്തു നില്ക്കുന്നുണ്ടെന്നറിഞ്ഞിട്ടും ആ മന്ദഹാസത്തിന്നു യാതൊരുകോട്ടവും തട്ടുന്നില്ല. പക്ഷേ ലവംഗലത പൂർവ്വകഥകളൊന്നും മറന്നിട്ടില്ലെന്നും എനിക്കറിയാം.

അടുത്തുള്ള വേറൊരു മുറിയിലേക്കു ഞാൻ പിന്മാറി ലവംഗലതയും അവിടേക്കു വന്നു, യാതൊരു സങ്കോചവും കൂടാതെ, ആജ്ഞാദായനിയായ രാജരാജേശ്വരിയുടെ ഭാവത്തിൽ രജനിയോടിങ്ങിനെ പറഞ്ഞു– രജനി, നീ കറ

ച്ചുനേരം വേറെ എവിടെയെങ്കിലും പോയിട്ടിരിക്കൂ. നിൻെറ വരനോടു സ്വകാൎയ്യമായി എനിക്കു ചിലതു സംസാരിക്കാനുണ്ടു. ഭയപ്പെടേണ്ട; നിൻെറ വരൻ സുന്ദരനാണെങ്കിലും ,വൃദ്ധനായ എൻെറ ഭൎത്താവിനേക്കാൾ സുന്ദരനല്ല." രജനി വിവൎണ്ണമുഖിയായി അവിടെനിന്നു പോയി.

ഭ്രൂകുടീഭംഗത്തോടുകൂടി, അതേ മധുരമന്ദസ്മിതം തൂകികൊണ്ടു്, ലളിതലവംഗലത ഇന്ദ്രാണിയെപ്പോലെ എൻെറ മുമ്പിൽ സ്ഥിതിചെയ്തു. ഒരു പ്രാവശ്യമല്ലാതെ അമരനാഥനെ ആരും ആത്മവിസ്മൃതിയിൽ, കാണുകയുണ്ടായിട്ടില്ല; ഇതാ ഇപ്പോൾ രണ്ടാമൊതിരിക്കൽകൂടിഞാൻ ആത്മവിസ്മൃതിയിൽ പെട്ടു. അന്നും 'ഇന്നും' അതിന്നു കാരണം ലളിതലവംഗതതന്നെ.

ലവംഗ—(ചിരിച്ചുകൊണ്ടു) "എന്തിനാണെന്നെ ഇങ്ങനെ തുറിച്ചുനോക്കുന്നതു്? അങ്ങു ആൎജ്ജിച്ച ഐശ്വൎയ്യം അപഹരിച്ചു കൊണ്ടുപോകാൻ വന്നതാണെന്നു ഭയന്നിട്ടോ? വേണമെങ്കിൽ അതിന്നൊരു പ്രയാസവുമില്ല."

ഞാൻ--"ഒന്നിനും പ്രയാസമില്ലെന്നെനിക്കറിയാം. പക്ഷേ ഇത്രമാത്രം സാദ്ധ്യമാണെന്നു തോന്നുന്നില്ല. സാദ്ധ്യമായിരുന്നെങ്കിൽ സ്വത്തെല്ലാം രജിനിക്കു കൊടുത്തിട്ടു താൻതന്നെ വെച്ചുണ്ടാക്കിയ ഭക്ഷണം സ്വപത്നിക്കു വിളമ്പികൊടുക്കാൻ മുതിരുകയില്ലായിരുന്നു."

ലവംഗ--(ഉറക്കെ ചിരിച്ചുകൊണ്ടു) ശകാരം നല്ല കണക്കിൽകൊള്ളിച്ചു, എന്നാണോ ഭാവം? അതു വെറു

തെ, സപത്നിക്കുവേണ്ടി വെച്ചുവിളമ്പുന്ന പണി ബുദ്ധിമുട്ടുള്ളതാണെന്നു പറഞ്ഞതു ശരിയായിരിക്കാം. പക്ഷെ ഒരു പൊല്ലീസ്സുകാരനെ വിളിച്ചു നിങ്ങളെ ഏല്പിച്ചുകൊടുത്താൽ, ഒന്നല്ല അഞ്ചുവെപ്പുകാരെ നിയമിക്കാൻ എനിക്കു സാധിക്കും”

ഞാൻ--സ്വത്ത് എൻെറതല്ല; രജനിയുടേതാണ്. എന്നെ പൊല്ലീസ്സുകാരെക്കൊണ്ടു പിടിപ്പിച്ചാൽ എന്തു ഗുണമാണുണ്ടാവുക? സ്വത്തിൻെറ ഉടമ അതനുഭവിക്കുന്നതായിരിക്കും.”

ലവംഗ--“നിങ്ങൾക്കു ഒരു കാലത്തും സ്ത്രീസ്വഭാവം മനസ്സിലാവുകയില്ല. അനുരാഗഭാജനമായ പുരുഷനെ രക്ഷിക്കാൻ വേണ്ടി രജനി ഈ നിമിഷത്തിൽ സ്വത്തെല്ലാം ഒഴിഞ്ഞുതരും, മനസ്സിലായോ?”

ഞാൻ--“എന്നുവെച്ചാൽ, എൻെറ രക്ഷക്കുവേണ്ടി സ്വത്തു നിങ്ങൾക്കു വിട്ടുതരും, അല്ലേ?”

ലവംഗ—“അതെ”

ഞാൻ--“ഞങ്ങളുടെ വിവാഹം കഴിയാൻ കാത്തിരിക്കുകയാണ് അല്ലേ? വിവാഹം കഴിഞ്ഞാലുടനെ സ്വത്തു വീണ്ടെടുക്കുവാനുള്ള ശ്രമം ചെയ്യുമായിരിക്കും!”

ലവംഗ--നിങ്ങളെപ്പോലെയുള്ള അല്പസാരന്മാൎക്കു ഇതെങ്ങിനെ മനസ്സിലാവും? പരദ്രവ്യം അസ്പൃശ്യമാണെന്നു കള്ളന്മാൎക്കു അറിഞ്ഞുകൂട. രജനിയുടെ സമ്പത്തു കിട്ടുകയാണെങ്കിൽകൂടി എനിക്കതു വേണ്ട”

ഞാൻ--“ഭവതിയുടെ ഈ ഔദാൎയ്യമഹിമകൊണ്ടുതന്നെയാണല്ലോ എനിക്ക് അന്നു ആ ദുർബ്ബുദ്ധിതോന്നിപ്പോയതു്. എന്റെ അപരാധം ഇത്രത്തോളം മറക്കുകയും എന്നെ ഇത്രമാത്രം അനുഗ്രഹിക്കുകയും ചെയ്വാൻ ദയതോന്നിയ സ്ഥിതിക്ക്, എനിക്കൊരപേക്ഷയുണ്ട്. ഭവതിയുടെ അറിവിൽപെട്ട സംഗതികൾ, ഇതുവരെ മറ്റാരേയും അറിയിക്കാതിരുന്നപോലെ, മേലിൽ രജനിയെയും അറിയിക്കാതിരിക്കണം.”

ദൎപ്പിതയായ ലവംഗലത, ഭ്രൂകുടീഭംഗത്തോടുകൂടി എത്ര (മനോഹരമായ ഭ്രൂകുടീഭംഗം) പറഞ്ഞു--“നിങ്ങളുടെ ഭാൎയ്യയാകാൻ പോകുന്നവളുടെ വീട്ടിൽ വന്ന് നിങ്ങളെപ്പററി ദൂഷണം പറയാൻ ഞാൻ തുനിയുമെന്നാണൊ വിചാരിച്ചതു? അത്ര നീചത്വം എനിക്കില്ല.”

ഇത്രയും പറഞ്ഞു ലവംഗലത പൊട്ടിച്ചിരിച്ചു. ആ ചിരിയുടെ മൎമ്മം എനിക്കു ഒരിക്കലും മനസ്സിലാക്കാൻസാധിച്ചിട്ടില്ല്. ലവംഗയ്ക്കു വിലക്ഷണമായ കോപമുണ്ടായിരുന്നു എന്നു തീർച്ചയാണ്. പക്ഷെ ആ ചിരിയോടുകൂടി ജലത്തിന്റെ ഉപരിഭാഗത്തുനിന്നു മേഘങ്ങളുടെ ഛായപോലെ കോപമെല്ലാം തകൎന്നുപോയി; മേഘമുക്തനായ ചന്ദ്രനെപ്പോലെ അവളുടെ മുഖം പ്രകാശിക്കുകയും ചെയ്തു. ലവംഗലതയുടെ ഹൃദയമൎമ്മം മനസ്സിലാക്കുവാൻ എനിക്കൊരിക്കലും സാധിച്ചിട്ടില്ല.

“എന്നാൽ ഞാനിനി രജനിയുടെ അടുക്കലേക്കു പോകട്ടെ?” എന്നു ലവംഗ ചിരിച്ചുകൊണ്ടു ചോദിച്ചതി

ന്നു അങ്ങിനെയാവട്ടെ" എന്നു മാത്രം ഞാൻ സംക്ഷിപ്തമായി മറുപടി പറഞ്ഞു.

ലളിതലവംഗലത, ലളിതലവംഗലതയെപ്പോലെ ആടിക്കഴഞ്ഞുകൊണ്ടു എഴുന്നേററുപോയി. കുറച്ചു കഴിഞ്ഞപ്പോൾ അവൾ എന്നെ വിളിച്ചു; ഞാൻ രജനിയുടെ മുറിയിൽ ചെന്നു ലവംഗലത അവിടെ നില്ക്കുകയും രജനി അവളുടെ കാല്ക്കൽവീണു കരയുകയും ചെയ്യുന്നതാണ് അവിടെ ചെന്നപ്പോൾ ഞാൻ കണ്ട കാഴ്ച. എന്നെ കണ്ട ഉടനെ ലവംഗലത പറഞ്ഞു.

"നിങ്ങളുടെ ഭാവി ഭാര്യ പറയുന്നത് കേട്ടില്ലെ? നിങ്ങളുടെ മുമ്പിൽ വെച്ചല്ലാതെ എനിക്ക ഈ വത്തമാനം കേൾക്കാൻ വയ്യ."

"എന്താണത്?" എന്നു ഞാൻ വിസ്മയത്തോടെ ചോദിച്ചു.

ലവംഗലത(രജനിയോടു)-"പറയുക. നിൻെറ വരൻ വന്നിരിക്കുന്നു."

രജനി, കാതരഭാവത്തിൽ അശ്രു പൂണ്ണാലോചനയായി ലളിതലവംഗലയുടെ ചരണസ്പർശം ചെയ്തുകൊണ്ടിങ്ങിനെ പറഞ്ഞു-"ഇദ്ദേഹത്തിൻെറ പ്രയത്നത്താൽ എനിക്ക ലഭിക്കാനിടയായ സ്വത്തുക്കൾ സമസ്തവും ഇവിടേക്ക ദാനം ചെയ്‌വാൻ ഞാനനുഗ്രഹിക്കുന്നു. അതിനെ ദയയോടുകൂടി അംഗീകരിക്കേണമെന്നാണെൻെറ അപേക്ഷ."

എന്റെ അന്തഃകരണം ആസകലം ആഹ്ലാദാപ്ലാവിതമായി. രജനിയ്ക്കുവേണ്ടി ഞാൻ ചെയ്ത പ്രയത്നവും അനുഭവിച്ച ക്ലേശവും സാർത്ഥകമായെന്നെനിക്കു ബോധം വന്നു. അന്ധയായ രജനി രമണീകുലത്തിന്നു അദ്വിതീയമായ ഒരു രത്നമാണെന്നു മുമ്പുതന്നെ ഞാൻ തീൎച്ചപ്പെടുത്തിയിരുന്നതു് ഇപ്പോൾ വീണ്ടും, പൂൎവ്വാധികം ദൃഷ്ടാന്തപ്പെട്ടു. ലവംഗലതയുടെ പ്രോജ്ജ്വലമായ ജ്യോതിസ്സുപോലും രജനിയുടെ സന്നിധിയിൽ മ്ലാനമായിത്തോന്നി. ഇതിന്നു മുമ്പുതന്നെ രജനിയുടെ അന്ധനയനങ്ങളിൽ ആത്മസമൎപ്പണം ചെയ്തിരുന്ന ഞാൻ ഇന്നു മൂല്യാപേക്ഷകൂടാതെ അവളാൽ വിക്രീതനായിത്തീൎന്നു. ഈ അമൂല്യരത്നത്തിന്റെ പ്രഭാധോരണിയാൽ, അന്ധകാരമയമായ എന്റെ ഗൃഹാന്തൎഭാഗത്തെ പ്രസാരിതമാക്കി, ഈ ജീവിതം സുഖപൂൎണ്ണമാക്കിത്തീൎക്കുവാനുള്ള യോഗം ജഗദീശ്വരൻ എനിക്കു നൽകുമോ?

## III

## ലവംഗലതയുടെ കഥ.

രജനിയുടെ വിസ്മയകരമായ ഈ അഭിപ്രായം കേൾക്കുമ്പോൾ അമരനാഥൻ അഗ്നിയിൽ കാട്ടിയ പച്ചിലപോലെ മങ്ങിച്ചുരുണ്ടു പോകുമെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നതു്. പക്ഷേ അങ്ങിനെ യാതൊരു പ്രകാരഭേദവും ഞാൻ കണ്ടില്ല. അയാളുടെ മുഖം മ്ലാനമാകുന്നതിന്നു പകരം പ്രഫുല്ലമാവുകയാണു് ചെയ്തതു് വിസ്മിതയും ഹതബുദ്ധിയുമായതു്; നേരെമറിച്ചു, ഞാനാണു്.

രജനി നേരമ്പോക്കു പറയുകയാണെന്നായിരുന്നു ആദ്യം ഞാൻ വിചാരിച്ചതു്. പക്ഷേ അവളുടെ കാതരതയും അശ്രുപാതവും, ദൃഢതയും കണ്ടപ്പോൾ, അവൾ ആന്തരമായിട്ടുതന്നെയാണു് പറഞ്ഞതെന്നു എനിക്കു ബോദ്ധ്യമായി. ഞാൻ അവളോടിങ്ങിനെ പറഞ്ഞു—"രജനീ! കായസ്ഥകുലത്തിൽ നീതന്നെയാണു് ധന്യ! നിന്നെപ്പോലെ ആരുമില്ല. പക്ഷേ ഞാൻ നിന്റെ ദാനം സ്വീകരിക്കാൻ വിചാരിക്കുന്നില്ല."

രജനി—"സ്വീകരിക്കാത്തപക്ഷം ഞാനീ സ്വത്തു മുഴുവനും ധൎമ്മവിഷയത്തിൽ ചിലവിടും."

ഞാൻ—"അമരനാഥന്നു കൊടുത്തിട്ടോ?"

രജനി—"ഇവിടേക്കു് അദ്ദേഹത്തെ നല്ലപോലെ മനസ്സിലായിട്ടില്ല; ഞാൻ കൊടുത്താലും അദ്ദേഹം സ്വീകരിക്കയില്ല. സ്വീകരിക്കാൻ തെയ്യാറായി വേറെ പലരും ഉണ്ടായിരിക്കും."

ഞാൻ—"അമരനാഥ ബാബുവിന്റെ അഭിപ്രായമെന്താണു്?"

അമരനാഥൻ—"ഞാൻ എന്താണു് പറയേണ്ടതു്? ഈ കാൎയ്യമൊന്നും എനിക്കു ബാധകമല്ലല്ലൊ."

ഞാൻ വല്ലാതെ അമ്പരന്നുപോയി. രജനി അവളുടെ സ്വത്തിനെസ്സംബന്ധിച്ചു കാണിച്ച അനാസ്ഥ എന്നെ വല്ലാതെ വിസ്മയിപ്പിച്ചു. യാതൊന്നിനെ വീണ്ടെടുക്കാൻ അമരനാഥൻ അത്രയൊക്കെ പ്രയത്നിച്ചുവോ?

യാതൊന്നിലുമുള്ള ലോഭത്താൽ ആയയാൾ രജനിയെ വിവാഹംചെയ്യാൻ ഉദ്യുക്തനായിതീൎന്നുവൊ, ആ ധനസഞ്ചയത്തെ അവൾ കൈവിട്ടു കളയുന്നതു. കണ്ടിട്ടും അമരനാഥൻ പ്രസന്നവദനനായിത്തന്നെ ഇരിക്കുന്നു. ഇതിന്റെയെല്ലാം അൎത്ഥമെന്താണ്?

ഞാൻ (അമരനാഥനോട്):—"ഒന്നു മാറിനില്ക്കുമെങ്കിൽ, ഞാൻ രജനിയോടു ഇതിനെപ്പററി വിശദമായി സംസാരിച്ചുനോക്കാം."

അമരനാഥൻ പോയപ്പോൾ ഞാൻ രജനിയോടു ചോദിച്ചു. "നീ സ്വത്തു ധൎമ്മംചെയ്യാൻപോവുകയാണെന്നു പറഞ്ഞതു് സത്യമാണോ?"

രജനി-"സത്യം. ഞാൻ ഗംഗാജലം കൊണ്ടുവന്നു ശപഥംചെയ്യാം,"

ഞാൻ-"നീ എന്റെ വക്കൽനിന്നു ഒരു ദാനം കൈക്കൊള്ളുന്നപക്ഷം ഞാൻ നിന്റെ ഈ ദാനം സ്വീകരിക്കാം."

രജനി-"ഞാൻ അനേകം ദാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടല്ലൊ"

ഞാൻ-"ഇനിയും ചിലതു കൈക്കൊള്ളേണ്ടതായിട്ടുണ്ടു.

രജനി-"എന്നാൽ അവിടുത്തെ ഒരു വസ്ത്രം എനിക്കു തരാൻ ദയയുണ്ടാകണം"

ഞാൻ-"അതുപോര. ഞാൻ തരുന്നതെന്തായാലും അതു സ്വീകരിക്കണം"

രജനി-"എന്താണ് തരാൻ പോകുന്നതു്?"

ഞാൻ–"എനിക്കു ശചീന്ദ്രനെന്നു പേരായിട്ടൊരു മകനുണ്ട്. ആ ശചീന്ദ്രനെ ഞാൻ നിനക്കു തരാൻപോകുന്നു. അവനെ നീ ഭർത്താവിൻെറ നിലയിൽ സ്വീകരിക്കണം. അങ്ങിനെ ചെയ്യുമെങ്കിൽ മാത്രമേ ഞാൻ നിൻെറമുതൽ സ്വീകരിക്കയുള്ളു."

രജനി ഇത്രനേരവും നില്ക്കുകയായിരുന്നു. അവൾ സാവധാനത്തിൽ നിലത്തിരുന്നു അവളുടെ അന്ധനയനങ്ങൾ ചിമ്മി. അനന്തരം ആ നയനങ്ങളിൽനിന്ന്, അവരിളമായ ജലധാര പ്രവഹിച്ചുതുടങ്ങി. നിരർഗ്ഗളമായ ആ അശ്രുപ്രവാഹം എന്നെ വല്ലാതെ വിഷമിപ്പിച്ചു. യാതൊന്നും ഉരിയാടാതെ അവൾ കരഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ ഞാൻ "എന്തിനാണ് രജനി! ഇങ്ങിനെ കരയുന്നത്"? എന്നു ചോദിച്ചു.

കരഞ്ഞുകൊണ്ടുതന്നെ അവൾ ഉത്തരം പറഞ്ഞു "അന്നൊരുദിവസം ഞാൻ ഗംഗാജലത്തിൽ ചാടി പ്രാണത്യാഗംചെയ്യാൻ ഒരുങ്ങി; ഞാൻ വെള്ളത്തിൽ ആണ്ടുപോവുകയും ചെയ്തു. പക്ഷേ ആരോ എന്നെ അന്നു രക്ഷപ്പെടുത്തി. അതു ശചീന്ദ്രനുവേണ്ടിയായിരുന്നു. അന്നു ആരെങ്കിലും എനിക്കു കണ്ണിൻെറ കാഴ്ച സമ്മാനിക്കാമെന്നു പറഞ്ഞിരുന്നെങ്കിൽ, എനിക്കതു് വേണ്ട, ശചീന്ദ്രനെ കിട്ടിയാൽ മതി എന്നു പറയുമായിരുന്നു. ശചീന്ദ്രനെക്കാൾ പ്രിയതരമായി എനിക്കു ലോകത്തിൽ യാതൊന്നുമില്ല. എൻെറ പ്രാണൻ അദ്ദേഹത്തിന്നധീനമാണ്. ആ ദേവൻെറ ശ്രീചരണങ്ങളിൽ ഈ പുഷ്പകലികയുടെ

ഒരു സ്ഥാനം അനുവദിച്ചുതന്നാൽ, എൻെറ ജന്മം സാത്ഥകമായി. ഈ അന്ധയുടെ ദുഃഖചരിത്രം കുറച്ചൊന്നു കേൾക്കാൻ ക്ഷമയുണ്ടോ?"

രജനിയുടെ കാതരത എന്നെയും ബാധിച്ചു "കേൾക്കട്ടെ" എന്നു ഞാൻ പറഞ്ഞതോടുകൂടി രജനി, കരഞ്ഞുകൊണ്ടു അവളുടെ ഹൃദയം തുറന്നു സകല വൃത്താന്തങ്ങളും എന്നോടു വിസ്തരിച്ചു പറഞ്ഞു. ശചീന്ദ്രൻെറ സ്പർശം, അന്ധയുടെ സൗന്ദര്യോന്മാദം, അവളുടെ ഗൃഹത്യാഗം, ഗംഗാനിമജ്ജനം, ഉദ്ധാരം ഇത്യാദി സമസ്തവൃത്താന്തവും അവൾ വിസ്തരിച്ചു ഒടുവിൽ ഇങ്ങിനെ അവസാനിപ്പിച്ചു:- "അമ്മേ! അവിടേക്ക് ദൃഷ്ടിശക്തിയുണ്ടല്ലോ. ദൃഷ്ടിയുണ്ടായാൽ ഇങ്ങിനെ അനുരാഗിണിയായിത്തീരാൻ കഴിയുമോ?"

"കുരുടിപ്പെണ്ണേ നിണക്കു അനുരാഗത്തെപ്പററി എന്തറിയാം? ലവംഗലതയെ അപേക്ഷിച്ചു നീ ആയിരം ഇരട്ടി സുഖം അനുഭവിക്കുന്നുണ്ടല്ലോ" എന്നു ഞാൻ ആത്മഗതമായും "ഇല്ല, രജനീ എൻെറ ഭത്താവിന്നു വയസ്സായി; എനിക്കു ഈ അനുരാഗത്തിൻെറ ശക്തിയൊന്നും അറിഞ്ഞുകൂട. നീ ശചീന്ദ്രനെ വിവാഹംചെയ്യാൻ തീർച്ചപ്പെടുത്തിയില്ലേ?" എന്നു പ്രാകാശ്യത്തിലും മറുപടി പറഞ്ഞു.

രജനി--"ഇല്ല"

ഞാൻ--"എന്തു ഇത്രനേരവും പറഞ്ഞതിൻെറ കലാശം ഇതാണെന്നോ? പിന്നെ എന്തിനാണ് കരഞ്ഞതു്?

രജനി--"എനിക്കാഭാഗ്യം അനുഭവിക്കാനുള്ള യോഗമില്ലെന്നു വിചാരിച്ചു കരഞ്ഞതാണ്."

ഞാൻ--എന്തിനാണിങ്ങിനെ വിചാരിക്കുന്നത്? ഞാൻ നടത്തിത്തരും"

രജനി-"നടത്താൻ സാധിക്കില്ല. അമരനാഥൻ നിമിത്തമാണ് എനിക്കുള്ള സർവ്വസ്വവും സിദ്ധിച്ചത്. അദ്ദേഹം എന്റെ സ്വത്തു വീണ്ടെടുക്കാൻ പ്രയത്നിച്ചപോലെ അന്യന്മാക്കുവേണ്ടി ആരെങ്കിലും ബുദ്ധിമുട്ടിയതായി കേട്ടിട്ടുണ്ടോ? അത്രമാത്രമല്ല, അദ്ദേഹം സ്വന്തം പ്രാണനെ അപകടത്തിൽ പെടുത്തിയാണ് എന്റെ പ്രാണനെ രക്ഷിച്ചത്."

രജനി ആ വൃത്താന്തവും വിസ്തരിച്ചു പറഞ്ഞു. അതിന്നുശേഷം ഇങ്ങിനെ തുടർന്നു--"എന്നെ ഇത്രത്തോളം ഋണബദ്ധയാക്കിയ അദ്ദേഹത്തിന്റെ അധീനതയിലാണ് എന്റെ ഭാവി സ്ഥിതിചെയ്യുന്നത്. അദ്ദേഹം എന്നെ ദാസിയായി സ്വീകരിക്കാമെന്നു പറഞ്ഞിട്ടുള്ള സ്ഥിതിക്കു ആ ദാസീപദവി കയ്യേല്ക്കേണ്ടതു എന്റെ ധർമ്മമാണ്. മററാർക്കും അതിനെ തടയുവാൻ അർഹതയില്ല."

ഹരി! ഹരി! എന്റെ മകനു സന്യാസിയെക്കൊണ്ടു ഔഷധപ്രയോഗം ചെയ്യിച്ചതെന്തിനാണ്! വിവാഹം കൂടാതെ തന്നെ സ്വത്തു വിട്ടുതരാൻ രജനി തെയ്യാറാണ്. പക്ഷെ രജനിയുടെ ദാനം സ്വീകരിക്കുകയെക്കാൾ ഭേദം ഭിക്ഷയെടുത്തു നാൾ കഴിക്കുന്നതാണ്. ഞാൻ കായസ്ഥന്റെ മകളാണെങ്കിൽ ഈ വിവാഹം നടത്താതിരിക്കി

ല്ലെന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. ആ പ്രതിജ്ഞ ഞാൻ നിറവേററും, സംശയമില്ല.

"അങ്ങിനെയാണെങ്കിൽ, ഞാൻ നിൻെറ ദാനം സ്വീകരിക്കാൻ വിചാരിക്കുന്നില്ല. ആക്ക്‌ാണിഷ്ടമെന്നുവെച്ചാൽ ദാനം ചെയ്തുകൊൾക" എന്നുപറഞ്ഞു ഞാൻ എഴുന്നേററു.

രജനി –ദയ ചെയ്തു കുറച്ചുനേരം കൂടി താമസിക്കണം! ഞാൻ അമരനാഥബാബുവിനെകൊണ്ടു കൂടി അപേക്ഷിപ്പിക്കാം! അദ്ദേഹത്തെ വിളിക്കട്ടെ." ഒരിക്കൽ കൂടി അമരനാഥനെ കാണണമെന്നു എനിക്കും. ആഗ്രഹമുണ്ടായിരുന്നതുകൊണ്ട്, രജനി ആയാളെ വിളിക്കാൻ പോയപ്പോൾ ഞാനവിടെത്തന്നെ ഇരുന്നു.

അമരനാഥൻ വന്നപ്പോൾ ഞാൻ രജനിയോടിങ്ങിനെ പറഞ്ഞു –"അമരനാഥബാബു ഈ കാൎയ്യത്തെപ്പററി അപേക്ഷിക്കേണമെന്നാണുദ്ദേശമെങ്കിൽ, നിൻെറ മുമ്പിൽവെച്ചു എല്ലാം തുറന്നുപറയാൻ അദ്ദേഹത്തിന്നു സംകോചമുണ്ടായിരിക്കും. താന്താങ്ങളെപ്പററി പ്രശംസിക്കുന്നതു കേൾക്കാൻ നില്ക്കാതിരിക്കയാണ് നല്ലതു. രജനി അവിടെനിന്നു പിൻമാറി.

## IV

### ലവംഗലതയുടെ കഥ.

---

ഞാൻ (അമരനാഥനോട്ട്) "നിങ്ങൾ രജനിയെ വിവാഹം ചെയ്യുമെന്നു തീൎച്ചയാക്കിയോ?"

അമര--ഉവ്വ്. തീർച്ചയാക്കി:"

ഞാൻ--"രജനി അവളുടെ സ്വത്തു എനിക്കു വിട്ടുതരുന്ന പക്ഷവും തീർച്ചതന്നെയോ?

അമര--"ഞാൻ രജനിയെയാണ് വിവാഹം ചെയ്യുന്നതു്. സ്വത്തിനെയല്ല."

ഞാൻ--"അവളുടെ സ്വത്തിന്നുവേണ്ടിയാണ് വിവാഹം ചെയ്യുന്നതെങ്കിലോ?"

അമര--"അതെ അങ്ങിനെ സംശയിക്കത്തക്കവണ്ണം അത്ര നീചമാണ് സ്ത്രീജാതിയുടെ മനോഭാവം."

ഞാൻ-"ഞങ്ങളുടെ പേരിൽ ഈ അതൃപ്തി ജനിച്ചിട്ടെത്ര കാലമായി?"

അമര-"എനിക്കു യാതൊരതൃപ്തിയുമില്ല; അങ്ങിനെയാണെങ്കിൽ വിവാഹം ചെയ്വാൻ തുനിയുമോ?

ഞാൻ-എങ്കിലും ഒരന്ധകന്യകയിൽ ഇത്രയധികം അനുരാഗം ജനിച്ചതെങ്ങിനെ? അതുകൊണ്ടാണ് സ്വത്തിന്റെ സംഗതി പ്രസ്താവിച്ചതു.?"

അമര--"ഭവതി വൃദ്ധനിൽ ഇത്ര അനുരക്തയായതെങ്ങിനെയാണ്? ധനം മോഹിച്ചിട്ടാണോ?"

ഞാൻ--"ഒരു സ്ത്രീയുടെ മുഖത്തുനോക്കി അവളുടെ ഭർത്താവു വൃദ്ധനാണെന്നു ആരും പറയാറില്ല. എന്തിനാണെന്നോടു ശണ്ഠക്കു പുറപ്പെടുന്നതു്? സ്ത്രീജാതിയുടെ മുഖരതയെ ഭയമില്ലെന്നു വരുമോ? ശണ്ഠക്കൂടുന്നതിൽ എനിക്കു സഹജമായ വാസനയുണ്ടെന്നു ഞാൻ സമ്മതിക്കാൻ ഒരുക്കമാണ്."

അമര--"എന്താണിതിൽ ഭയപ്പെടാനുള്ളതു്? ദ്വേഷ്യം തോന്നാൻ ഞാൻ യാതൊന്നും പറഞ്ഞില്ലല്ലോ. ഭവതി മിത്രബാബുവിനെ ഏതുപ്രകാരത്തിൽ സ്നേഹിക്കുന്നുണ്ടോ അതേപ്രകാരത്തിൽ ഞാൻ രജനിയേയും സ്നേഹിക്കുന്നു എന്നാണ് ഞാൻ പറഞ്ഞതിൻെറതാല്പയ്യം."

ഞാൻ–"കടാക്ഷഭംഗി കണ്ടിട്ടായിരിക്കാം!"

അമര–"കടാക്ഷമില്ലെന്നു കണ്ടിട്ട് എന്നു വെച്ചോളൂ; ഭവതി അന്ധയായിരുന്നെങ്കിൽ ഇതിലും അധികം സുന്ദരിയായിരിക്കുമായിരുന്നു."

ഞാൻ–"ആ കായ്യം മിത്രബാബുവോടു ചോദിക്കേണ്ടതാണ്; നിങ്ങളോടല്ല; അതിരിക്കട്ടെ. നിങ്ങൾക്കു രജനിയോടെത്രമാത്രം സ്നേഹമുണ്ടോ അത്രതന്നെ സ്നേഹം എനിക്കും ഉണ്ട്."

അമര–"ഭവതി രജനിയെ വിവാഹം ചെയ്യാനും ഭാവമുണ്ടോ?"

ഞാൻ–"ഏകദേശം അങ്ങിനെതന്നെയാണ് ഭാവം. എനിക്കു സ്വയമേവ അവളെ വിവാഹംചെയ്യാൻ സാദ്ധ്യമല്ലെങ്കിലും അവളെ തക്കതായ ഒരു വരനു വിവാഹം ചെയ്തുകൊടുക്കാൻ ഞാൻ തീച്ചയാക്കീട്ടുണ്ട്. നിങ്ങൾക്കവളെ വിവാഹംചെയ്യാൻ തരമാവുകയില്ല."

അമര–"എന്നെപ്പോലെ അനുരൂപനായി വേറൊരു ഭത്താവിനെ രജനിക്കു കിട്ടുമോ?"

ഞാൻ–നിങ്ങൾ അവൾക്കൊട്ടും അനുരൂപനല്ല. അനുരൂപനായ ഒരു വരനെ ഞാൻ ഉണ്ടാക്കിക്കൊടുക്കും."

അമര—"എന്തുകൊണ്ടാണ് ഞാൻ അനുരൂപനല്ലെന്നു പറയുന്നതു്?"

ഞാൻ—"കുപ്പായം അഴിച്ചു പുറംതിരിഞ്ഞു നിൽക്കൂ, എന്നാൽ പറഞ്ഞുതരാം."

ഇതു കേട്ടപ്പോഠം അമരനാഥൻെറ മുഖം വാടിക്കരിഞ്ഞുപോയി.

"ലവംഗലതേ! കഷ്ടം!" എന്നു അത്യന്തം ദുഃഖിതഭാവത്തിൽ അയാഠം ഉച്ചരിച്ചതു കേട്ടു എനിക്കും വല്ലാതെ കുണ്ഠിതം തോന്നി. പക്ഷേ അതു പുറത്തുകാണിക്കാതെ "ഒരു കെട്ടുകഥ പറഞ്ഞുതരട്ടേ? കേഠക്കുമോ?" എന്നു ചോദിച്ചു.

ഞാൻ വേറെ ഏതോ വിഷയത്തെപ്പററിയാണ് സംസാരിക്കാൻ പോകുന്നതെന്നു കരുതി അമരനാഥൻ "കേഠക്കട്ടെ" എന്നു പറഞ്ഞു.

ഞാൻ ഇപ്രകാരം ആരംഭിച്ചു. "നവയൗവനദശയിൽ, ജനങ്ങഠം എന്നെ ഒരു രൂപവതിയായിട്ടാണ് ഗണിച്ചിരുന്നതു്."

അമര—"ഇതു കെട്ടുകഥയാണെങ്കിൽ, സത്യമായ കഥ ഏതാണെന്നറിഞ്ഞാൽ കൊള്ളാം"

ഞാൻ—"കേഠക്കൂ; ആ രൂപസമ്പത്തുകൊണ്ടു് മുഗ്ദ്ധനായിത്തീൎന്ന ഒരു ചോരൻ പിതൃഗൃഹത്തിൽ ഒരു പരിചാരികയോടൊരുമിച്ചു് ഞാൻ ശയിച്ചിരുന്ന മുറിയിൽ, ഒളിവായി കടന്നു വന്നു."

ഇത്രയും കേട്ടപ്പോഴേക്കു, ദേഹമാസകലം വിയൎത്തു പരവശനായ അമരനാഥൻ "എനിക്കു മാപ്പുതരണേ" എന്നപേക്ഷിച്ചു.

ഞാൻ കഥ തുടൎന്നു-"ആ ചോരൻ ചുമരിൽ തുരന്നുണ്ടാക്കിയ പഴുതിലൂടെ എന്റെ ശയനാഗാരത്തിൽ പ്രവേശിച്ചു. വിളക്കു കത്തുന്നുണ്ടായിരുന്നു. കള്ളനെ കണ്ടു ഭയവിഹ്വലയായ ഞാൻ പരിചാരികയെ വിളിച്ചുണൎത്തി. അവൾക്കു ചോരനെ മനസ്സിലായിരുന്നില്ല. ഞാൻ ആ കള്ളനെ ആദരിച്ചാശ്വസിപ്പിച്ചു എന്റെ പല്യത്തിങ്കൽ ഇരുത്തി സൽക്കരിച്ചു."

അമര-"മാപ്പുതരണം, ഇതെല്ലാം എനിക്കറിയാം"

ഞാൻ-"എന്നാലും ഒരു പ്രാവശ്യം ഓൎമ്മപ്പെടുത്തുന്നതു കൊണ്ടു തരക്കേടൊന്നും വരാനില്ലല്ലൊ. അടുത്ത നിമിഷത്തിൽ, ചോരൻ കാണാതെ, എന്റെ അടയാളമനുസരിച്ചു പരിചാരിക പുറത്തേക്കുപോയി ദ്വാരപാലനെ വിളിച്ചു, ചുമരിൽ ആ കള്ളൻ തുരന്നുണ്ടാക്കിയ ദ്വാരത്തിന്നെതിരായി നിൎത്തി. ഞാനും ആ തക്കം നോക്കി, എന്തോ ആവശ്യത്തിനാണെന്ന ഭാവത്തിൽ ആ മുറിയിൽനിന്നു പുറത്തേക്കുപോയി, ശയനാഗാരത്തിന്റെ ഏകമാത്രമായ ദ്വാരമാൎഗ്ഗത്തെ ചങ്ങലയിട്ടു ബന്ധിച്ചു. ഞാൻ ചെയ്തതു ഭംഗിയായില്ലേ?"

അമര-"എന്തിനാണിതെല്ലാം ആവൎത്തിക്കുന്നതു?"

ഞാൻ-"ഒടുവിൽ, ചോരൻ അവിടെനിന്നു പോയതു എങ്ങിനെയാണെന്നറിയേണ്ടേ? ഞങ്ങൾ സഹായത്തിന്നു ആൾക്കാരെ വിളിച്ചു. വലിയ വലിയ ബലശാലികൾ

പലരും വന്നു കള്ളനെ പിടികൂടി. കള്ളൻ ലജ്ജിച്ചു മുഖം വസ്ത്രംകൊണ്ടു മൂടിയിരുന്നു. ദയ വിചാരിച്ചു ഞാൻ ആ മൂട്ടുപടം നീക്കിക്കളഞ്ഞില്ല. പക്ഷെ, എന്റെ കൈകൊണ്ടു തന്നെ ഒരിരുമ്പുകമ്പി തീയ്യിൽ പഴുപ്പിച്ചു, ആ ചോരന്റെ പുറത്തു 'ചോരൻ' എന്ന ബിരുദമുദ്രയെ അങ്കിതമാക്കി—അമരബാബു! അതി കഠിനമായ ഗ്രീഷ്മത്തിൽപോലും കിടക്കാൻ പോകുമ്പോൾ ആ അടിക്കുപ്പായം അഴിച്ചുവെക്കാറില്ലല്ലൊ!"

അമര—"ഇല്ല."

ഞാൻ—"ലവംഗലതയുടെ ഹസ്താക്ഷരം മായ്ച്ചു കളയാൻ കഴിയുന്നതല്ല. ഈ ചരിത്രം രജനിയോടു പറയേണമെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നതു. പക്ഷെ, അതു വേണ്ടെന്നുവെച്ചു. എന്നാൽ ഒന്നു പറഞ്ഞേക്കാം; രജനിയെ വിവാഹം ചെയ്യത്തക്ക യോഗ്യത നിങ്ങൾക്കില്ല. അതിനൊട്ടു പരിശ്രമിക്കയും വേണ്ട. സ്വയമേവ ഈ ഉദ്യമത്തിൽ നിന്നു പിൻവലിക്കാൻ ഭാവമില്ലെങ്കിൽ; ഞാൻ സകല വൃത്താന്തവും രജനിയെ അറിയിക്കും"

അമരനാഥൻ അല്പനേരം ആലോചിച്ചിട്ടു ഒടുവിൽ ദുഃഖിതനായി പറഞ്ഞു:-- "അറിയിക്കുകയാണെങ്കിൽ അറിയിച്ചുകൊൾക. ഭവതി പറഞ്ഞാലും പറഞ്ഞില്ലെങ്കിലും ഈ ചരിത്രം ഇന്നു ഞാൻ തന്നെ രജനിയോടു പറയാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. എന്റെ ഗുണദോഷങ്ങൾ സമസ്തവും കേട്ടശേഷം രജനി

ഷ്യന്നെ സ്വീകരിക്കാനാണ് ഭാവമെങ്കിൽ അങ്ങിനെ; തിരസ്കരിക്കാനാണെങ്കിൽ അങ്ങിനെ ഞാൻ അവളെ വഞ്ചിക്കേണമെന്നു വിചാരിക്കുന്നില്ല."

അമരനാഥനെ മനസ്സിനാൽ ന്യൂനവട്ടം ധന്യവാദം ചെയ്തുകൊണ്ടു, ഹർഷവിഷാദസമ്മിശ്രമായ മനോഭാവത്തോടുകൂടി ഞാൻ വീട്ടിലേക്കു മടങ്ങി.

V

## ശചീന്ദ്രനാഥന്റെ കഥ.

ഞങ്ങളുടെ ഐശ്വര്യം നശിച്ച് ഏതാനും ദിവസം കഴിഞ്ഞപ്പോൾ ഞാൻ രോഗബാധിതനായി. ഐശ്വര്യത്തിൽനിന്നു ദാരിദ്ര്യത്തിലേക്കുള്ള പതനം നിമിത്തമുണ്ടായ മാനസികവികാരമോ, അഥവാ വേറെ വല്ല കാരണമോ ഏതാണ് ഈ ദേഹപീഡയുടെ ഉൽപത്തിക്കുത്തരവാദിയായിരുന്നതെന്നു വിമർശിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. പീഡയുടെ ലക്ഷണം മാത്രം പറയാം.

ഒരു ദിവസം സന്ധ്യയ്ക്കു മുമ്പു, വെയിലിന്റെ ചൂടു ശമിച്ചശേഷം, ഞാൻ മാളികയുടെ മുകളിലിരുന്നു വായിക്കുകയായിരുന്നു. ആ ദിവസം മുഴുവനും ഞാൻ വായിക്കുകതന്നെയായിരുന്നു. ലോകത്തിന്റെ ദുരൂഹങ്ങളായ ഗൂഢതത്വങ്ങളെല്ലാം എന്റെ ആലോചനക്കു വിഷയീഭവിച്ചുവെങ്കിലും, യാതൊന്നിന്റെയും മർമ്മം മനസ്സിലാക്കുവാനോ, എന്റെ ആകാംക്ഷകൾക്കു നിവൃത്തി ലഭിക്കുവാനോ സാധിച്ചില്ല. വായിക്കുന്തോറും അതിലുള്ള ആഗ്ര

ഹം അധികമായ്ക്കൊണ്ടിരുന്നു. ഒടുവിൽ ക്ഷീണംതോന്നുക യാൽ പുസ്തകം പൂട്ടി കയ്യിൽവെച്ച്, ഓരോ വിഷയത്തെ പ്പററി ആലോചിക്കാൻ തുടങ്ങി. ക്രമേണ എനിക്ക് ഒരുമാതിരി ഉറക്കം വന്നു. എന്നാൽ ഉറക്കമെല്ലതാനും. നിദ്രയെപ്പോലെ സുഖകരമോ തൃപ്തിജനകമോ അല്ലാത്ത ഒരു മോഹാലസ്യം, അഥവാ മയക്കം, മാത്രമായിരുന്നു അതു. എൻെറ ക്ലാന്തഹസ്തത്തിൽനിന്നു പുസ്തകം നിലത്തുവീണു. കണ്ണു തുറന്നിട്ടുണ്ടെങ്കിലും, ബാഹ്യവസ്തുക്കൾ സമസ്തവും കാണ്മാൻ കഴിഞ്ഞുവെങ്കിലും. എന്തൊക്കെയാണ്. കണ്ടതെന്നു പറയുവാൻ സാധിക്കുകയില്ല. പെട്ടെന്ന് ആകസ്മികമായി, പ്രഭാതവീചിവിക്ഷേപചപലയായി, കളകളനാദിനിയായി, ഒരു നദി അവിടെ ആവിർഭവിച്ചു. ഉഷസ്സിൻെറ ഉജ്ജ്വലവർണ്ണത്താൽ പ്രഭാസിതമായ പൂർവ്വദിക്കിൽ ആ ഗംഗാപ്രവാഹമദ്ധ്യത്തിൽ, സൈകതപ്രാന്തത്തെ അവലംബിച്ചുകൊണ്ടു ഒരു തരുണി സ്ഥിതിചെയ്തിരുന്നു. ഹാ! രജനി അതേ. രജനിതന്നെ, അവൾ പ്രവാഹത്തിലേക്കിറങ്ങുകയാണ്. മെല്ലേ, മെല്ലേ, മെല്ലേ, അന്ധയാണെങ്കിലും കുഞ്ചിതഭ്രുകുടിയായി, വികലയാണെങ്കിലും സ്ഥിരയായി, പ്രഭാതശാന്തിശീതളയായ ആ ഭാഗീരഥിയെപ്പോലെ ഗംഭീരയും ധീരയുമായി, ആ ഭാഗീരഥിയെപ്പോലെ ആന്തരത്തിൽ ദുർജ്ജയവേഗശാലിനിയായി, മെല്ലെ മെല്ലെ, അവൾ പ്രവാഹത്തിലേക്കിറങ്ങുകയാണ്; ആ കാഴ്ചയുടെ മനോഹരതയും രജനിയുടെ അപ്പോഴത്തെ സൌന്ദര്യവും അനിർവ്വചനീയമായിരുന്നു. വൃക്ഷ

ത്തിൽനിന്നു നിർഗ്ഗമിക്കുന്ന നവമഞ്ജരിയുടെ സുഗന്ധം പോലയോ, അഥവാ, ദൂരശ്രുതമായ സംഗീതത്തിൻെറ അവസാന ശകലംപോലെയോ, രജനി മന്ദം മന്ദമായി ജലപ്രവാഹത്തിലേക്കിറങ്ങി "രജനീ! മെല്ലെ മെല്ലെ നടക്കൂ; ഞാൻ ഭവതിയെ ഒന്നു കാണട്ടെ. മുമ്പ് അനാസ്ഥനിമിത്തം ഞാൻ നല്ലവണ്ണം കണ്ടിരുന്നില്ല; ഇപ്പോൾ നല്ലപോലെ കാണാൻ അനുവദിക്കുക. മെല്ല, രജനി! മെല്ലെ!" എന്നിങ്ങിനെ ഞാൻ തന്നെത്താൻ പറഞ്ഞു പോയി.

. . .

ഈ നിലയിൽ ക്രമേണ ഞാൻ മൂർച്ഛിച്ചുവീണു. മൂർച്ഛയുടെ ലക്ഷണമെന്തെല്ലാമായിരുന്നു, എന്നു ഞാനറിഞ്ഞിരുന്നില്ല. പിന്നീട മററുള്ളവർ പറഞ്ഞറിഞ്ഞതു ഇവിടെ ആവത്തിക്കേണ്ടുന്ന ആവശ്യമുണ്ടെന്നു തോന്നുന്നുമില്ല. എനിക്ക് ബോധം വന്നപ്പോൾ നേരം രാത്രിയായിരുന്നു. എൻെറ ചുററും അനേകം ആളുകൾ കൂടിയിരുന്നു. പക്ഷെ അവരെയാരെയും ഞാൻ കണ്ടിരുന്നില്ല. മൃദുനാദിനിയായ ആ ഗംഗയും, മൃദുഗാമിനിയായി മെല്ലെ മെല്ലെ ജലത്തിലേക്കിറക്കുന്ന ആ രജനിയും മാത്രമേ എൻെറ ദൃഷ്ടിക്കു വിഷയീഭവിച്ചുള്ളു. കണ്ണടച്ചാൽ കാണുന്നതു ആ ഗംഗയും ആ രജനിയുംതന്നെ; കണ്ണു തുറന്നാൽ കാണുന്നതും അതേഗംഗയും അതേ രജനിയും തന്നെ; ദിഗന്തരത്തിൽദൃഷ്ടി പതിപ്പിച്ചാൽ അവിടെ കാണുന്നതുംമന്ദമന്ദം നദിയിലേക്കിറങ്ങുന്ന രജനിയെത്തന്നെ. ഊൎദ്ധ്വഭാഗത്തേക്കു നോക്കിയപ്പോൾ, അതാ, അവിടെയും, ആകാ

ശവിഹാരിണിയായ ഗംഗ, മന്ദമന്ദം ഒഴുകികൊണ്ടിരിക്കുന്നു; ആകാശ വിഹാരിണിയായ രജനിയും മന്ദംമന്ദം പുഴയിലേക്കിറങ്ങുന്നു! മനസ്സിനെ അന്യവിഷയങ്ങളിൽ വ്യാപരിപ്പിക്കുവാൻ ശ്രമിച്ചുനോക്കി; അപ്പോഴും കണ്ടതു് ആ ഗംഗയേയും രജനിയേയും തന്നെ.

ഇങ്ങിനെ നിരസ്തനായിത്തീൎന്ന എന്നെ, വൈദ്യന്മാർ ചികിത്സിച്ചുതുടങ്ങി. വളരെ ദിവസം ചികിത്സിച്ചിട്ടും, എന്റെ നയനാഗ്രത്തിൽ നിന്നു രജനിയുടെ സ്വരൂപം തിലമാത്രമെങ്കിലും അന്തർഹിതമായില്ല. എന്തു രോഗമാണെന്നു വെച്ചായിരുന്നു വൈദ്യന്മാർ എന്നെ ചികിത്സിച്ചതെന്നെനിക്കറിഞ്ഞുകൂടാ. എന്റെ ലോചനാഗ്രത്തിൽ അഹോരാത്രം നടനം ചെയ്തിരുന്ന സ്വരൂപത്തെപ്പററി ഞാൻ ആരോടും പറഞ്ഞിരുന്നുമില്ല.

## VI

## ശചീന്ദ്രന്റെ കഥ.

മെല്ലെ, രജനി! മെല്ലെ മെല്ലെ, എന്റെ ഹൃദയമന്ദിരത്തിൽ പ്രവേശിക്കുക! എന്തിനാണിങ്ങിനെ ഝടപ്പെടുന്നതു- ഭവതി അന്ധയാണ്, വഴിയറികയുമില്ല. അതുകൊണ്ടു മെല്ലെ പോയാൽ മതി. സുചിരാന്ധകാരമയമായ ഈ ക്ഷുദ്രമന്ദിരത്തിൽ ദീപശലാകപോലെ പ്രവേശിച്ചു അതിനെയൊന്നു പ്രകാശിപ്പിക്കുക. ദീപശലാകപോലെ സ്വയമേവ ദഗ്ദ്ധയായിത്തീരുമെങ്കിലും ഈ മന്ദിരത്തെ ബാധിച്ചിരിക്കുന്ന നിബിഡാന്ധകാരത്തെ നിവാരണം

ചെയ്തു അതിനെ പ്രകാശമാനമാക്കുവാൻ ഭവതിക്ക് സാധിക്കും.

മെല്ലെ, രജനി! മെല്ലെ മെല്ലെ; ഈ മന്ദിരത്തെ പ്രകാശിപ്പിക്കുകയേ വേണ്ടു: അന്നിനെ ദഹിപ്പിച്ചുകളയുന്നതെന്തിനാണ്? ശീതളമായ ശിലാഫലകത്തിന്നു ദാഹശക്തിയുണ്ടെന്നു ഞാനോർത്തിരുന്നില്ല. പാഷാണനിമ്മിതയും പാഷാണമയിയുമായ ഭവതി ദഹിപ്പിക്കത്തക്ക കെല്പുള്ളവളാണെന്നു ഞാനറിഞ്ഞിരുന്നില്ല..അഥവാ, പാഷാണത്തിലും ലോഹത്തിലും സംഘഷ്ണത്താൽ അഗ്ന്യുൽപാത്രമുണ്ടാകുമെന്നാക്കറിയാം? ശിലപോലെ ധവളവും സ്നിഗ്ദ്ധദർശനവും അഥവാ ശിലാനിമ്മിതവുമായ ഭവതിയുടെ വിഗ്രഹം കാണുംതോറും പിന്നെയും പിന്നെയും കാണുവാൻ എനിക്കാഗ്രഹം ജനിക്കുന്നു. അനുദിനവും, അനുക്ഷണവും കണ്ടിട്ടു തൃപ്തിവരാതെ, ഞാൻ പിന്നെയും കാണ്മാൻ കൊതിച്ചുകൊണ്ടിരിക്കുന്നു.

രോഗഗ്രസ്തനായിക്കിടന്ന കാലത്തു ഞാൻ പ്രായേണ ആരോടും സംസാരിച്ചിരുന്നില്ല; ആരും വന്നു സംസാരിക്കുന്നതു എനിക്കു ഇഷ്ടവുമായിരുന്നില്ല. രജനിയെപ്പററിയും ഞാൻ ഒരിക്കലും പ്രസ്താവിക്കുകയുണ്ടായിട്ടില്ല. ഒരു സമയം, പ്രലാപാവസരങ്ങളിൽ വല്ലതും പറഞ്ഞിരുന്നുവോ എന്നു എനിക്കു ഓമ്മയില്ല. പ്രലാപം പലപ്പോഴും ഉണ്ടായിരുന്നു. എനിക്കു ശയ്യയെ ത്യജിക്കുവാൻ ശക്തിയുണ്ടായിരുന്നില്ല. കിടന്ന കിടപ്പിൽ നിന്നു എന്തൊക്കെയാണ്

ഞാൻ കണ്ടതെന്തു വിവരിക്കുവാൻ പ്രയാസമാണ്. സമരാങ്കണത്തിൽ യവനനിപാതം സംഭവിക്കുന്നതായും രക്തവാഹിനി പ്രവഹിക്കുന്നതായും ചിലപ്പോൾ കാണും; സുവൎണ്ണപ്രാന്തരത്തിൽ ഹീരകവൃക്ഷത്തിന്മേൽ നക്ഷത്രസ്തബകങ്ങൾ വികസിക്കുന്ന കാഴ്ചയായിരിക്കും വേറൊരു സന്ദർഭത്തിൽ പ്രത്യക്ഷപ്പെടുന്നതു്; ആകാശമാൎഗ്ഗത്തിൽ അഷ്ടചന്ദ്രസമന്വിതനായ ശനൈശ്ചര മഹാഗ്രഹം, ചതുശ്ചക്രാവാഹിയായ ബൃഹസ്പതിയുടെ ഉപരിഭാഗത്തു അത്യുഗ്രവേഗത്തോടുകൂടി നിപതിക്കുന്നതും, സകല ഗ്രഹോപഗ്രഹങ്ങളും ഖണ്ഡംഖണ്ഡമായി പൊട്ടിത്തകരുന്നതും ആ ഘാതോൽപന്നമായ വഹ്നിയാൽ ദാഹ്യമാനാവസ്ഥയിൽപെട്ട ഗ്രഹസഞ്ചയം ദ്രുതഗതിയായി വിശ്വമണ്ഡലത്തിൻെറ നാനാഭാഗങ്ങളിലേക്കും പ്രധാവനം ചെയ്യുന്നതും മററുമായിരിക്കും വേറൊരവസരത്തിൽ കാണുന്ന കാഴ്ച; ജ്യോതിൎമ്മയന്മാരും കാന്തരൂപധരന്മാരുമായ ദേവഗണങ്ങളുടെ സുകുമാരാകൃതികളാൽ ലോകമണ്ഡലം പരിപൂൎണ്ണമായിത്തീൎന്നതായും, അവിരതം അംബരപഥത്തെ പ്രഭാസിതമാക്കി സഞ്ചരിച്ചുകൊണ്ടിരുന്ന അവരുടെ അംഗസൌരഭം എൻെറ നാസാരന്ധ്റങ്ങളെ ചരിതാൎത്ഥങ്ങളാക്കിത്തീൎത്തതായും ചില സമയത്തു് എനിക്ക് തോന്നാറുണ്ടു്. പക്ഷേ, എന്തുതന്നെ കാണുന്നുണ്ടെങ്കിലും, അതിൻെറയെല്ലാം മദ്ധ്യത്തിൽ രജനിയുടെ ശിലാമയമായ ആസ്വരൂപം കണ്ടുകൊണ്ടിരുന്നു. ഹായ്! രജനി! പാഷാണത്തിനകത്തു ഇത്രയധികം അഗ്നിയുണ്ടാകുമോ? മെല്ലെ, രജനി, മെല്ലെ, ആ അന്ധനയനങ്ങളെ ഉന്മീലനം ചെ

യ്യ് എന്നൊ ഒന്നു നോക്കൂ. ഞാൻ ഭവതിയേയും കാണ ട്ടെ.- അതാ ഭവതിയുടെ നയനപത്മം ക്രമേണ പ്രസ്ഫുടി തമാകുന്നു--ക്രമേണ, ക്രമേണ, മെല്ലെ, മെല്ലെ, നയനരാ ജീവം അതാ വികസിക്കുന്നു. ഈ ലോകത്തിൽ ആൎക്കാ ണ് ദൃഷ്ടിയില്ലാത്തതു? ആടു, മാടു, നായ, പൂച്ച ഇത്യാദി കൾക്കു കൂടി കണ്ണുണ്ട്. ഭവതിക്കു മാത്രം കണ്ണില്ലെന്നോ? എന്നാൽ എനിക്കും ഇല്ല. ഞാൻ ഇനി ഈ കണ്ണു തുറ ക്കുന്നില്ല.

## VII

### ലവംഗലതയുടെ കഥ..

ആ ചെറുപ്രായത്തിൽ അത്രയധികം ആലോച നാശീലം അഭ്യസിച്ചതുകൊണ്ടു ശചീന്ദ്രനു എന്തെങ്കിലും അപകടം പിണയാതിരിക്കയില്ലെന്നു എനിക്കറിയാമാ യിരുന്നു. ജ്യേഷ്ഠത്തി ഇതിനെപ്പററി ചിന്തിച്ചിരുന്നതേ ഇല്ല. ഞാൻ വല്ലതും പറഞ്ഞാൽ എളയമ്മയുടെ വാക്കാ ണെന്നു വെച്ചു ശചീന്ദ്രൻ അതൊട്ടു സ്വീകരിച്ചതുമില്ല. എങ്കിലും മകൻെറ ക്ഷേമസ്ഥിതിയെക്കുറിച്ചു ചിന്തിക്കാ നുള്ളഭാരം എനിക്കാണെന്നു തീരുമാനിച്ചു ഞാൻ അതി ലേക്കുദ്യമിക്കാനൊരുങ്ങി. വൈദ്യന്മാൎക്കും യാതൊന്നും ചെയ്യാൻ സാധിച്ചില്ല. രോഗം ഇന്നതാണെന്നു നിൎണ്ണയി ച്ചെങ്കിലല്ലേ ചികിത്സിച്ചാൽ ഫലിക്കുകയുള്ളു? കയ്യും ക ണ്ണും നാവും പരിശോധിച്ചാൽ മനസ്സിനെ ബാധിച്ചിരു ന്ന രോഗത്തിൻെറ പ്രകൃതം കണ്ടുപിടിക്കാൻ സാധിക്കു

മോ? എന്നെപ്പോലെ മറവിലിരുന്നുകൊണ്ടു ശചീന്ദ്രൻ കാട്ടിക്കൂട്ടിയ ഗോഷ്ഠികഠം കണ്ടു മനസ്സിലാക്കിയിരുന്നെങ്കിൽകരൊററ ദിവസംകൊണ്ടു വൈദ്യന്മാക്കു രോഗത്തിൻെറ സ്വഭാവം ഗ്രഹിക്കാൻ സാധിക്കുമായിരുന്നു.

മെല്ലെ, രജനീ! എന്നായിരുന്നു ഏകാകിയായി കിടക്കുമ്പോഴെല്ലാം ശചീന്ദ്രൻ ഉച്ചരിച്ച വാക്കുകഠം. ഇതു സന്യാസിമഹാശയൻെറ ഔഷധപ്രയോഗത്തിൻെറ ഫലമായിരിക്കുമോ? കഷ്ടം! എന്തിനാണു ഞാൻ ഈ തൊഴിലിന്നു പോയതു? ഒരു സമയം രജനിയെ ശചീന്ദ്രൻെറ രോഗശയ്യക്കരികെ കൂട്ടിക്കൊണ്ടുവരാൻ സാധിച്ചെങ്കിൽ ഗുണമുണ്ടാകാനിടയുണ്ടെന്നു ഞാൻ വിചാരിച്ചു. ഞാൻ രജനിയുടെ വീട്ടിൽ അന്നൊരുകുറി പോയിരുന്നുവല്ലൊ. അതിന്നുശേഷം ഇതേ വരെ രജനി ഞങ്ങളുടെ വീട്ടിലേക്കു വരികയുണ്ടായിട്ടില്ല. ഒന്നു വരാൻവേണ്ടി ആളെ അയച്ചാൽ അവഠം വരാതിരിക്കയില്ലെന്നെനിക്കു തോന്നി. വിശേഷവിധിയായി ഒരു കാൎയ്യം പറയാനുള്ളതുകൊണ്ടു എൻെറ വീട്ടിലേക്കു ഒന്നു വരേണമെന്നു രജനിയോടു പറയാൻ ഞാൻ ആളെ അയച്ചു.

രജനി വരുന്നതിന്നു മുമ്പായി, ശചീന്ദ്രൻ ക്കേഠക്കേ അവളുടെ വൎത്തമാനം വല്ലതും പ്രസ്താവിച്ചുനോക്കാമെന്നും, ശചീന്ദ്രൻെറ രോഗത്തിന്നു രജനിയുമായി വല്ല സംബന്ധവും ഉണ്ടെങ്കിൽ ആ സന്ദൎഭത്തിൽ അതു മനസ്സിലാക്കാൻ തരമാകുമെന്നും എനിക്കൊരഭിപ്രായം തോന്നി. പ്രകൃതതത്വം ഇങ്ങിനെ കണ്ടുപിടിക്കാമെന്ന ഉദ്ദേശത്തോ

ട്ടുകൂടി ഞാൻ ശചീന്ദ്രന്റെ അടുക്കൽ ചെന്നു ഓരോരോ സംഗതികളെപ്പററി പ്രസ്താവിക്കുന്നതിന്നിടയ്ക്കു, പ്രസംഗവശാലെന്നപോലെ, രജനിയുടെ വൎത്തമാനവും. പറഞ്ഞുതുടങ്ങി. അവിടെ വേറെ ആരുമുണ്ടായിരുന്നില്ല. രജനിയുടെ പേരുച്ചരിച്ച മാത്രയിൽ, ശചീന്ദ്രൻ ഭയവിഹ്വലയായ ഹംസിയെപ്പോലെ തലപൊന്തിച്ചു എന്റെ മുഖത്തുതന്നെ നോക്കിക്കൊണ്ടിരുന്നു. രജനിയുടെ വൎത്തമാനങ്ങൾ കേൾക്കുംതോറും ശചീന്ദ്രൻ വ്യാകുലിതമായ ദൃഷ്ടി എന്റെ മുഖത്തു പതിപ്പിച്ചുകൊണ്ടു നിസ്തബ്ധഭാവത്തിൽ കിടന്നു. ക്രമേണ അവന്നു അസ്വാസ്ഥ്യം അസഹ്യമായിത്തീൎന്നു. അടുത്തു കാണുന്ന സാധനങ്ങൾ പിടിച്ചുവലിക്കാനും വലിച്ചെറിയാനും തുടങ്ങി. ഒടുവിൽ ഞാൻ രജനിയെ അധിക്ഷേപിച്ചുകൊണ്ടു ഓരോന്നു പറയുവാൻ തീൎച്ചയാക്കി. അവൾ അത്യന്തം ധനലുബ്ധയാണെന്നും, ഞങ്ങൾ ചെയ്ത പൂൎവ്വോപകാരത്തിന്റെ സ്മരണ ലേശംപോലുമില്ലാത്തവളാണെന്നും മററും ഞാൻ പറയാൻ തുടങ്ങിയപ്പോൾ ശചീന്ദ്രന്റെ ഭാവം അപ്രസന്നമായി. പക്ഷേ യാതൊരഭിപ്രായവും പ്രകാശിപ്പിക്കുവാൻ അവൻ തുനിഞ്ഞില്ല.

ഇതെല്ലാം സന്യാസിയുടെ കൃതിയാണെന്നു ഞാൻ നിശ്ചയിച്ചു. അദ്ദേഹം തത്സമയം അവിടെ ഉണ്ടായിരുന്നില്ല. കുറച്ചു ദിവസത്തിന്നുള്ളിൽ വരുമെന്നറിഞ്ഞതിനാൽ അദ്ദേഹത്തെത്തന്നെ പ്രതീക്ഷിച്ചുകൊണ്ടിരിപ്പായി. അഥവാ അദ്ദേഹം വന്നാൽതന്നെ എന്തു ചെയ്വാൻ കഴി

യും എന്നൊരു സന്ദേഹവും എനിക്കുണ്ടായില്ലെന്നില്ല് ദുർമ്മോഹപാരവശ്യത്താൽ ബുദ്ധിശ്ശൂന്യായയിത്തീൎന്ന ഞാൻ, ധനലോഭംനിമിത്തം കിഴ്മേലാലോചിക്കാതെ സ്വയമേവ വരുത്തിക്കൂട്ടിയ അനൎത്ഥമാണല്ലോ ഇതെല്ലാം! രജനിയെ നിശ്ചയമായും പുത്രവധുവാക്കാമെന്നായിരുന്നു അപ്പോഴത്തെ വിശ്വാസം. അന്ധയായ പൂക്കാരിപ്പെണ്ണ് ഇത്ര ദുർല്ലഭയായിത്തീരുമെന്നോ, സന്യാസിയുടെ മന്ത്രൌഷധപ്രയോഗം വിപരീതഫലത്തിൽ പരിണമിക്കുമെന്നോ അന്നു തീരെ ശങ്കിച്ചിരുന്നില്ല. സ്ത്രീജനത്തിന്റെ ബുദ്ധി അതി ക്ഷുദ്രമാണെന്നു മനസ്സിലാക്കാതെ, എന്റെ അഹങ്കാരത്തിന്നു ഞാൻ വശംവദയായിപ്പോയി. ഈ ദുർബുദ്ധി ജനിക്കുന്നതിന്നുമുമ്പായി മരിക്കുനാതായിരുന്നു നന്നായിരിക്കുക എന്നെനിക്കു തോന്നി. ഇപ്പോഴും വേണമെങ്കിൽ മരിക്കാൻ പ്രയാസമില്ലെങ്കിലും, ശചീന്ദ്രനെ ആരോഗ്യസ്ഥിതിയിൽ കണ്ടല്ലാതെ മരിക്കുവാൻ മനസ്സ് വരുന്നില്ല.

കുറച്ചുദിവസം കഴിഞ്ഞപ്പോൾ, സന്യാസി തിരിച്ചുവന്നു. ശചീന്ദ്രന്നു സുഖക്കേടാണെന്നു കേട്ടതിനാൽ അവനെ കാണാൻവേണ്ടി വന്നതാണെന്നു അദ്ദേഹം പറഞ്ഞു. ശചീന്ദ്രന്റെ രോഗവൃത്താന്തം അദ്ദേഹത്തോടു ആരാണ് പറഞ്ഞതെന്നു വെളിപ്പെടുത്തിയതുമില്ല.

ശചീന്ദ്രന്റെ അസ്വാസ്ഥ്യവൃത്താന്തം ആദ്യം മുതൽ അവസാനംവരെ ഞാൻ അദ്ദേഹത്തെ ധരിപ്പിച്ചു. ഒടുവിൽ അദ്ദേഹം ശചീന്ദ്രന്റെ അടുക്കൽ ചെന്നിരുന്നു പലേ

വിഷയങ്ങളെപ്പററിയും കുറെനേരം സംസാരിച്ചു. അനന്തരം ഞാൻ അദ്ദേഹത്തെ എൻെറ മുറിയിലേക്കു ആളയച്ചു വരുത്തി, നമസ്കരിച്ചു മംഗളാചരണം അനുഷ്ഠിച്ചശേഷം ഇങ്ങിനെ പറഞ്ഞു. "മഹാശയനായ ഇവിടുന്ന് സർവ്വജ്ഞനാണ്; ഇവിടേക്കറിയാത്ത തത്വം യാതൊന്നുമില്ല; ശചീന്ദ്രൻെറ രോഗം ഇന്നതാണെന്നു ഇവിടേക്കു അറിയാതിരിക്കയില്ല"

സന്ന്യാസി:--"ഇതു വായുരോഗമാണ്: ചികിത്സിച്ചു മാററുവാൻ വളരെ പ്രയാസമുണ്ടു."

ഞാൻ:--"അങ്ങിനെയാണെങ്കിൽ, ശചീന്ദ്രൻ സർവ്വദാ രജനിയുടെ പേരു പറഞ്ഞുകൊണ്ടിരിക്കുന്നതിന്നെന്താണു കാരണം?"

സന്ന്യാസി:--"കേവലം ബാലികയായ ഭവതിക്കു അതിൻെറ തത്വം മനസ്സിലാവുകയില്ല"

(എന്തസംബന്ധമാണിതു്! ശചീന്ദ്രൻെറ അമ്മയായ ഞാൻ ബാലികയാണത്രെ)

സന്ന്യാസി:--(തുടൎന്നുകൊണ്ടു) "അതു് ഈ രോഗത്തിൻെറ പ്രധാനലക്ഷണമാണ്. ഹൃദയത്തിൽ പ്രച്ഛന്നമായും അപരിചിതമായും കിടന്നിരുന്ന ഭാവത്തേയും ആഗ്രഹത്തേയും അത്യന്തം ഊൎജ്ജിതമായി പെട്ടെന്നു പ്രകാശിപ്പിക്കുവാൻ ഈ രോഗത്തിന്നു ശക്തിയുണ്ടു്. മുമ്പൊരിക്കൽ എൻെറ ദൈവവിദ്യയുടെ പ്രയോഗസമ്പ്രദായം പരീക്ഷിച്ചറിയണമെന്നു ശചീന്ദ്രന്നാഗ്രഹം ജനിക്കുകയാൽ ഞാൻ അതിന്നുവേണ്ടി ഒരു താന്ത്രിക

കൎമ്മം അനുഷ്ഠിച്ചിരുന്നു. ശചീന്ദ്രനെ ആന്തരമായി സ്നേഹിക്കുന്ന ആളെ സ്വപ്നത്തിൽ കാണിച്ചുകൊടുക്കാമെന്നായിരുന്നു എന്റെ പ്രതിജ്ഞ. അന്നു രാത്രി ശചീന്ദ്രൻ രജിനിയെ സ്വപ്നംകണ്ടു. വല്ലവരും നമ്മിൽ അനുരക്തരാണെന്നു നമുക്കു മനസ്സിലായാൽ നാം അവരിലും അനുരക്തരായിത്തീരുന്നതു് സ്വാഭാവിക നിയമമാണ്. അതുകൊണ്ടാണ്, ആ രാത്രിയിൽ തന്നെ ശചീന്ദ്രന്റെ അന്തരംഗത്തിൽ രജനിയെക്കുറിച്ചുള്ള അനുരാഗത്തിന്റെ ബീജം ആരുമറിയാതെ സമാരോപിതമായതു്. പക്ഷെ രജനിയുടെ അന്ധതയും ദാരിദ്ര്യവും മററും ആ അനുരാഗത്തിന്റെ സ്ഫുടീകരണത്തിന്നു പ്രതിബന്ധമായിത്തീൎന്നു. അനുരാഗത്തിന്റെ ഏതാൻ ചില ചിഹ്നങ്ങൾ സ്വഹൃദയത്തിൽ ദൃശ്യമായെങ്കിലും ശചീന്ദ്രൻ ആദിയിൽ അതൊന്നും അത്ര സാരമാക്കിയില്ല "അങ്ങിനെയിരിക്കുമ്പോഴാണ് ഘോരതരമായ ദാരിദ്ര്യദുഃഖത്തിന്റെ ആശങ്ക നിങ്ങളെയെല്ലാവരേയും പീഡിപ്പിക്കുവാൻതുടങ്ങിയതു്. മററുള്ളവരെ അപേക്ഷിച്ചു ശചീന്ദ്രനാണ്. ഗുരുതരമായ വ്യഥയനുഭവിച്ചതു്. ദാരിദ്ര്യദുഃഖത്തെ മറക്കാൻവേണ്ടി ശചീന്ദ്രൻ അദ്ധ്യയനത്തിലും തത്വാലോചനയിലും മനസ്സിനെവ്യാപരിപ്പിച്ചു, ആ തത്വചിന്തയുടെ ആധിക്യത്താൽ മനസ്സു ഉദ്ഭ്രാന്തമാവുകയും അതു വഴിയായി ഈ മാനസികരോഗം ഉൽപന്നമാവുകയുംചെയ്തു. വിലുപ്തപ്രായമായികിടന്നിരുന്ന രജനീവിഷയകമായ അ

നുരാഗം ഈമാനസികരോഗത്തെഅവലംബിച്ചു ഇപ്പോ ൾ വീണ്ടും പ്രസ്ഫുടിതമായിരിക്കുകയാണ്. 'അവിഹിതമായ ആ അനുരാഗത്തെ പ്രശമനം ചെയ്യത്തക്ക മാനസികശക്തി ഇപ്പോൾ ശചീന്ദ്രനില്ല. ഗുപ്തമായിരുന്ന ഭാവത്തെ വികസിപ്പിച്ചു അതിന്നു അപ്രാകൃതമായ ഊർജ്ജസ്വലത നൽകുന്നതു ഈദൃശങ്ങളായ മാനസികപീഡകളുടെ സ്വഭാവമാണെന്നു ഞാൻ മുമ്പുതന്നെ പറഞ്ഞുവല്ലൊ. അപ്പോഴാണു രോഗി വികാരവിവശനായിത്തീരുന്നത്. ശചീന്ദ്രൻെറ ഈ വികാരപാരവശ്യവും അത്തരത്തിൽ പെട്ടതാണ്"

ഇതെല്ലാം കേട്ടപ്പോൾ എനിക്കു വലിയ ഭയമായി. "ഇതിന്നു യാതൊരു പ്രതിവിധിയും ഇല്ലേ? എന്നു ചോദിച്ചു.

സന്ന്യാസി—"എനിക്കു പാശ്ചാത്യവൈദ്യശാസ്ത്രം തീരേ അറിഞ്ഞുകൂടാ. ആ ശാസ്ത്രത്തിൽ വൈദഗ്ദ്ധ്യമുള്ളവക്കു ഈ രോഗം ചികിത്സിച്ചു മാററാൻ സാധിക്കുമോ എന്നും എനിക്കു നിശ്ചയമില്ല. പക്ഷെ ഇത്തരം രോഗങ്ങൾക്കു അവക്കെന്തെങ്കിലും പ്രതിവിധിയുള്ളതായി ഞാൻ കേട്ടിട്ടില്ല."

ഞാൻ—"പലേ ഡാക്ടർമാരും വന്നുനോക്കി; യാതൊരു ഫലവും കണ്ടില്ല."

സന്ന്യാസി—"വൈദ്യവിശാരദന്മാരെക്കൊണ്ടും ഇതിന്നൊരു നിവൃത്തിയുണ്ടാക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല."

ഞാൻ-"എന്നാൽ പിന്നെ, യാതൊരു നിവൃത്തിയും ഇല്ലേ?"

സന്ന്യാസി-"സമ്മതമാണെങ്കിൽ ഞാൻ ഒരൌഷധം കൊടുത്തുനോക്കാം."

ഞാൻ-"ഇവിടുത്തെ ഔഷധത്തേക്കാൾ ഉപരിയായി ആരുടെ ഔഷധമാണുള്ളതു? ഇവിടുന്നുതന്നെ ഔഷധം കൊടുത്തു ഞങ്ങളെ രക്ഷിക്കണം."

സന്ന്യാസി-"ഭവതിയാണല്ലൊ ഗൃഹനായിക. ഭവതിക്കു സമ്മതമാണെങ്കിലേ ഔഷധം കൊടുക്കാൻ സാധിക്കുകയുള്ളു. ശചീന്ദ്രനും ഭവതി പറയുംപോലെ ചെയ്യും. പക്ഷെ ഔഷധപ്രയോഗംകൊണ്ടു മാത്രം ആരോഗ്യലാഭം ഉണ്ടാവുകയില്ല. മാനസികപീഡയ്ക്കു മാനസികചികിത്സതന്നെ വേണം. അതിലേക്കു, രജനിയെ വരുത്തണം."

ഞാൻ- രജനി വരും-ഞാൻ ആളയച്ചിട്ടുണ്ടു."

സന്ന്യാസി-"പക്ഷേ, രജനിയുടെ വരവുകൊണ്ടു ഗുണമോ ദോഷമോ ഉണ്ടാവുക എന്നു ചിന്തിക്കേണ്ടതാണ്. ശചീന്ദ്രൻ രോഗശയ്യയെ അവലംബിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ രജനീദർശനം, അവളെക്കുറിച്ചുള്ള അപ്രാകൃതമായ അനുരാഗത്തെ ബദ്ധമൂലവും ദൃഢസ്ഥായിയുമാക്കിത്തീർക്കുന്നതായിരിക്കും. അതുകൊണ്ടു വല്ല കാരണവശാലും രജനിയുമായുള്ള വിവാഹം അസംഭാവ്യമാണെന്നുണ്ടെങ്കിൽ, രജനി ഇങ്ങോട്ടു വരാതിരിരിക്കുന്നതാണു വിഹിതം."

ഞാൻ--"രജനിയുടെ വരവു ഗുണത്തിനായാലും ദോഷത്തിനായാലും ശരി, അതിനെപ്പററി ആലോചിക്കാൻ ഇനി സമയമില്ല. അതാ നോക്കൂ; രജനി വരുന്നുണ്ടു."

തത്സമയം ഒരു പരിചാരികയോടൊരുമിച്ചു രജനി അവിടെ വന്നുചേൻറു. ശചീന്ദ്രൻെറ സുഖക്കേടിനെപ്പററി കേട്ടു അമരനാഥനും രജനിയും കൂടെ വന്നിട്ടുണ്ടായിരുന്നു. രജനിയെ പരിചാരികയോടൊന്നിച്ചു അകത്തേക്കയച്ചു, അമരനാഥൻ പുറത്തു് ഇരിക്കുകയായിരുന്നു.

# പഞ്ചമഖണ്ഡം.

## അമരനാഥന്റെ കഥ.

അന്ധയായ ആ പുഷ്പവനിതയുടെ മോഹനത അനിൎവ്വചനീയമായിരിക്കുന്നു. കടാക്ഷവീക്ഷണത്തിന്റെ അഭാവത്തിൽകൂടി എന്നെപ്പോലെയുള്ള ഒരു സന്ന്യാസിയെ അവൾ മോഹിപ്പിച്ചതാണാശ്ചൎയ്യം. ലവംഗലതയ്ക്കുശേഷം ഞാൻ വേറൊരു വനിതയിൽ അനുരക്തനായിത്തീരുകയില്ലെന്നായിരുന്നു പ്രതിജ്ഞ ചെയ്തിരുന്നതു. കഷ്ടം! മനുഷ്യന്റെ അഹന്തയ്ക്കു യാതൊരൎത്ഥവുമില്ല! എത്ര എളുപ്പത്തിലാണ് അന്ധയായ ആ പുഷ്പവനിതയിൽ ഞാൻ മോഹിതനായിത്തീൎന്നതു!

ഈ ജീവതം അമാവാസ്യാരാത്രിപോലെ അന്ധകാരമയമായിത്തന്നെ നയിക്കേണ്ടിവരുമെന്നു വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നൊരു ചന്ദ്രോദയമുണ്ടായി. ഈ ജീവിതസിന്ധു നീന്തിക്കടക്കുകയേ നിവൃത്തിയുള്ളു എന്നു വിചാരിച്ചു നില്ക്കും മദ്ധ്യേ, പുരോഭാഗത്ത് ഒരു സുവൎണ്ണസേതു ദൃശ്യമായി. ഈ മരുഭൂമി എന്നെന്നും ദഗ്ദ്ധക്ഷേത്രമായിത്തന്നെ നിലനില്ക്കേണ്ടിവരുമെന്നു കരുതിക്കൊണ്ടിരിക്കെ, രജനി പെട്ടന്ന്ഒരു നന്ദനവനത്തെ അവിടേക്കാനയിച്ചു എന്നെ പരമാനന്ദപരവശനാക്കി. വളരെക്കാലം അന്ധകാരസാന്ദ്രമായ ഏതോ ഗുഹാമദ്ധ്യത്തിൽ വസിച്ചിരുന്ന ഒരാൾ പെട്ടെന്ന് സൂൎയ്യകിരണസമുജ്ജ്വല

വും തരുപല്ലവകുസുമശോഭിതവുമായ ഈ മനുഷ്യലോക ത്തിൽ സ്ഥാപിതനായാൽ എന്തൊരാനന്ദം അനുഭവി ക്കുമോ ആ വിധത്തിലുള്ള ആനന്ദമാണ് എനിക്കപ്പോ ൾ അനുഭവപ്പെട്ടതു്. ചിരകാലം പരാധീനനും പരപീ ഡിതനും ദാസാനുദാസനുമായിരുന്നവൻ, പൊട്ടന്നനവെ, സൎവ്വേശ്വരനും സാൎവ്വഭൌമനുമായിത്തീൎന്നാൽ എന്തൊരാ നന്ദം അനുഭവിക്കുമോ ആ വിധത്തിലുള്ള ആനന്ദമാണ് എനിക്ക് അനുഭവപ്പെട്ടതു്. രജനിയെപ്പോലെ ജന്മാന്ധ യായ ഒരാൾക്കു പെട്ടെന്നു ദൃഷ്ടിലാഭമുണ്ടായാൽ ജനിക്കു ന്ന പരമാനന്ദത്തോടു സദൃശമാണു് രജനിയുടെ അനുരാ ഗബോധത്തിൽ എനിക്കുണ്ടായ പരമാനന്ദം!

പക്ഷേ, ഈ ആനന്ദത്തിൻെറ പരിണാമം എങ്ങി നെയായിരിക്കുമെന്നു എനിക്കു നിശ്ചയമില്ല. ഞാൻ ഒരു ചോരനാണ്. എൻെറ പൃഷ്ഠഭാഗത്തു് അഗ്നിമയമായ അക്ഷരങ്ങളിൽ അങ്കിതമായിട്ടുള്ളതാണ് ഈ സംഗതി. എപ്പോഴെങ്കിലും രജനി ആ അക്ഷരങ്ങളിൽ കൈവെച്ചു് അതെന്തിൻെറ അടയാളമാണെന്നു ചോദിച്ചാൽ ഞാൻ എന്തു പറയും? ഒന്നുമില്ലെന്നോ? അവൾ അന്ധയാണ്, ശരിതന്നെ. പക്ഷേ സംസാരജീവിതത്തെ സുഖമയമാക്കാ നുള്ള ഉദ്യമത്തിൽ അവലംബനമായി സ്വീകരിച്ച ആ സുശീലയെ വഞ്ചിക്കുവാൻ ആൎക്കെങ്കിലും മനസ്സു വരുമോ? മനസ്സു വരുന്നവർ അങ്ങിനെ ചെയ്തുകൊള്ളട്ടെ. എനിക്ക തുസാദ്ധ്യമല്ല. ഇതല്ല, ഇതിനേക്കാൾ കഠിനമായ ദുഷ്ക്രി യകൾ ചെയ്വാൻ എനിക്കു മടിതോന്നാത്ത ഒരു കാലമു

ണ്ടായിരുന്നു. അതിൻെറ ഫലം ഞാൻ അനുഭവിക്കുകയും ചെയ്യിരിക്കുന്നു. ഇനിയും അതിന്നു മുതിരുന്നതെന്തിനാണ്? ഉണ്ടായ സംഗതികളെല്ലാം രജനിയെ അറിയിക്കുവാൻ തയ്യാറാണെന്നു ഞാൻ ലവംഗലതയോടു പറഞ്ഞിരുന്നു. പക്ഷെ ഇതേവരെ അതിന്നു ധൈര്യമുണ്ടായില്ല. ഇപ്പോറം പറഞ്ഞുകളയാം എന്നു ഞാൻ തീർച്ചപ്പെടുത്തി.

രജനി ശചീന്ദ്രനെ കണ്ടു മടങ്ങിവന്ന ദിവസം അപരാഹ്നത്തിൽ ഈ ചരിത്രം രജനിയെ അറിയിക്കാനുദ്ദേശിച്ചു ഞാൻ അവളുടെ മുറിയിലേക്കു പോയി. രജനി അവിടെ തനിയെ ഇരുന്നു കരയുകയായിരുന്നു. അതു കണ്ടപ്പോറം അവളോടു യാതൊന്നും സംസാരിക്കാതെ, അവളുടെ എളയമ്മയുടെ അടുക്കൽചെന്നു രജനി എന്തിനാണ് കരയുന്നതെന്നു ചോദിച്ചു. മിത്രഗൃഹത്തിൽനിന്നു തിരിച്ചുവന്നതുമുതൽ രജനി കരയുകയായിരുന്നു എന്നും കാരണം മനസ്സിലായില്ലെന്നും ആ സ്ത്രീ പറഞ്ഞു. ശചീന്ദ്രന്നു എന്നോടത്രരസമില്ലാത്തതുകൊണ്ടും എന്നെ കണ്ടാൽ ആയാളുടെ രോഗത്തിന്നു വല്ല വദ്ധനവും ഉണ്ടായെങ്കിലോ എന്ന ഭയംകൊണ്ടും ഞാൻ അന്നു ശചീന്ദ്രനെ കണ്ടിരുന്നില്ല. അതുകൊണ്ടു അന്ന് അവിടെ നടന്ന സംഗതിയൊന്നും ഞാൻ അറിഞ്ഞിരുന്നുമില്ല.

"എന്തിനാണ് കരയുന്നതു്?" എന്നു രജനിയോടു ചോദിച്ചതിന്നു അവറം യാതൊന്നും ഉത്തരം പറഞ്ഞില്ല. കണ്ണുനീർ തുടച്ചു മൌനം കൈക്കൊറംക മാത്രമാണ് അവറം ചെയ്തതു്. എനിക്കു വളരെവ്യസനമായി. "നോക്കൂ.

രജനി! എന്താണ് രജനിയുടെ ദുഃഖമെന്നു പറഞ്ഞാൽ ഞാൻ പ്രാണത്യാഗംചെയ്തും അതിനെ പരിഹരിക്കാൻ സന്നദ്ധനാണ്. എന്തിനാണ് കരയുന്നതെന്നു എന്നോടു പറയില്ലേ?" എന്നു ഞാൻ വീണ്ടും ചോദിച്ചു.

രജനി പിന്നെയും കരയാനാരംഭിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ വളരെ പണിപ്പെട്ടു കരച്ചൽ നിൎത്തി അവളിങ്ങിനെ പറഞ്ഞു:—അവിടുത്തെ അപാരമായ ഈ അനുഗ്രഹത്തിന്നു എനിക്കു അൎഹതയില്ല"

ഞാൻ-"എന്താണ് രജനി അങ്ങിനെ പറയുന്നതു്? അൎഹതയില്ലാത്തതു എനിക്കാണെന്നു പറഞ്ഞു ധരിപ്പിക്കാനാണ് ഞാനിപ്പോൾ വന്നിരിക്കുന്നതു."

രജനി-"അവിടുത്തെ അനുഗ്രഹത്തിന്നു പാത്രമായ ഈ ദാസിയോടു എന്തിനാണ് ഇങ്ങിനെയെല്ലാം പറയുന്നതു?"

ഞാൻ-"രജനീ കേട്ടോളു; രജനിയെ വിവാഹംചെയ്തു ഈ ജന്മം സുഖമായി നയിക്കേണമെന്നാണെൻെറ പ്രത്യാശ. ഈ ആശ ഭഗ്നമാകുന്നപക്ഷം ഞാൻ മരിച്ചുപോകും. പക്ഷേ ഈ ആശയ്ക്കുള്ള ഒരു പ്രതിബന്ധം രജനിയെ അറിയിക്കാനാണ് എൻെറ വരവ്. കേട്ടു കഴിഞ്ഞിട്ടു ഉത്തരം പറഞ്ഞാൽ മതി. എൻെറ യൌവനത്തിൻെറ പ്രാരംഭദശയിൽ ഒരു ദിവസം ഞാൻ സൌന്ദൎയ്യോന്മാദത്താൽ അന്ധനായി, ബുദ്ധി ദുഷിച്ചു, ചോരൻെറ കൎമ്മം അനുഷ്ഠിച്ചു. ആ ദുഷ്കൃത്യത്തിൻെറ ചിഹ്നം ഇന്നും എൻെറ ദേഹത്തിലുണ്ടു്. ആ ചരിത്രം

പറയാൻവേണ്ടിയാണ് ഞാനിപ്പോഠം വന്നിരിക്കു ന്നതു്?"

ഈ മുഖവുരയോടുകൂടി, നിതാന്തമായ ധൈര്യത്തെ അവലംബിച്ചു, അകഥനീയമായ ആ കഥ മുഴുവനും ഞാൻ രജനിയെ കേഠംപ്പിച്ചു. രജനി അന്ധയായതുകൊണ്ടാണ് എനിക്കതു പറയാൻ സാധിച്ചതു്; പരസ്പരം മുഖത്തോടുമുഖം നോക്കീട്ടായിരുന്നുവെങ്കിൽ യാതൊന്നും പറയുവാൻ സാധിക്കുന്നതല്ലായിരുന്നു.

രജനി നിശ്ശബ്ദഭാവത്തിൽ ഇരുന്നു.

ഞാൻ--"രജനി! സൌന്ദര്യോന്മാദം നിമിത്തം നവയൌവനദശയിൽ അറിവില്ലായ്മയാൽ ഞാൻ ഇങ്ങിനെയൊരുകാര്യം ചെയ്തിട്ടുണ്ടു്. അതിൽ പിന്നീടു് ഒരിക്കലും യാതൊരപരാധവും ഞാൻ ചെയ്തിട്ടില്ല. ആ ഒരു ദിവസത്തെ അപരാധത്തിന്നു വളരെകാലത്തെ കഷ്ടതകളാൽ പ്രായശ്ചിത്തവും ചെയ്തുകഴിഞ്ഞിരിക്കുന്നു. ഇനി എന്നെ സ്വീകരിക്കാൻ സമ്മതമാണോ?"

രജനി കരഞ്ഞുകൊണ്ടിങ്ങിനെ പറഞ്ഞു--"ഇവിടുന്നു ഇത്രകാലവും തസ്കരവൃത്തിയാചരിച്ചിരുന്നാലും ശരി-- സഹസ്രം ബ്രഹ്മഹത്യ, ഗോഹത്യ, സ്ത്രീഹത്യ മുതലായ മഹാപാതകങ്ങഠം അനുഷ്ഠിച്ചിരുന്നാലും ശരി അങ്ങു എനിക്കൊരീശ്വരനാണ്. അങ്ങയുടെ ചരണതലത്തിൽ ഏതാനംസ്ഥലം അനുവദിച്ചുതരുന്നപക്ഷം ഞാൻ എന്നെന്നും അവിടുത്തെ ദാസിയായിരുന്നുകൊള്ളാം. പക്ഷേ ഞാൻ അവിടേക്കു അനുരൂപയല്ല, അതെന്തുകൊണ്ടാണെന്നു പറയാം."

ഞാൻ--"എന്തുകൊണ്ടാണ്, രജനി?"

രജനി--"പാപകലുഷിതമായ എൻെറ മനസ്സ് അന്യാധീനമാണു്"

ഞാൻ--(ആശ്ചൎയ്യത്തോടെ) "അതെങ്ങിനെ; രജനി?"

രജനി--"ഞാൻ ഒരു പെണ്ണല്ലേ? ഇതിലധികം എങ്ങിനെയാണ് അവിടുത്തോടു പറയേണ്ടതു? ലവംഗലതാദേവിക്കു എല്ലാം അറിയാം. അവരോടു ചോദിച്ചാൽ സകല വൃത്താന്തവും പറഞ്ഞുതരും. എല്ലാം അറിയിക്കണമെന്നു ഞാൻതന്നെ അവരെ ഏല്പിച്ചിട്ടുമുണ്ടു."

ഞാൻ അപ്പോഠംതന്നെ മിത്രഗൃഹത്തിലേക്കു പുറപ്പെട്ടു. ലവംഗയെ കാണാൻ സാധിച്ചതു ഏതുപ്രകാരത്തിലാണെന്നുള്ള ക്ഷുദ്രവിഷയത്തെ വിസ്തരിച്ചു സമയം കളയേണമെന്ന് എനിക്കുദ്ദേശമില്ല. ലവംഗലത ശചീന്ദ്രനെച്ചൊല്ലി കരഞ്ഞുകൊണ്ടു നിലത്തു വീണുരുളുകയായിരുന്നു. എന്നെ കണ്ട ഉടനെ ലവംഗലത എൻെറ കാൽ പിടിച്ചു പിന്നെയും കരഞ്ഞുകൊണ്ടിരുന്നു. "ക്ഷമിക്കണം അമരനാഥ! ക്ഷമിക്കണം. ഞാൻ അങ്ങയുടെ നേരെ പ്രവൎത്തിച്ച അക്രമത്തിന്നുള്ള ശിക്ഷയാണ് ഇപ്പോഠം ദൈവം എന്നെക്കൊണ്ടു അനുഭവിപ്പിക്കുന്നതു്. എൻെറ ഉദരത്തിൽ പിറന്ന പുത്രനേക്കാഠം അധികം പ്രിയപ്പെട്ട മകനാണ് ശചീന്ദ്രൻ. അവൻ ഇതാ എൻെറ പ്രവൎത്തിദോഷം നിമിത്തം മരിക്കാറായിരിക്കുന്നു. ഞാൻ വിഷം കുടിച്ചു മരിച്ചുകളയും. അങ്ങയുടെ മുമ്പിൽ കിടന്നുവിഷംകുടിച്ചുമരിക്കും.

എൻെറ ഹൃദയം തകൎന്നുപോയി. രജനി കരയുന്നു; ലവംഗ കരയുന്നു; അവരിരുവരും സ്ത്രീകളായതുകൊണ്ടു അവൎക്കു കണ്ണുനീർ വീഴ്ത്താൻ സാധിച്ചു. എൻെറ കണ്ണിൽനിന്നു വെള്ളം പുറപ്പെട്ടില്ല, എന്നൊരു വ്യത്യാസമേയുള്ളു. രജനിയുടെ വാക്കുകേട്ടപ്പോഠംതന്നെ എൻെറ ഹൃദയാന്തരത്തിൽനിന്നു രോദനധ്വനി മുഴങ്ങിക്കൊണ്ടിരുന്നു. ലവംഗ കരയുന്നു, രജനി കരയുന്നു; ഞാൻ കരയുന്നു:-ശചീന്ദ്രൻെറ സ്ഥിതിയാണെങ്കിൽ അങ്ങിനെ. സംസാരം സുഖമയമാണെന്നു ആർ പറഞ്ഞു? സംസാരം കേവലം അന്ധകാരമയമാണ്?

എൻെറ ദുഃഖം അടക്കിവെച്ച്, ഞാൻ ആദ്യം ലവംഗയുടെ ദുഃഖകാരണം അന്വേഷിച്ചു സന്യാസിയുടെ വിദ്യാപരീക്ഷമുതൽ രോഗശയ്യയിൽ ശചീന്ദ്രൻ രജനിയെ സന്ദർശിച്ചതുവരെ സകലവൃത്താന്തവും ലവംഗ എന്നെ ധരിപ്പിച്ചു.

അതിന്നുശേഷം രജനിയുടെ വൃത്താന്തത്തെപ്പററി ഞാൻ ചോദിച്ചു. യാതൊന്നും ഒളിച്ചുവെക്കാതെ ലവംഗ ആ ചരിത്രവും വിസ്തരിച്ചു പറഞ്ഞുതന്നു.

രജനി ശചീന്ദ്രൻെറയും, ശചീന്ദ്രൻ രജനിയുടേയും സ്വന്തമാണെന്നു എനിക്കു മനസ്സിലായി. അവരുടെ മദ്ധ്യത്തിൽ ചാടിവീഴാൻ എനിക്കെന്തധികാരം?

വസ്ത്രംകൊണ്ടു മുഖം മറച്ച് ഞാൻ വീട്ടിലേക്കു മടങ്ങി.

11

ഈ സംസാരമദ്ധ്യത്തിൽനിന്നു പിന്മാറുന്നതാണ് നല്ലതെന്ന് എനിക്കു ബോദ്ധ്യമായി. സുഖംഅനുഭവിക്കാ

നുള്ള യോഗം ബ്രഹ്മാവു എൻെറ തലയിൽ എഴുതീട്ടില്ല. പിന്നെ മററുള്ളവരുടെ സുഖത്തിന്നു ഒരു പ്രതിബന്ധമായിത്തീൎന്നിട്ടെന്തു കാൎയ്യം? ശചീന്ദ്രൻെറ രജനിയെ ശചീന്ദ്രന്നുതന്നെ കൊടുത്തു് ഈ സംസാരത്തെ ത്യജിക്കുകയാണുചിതമെന്നും ഈ ഹൃദയത്തെ നിയമനം ചെയ്തു്, സുഖദുഃഖങ്ങളിൽനിന്നു അതീതനായ ജഗദീശ്വരൻെറ ചരണങ്ങളിൽ സമസ്തവും സമൎപ്പണം ചെയ്യേക്കാമെന്നും ഞാൻ ഉറച്ചു.

പ്രഭോ! അങ്ങയേ ഞാൻ പല പ്രകാരത്തിലും പലദിക്കിലും തിരഞ്ഞുനോക്കി. അങ്ങു എവിടെയാണു? ദൎശനപരമ്പരകളിലും വിജ്ഞാന സമുച്ചയങ്ങളിലും അങ്ങിയെ കാണുന്നില്ല. ജ്ഞാനിയുടെ ജ്ഞാനത്തിലും ധ്യാനിയുടെ ധ്യാനത്തിലും അങ്ങയെ കണ്ടുകിട്ടുന്നില്ല. അങ്ങു അപ്രമേയനാകകൊണ്ടു അങ്ങയെ സംബന്ധിച്ചേടത്തോളം യാതൊന്നും പ്രമാണമായിത്തീരുന്നില്ല. സ്ഫുടിതോന്മുഖമായ ഈ ഹൃദയപത്മത്തിലാണു അങ്ങയുടെ പ്രമാണം. അതിൽ ആരോഹണം ചെയ്താലും! ആ അന്ധയുവതിയെ പരിത്യജിച്ചു നിന്തിരുവടിയുടെ വിശുദ്ധ വിഗ്രഹത്തെ ഞാൻ അതിൽ പ്രതിഷ്ഠിക്കട്ടെ!

നിന്തിരുവടി ഇല്ലെന്നു വരുമോ? അഥവാ, അങ്ങിനെയായാലും തരക്കേടില്ല; അവിടുത്തെ പേരു പറഞ്ഞു ഞാൻ എൻെറ സൎവ്വസ്വവും ഉത്സൎഗ്ഗം ചെയ്യാനാണുഭാവിക്കുന്നതു. "അഖണ്ഡമണ്ഡലാകാരംവ്യാപ്തം യേന ചരാചരം, തസ്മൈ നമഃ" എന്നു ജപിച്ചുകൊണ്ടു, കളങ്കലാഞ്ചി

തമായ ഈ ദേഹത്തെ ഞാൻ ത്യജിച്ചേക്കാം. അങ്ങു തന്നാ സാധനം തിരിച്ചെടുക്കുന്നതിൽ വിരോധമുണ്ടായിരിക്കയില്ലെന്നാണെൻെറ വിശ്വാസം. അല്ലാത്തപക്ഷം എൻെറ കളങ്കഭാരം പവിത്രമാക്കിത്തീൎക്കുവാൻ ആൎക്കാണ് സാധിക്കുക?

പ്രഭോ! എനിക്കൊരു സംശയനിവൃത്തി ലഭിക്കേണ്ടതായിട്ടുണ്ട്. ഈ ദേഹം കളങ്കിതമാക്കിയതു അവിടുന്നോ ഞാനോ? എന്നെ അസത്തും അസാരനുമാക്കിത്തീൎത്തതു അവിടുന്നോ ഞാനോ? എന്നെ ഒരു രത്നവ്യാപാരിയുടെ കച്ചവടസ്ഥലം പോലെ അണിയിച്ചതു അവിടുന്നോ ഞാനോ? അവിടുന്നു എന്നെ യാതൊന്നിനാൽ അണിയിച്ചുവോ അതു തിരിച്ചുതന്നേക്കാം. എനിക്കതു വഹിക്കുവാൻ സാധിക്കുന്നില്ല.

സുഖമോ? ഞാൻ അതിനെ നാടെങ്ങുംതിരഞ്ഞുനോക്കി; ഒരിടത്തും കണ്ടുകിട്ടിയില്ല. സുഖം എന്നതു ഇല്ലാത്ത വസ്തുവാണു; പിന്നെ എന്തിനാണ് അതിന്നാശിച്ചു ബുദ്ധിമുട്ടുന്നതു? അഗ്നിയില്ലാത്ത സ്ഥലത്തു ഇന്ധനാഹരണം കൊണ്ടെന്തു പ്രയോജനം?

സൎവ്വവും സംത്യജിച്ചുകളയാമെന്നു ഞാൻ പ്രതിജ്ഞ ചെയ്തു.

* * * * *

പിറെറ ദിവസം ഞാൻ ശചീന്ദ്രനെ കാണുവാൻ ചെന്നു. അദ്ദേഹത്തിന്നു മുമ്പത്തേക്കാൾ സ്വാസ്ഥ്യതയും പ്രസന്നതയും ഉണ്ടായിരുന്നു. അദ്ദേഹത്തോടു വളരെ നേ

രം സംസാരിച്ചിരുന്നതിൽനിന്നു, എന്റെ പേരിലുള്ള നരസം വിട്ടുപോയിട്ടില്ലെന്നു എനിക്കു മനസ്സിലായി.

അടുത്ത ദിവസവും ഞാൻ ശചീന്ദ്രനെ കാണാൻ പോയി. ഇങ്ങിനെ ദിനംപ്രതി പോയ്ക്കൊണ്ടിരുന്നു. ശചീന്ദ്രന്റെ ദുർബ്ബലതയും ക്ലിഷ്ടഭാവവും മാറിയിരുന്നില്ലെങ്കിലും ക്രമേണ സ്വാസ്ഥതയുടെ പുനർലബ്ധി സംഭവിക്കുന്നുണ്ടെന്നു എനിക്കു മനസ്സിലായി. ഇപ്പോൾ പ്രലാപം തീരെ ഇല്ല. ക്രമേണ ശചീന്ദ്രൻ പൂർവ്വപ്രകൃതിയെ പ്രാപിച്ചുതുടങ്ങി.

ഒരു ദിവസമെങ്കിലും രജനിയെപ്പററി ശചീന്ദ്രൻ എന്നോടു സംസാരിക്കുകയുണ്ടായില്ല. പക്ഷേ, രജനിയെ കണ്ട ദിവസംമുതല്ക്കാണ ശചീന്ദ്രന്റെ രോഗത്തിന്നു ശമനം ആരംഭിച്ചതെന്നു വ്യക്തമായിരുന്നു.

ഒരു ദിവസം, ശചീന്ദ്രന്റെ മുറിയിൽ മററാരും ഇല്ലാത്തതക്കംനോക്കി, ഞാൻ രജിനിയുടെ വത്തമാനം ആരംഭിച്ചു. ഓരോന്നു പറയുന്നതിന്നിടയിൽ, രജനിയുടെ അന്ധതയെകുറിച്ചും, അന്ധജനങ്ങളുടെ ദുഖത്തെക്കുറിച്ചും, ഈ ജഗന്മണ്ഡലത്തിന്റെ ശോഭ കണ്ടനുഭവിക്കുവാനും പ്രിയജനദർശനസുഖം ആസ്വാദിക്കുവാനും ജന്മാവസാനംവരെ സാധിക്കാത്ത ആ നിർഭാഗ്യരാശികളുടെ ദുരവസ്ഥയെകുറിച്ചും ഞാൻ പ്രസ്താവിച്ചപ്പോൾ ശചീന്ദ്രന്റെ കണ്ണിൽ വെള്ളം നിറഞ്ഞു, മുഖംതിരിച്ചുകളഞ്ഞു.

അനുരാഗമാണിതിന്നു കാരണമെന്നു സ്പഷ്ടമായി.

ആ അവസരം നോക്കി ഞാൻ ഇങ്ങിനെ പറഞ്ഞു: "അങ്ങു രജനിയുടെ മംഗളകാംക്ഷിയാണെന്ന് എനിക്കു

അറിയാവുന്നതുകൊണ്ടു ഞാൻ ഒരുസംഗതിയെപ്പററി ചോദിച്ചുകൊള്ളട്ടെ. മുമ്പുതന്നെ വിധാതാവിനാൽ പീഡിതയായ രജനിക്കു പിന്നീടു എന്നിൽനിന്നും ഗുരുതരമായ പീഡ അനുഭവിക്കേണ്ടി വന്നിട്ടുണ്ടു."

ശചീന്ദ്രൻ എൻെറ നേരെ ഒരു വികടകടാക്ഷം നിക്ഷേപിച്ചു.

ഞാൻ--(തുടൎന്നുകൊണ്ടു) "അങ്ങു ക്ഷമിച്ചിരുന്നു കേൾക്കുമെങ്കിൽ ഞാൻ മുഴുവനും പറയാം."

ശചീന്ദ്രൻ--"പറഞ്ഞോളൂ."

ഞാൻ--"അത്യന്തം ലോഭിയും സ്വാൎത്ഥപരനുമായ ഞാൻ രജനിയുടെ ചാരിത്രമഹിമയാൽ മോഹിതനായി അവളെ വിവാഹം ചെയ്യുവാൻ ആഗ്രഹിച്ചു. കൃതജ്ഞതാപാശംകൊണ്ടുള്ള സവിശേഷമായ ബന്ധത്തെ മുൻനിൎത്തി അവൾ എൻെറ അഭിപ്രായത്തിന്നു വഴിപ്പെടുകയും ചെയ്തു."

ശചീന്ദ്രൻ--"അങ്ങു ഇതെല്ലാം എന്തിനാണ് എന്നോടു പറയുന്നതു."

ഞാൻ--ഞാൻ ഈ സംഗതിയെപ്പററി പിന്നീടാലോചിച്ചുനോക്കി. ഒരു സന്യാസിയെപ്പോലെ പല ദിക്കിലും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന എൻെറ കൂടെ ദേശ ദേശാന്തരങ്ങളിൽ ചുററി സഞ്ചരിക്കുവാൻ അന്ധയായ രജനിയ്ക്കു എങ്ങിനെ സാധിക്കും? മറേറതെങ്കിലും ഒരു മാന്യൻ അവളെ വിവാഹം ചെയ്യുമെങ്കിൽ അതാണ് നന്നായിരിക്കുക, എന്നെനിക്കു തോന്നി. അവൾക്കൊ

രു തക്കതായ ഭർത്താവിനെ കണ്ടുപിടിക്കാനാണു എന്റെ ഇപ്പോഴത്തെ ശ്രമം. അങ്ങേക്കു വല്ലവരേയും അറിയുമെങ്കിൽ ഉപകാരമായല്ലൊ എന്നു വിചാരിച്ചിട്ടാണു ഞാൻ ഇതെല്ലാം അങ്ങയോടു പറയുവാൻ തുനിഞ്ഞതു."

"രജനിക്കു അനുരൂപനായ വരനെ കിട്ടാൻ പ്രയാസമില്ല." എന്നു മാത്രം ശചീന്ദ്രൻ ഉത്സാഹത്തോടുകൂടി മറുപടി പറഞ്ഞു.

രജനിയുടെ അനുരൂപനായ വരൻ ആരാണെന്നു എനിക്കു മനസ്സിലായി.

III

പിറെറദിവസം ഞാൻ മിത്രഗൃഹത്തിലേക്കു വീണ്ടും പോയി. ഞാൻ കല്ക്കത്ത വിടുകയാണെന്നും ഇനി തിരിച്ചുവരാൻ വിചാരിക്കുന്നില്ലെന്നും പോകുന്നതിന്നു മുമ്പായി എന്റെ ശിഷ്യയായ ലവംഗലതയെ കണ്ടു ആശീർവ്വദിക്കാനാഗ്രഹമുണ്ടെന്നും ഞാൻ അവളെ അറിയിച്ചു.

ലവംഗലത വന്നപ്പോൾ ഞാൻ ചോദിച്ചു—"ഞാൻ ഇന്നലെ ശചീന്ദ്രനോടു പറഞ്ഞ വർത്തമാനം അറിഞ്ഞില്ലേ?"

ലവംഗ്—"ഉവ്വ്, അറിഞ്ഞു; അങ്ങയുടെ ഗുണം ഇതുവരെ മനസ്സിലാക്കാത്തതിന്നു എനിക്കു മാപ്പു തരണം."

ഞാൻ യാതൊന്നും പറഞ്ഞില്ല.

ലവംഗ—"എന്നെ കാണണമെന്നു പറഞ്ഞയച്ചതിന്റെ ഉദ്ദേശമെന്താണ്? കല്ക്കത്തയിൽനിന്നു വിട്ടുപോകാൻ തീർച്ചപ്പെടുത്തിയോ?"

ഞാൻ "ഉവ്വ്"

ലവംഗ—"കാരണം?"

ഞാൻ—"പോകാതിരിക്കാൻ എന്താണ് കാരണം? ഞാൻ പോകരുതെന്നു പറയാൻ ആരുമില്ലല്ലോ."

ലവംഗ—"ഞാൻ പറഞ്ഞാൽ?"

ഞാൻ—"അങ്ങിനെ പറയാൻ, ഞാൻ ലവംഗയ്ക്കു ആരാണ്?"

ലവംഗ—"അങ്ങ് എനിക്കാരാണെന്നോ? അതെനിക്കറിഞ്ഞുകൂടാ: ഈ ലോകത്തിൽ ആരുമല്ലായിരിക്കാം. പക്ഷേ, വേറൊരു ലോകമുണ്ടെങ്കിൽ--"

ലവംഗലത അദ്ധോക്തിയിൽ വിരമിച്ചു മൌനം കൈക്കൊണ്ടു.

ഞാൻ—"വേറൊരു ലോകമുണ്ടെങ്കിൽ— ?"

ലവംഗ—"ഞാൻ കേവലം ഒരു സ്ത്രീയാണ്--പ്രകൃത്യാ അബല- എൻെറ ബലം പരീക്ഷിച്ചിട്ടു എന്താണൊരു ലാഭം? ഒന്നു മാത്രം പറയാം; ഞാൻ അങ്ങയുടെ പരമമംഗളാകാംക്ഷിണിയാണ്."

എൻെറ മനസ്സു വല്ലാതെ ഇളകി. "എനിക്കതു് പൂർണ്ണവിശ്വാസമുണ്ട്. പക്ഷേ ഒരു സംഗതി എനിക്കു ഒരിക്കലും ഗ്രഹിക്കുവാൻ സാധിച്ചിട്ടില്ല. ലവംഗ എൻെറ മംഗളാകാംക്ഷിണിയാണെങ്കിൽ, എൻെറ ദേഹത്തിൽ എന്നെന്നേക്കുമായി ഈ കളങ്കം ഏല്പിച്ചതെന്തിനാണ്? ഒരു കാലത്തും മായ്ച്ചുകളയുവാൻ കഴിയാത്തതാണല്ലൊ ഈ കളങ്കം."

ലവംഗലത നമ്രമുഖിയായി ക്ഷണനേരം ആലോചിച്ചു. ഇങ്ങിനെ പറഞ്ഞു. "അങ്ങ ഒരു ദുഷ്പ്രവൃത്തിചെയ്തു; ബാലികാസഹജമായ ബുദ്ധിശൂന്യതനിമിത്തം ഞാനും ഒരു ദുഷ്കർമ്മം അനുഷ്ഠിച്ചു. നമ്മുടെ പിഴകൾക്കുള്ള ശിക്ഷ ഈശ്വരൻതന്നെ വിധിച്ചുകൊള്ളേണ്ടതാണ്. അതിനുള്ള അധികാരം എനിക്കല്ല. പക്ഷേ അതെല്ലാം വിസ്മരിക്കാതിരിക്കുകയാണ് നല്ലതു്. അങ്ങ എന്റെ അപരാധം ക്ഷമിക്കുകയില്ലേ?

ഞാൻ—"ഭവതി ചോദിക്കാതെതന്നെ ഞാൻ ക്ഷമിച്ചിരിക്കുന്നു. അഥവാ, എന്താണ് ക്ഷമിക്കാനുള്ളതു്? എന്നെ ഉചിതമായി ശിക്ഷിച്ചതിൽ ഭവതിയ്ക്കെന്താണ് കുററം? ഞാൻ ഇനി മടങ്ങിവരികയില്ല; നമ്മൾ തമ്മിൽ ഇനി കാണുകയും ഇല്ല. പക്ഷേ, മേലിൽ അമരനാഥൻ ദുർവൃത്തനല്ലെന്നു കേൾക്കാനിടവന്നാൽ ഭവതി എന്നെക്കുറിച്ചു കുറച്ചെങ്കിലും—അണുമാത്രമെങ്കിലും സ്നേഹം ഭാവിക്കുമോ?"

ലവംഗ—"അങ്ങയോടു സ്നേഹം ഭാവിക്കുന്നതു അധർമ്മമായിരിക്കുമല്ലോ"

ഞാൻ—"ഇല്ല; ആ തരത്തിലുള്ള സ്നേഹമല്ല ഞാൻ അർത്ഥിക്കുന്നതു്. ഭവതിയുടെ സമുദ്രതുല്യമായ ആ ഹൃദയത്തിൽ, എനിക്ക സ്വല്പമാത്രം സ്ഥലം അനുവദിച്ചു തരാൻ പാടില്ലെന്നുണ്ടോ?"

ലവംഗ—"പാടില്ല. എന്റെ ഭർത്താവായിത്തീരാത്ത ഒരിക്കൽ എന്റെ പ്രാണയാത്ഥി മാത്രമായിരുന്ന ആൾ

സാക്ഷാൽ മഹാദേവനായിരുന്നാലും ശരി ആയാൾക്ക് എൻെറ ഹൃദയത്തിൽ സ്ഥാനമില്ല. അരുമപ്പക്ഷികളിൽ ജനങ്ങൾക്കു തോന്നാറുള്ള ആ സ്നേഹം പോലും ഈ ജന്മത്തിൽ എനിക്ക് അങ്ങയുടെ പേരിൽ ഉണ്ടാവുകയില്ല.

"ഈ ജന്മത്തിൽ" എന്നാണ് ലവംഗ പറയുന്നതു്. ആവട്ടെ എനിക്കു ലവംഗയുടെ വിവക്ഷ മനസ്സിലായോ ഇല്ലയോ എന്നു പറയുവാൻ പ്രയാസമാണ്. അവൾക്കു എൻെറ വാക്കിൻെറ അത്ഥം മനസ്സിലായില്ലെന്നു തീച്ച്യാണ്. എങ്കിലും ലവംഗക്കു കരച്ചൽ വരുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കി.

ഞാൻ--"എനിക്കു പറയാനുള്ളതു മുഴവനും പറഞ്ഞിട്ടുവേണം പോവാൻ. എനിക്കു അല്പം ഭൂസ്വത്തുക്കളുണ്ട് അതുകൊണ്ടു എനിക്കൊരു പ്രയോജനവും കാണുന്നില്ല. അതു ദാനംചെയ്തു കളയാമെന്നാണെൻെറ് ഉദ്ദേശം."

ലവംഗ--"ആൎക്കു?"

ഞാൻ--"രജനിയെ വിവാഹം ചെയ്യുന്ന ആൾക്കു

ലവംഗ--"അങ്ങയുടെ സ്ഥാവരസ്വത്തുക്കളെല്ലാം"

ഞാൻ--"അതെ; ഈ ദാനപത്രം രഹസ്യമായി സൂക്ഷിച്ചുവെക്കണം. രജനിയുടെ വിവാഹം കഴിയുന്നതുവരെ ഇതിനെപ്പററി ആരോടും പറയരുതു. വിവാഹം കഴിഞ്ഞാൽ അതു രജനിയുടെ ഭത്താവിന്നു കൊടുത്തേക്കണം."

ഇത്രയും പറഞ്ഞു, ലളിതലവംഗലതയുടെ ഉത്തരത്തിന്നു കാത്തുനില്ക്കാതെ ദാനപത്രം അവളുടെ അടുക്കലേക്കെറിഞ്ഞു ഞാൻ പുറത്തേക്കു കടന്നു. യാത്രക്കുവേണ്ടുന്ന എല്ലാ ഒരുക്കങ്ങളും ചെയ്തുകഴിഞ്ഞിരുന്നതിനാൽ ഞാൻ വീണ്ടും വീട്ടിലേക്കു പോകാതെ, നേരെ സ്റ്റേഷനിലേക്കു നടന്നു, തീവണ്ടികയറി കാശ്മീരത്തിലേക്കു യാത്രയായി.

## IV

കൊല്ലം രണ്ടുകഴിഞ്ഞു. എൻെറ ദേശസ്സഞ്ചാരത്തിനിടയിൽ ഞാൻ ഭവാനീനഗരത്തിൽ എത്തിച്ചേൎന്നു. മിത്രവംശീയരായ ചിലർ അവിടെ പാൎക്കുന്നുണ്ടെന്നു കേട്ടപ്പോൾ കൌതുഹലപ്രയുക്തനായി ഞാൻ അവരുടെ ഗൃഹത്തിലേക്കുപോയി. ദ്വാരദേശത്തു് തന്നെ ശചീന്ദ്രനെ കാണ്മാനിടയായി.

ശചീന്ദ്രന്നു എന്നെ കണ്ടമാത്രയിൽ മനസ്സിലായി. പ്രമാണപുരസ്സരം എന്നെ ആലിംഗനം ചെയ്തു; എൻെറ കൈപിടിച്ചു അകത്തേക്കു കൂട്ടിക്കൊണ്ടുപോയി ഉത്തമാസനത്തിൽ ഇരുത്തി. വളരെനേരം ഞങ്ങൾ ഓരോവിഷയങ്ങളെക്കുറിച്ചു സംസാരിച്ചു. അദ്ദേഹം രജനിയെ വിവാഹം ചെയ്തുവെന്നും, കല്ക്കത്തയിൽ പൂക്കാരിയുടെ നിലയിൽ പരിചിതയായ രജനിയെക്കുറിച്ചു അവിടുത്തുകാർ അനാദരം ഭാവിച്ചെങ്കിലൊ എന്നു ശങ്കിച്ചു ദമ്പതികൾ കല്ക്കത്തവിട്ടു ഭവാനീനഗരത്തിൽ വാസം ഉറപ്പിച്ചി

രിക്കുകയാണെന്നും അച്ഛനും ജ്യേഷ്ഠനും കൽക്കത്തെയിൽ തന്നെയാണുള്ളതെന്നും ശചീന്ദ്രനുമായുള്ള സംഭാഷണത്തിൽ നിന്നു അറിവാനിടയായി.

എന്റെ സ്വത്തുക്കൾ ഞാൻ പ്രതിഗ്രഹണംചെയ്യേണമെന്നു ശചീന്ദ്രൻ കലശലായി നിർബ്ബന്ധിച്ചുവെങ്കിലും ഞാൻ അതിന്നു വഴിപ്പെട്ടില്ലെന്നു പറയേണ്ടതില്ലല്ലോ. രജനിയെ കണ്ടിട്ടേ തിരിച്ചുപോകാവു എന്നു ശചീന്ദ്രൻ അപേക്ഷിച്ചപ്പോൾ അങ്ങിനെയാവാമെന്നു ഞാൻ സമ്മതിച്ചു. എനിക്കും രജനിയെ കാണണമെന്നാഗ്രഹമുണ്ടായിരുന്നു. ശചീന്ദ്രൻ എന്നെ അന്തഃപുരത്തിലേക്കു കൂട്ടിക്കൊണ്ടുപോയി.

രജനിയുടെ അടുത്തെത്തിയപ്പോൾ അവൾ പ്രണാമപുരസ്സരം എന്റെ കാൽതൊട്ടുവന്ദിച്ചു. പാദസ്പർശാവസരത്തിൽ അന്ധജനങ്ങളുടെ സ്വാഭാവികസമ്പ്രദായമനുസരിച്ചു അവളുടെ കൈകൾ അങ്ങുമിങ്ങും സഞ്ചരിച്ചിരുന്നില്ല യാതൊരു ചഞ്ചലതയും കൂടാതേയാണ് അവൾ എന്റെ പാദസ്പർശം ചെയ്തതു.

നമസ്കരിച്ചെഴുനീററശേഷം അവൾ അവനതമുഖിയായി സ്ഥിതിചെയ്തു. ഈ വ്രീളാപ്രകടനം എന്നെ വിസ്മിതനാക്കി. അന്ധജനങ്ങളുടെ ലജ്ജ ചക്ഷുർഗ്ഗതമല്ല. പരസ്പരാവലോകനത്തിൽ, നയനസമ്മീലനം നിമിത്തം ജനിക്കുന്ന ലജ്ജ അന്ധജനങ്ങൾക്കുണ്ടാവാൻ വഴിയില്ലാത്തതുകൊണ്ടു അവർ ദൃഷ്ടിയെ ഗോപനം ചെയ്വാൻവേണ്ടി മുഖം താഴ്ത്തുക പതിവില്ല. ഞാൻ എന്തോചോദിച്ച

പ്പോൾ രജനി മുഖം ഉയൎത്തി രണ്ടാമത്തും താഴ്ത്തിയ അവസരത്തിൽ (ആശ്ചൎയ്യമെന്നേ പറയേണ്ടു!) അവളുടെ കടാക്ഷം--അതേ സചേതനമായ കടാക്ഷംതന്നെ–എനിക്കു കാണ്മാൻ ഇടയായി.

ജന്മാന്ധയായ രജനിക്കു കാഴ്ചയുണ്ടായതെങ്ങിനെയാണെന്നു ഞാൻ ശചീന്ദ്രനോടു ചോദിക്കാൻ ഭാവിക്കുകയായിരുന്നു. തൽസമയം ശചീന്ദ്രൻ എനിക്കു ഇരിക്കുവാൻ ഒരാസനം തരാൻവേണ്ടി രജനിയോടാജ്ഞാപിച്ചു. രജനി ഒരു പരവതാനി എടുത്തുകൊണ്ടുവന്നു അവിടെ വിരിച്ചു. പരവതാനി വിരിക്കുന്നതിന്നു മുമ്പായി നിലത്തുണ്ടായിരുന്ന വെള്ളത്തുള്ളികൾ രജനിയുടെ ചേലാഞ്ചലം കൊണ്ടു തുടച്ചു വെടിപ്പാക്കുന്നതു കണ്ടപ്പോൾ എന്റെ ആശ്ചൎയ്യം പിന്നെയും വൎദ്ധിച്ചു. അന്ധജനങ്ങൾക്കു കൈകൊണ്ടു തൊട്ടുനോക്കിയാലല്ലാതെ നിലത്തു നനവുള്ള സംഗതി അറിയുവാൻ സാധിക്കുന്നതല്ലല്ലൊ. അതുകൊണ്ടു വെള്ളത്തുള്ളികൾ രജനി കണ്ണുകൊണ്ടു കണ്ടിരിക്കണമെന്നെനിക്കു ബോദ്ധ്യമായി.

സഹിക്കുവാൻ സാധിക്കാത്ത ക്ഷമകേടോടുകൂടി "രജനിക്കു ഇപ്പോൾ കണ്ണിന്നു കാഴ്ചയുണ്ടോ?" എന്നു ഞാൻ ചോദിച്ചു.

രജനി മുഖം താഴ്ത്തി, മന്ദഹസിച്ചുകൊണ്ടു "ഉവ്വ്" എന്നു മറുപടി പറഞ്ഞു.

വിസ്മയപരവശനായി ഞാൻ ശചീന്ദ്രന്റെ മുഖത്തു നോക്കിയപ്പോൾ അദ്ദേഹം ഇങ്ങിനെ പറഞ്ഞു. "വലിയ

ആശ്ചയ്യംതന്നെയാണ്. പക്ഷെ ഈശ്വരകാരുണ്യമുണ്ടാ യാൽ എന്തു കാൎയ്യമാണ് സാധിക്കാത്തതു? നമ്മുടെ ഭാര തവൎഷത്തിൽ ചികിത്സാസംബന്ധമായി ആശ്ചൎയ്യകരങ്ങ ളായ ഏതാൻ ചില പ്രകരണങ്ങൾ ഉണ്ട്. ബഹുകാലം പ രിശ്രമിച്ചാൽകൂടി അവയുടെ തത്വങ്ങളെ ആവിഷ്കരിക്കു വാൻ പാശ്ചാത്യന്മാൎക്കു സാധിക്കുകയില്ല. ചികിത്സാവി ദ്ദ്യയിൽമാത്രമല്ല, എല്ലാം വിദ്ദ്യകളിലും ഇതുതന്നെയാണു സ്ഥിതി. പക്ഷേ അവയെല്ലാം ഇക്കാലത്തു ലുപ്തപ്രായമായി തീൎന്നിരിക്കുകയാണ്. കേവലം ഒന്നോ രണ്ടോ സന്യാസിപ്ര വരന്മാരുടെ അധീനതയിൽ ഈ ലുപ്തവിദ്ദ്യകളുടെ ഏതാ ൻ ചില ശകലങ്ങൾ അതി ഗൂഢമായി അവസ്ഥിതി ചെ യ്യുന്നുണ്ടായിരിക്കാം. ഇങ്ങിനെയൊരു സന്യാസി ഞങ്ങളുടെ വീട്ടിൽ ഇടയ്ക്കെല്ലാം വരാറുണ്ടായിരുന്നു. അദ്ദേഹത്തിന്നു എന്നോടു വളരെ സ്നേഹമായിരുന്നു. ഞാൻ രജനിനെ വി വാഹംചെയ്വാൻ ഭാവമുണ്ടെന്നറിഞ്ഞപ്പോൾ കന്യക അ ന്ധയാണെങ്കിൽ എങ്ങിനെയാണ് ശുഭദൃഷ്ടി * നിവ്വഹിക്കു ക?“ എന്നു അദ്ദേഹം ചോദിച്ചു. ‘ഇവിടുന്നു അന്ധത്വം മാററിത്തരിക എന്നു ഞാൻ വെറും നേരംപോക്കായി മറു പടി പറഞ്ഞു. ഒരു മാസത്തിലകം മാററിത്തരാം” എന്നു അദ്ദേഹം ഏററു. പറഞ്ഞപോലെ തന്നെ ഒരു മാസംകൊ ണ്ടു രജനിയുടെ കണ്ണുകളിൽ ദൃഷ്ടിശക്തിയെ അദ്ദേഹം ജ നിപ്പിച്ചു.

---

* വിവാഹാവസരത്തിൽ വധൂവരന്മാരുടെ പ്രഥമദൎശനത്തിന്നാണു ശുഭദൃഷ്ടി എന്നു പറയുക.

ഞാൻ--(പൂൎവ്വാധികം വിസ്മയത്തോടുകൂടി) "ഞാൻ തന്നെ നേരിട്ടു കണ്ടിരുന്നില്ലെങ്കിൽ ഈ കഥ വിശ്വസിക്കുകയില്ലായിരുന്നു. പാശ്ചാത്യവൈദ്യശാസ്ത്രപ്രകാരം ഇതു തീരെ അസാദ്ധ്യമാണ്."

ഇങ്ങിനെ സംസാരിച്ചിരിക്കുംമദ്ധ്യേ, ഒരു വയസ്സുള്ള ഒരു ശിശു മുട്ടുകുത്തി തട്ടിതടഞ്ഞുകൊണ്ടു അവിടെ വന്നു ചേൎന്ന്, രജനിയുടെ കാല്ക്കൽചെന്നു, അല്പം പണിപ്പെട്ടു അവളുടെ പുടവത്തുമ്പു പിടിച്ചെഴുനേററുനിന്നു അവളുടെ മുഖത്തു നോക്കി ഉറക്കെ ചിരിച്ചു. അതിൻശേഷം നിമിഷനേരം എൻെറ മുഖത്തുനോക്കി, കൈ പൊന്തിച്ചു പോ എന്നു പറഞ്ഞു!

"ആരാണിതു" എന്നു ഞാൻ ചോദിച്ചു.

ശചീന്ദ്രൻ--"എൻെറ മകൻ."

ഞാൻ--"എന്താണു പേരു?"

ശചീന്ദ്രൻ--"അമരപ്രസാദ്"

ഞാൻ പിന്നെ അവിടെ നിന്നില്ല.

സമാപ്തം.

B69

17 DEC 1942